# കേരളത്തിന്റെ
# കൈത്തറി ചരിത്രം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ
ആന്റ് എംപ്ലോയ്മെന്റ് (കിലെ)

കേരളത്തിന്റെ കൈത്തറി ചരിത്രം

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്
(കിലെ)
നാലാം നില, തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം – 695033
ഫോൺ - 0471 2309012
ഇ-മെയിൽ : kiletvm@gmail.com
വെബ്സൈറ്റ് : www.kile.kerala.gov.in

തയ്യാറാക്കിയത് : കൊറ്റിയത്ത് സദാനന്ദൻ

# തറികളുടെ താരാട്ട്-
# നിലയ്ക്കുമോ, നിലനിൽക്കുമോ?

വസ്ത്രത്തിന്റെ അഥവാ വസ്ത്രധാരണത്തിന്റെ പരമമായ ലക്ഷ്യം മാനം അഥവാ നഗ്നത മറക്കലാണല്ലോ. മാനം എന്നത് മനുഷ്യ ശരീരത്തിന്റെ വളരെ ലളിതവും, സൗകര്യപ്രദവുമായ ഭാഗത്താകയാൽ, അത് മറയ്ക്കുവാൻ പുരാതന കാലം മുതലേ മനുഷ്യർ ശ്രദ്ധിച്ചിരുന്നു. അരയിൽ ഒരു ചരടുകെട്ടി അതിൽ പുല്ലും, ഇലകളും തൂക്കിയിട്ടു കൊണ്ടായിരുന്നു ആദ്യമായി നാണം മറയ്ക്കാൻ തുടങ്ങിയത്. പിന്നീടത് കൗപീനം അഥവാ കോണകം എന്ന വസ്ത്ര സങ്കൽപ്പത്തിൽ എത്തിച്ചേർന്നു. സാധാരണക്കാർ പരുക്കൻ തുണികൊണ്ടും, പാവപ്പെട്ടവൻ കവുങ്ങിന്റെ പട്ട കൊണ്ടുള്ള കോമ്പാളമെന്നറിയപ്പെടുന്ന സാധനം കൊണ്ടും, സമ്പന്നർ ചുവന്ന സിൽക്ക് തുണി കൊണ്ടുമുള്ള കോണകമായിരുന്നു ഒരു കാലത്ത് ജനകീയ വസ്ത്രധാരണ രീതി. ഈ രീതിക്ക് ആൺ -പെൺ വ്യത്യാസമുണ്ടായിരുന്നില്ല അക്കാലത്ത്.

വന്യമായ പച്ചില വസ്ത്രത്തിൽ നിന്നും, ആട്ടിൻരോമം കൊണ്ടുള്ള കമ്പിളി വസ്ത്രവും തുടർന്ന് പരുത്തി ഉപയോഗിച്ചുള്ള നൂലു കൊണ്ടുണ്ടാക്കുന്ന പരുത്തിത്തുണികളും ലോകമെമ്പാടും വ്യാപിച്ചു.

ഇന്ത്യയിലെ പരുത്തി വസ്ത്ര നിർമ്മാണത്തിന് ഭാരത ചരിത്രത്തോളം പഴക്കമുണ്ട്. സുമാർ 4000-ത്തിനും 5000-ത്തിനുമിടയ്ക്ക് വർഷങ്ങൾക്കു മുമ്പ് രൂപം കൊണ്ട സിന്ധുനദീതട സംസ്ക്കാര കാലത്ത് ജീവിച്ചിരുന്നവർ പരുത്തി വസ്ത്രം ഉപയോഗിച്ചിരുന്നതായി കാണപ്പെട്ടിരുന്നു. നെയ്തെടുത്ത പരുത്തി വസ്ത്രത്തിന്റെ അവശിഷ്ടങ്ങളും, അസ്ഥിരാകി നിർമ്മിച്ച സൂചികളും മോഹൻജൊദാരോ,

ഹാരപ്പ എന്നീ പുരാതന സംസ്കൃതി കേന്ദ്രത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. നമ്മുടെ ഋഗ്വേദത്തിലും, രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളിലും നെയ്ത്തുകലയെ സംബന്ധിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

## പുരാതന കാലത്തെ തുണിനിർമ്മാണം

പരുത്തി വസ്ത്രത്തിന്റെ ജന്മനാട് ഇന്ത്യയാണ്. സിന്ധുനദീതട സംസ്ക്കാരത്തിന്റെ കാലത്ത് പരുത്തിത്തുണി നിർമ്മിച്ചിരുന്നു എന്നു മാത്രമല്ല, അവ പുറംനാടുകളിലേക്ക് കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. സിന്ധുനദീതടത്തിൽ നിന്നും ഗ്രീസിൽ എത്തിയ പരുത്തി ത്തുണിക്ക് അവർ നൽകിയിരുന്ന പേര് *സൈന്ഡോവം* എന്നായിരുന്നുവത്രേ. സൈന്ഡോവം എന്നാൽ സിന്ധുവിൽ നിന്നും വരുന്നത് എന്നാണർത്ഥം. ബി.സി.2500 കാലഘട്ടത്തിൽ ഈജിപ്തിലെ രാജാക്കന്മാരും മറ്റും മരിച്ചാൽ അവരുടെ ശവശരീരം മമ്മിയാക്കി, കേടുകൂടാതെ പിരമിഡുകൾക്കുള്ളിലായിരുന്നു സൂക്ഷിച്ചിരുന്നത്. ഇത്തരം മമ്മി പ്രയോഗത്തിന് ഇന്ത്യയിൽ നിന്നുള്ള മസ്ലീൻ തുണികളായിരുന്നുവത്രെ ഉപയോഗിച്ചിരുന്നത്.പിൽക്കാലത്ത് ഇന്ത്യയിൽ നിർമ്മിച്ചെടുത്ത പരുത്തിത്തുണികളും, പട്ടു വസ്ത്രങ്ങളും വൻതോതിൽ റോം, ഈജിപ്ത് തുടങ്ങിയ പുരാതന സാമ്രാജ്യങ്ങളിലേക്ക് പണ്ടുകാലം മുതൽക്ക് കയറ്റുമതി ചെയ്തിരുന്നു.ബ്രിട്ടീഷുകാരുടെ വരവിനെ തുടർന്ന് 17-ാം നൂറ്റാണ്ടു മുതൽ ഈസ്റ്റ് ഇന്ത്യാ കമ്പനി അപൂർവ്വതരം തുണിത്തരങ്ങൾ ഇന്ത്യയിൽ നിന്നും ഇംഗ്ലണ്ടിലേക്ക് കടത്തിക്കൊണ്ടുപോയി. ഇംഗ്ലണ്ടിലും, അയൽ നാടുകളിലും ഇന്ത്യൻ നിർമ്മിത തുണിത്തരങ്ങളുടെ ഖ്യാതി പരത്തുകയുണ്ടായി.

ഇന്ത്യയിലെ തുണി നെയ്ത്തിന്റെ കേന്ദ്രസ്ഥാനം അക്കാലത്ത് ഗുജറാത്തായിരുന്നു.അതിന്നടുത്ത തുറമുഖമായ ബോംബെ തുറമുഖം വഴി തുണിത്തരങ്ങൾ വിദേശത്തേക്കു കപ്പൽ കയറ്റി അയക്കുന്നതിനാൽ, ഇന്ത്യയുടെ മാഞ്ചസ്റ്റർ എന്നും ബോംബെ തുറമുഖം അറിയപ്പെട്ടിരുന്നു. എ.ഡി.1300ലുണ്ടായ ഭീകരമായ പ്രകൃതി ദുരന്തത്തെ തുടർന്ന് നെയ്ത്തുകാരുൾപ്പെടെ മിക്കവരും ഗുജറാത്ത് ഉപേക്ഷിച്ചു ഇന്ത്യയുടെ മറ്റിതര ഭാഗങ്ങളിലേക്ക് പാലായനം ചെയ്യുക

യുണ്ടായി. നെയ്ത്തുകാരിൽ ഏറിയ കൂറും ഡൽഹി, ആഗ്ര, അജ്മീർ, ബനാറസ്, മദ്രാസ് തുടങ്ങിയ കേന്ദ്രങ്ങളിൽ താവളമുറപ്പിച്ചതോടെ, ഗുജറാത്തിൽ കേന്ദ്രീകരിച്ച വസ്ത്ര നിർമ്മാണം ഇന്ത്യയിലുട നീളം വ്യാപരിക്കപ്പെട്ടു.

## വസ്ത്രനിർമ്മാണം കേരളത്തിൽ

വസ്ത്ര നിർമ്മാണം കേരളത്തിന്റെ തനതു പരിതസ്ഥിതിയിൽ രൂപം കൊണ്ട വിദ്യയല്ല. കാരണം അതിനു വേണ്ടുന്ന അസംസ്കൃത വസ്തുക്കൾ ഇവിടെ ലഭ്യമായിരുന്നില്ല. വസ്ത്രവുമായി ബന്ധപ്പെട്ട നിർമ്മാണവും വിതരണവും നടത്താൻ ആദ്യതലമുറകളെ കേരള ത്തിൽ എത്തിച്ചത് ബുദ്ധമതക്കാരാണെന്നു കരുതപ്പെടുന്നു. ഉത്ത രേന്ത്യയിലെ മഗധയിൽ നിന്നാവാം അവർ എത്തിച്ചേർന്നത്. വ്യാപാ രത്തെ കുറിക്കുന്ന കച്ചവടം എന്ന വാക്കുപോലും വസ്ത്രത്തോടു ബന്ധപ്പെട്ടതാണ്. കക്ഷാപടം എന്ന സംസ്കൃത വാക്കിന് ഗുഹ്യ ഭാഗം മറക്കാനുള്ള തുണി എന്നാണ് അർത്ഥം. കക്ഷാപടത്തിന്റെ പാലി ഭാഷാന്തരമാണ് കച്ചവടം. കച്ചയും, വടവും (തുണിയും, കയറും) വിൽക്കുന്നവനെയാണ് മലയാള നാട്ടിൽ കച്ചവടക്കാര നെന്നു പറയുന്നത് എന്നും അഭിപ്രായമുണ്ട്.

കേരളത്തിലെ വസ്ത്രനിർമ്മാണം അടുത്തകാലം വരേയും ചാലിയർ എന്ന ജാതിക്കാരുടെ കുത്തകയായിരുന്നു. ഇവർ തമി ഴ്നാട്, ആന്ധ്ര, കർണ്ണാടക, ഗുജറാത്ത് (കച്ച്) എന്നീ സംസ്ഥാനങ്ങ ളിൽ നിന്നും വിവിധ കാലഘട്ടങ്ങളിൽ കുടിയേറിപ്പാർത്തവരുടെ പിന്മുറക്കാരാണ്. ഭരണാധികാരികൾ തങ്ങൾക്കും, തങ്ങളുടെ പ്രജ കൾക്കും ആവശ്യമായ തുണി നെയ്തുണ്ടാക്കുവാനായിട്ടാണ് ഇവരെ ക്ഷണിച്ചു വരുത്തി കുടിയിരുത്തിയത്. കോഴിക്കോട് സാമൂതിരി രാജാവ് തമിഴ്നാട്ടിൽ നിന്നും ക്ഷണിച്ചു വരുത്തി, കോഴിക്കോട് പട്ട ണത്തിനടുത്ത് ഏതാനും കുടുംബങ്ങളെ പാർപ്പിച്ചു കൊണ്ട് വസ്ത്ര നിർമ്മാണത്തിനുള്ള ഏർപ്പാട് ചെയ്തു. എ.ഡി.1798 മുതൽ തിരുവി താംകൂർ ഭരിച്ചിരുന്ന ബാലരാമ വർമ്മ മഹാരാജാവിന്റെ കാലത്ത് തമിഴ്നാട്ടിലെ തിരുനെൽവേലി, നാഗർകോവിൽ എന്നിവിടങ്ങളിൽ നിന്നും പരമ്പരാഗത നെയ്ത്തു കുടുംബങ്ങളായ ശാലിയാർ വിഭാ ഗക്കാരെ കൊണ്ടു വന്ന് പാർപ്പിച്ച സ്ഥലം പിന്നീട് രാജാവിന്റെ

പേരിൽ ‘ബാലരാമപുരം’ എന്നറിയപ്പെട്ടു. തെക്കൻ കേരളത്തിലെ പ്രധാന കൈത്തറി നെയ്ത്ത് കേന്ദ്രമാണ് ഇന്നും ബാലരാമപുരം. പഴയ കൊച്ചി രാജ്യത്തെ പ്രബല ഇടപ്രഭുക്കന്മാരും, കൊച്ചിരാജാവിന്റെ മന്ത്രിയുമായിരുന്ന പാലിയത്ത് അച്ഛന്മാരാണ് ചേന്ദമംഗലത്ത് കൈത്തറി നെയ്ത്തുകുടുംബങ്ങളെ കൊണ്ടുവന്ന് കുടിയിരുത്തിയത്.അതോടെ എറണാകുളം ജില്ലയിലെ ചേന്ദമംഗലം അറിയപ്പെടുന്ന കൈത്തറി ഉൽപ്പാദന കേന്ദ്രമായി മാറി.

# വസ്ത്രനിർമ്മാണവും കണ്ണൂർ ജില്ലയും

ആദ്യകാലത്ത് ഇവിടുങ്ങളിലൊക്കെത്തന്നെ കുഴിത്തറി ഉപയോഗിച്ചാണ് തുണി നെയ്തിരുന്നത്. അഞ്ചടിയോളം വശങ്ങൾക്ക് വീതിയുള്ള സമചതുരാകൃതിയിലുള്ള മൺകുഴിക്ക് മൂന്നടിയിലധികം താഴ്ചയുണ്ടാകും. ഇത്തരം കുഴിയിൽ ഇറക്കിവെക്കുന്ന താരതമ്യേന ദുർബലമായ ഒരു ചട്ടക്കൂടിൽ പാവുപിടിപ്പിച്ച്, കൈകൊണ്ട് ഓടം എറിഞ്ഞാണ് ഊട ഉറപ്പിച്ച് തുണി നെയ്തിരുന്നത്. തീരെ അശാസ്ത്രീയമായ ഈ നെയ്ത്തുരീതി വളരെ ക്ലേശകരമായിരുന്നുവെങ്കിലുംഅക്കാലത്തെ വസ്ത്രത്തിനുള്ള ആവശ്യം നിറവേറ്റാൻ ഈ സംവിധാനം പര്യാപ്തമായിരുന്നു എന്നത് ഇന്ന് അത്ഭുതകരം തന്നെയാണ്.

തമ്പുരാക്കന്മാർക്കും, പ്രഭുക്കന്മാർക്കും വേണ്ടി 40-ാം നമ്പർ നൂലുകൊണ്ട് നെയ്തുണ്ടാക്കുന്ന നേര്യത്, അവരുടെ സ്ത്രീകൾക്കുടുക്കുവാനുള്ള 20-ാം നമ്പർ നൂലുകൊണ്ട് നിർമ്മിക്കുന്ന പുടവ, ഈരിഴകൊണ്ട് നെയ്യുന്ന 2 മുഴം വീതിയുള്ള മാങ്ങാടൻ തോർത്ത്, കാർഷിക ജോലികൾ ചെയ്യുമ്പോൾ ഉപയോഗിക്കുന്ന പരുക്കനായ പൂക്കോത്ത് തോർത്ത്, 40-ാം നമ്പർ നൂലിലുണ്ടാക്കുന്ന മികച്ച തരം ചുട്ടിതോർത്ത്, ഇരട്ടചുട്ടിതോർത്ത് എന്നിവയാണ് അക്കാലത്ത് കുഴിത്തറിയിൽ പ്രധാനമായും ഉൽപ്പാദിപ്പിച്ചിരുന്നത്.

തലശ്ശേരിയിലെ ഇല്ലിക്കുന്ന് കേന്ദ്രീകരിച്ചായിരുന്നു അക്കാലത്ത് ബാസൽ മിഷന്റെ പ്രവർത്തനം. അതിനാൽ ഇല്ലിക്കുന്നിലാണ് കേരളത്തിൽ ആദ്യമായി ഫ്രെയിം ലൂം സ്ഥാപിക്കപ്പെട്ടത്. അവിടെ നിന്നും ഉൽപ്പാദിപ്പിക്കപ്പെട്ട മുണ്ടിനും മറ്റും അരികിൽ നിറമുള്ള കര അഥവാ ബോർഡർ ഉണ്ടായിരുന്നു. ഇല്ലിക്കുന്നിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെട്ട അത്തരം മുണ്ടിനെ ഇല്ലിക്കരമുണ്ട് എന്നു പറഞ്ഞു വരുന്നു. വളർന്നു നിൽക്കുന്ന വൻ മരങ്ങൾക്കു കുറുകെ വടികെട്ടി അതിൽ പാവുചുറ്റിക്കെട്ടി, ഒരറ്റം തന്റെ അരയിൽ മുറുക്കി വലിച്ചു പിടിച്ചു കൊണ്ട് പാവിലൂടെ ഊടനൂൽ കോർത്തുകൊണ്ടാണ് വടക്കെ ഇന്ത്യയിലും



ഒരു നെയ്ത്തുശാല

മറ്റും അക്കാലത്ത് പട്ടുതുണികൾ നിർമ്മിച്ചിരുന്നത് എന്നറിയുമ്പോൾ, കുഴിത്തറി അതിനേക്കാൾ മികച്ചതാണെന്നു നമുക്കാശ്വസിക്കേണ്ടി യിരിക്കുന്നു.

## ആധുനികതയുടെ ആവിർഭാവം

കൂമ്പാളയിൽ നിന്ന് പട്ടുകോണകത്തിലേക്കും, തോർത്തിൽ നിന്നും മുണ്ടിലേക്കും ക്രമേണ പരിഷ്ക്കരണങ്ങൾ അരങ്ങേറി. അക്കാലത്താണ് തുണി നിർമ്മാണത്തിൽ അവിശ്വസനീയമായ കുതിച്ചു ചാട്ടമുണ്ടായത്.

ജർമ്മൻകാരാണ് കണ്ണൂരുൾപ്പെടെയുള്ള മലബാറിൽ ആധുനിക രീതിയിലുള്ള കൈത്തറി നെയ്ത്ത് സമ്പ്രദായം നടപ്പിലാക്കിയത്. ജർമ്മനിയിലെ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പാതിരി കോളേ ജിലെ മൂന്ന് വിദ്യാർത്ഥികൾ മതപ്രചരണാർത്ഥം 1834ൽ കോഴിക്കോട് കപ്പലിറങ്ങി. കോഴിക്കോട്ടു മുതൽ വടക്കോട്ടു മംഗലാപുരം വരെ സഞ്ചരിച്ച ഇവർ വ്യാപകമായ തോതിൽ മതപരിവർത്തനം നടത്തി. നാട്ടുകാരെ ക്രിസ്തു മതത്തിൽ ചേർത്തു. മതം മാറിയവരെ സമൂ ഹത്തിൽ നിന്നും മാത്രമല്ല, അവർ ചെയ്തു കൊണ്ടിരുന്ന ജോലി യിൽ നിന്നുപോലും അകറ്റി നിർത്തുന്നതായിരുന്നു അക്കാലത്തെ സാമൂഹ്യ അന്തരീക്ഷം. നിസ്സഹായരായ അത്തരക്കാർക്ക് ജോലിയും കൂലിയും നൽകാനുള്ള ബാധ്യത, മതം മാറ്റത്തിന് നേതൃത്വം നൽകിയ ബാസൽ മിഷന് വന്നു ചേർന്നു.അവരെ ജോലി കൊടുത്തു സംരക്ഷിക്കുന്നതിനായി ബാസൽ മിഷൻകാർ മലബാറിൽ കൈത്തറി ഫാക്ടറികളും അതോടൊപ്പം ഓടു നിർമ്മാണ ശാല കളും ആരംഭിക്കുകയുണ്ടായി.

## കോമൺവെൽത്ത്
## നെയ്ത്തു കമ്പനി-ആദ്യ സംരംഭം

1844ൽ മംഗലാപുരത്താണ് ഇവർ ആദ്യ കൈത്തറി ശാല തുറ ന്നത്. കണ്ണൂരിൽ 1852ലും കോഴിക്കോട് 1859ലും ബാസൽ മിഷൻ കൈത്തറിശാലകൾ ആരംഭിക്കുകയുണ്ടായി. ഇവയുടെ നടത്തിപ്പ് കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥാപിച്ച ബാസൽമിഷൻ ട്രസ്റ്റ്

കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു. പിന്നീട് ജർമ്മനിയിൽ നിന്നും ബാസൽ ഇവാഞ്ചലിക്കൽ മിഷനെ പ്രതിനിധീകരിച്ച് 1851-ൽ ഇന്ത്യ യിലെത്തിയ മിസ്റ്റർ ഹെല്ലർ എന്ന നെയ്ത്തുവിദഗ്ദനാണ് നാമിന്നു കാണുന്ന തരത്തിലുള്ള മഗ്ഗവും (Frame loom) (തറി)അതോടൊപ്പം ചക്രമുള്ള ഓടവും (Flying Shuttle) മലബാറിൽ പ്രചരിപ്പിച്ചത്.തുടർന്ന് ജർമ്മനിയിൽ നിന്നും വരുത്തിയ പരിശീലനം സിദ്ധിച്ച മരപ്പണിക്കാർ ഇവിടെ വ്യാപകമായി കൈത്തറി മഗ്ഗം (തറി) നിർമ്മിച്ചു പ്രചരിപ്പിച്ചു.

## മഗ്ഗം - തറി

തുണി നെയ്ത്തിനുപയോഗിക്കുന്ന മരം കൊണ്ടുള്ള തടിച്ച ഫ്രെയിമോടു കൂടിയ ഉപകരണത്തിന് മലബാറിൽ മഗ്ഗം എന്നും, കേരളത്തിലെ മറ്റിടങ്ങളിൽ തറി എന്നും പറയുന്നു. തറി എന്നത് പുരാതന കാനറീസ് പദമാണെന്നാണ് ഡോ. ഹെർമ്മൻ ഗുണ്ടർട്ട് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കൈകൊണ്ട് വസ്ത്രം നെയ്യുന്നതിനാൽ പിന്നീടത് കൈത്തറിയെന്നറിയപ്പെട്ടു തുടങ്ങി -ഇതിൽ ഉണ്ടാക്കുന്ന തുണി കൈത്തറിത്തുണിയെന്നും.

## കണ്ണൂരിൽ കൈത്തറിയുടെ ആരംഭം

1852-ൽ ബാസൽ മിഷൻകാർ കണ്ണൂരിലെ ആദ്യത്തെ കൈത്തറി ഫാക്ടറി ആരംഭിച്ചതിന്റെ ചരിത്രം ഇപ്രകാരമാണ്. കണ്ണൂർ പട്ടണത്തിനടുത്ത ബർണ്ണശ്ശേരിയിൽ ചെറിയൊരു ഓലഷെഡ്ഡിലാണ് ആദ്യത്തെ കൈത്തറിശാല പ്രവർത്തിച്ചിരുന്നത്. നെയ്ത്തും അനുബന്ധ പ്രവർത്തനങ്ങളും അറിയുന്നവരായി ആരുംതന്നെ ഇല്ലാതിരുന്നതിനാൽ, സ്ഥാപനം വളരെക്കാലത്തേക്ക് ഇഴഞ്ഞു നീങ്ങുകയായിരുന്നു. എന്നാൽ 1874ൽ വില്യം പീറ്റർ ഷോന്തൽ എന്ന നെയ്ത്തു വിദഗ്ദനായ ബാസൽ മിഷൻ മെഷിനറിയെ (മതപ്രചാരകൻ) ജർമ്മനിയിൽ നിന്നും കണ്ണൂരിലേക്ക് നിയമിച്ച് അയച്ചു. അദ്ദേഹത്തിന്റെ വരവോടെ പ്രസ്തുത നെയ്ത്തുഫാക്ടറി ഉയർച്ചയുടെ പടവുകൾ ചവിട്ടിക്കയറാനാരംഭിച്ചു. അദ്ദേഹം കണ്ണൂരിലെ ഫാക്ടറി വികസിപ്പിച്ചതു കൂടാതെ ചൊവ്വ, ചോമ്പാൽ (വടകര) എന്നിവിടങ്ങളിൽ പുതിയ നെയ്ത്ത് യൂണിറ്റുകൾ തുടങ്ങുകയും ചെയ്തു. 1896 ൽ



പഴയകാല പ്രതാപത്തിന്റെ മൂകസാക്ഷി -
ചിറക്കൽ ന്യൂസ്റ്റാർ വീവിംഗ് കമ്പനിയുടെ ഓഫീസ് കെട്ടിടം



ചിറക്കലെ മറ്റൊരു പഴയകാല കൈത്തറി സ്ഥാപനം - ഓഫീസും ഒപ്പം വീവിംഗ് ഷെഡും



പറക്കുന്ന ഓടം - മരംകൊണ്ടുള്ള ചക്രവും പിച്ചളയുടെ അഗ്രവും

കണ്ണൂരിലെ കൈത്തറി ഫാക്ടറി വിപുലീകരിക്കുകയും അതിനോടനുബന്ധിച്ച് ഇംഗ്ലണ്ടിൽ നിർമ്മിച്ച വൈദ്യുത സ്പിന്നിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ക്രമേണ ഈ സ്ഥാപനത്തിൽ നെയ്ത്ത് അവസാനിക്കുകയും, ഇത് ബാസൽമിഷൻ സ്പിന്നിംഗ് മിൽ എന്ന പേരിൽ നൂൽ നിർമ്മാണ കമ്പനിയായി മാറുകയും ചെയ്തു.

ഇതിനകം കൈത്തറിയുടെ പ്രവർത്തനം മനസ്സിലാക്കിയ ചിലർ സ്വന്തമായി മരമുപയോഗിച്ച് മഗ്ഗവും മറ്റുമുണ്ടാക്കി തുണി ഉൽപ്പാദിപ്പിക്കാനാരംഭിച്ചു. ബാസൽമിഷൻ കമ്പനിയിലെ ഒരു തൊഴിലാളിയും, പരിവർത്തിത ക്രിസ്ത്യാനിയുമായ ചൂരിക്കാടൻ ആറോൺ, 1890ൽ സി.ആറോൺ & സൺസ് എന്ന പേരിൽ ഒരു ചെറുകിട കൈത്തറി ഫാക്ടറി കണ്ണൂരിൽ സ്വന്തമായി ആരംഭിച്ചു. ഇന്നത്തെ കണ്ണൂർ പ്ലാസ ജംങ്ഷനിൽ റോയൽ ലഞ്ച്ഹോം (ഇന്നത്തെ മദൻ ടൂറിസ്റ്റ് ഹോം) നിൽക്കുന്ന സ്ഥലത്തായിരുന്നു ഈ ഫാക്ടറി സ്ഥാപിക്കപ്പെട്ടത്. 1905 ആകുമ്പോഴേക്കും കമ്പനി വളർന്ന് ധാരാളം പേർക്ക് ജോലി നൽകുന്ന സ്ഥാപനമായി മാറി. ചൂരിക്കാടൻ ആറോണിന്റെ മൂത്തമകൻ സാമുവൽ ആറോൺ ഈ കമ്പനിയെ പാപ്പിനിശ്ശേരിയിലേക്ക് മാറ്റി സ്ഥാപിക്കുകയും അത് പിന്നീട് ആറോൺ സ്പിന്നിംഗ് & വീവിംഗ് മിൽ എന്ന വൻകിട യന്ത്രത്തറി സ്ഥാപനമായി പരിണമിക്കുകയുമാണുണ്ടായത്.

ഒന്നാംലോക മഹായുദ്ധം ആരംഭിച്ചു ഒന്നുരണ്ടു കൊല്ലം കഴി യുമ്പോഴേക്കും (AD 1905) കൈത്തറി തുണിക്ക് കമ്പോളത്തിൽ നല്ല പ്രചാരം ഉണ്ടാവുകയും, ധാരാളം ആവശ്യക്കാരുണ്ടാവുകയും ചെയ്തു. മിൽ തുണി വ്യവസായം അന്ന് ഇന്ത്യയിൽ പ്രാരംഭ ഘട്ട ത്തിലായിരുന്നു. ഉൽപ്പാദിപ്പിക്കുന്ന മിൽതുണികൾ സൈനീകാവ ശ്യങ്ങൾക്കു വേണ്ടി തിരിച്ചുവിടുകയും, യുദ്ധം മൂലം ഇറക്കുമതി തടസ്സപ്പെടുകയും ചെയ്തപ്പോൾ, സാമാന്യ ജനങ്ങൾക്ക് കൈത്ത റിയെ ആശ്രയിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഇന്ത്യയിലൊ ട്ടാകെ ഈ സ്ഥിതി നിലനിന്നതിനാൽ, വടക്കെ ഇന്ത്യയിൽ നിന്നും മറ്റും നമ്മുടെ കൈത്തറിക്ക് ധാരാളം ഓർഡർ ലഭിച്ചു കൊണ്ടിരുന്നു. അതോടെയാണ് ഇവിടെ നിന്നും കൈത്തറിത്തുണി ഇന്ത്യയിലെ മ്പാടും കയറ്റി അയക്കുവാൻ ആരംഭിച്ചത്.

## പറക്കുന്ന ഓടം (Flying Shuttle) സൃഷ്ടിച്ച രക്തസാക്ഷി

ലോകത്താദ്യമായി തുണി നെയ്ത്തിന് ചക്രമുള്ള ഓടം കണ്ടു പിടിച്ചതും, വികസിപ്പിച്ചെടുത്തതും ബ്രിട്ടനിലെ ഒരു നെയ്ത്തുതൊ ഴിലാളിയായ ജോൺ കെയ് (John Kay) എന്നയാളാണ്. എ.ഡി. 1733–ൽ ജോൺ ഇത്തരം പറക്കുന്ന ഓടം കണ്ടുപിടിച്ചതോടെ, കൈകൊണ്ട് എറിഞ്ഞുപിടിച്ചു നെയ്തുകൊണ്ടിരിക്കുന്ന വീതി കുറഞ്ഞ തുണിത്തരങ്ങൾക്ക് പകരം വീതികൂടിയ തുണി അനാ യാസം നിർമ്മിക്കാമെന്നായി.

താൻ കണ്ടുപിടിച്ച പറക്കുന്ന ഓടം ഉപയോഗിച്ചു തുണി നെയ്ത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടായതിനെ തുടർന്ന്, ഉപഭോ ക്താക്കൾ തനിക്ക് റോയൽറ്റി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ജോൺ നിയമയുദ്ധം തന്നെ നടത്തി. ഉൽപ്പാദകർ സംഘടിച്ചു കൊണ്ട് ജോണിനെതിരെ നിലകൊണ്ടു. ഇതിന്നിടയിൽ പരമ്പരാ ഗത തുണി നിർമ്മാണ തൊഴിലാളികൾ രംഗത്തു വരികയും, പറ ക്കുന്ന ഓടം ഒരു തൊഴിലാളി വിരുദ്ധ ഉപകരണമാണെന്നു പ്രഖ്യാ പിക്കുകയും ചെയ്തു. ഇതോടെ സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ജെൺകെയ് ആക്രമിക്കപ്പെടുക പോലുമുണ്ടായി. വ്യവഹാരം നടത്തി പാപ്പരായ ജോണിന് ആരും പ്രതിഫലം നൽകിയില്ല. നിരാശനായ

അദ്ദേഹം ബ്രിട്ടനിൽ നിന്നും ഫ്രാൻസിലേക്ക് ജീവരക്ഷാർത്ഥം രക്ഷപ്പെടുകയാണുണ്ടായത്. അപ്പോഴേക്കും താൻ കണ്ടുപിടിച്ച പറക്കുന്ന ഓടമുപയോഗിച്ച് കമ്പിളി വസ്ത്ര നിർമ്മാതാക്കൾ തങ്ങളുടെ വ്യവസായം കൊഴുപ്പിക്കുകയായിരുന്നു.1780ൽ ജോൺകെയ് മരിക്കുമ്പോൾ ഫ്ളയിംഗ് ഷട്ടിൽ എന്ന പറക്കുന്ന ഓടം ലോകമെമ്പാടും പ്രചാരത്തിലായിരുന്നു. മരണാനന്തരം ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന്റെ ജന്മനാടായ ബ്രിട്ടനിലെ ബറി ഗ്രാമത്തിൽ ജോൺ കെയ്യുടെ പ്രതിമയും, ഒപ്പം മനോഹരമായ കെയ് സ്മാരക പൂന്തോട്ടവും നിർമ്മിച്ചു കൊണ്ട് അദ്ദേഹത്തെ ആദരിച്ചു. ജോൺ കെയ് എന്ന സായിപ്പ് കണ്ടുപിടിച്ച പറക്കുന്ന ഓടമാണ് നാമിന്നും കൈത്തറിയിൽ ഉപയോഗിച്ചു വരുന്നത്.

അതുവരേയും കൈകൊണ്ട് എറിഞ്ഞുപിടിക്കുന്ന ഏറോടം എന്നതിനെ നവാഗതനായ പറക്കുന്ന ഓടം (Flying Shuttle) അതിവേഗം പുറന്തള്ളി. മരത്തിന്റെ ചക്രം (വട്ട് എന്നുപറയും) പിടിപ്പിച്ച ഈ പുതിയതരം ഓടത്തിന്റെ വരവോടെ ഇരുകാലുകളിൽ നെയ്യുന്ന കത്രി സമ്പ്രദായത്തിൽ നിന്നും 4 കാലുള്ള ഡ്രിൽ സമ്പ്രദായത്തിൽ മികച്ചതരം തുണി അനായാസമായി നിർമ്മിക്കാമെന്ന നിലവന്നു. അതോടൊപ്പം മലയാളികൾക്കെല്ലാം മേൽ വസ്ത്രം ധരിക്കുന്ന പുതിയ വ്യവസ്ഥിതി വന്നതോടെ, ഷർട്ടിംഗുകളും കൈത്തറിയിൽ കൂടുതലായി ഉൽപ്പാദിപ്പിച്ചു തുടങ്ങി. ഇത്തരമൊരു അനുകൂല സാഹചര്യത്തിലാണ് ജില്ലയിലെമ്പാടുമായി നിരവധി കൈത്തറി വസ്ത്ര നിർമ്മാണ സ്ഥാപനങ്ങൾ ഉയർന്നു വന്നത്.

## ചിറക്കൽ താലൂക്കിലെ പ്രധാന സ്ഥാപനങ്ങൾ

കൈത്തറിയിലുൽപ്പാദിപ്പിക്കുന്ന പരുത്തിത്തുണിക്ക് വമ്പിച്ച പ്രചാരമുണ്ടായതിനെ തുടർന്ന് മാർക്കറ്റിലെ ഡിമാന്റ് അനുസരിച്ച് തുണി ഉൽപ്പാദിപ്പിച്ചു നൽകുന്നതിനായി ജില്ലയിലെമ്പാടും സ്ഥാപിക്കപ്പെട്ട നിരവധി കൈത്തറി ഫാക്ടറികളിൽ പ്രമുഖമായ ഏതാനും ചിലത് ഇവയാണ്.

1. ഉമയാൾ വീവിംഗ് വർക്ക്സ്, കണ്ണൂർ
2. രാജരാജേശ്വരി വീവിംഗ് മിൽ, അഴീക്കോട്,
3. ധനലക്ഷ്മി വീവിംഗ്, കക്കാട്

4. ഭാരതലക്ഷ്മി വീവിംഗ്, കക്കാട്
5. ലക്ഷ്മി സഹായം വീവിംഗ് കമ്പനി, അലവിൽ
6. മോഡേൺ വീവിംഗ് മിൽസ്, അഞ്ചരക്കണ്ടി
7. കെ.ടി.അഹമ്മദ് കുട്ടി & സൺസ്, ചിറക്കൽ
8. വിഷ്ണു വീവിംഗ് കമ്പനി, ചൊവ്വ
9. സുബ്രഹ്മണ്യ വീവിംഗ്, ചിറക്കൽ
10. വെസ്റ്റ്കോസ്റ്റ് വീവിംഗ്, ചൊവ്വ
11. പ്രിൻസ് വീവിംഗ്, ചൊവ്വ
12. ഹരിശ്ചന്ദ്രാ വീവിംഗ് മിൽസ്, കണ്ണൂർ
13. ടാജ് മഹാൾ വീവിംഗ് എസ്റ്റാബ്ലിഷ്മെന്റ്, ചിറക്കൽ
14. സ്റ്റാൻഡേർഡ് വീവിംഗ് വർക്സ്, ചിറക്കൽ
15. നിയോ ടെക്സ്റ്റൈൽസ്, ചിറക്കൽ
16. സിലോൺ ഹൗസ് ടെക്സ്റ്റൈൽസ്, ചിറക്കൽ
17. ഗ്രേറ്റ് ഇന്ത്യൻ ടെക്സ്റ്റൈൽസ്, ചിറക്കൽ
18. എക്സൽഷ്യർ ഹാന്റ്ലൂം ഫാക്ടറി, കണ്ണൂർ
19. ഇന്ത്യൻ ടെക്സ്റ്റൈൽസ്, ചിറക്കൽ
20. എൻ.എസ്.വീവിംഗ് വർക്സ്, പുതിയതെരു
21. ഗണേഷ് വീവിംഗ്, ചിറക്കൽ
22. അനന്തലക്ഷ്മി വീവിംഗ് വർക്സ്, അലവിൽ
23. റോയൽ വീവിംഗ് കമ്പനി, അലവിൽ
24. ന്യൂസ്റ്റാർ വീവിംഗ് കമ്പനി, ചിറക്കൽ
25. ജയഭാരതി ടെക്സ്റ്റൈൽസ്, ചിറക്കൽ
26. രാമലാൽ ടെക്സ്റ്റൈൽസ്, ചിറക്കൽ
27. ഉദയപ്രഭാകരി വീവിംഗ് വർക്സ്, ചിറക്കൽ
28. ന്യൂഇന്ത്യാ വീവിംഗ്, അഞ്ചരക്കണ്ടി
29. പന്ന്യൻകണ്ടി അബ്ദു റഹിമാൻ വീവിംഗ്, നാറാത്ത്
30. അക്ബർ ടെക്സ്റ്റൈൽസ്, കാട്ടാമ്പള്ളി
31. അഗ്ഫ ടെക്സ്റ്റൈൽസ്, ചിറക്കൽ
32. കുത്തുബിയ ഓയൽ & ടെക്സ്റ്റൈൽ മിൽ, അഴീക്കോട്
33. തൂണോളി ശങ്കരൻ നായർ & ബ്രദേർസ്, ചിറക്കൽ
34. ജയലക്ഷ്മി വീവിംഗ് വർക്സ്, പള്ളിക്കുളം
35. ജഗന്നാഥ വീവിംഗ് വർക്സ്, ചിറക്കൽ
36. മഹാലക്ഷ്മി വീവിംഗ് വർക്സ്, അലവിൽ

37. ഹിന്ദുസ്ഥാൻ ടെക്സ്റ്റൈൽസ്, അലവിൽ
38. ദ്വാരക വീവിംഗ് കമ്പനി, കണ്ണൂർ
39. കല്ലാളം ടെക്സ്റ്റൈൽസ്, കണ്ണൂർ
40. പാണ്ടൻ വീവിംഗ് കമ്പനി, ചിറക്കൽ
41. മുസ്ലീം വീവിംഗ് കമ്പനി, വളപട്ടണം.
42. ഗണേശൻ വീവിംഗ് കമ്പനി, ചിറക്കൽ
43. എൻ.കെ.ബ്രദേർസ് വീവിംഗ് വർക്സ്, ചിറക്കൽ
44. ന്യൂസ്ട്രീറ്റ് വീവിംഗ് കമ്പനി, പുഴാതി, ചിറക്കൽ
45. സോമേശ്വരി വീവിംഗ് കമ്പനി, ചിറക്കൽ
46. അമർ ടെക്സ്റ്റൈൽസ്, ചിറക്കൽ
47. വിജയഗോവിന്ദ വീവിംഗ് വർക്സ, ചിറക്കൽ
48. വാസുലാൽ ടെക്സ്റ്റൈൽസ്, പൂതപ്പാറ
49. ഫാഷൻ ഫാബ്രിക്സ്, അഴീക്കോട്
50. കൃപേഷ് ടെക്സ്റ്റൈൽസ്, അഴീക്കോട്
51. ആനന്ദ് വീവിംഗ്, ചിറക്കൽ
52. വികാസ് ടെക്സ്റ്റൈൽസ്, ചിറക്കൽ
53. ശ്രീകണ്ഠാ വീവിംഗ് വർക്സ്, ചിറക്കൽ
54. പ്രമോദ് ടെക്സ്റ്റൈൽസ്, ചിറക്കൽ
55. സ്വദേശി വീവിംഗ് വർക്സ്, അഴീക്കോട്
56. അമ്പിക ടെക്സ്റ്റൈൽസ്, അഴീക്കോട്
57. മസ്കോട്ട് വീവിംഗ് വർക്സ്, ചിറക്കൽ
58. വിജയ ഗോവിന്ദ വീവിംഗ് വർക്സ്, ചിറക്കൽ
59. പാമ്പൻ വീവിംഗ് വർക്സ്, കണ്ണൂർ
60. ഗോഖലെ വീവിംഗ് കമ്പനി, കണ്ണൂർ
61. നാണുലാൽ ടെക്സ്റ്റൈൽസ്, ചിറക്കൽ
62. രാംലാൽ ടെക്സ്റ്റൈൽസ്, ചിറക്കൽ
63. സരസ്വതി വീവിംഗ് കമ്പനി, അഴീക്കോട്
64. ഗൃഹലക്ഷ്മി ടെക്സ്റ്റൈൽസ്, ചിറക്കൽ
65. കുറ്റിച്ചി ടെക്സ്റ്റൈൽസ്, അഴീക്കോട്
66. സ്റ്റാർ ടെക്സ്റ്റൈൽസ്, കണ്ണൂർ
67. സി.ആർ.ടെക്സ്റ്റൈൽസ്, കണ്ണൂർ
68. ഭഗവതി വീവിംഗ് വർക്സ്, ചിറക്കൽ
69. മോഡേൺ ഹാൻഡ്ലൂം വർക്സ്, കണ്ണൂർ



കൈത്തറിയ്ക്ക് ഒരു സർക്കാർ സ്മാരകം - ചിറക്കൽ റെയിൽവ്വേ സ്റ്റേഷൻ

70. കമലാലയ വീവിംഗ് വർക്സ്, കണ്ണൂർ
71. കനകവല്ലി ടെക്സ്റ്റൈൽസ്, ചൊവ്വ
72. കൗസല്യ വീവിംഗ് കമ്പനി, തോട്ടട
73. കെ.ടി.വീവിംഗ് കമ്പനി, കക്കാട്
74. ഭാരതലക്ഷ്മി കമ്പനി, കക്കാട്
75. ഗണേഷ്ദാസ് വീവിംഗ് വർക്സ്, ഏച്ചൂർ
76. മോഡേൺ വീവിംഗ്, മാമ്പ
77. രംഗനാഥ് വീവിംഗ് കമ്പനി, ഏച്ചൂർ
78. പി.വി.എസ് ടെക്സ്റ്റൈൽസ്, വേങ്ങാട്
79. വിക്ടറി ടെക്സ്റ്റൈൽസ്, കണ്ണോത്തുംചാൽ
80. മോഡേൺ ഫേഷൻ ടെക്സ്റ്റൈൽസ്, അഞ്ചരക്കണ്ടി
81. രാമാനന്ദ ടെക്സ്റ്റൈൽസ്, കണ്ണൂർ
82. സി.സി. ജയറാം ടെക്സ്റ്റൈൽസ്, കണ്ണൂർ (പട്ടിക അപൂർണ്ണം)

തുടങ്ങി നൂറുകണക്കിന് ചെറുതും വലുതുമായ നെയ്ത്തു കമ്പനികൾ സ്വകാര്യമേഖലയിൽ അന്നത്തെ ചിറക്കൽ താലൂക്കിൽ മാത്രം

രൂപം കൊണ്ടു. ഇവയുടെയൊക്കെ പ്രവർത്തന ഫലമായി ധാരാളം മികച്ച ഇനം കൈത്തറി തുണികൾ ഉൽപ്പാദിപ്പിക്കപ്പെട്ടതോടെ, കേരളത്തിലെ 'മാഞ്ചസ്റ്റർ' എന്ന വിശേഷണം കണ്ണൂരിന് ലഭിക്കുകയുണ്ടായി.

## കൈത്തറിക്കൊരു പ്രത്യേക റെയിൽവെ സ്റ്റേഷൻ

ചിറക്കൽ താലൂക്ക് കേന്ദ്രീകരിച്ച് നിരവധി കൈത്തറി ഫാക്ടറികൾ രൂപീകൃതമായതോടെ, കൈത്തറിത്തുണികൾ ഇവിടെ നിന്നും ഇന്ത്യയുടെ നാനാ ഭാഗത്തേക്കും കയറ്റി അയക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായി. അക്കാലത്ത് കൽക്കത്ത, സൂറത്ത് തുടങ്ങിയ വടക്കൻ സംസ്ഥാനങ്ങളാണ് നമ്മുടെ കൈത്തറിയുടെ പ്രധാന ഉപഭോക്തൃ കേന്ദ്രം. അവിടത്തേക്ക് കൈത്തറി അനായാസേന ബുക്ക് ചെയ്തു അയക്കുവാൻ ചിറക്കൽ പ്രദേശത്ത് ഒരു റെയിൽവെ സ്റ്റേഷൻ ഉണ്ടെങ്കിൽ കൂടുതൽ സഹായകമാവുമെന്ന് ഉൽപ്പാദകർ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർ സംഘടിച്ചു പ്രവർത്തിക്കുകയും, യശ:ശരീരനായ പ്രാദേശിക കോൺഗ്രസ്സ് നേതാവ് ശ്രീ.ഒ.ഗോപാലന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട അധികാരികളെ കണ്ട് നിവേദനം നടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായി കണ്ണൂരിനും വളപട്ടണത്തിനുമിടയിൽ ചിറക്കൽ താലൂക്കിലെ ആർപ്പാംതോട് പ്രദേശത്ത് ചിറക്കൽ എന്ന പേരിൽ ഒരു റെയിൽവെ സ്റ്റേഷൻ അനുവദിക്കപ്പെട്ടു. അക്കാലത്ത് റെയിൽവെ പോർട്ടറുടെ തസ്തിക കൂടിയുണ്ടായിരുന്നു ഈ റെയിൽവെ സ്റ്റേഷനിൽഎന്ന കാര്യം കൈത്തറിക്ക് അന്ന് സർക്കാർ തലത്തിൽ എത്രമാത്രം പ്രാധാന്യം നൽകപ്പെട്ടിരുന്നു എന്നതിന് പ്രത്യക്ഷ ഉദാഹരണമാണ്. അതേത്തുടർന്ന് വളരെക്കാലം കൈത്തറി തുണികളുടെ കയറ്റുമതിയും, നൂൽ തുടങ്ങിയവയുടെ ഇറക്കുമതിയും കൊണ്ട് ശബ്ദമുഖരിതമായിരുന്നു ചിറക്കൽ റെയിൽവെ സ്റ്റേഷൻ. കൈത്തറിയുടെ അധ:പതനത്തോടെ കയറ്റിറക്കുമതി നിലച്ചെങ്കിലും ചിറക്കൽ റെയിൽവെ സ്റ്റേഷൻ ഇപ്പോഴും നിലവിലുണ്ട്.



ജക്കാഡ്ലൂം - നോക്കുകുത്തിയാകുമോ?

## നാനാ ജാതിക്കാർ കൈത്തറി രംഗത്ത്

കുലത്തൊഴിലനുസരിച്ച് ചാലിയ സമുദായക്കാരുടെ കുത്തകയായ കൈത്തറി മേഖല, അസാമാന്യമായ നിലയിൽ വികാസം പ്രാപിച്ചതോടെ തൊഴിലാളികളുടെ ദൗർലഭ്യം വലിയ പ്രശ്നമായി. കൈത്തറി കാസ്റ്റ് വീവേർസ് (Cast Weavers) എന്നറിയപ്പെടുന്ന ചാലിയരുടെ കുലത്തൊഴിലായതിനാൽ അതിൽ കടന്നു കയറാൻ, മറ്റിതര ജാതിക്കാർ മടിച്ചു നിന്നു. 1925 ൽ ശ്രീനാരായണ ഗുരുവിന്റെ കണ്ണൂർ സന്ദർശനത്തോടെ ഈ പ്രശ്നം ഒരളവോളം പരിഹരിക്കപ്പെടുകയായിരുന്നു. ഗുരുവിന്റെ സാമൂഹ്യ പരിഷ്ക്കരണ ഉദ്ബോധനത്തിൽ, തീയ്യരും മറ്റും കുലത്തൊഴിലേതെന്നു പരിഗണിക്കാതെ മറ്റിതര തൊഴിൽ മേഖലയിൽ വ്യാപരിക്കണമെന്നും ജാതിബോ

ധം ഇല്ലായ്മ ചെയ്യാൻ അതാണ് എളുപ്പമുള്ള വഴി എന്നുമുള്ള അദ്ദേഹത്തിന്റെ ഉദ്ബോധനം, തീയ്യരും പിന്നോക്ക സമുദായക്കാരും ഉൾക്കൊള്ളുകയും, അവർ നിസ്സങ്കോചം കൈത്തറി തുടങ്ങിയ മേഖലയിലേക്ക് കടന്നുവരികയും ചെയ്തതോടെ, കൈത്തറിയുടെ കുതിപ്പ് ആരംഭിക്കുകയായിരുന്നു. നാനാ ജാതിക്കാരുടെ വരവോടെ കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹൃതമായി.

## ജക്കാർഡും മറ്റും

ജർമ്മൻ ശാസ്ത്രജ്ഞനായിരുന്ന ജോസഫ് എം. ജക്കാർഡ് എന്നയാൾ AD 1765 ൽ കണ്ടുപിടിച്ചു നടപ്പിൽ വരുത്തിയ ജക്കാർഡ്ലൂം ആയിടയ്ക്കാണ് കേരളത്തിൽ പ്രചരിച്ചത്. തുണിയിൽ അനന്തമായ തോതിൽ ഡിസൈനുകൾ നെയ്തുണ്ടാക്കുവാൻ സാധിക്കുന്ന നവീനവും, താരതമ്യേന ലളിതവുമായ ഉപകരണമാണ് ജക്കാർഡ് ലൂം. അവ സ്ഥാപിക്കപ്പെട്ടതോടെ, കണ്ണൂരിലെ കൈത്തറി പരമ്പരാഗത രീതിയുടെ പുറന്തോട് പൊട്ടിച്ചുകൊണ്ട് പുറത്തേക്ക് പരന്നൊഴുകി. അതോടെ കണ്ണൂർ കൈത്തറി സ്വദേശികളുടേയും വിദേശികളുടേയും സവിശേഷ ശ്രദ്ധയാകർഷിക്കത്തക്ക നിലയിൽ വികാസം പ്രാപിച്ചു. മിക്ക കൈത്തറി ഫാക്ടറികളിലും ജക്കാർഡ് ലൂമിലൂടെ ജക്കാർഡ് തുണിത്തരങ്ങൾ ഉൽപ്പാദിപ്പിച്ചു തുടങ്ങി. അതോടെ ഫർണ്ണിഷിംഗ് തുണിത്തരങ്ങളിൽ കണ്ണൂരിന്റെ പെരുമ ഏറി വന്നു.

## ക്രേപ്പ് (Crepe)ന്റെ ആവിർഭാവം

തുടർന്ന് കണ്ണൂർ കൈത്തറിക്ക് ലോകശ്രദ്ധ നേടിക്കൊടുത്ത സംഭവ വികാസമാണ് ക്രേപ്പ് (Crepe) എന്ന പുതിയ ഒരിനം തുണിയുടെ ആവിർഭാവത്തിലൂടെ സംഭവിച്ചത്. പരമ്പരാഗത രീതിയിൽ വസ്ത്രം നിർമ്മിച്ചു കൊണ്ടിരിക്കെ അപ്രതീക്ഷിതമായാണ് ക്രേപ്പ് എന്ന ഇനം തുണി ഉത്ഭവിച്ചത്. സാധാരണ നൂലിന്റെ പിരി (twist) കൂടുതൽ മുറുക്കി അതിനെ High Twist (മുറുക്കിപ്പിരി) ആക്കി, ആ നൂലുകൊണ്ട് നെയ്തെടുക്കുന്ന തുണി പിന്നീട് കാസ്റ്റിക് ചേർത്ത വെള്ളത്തിൽ കുതിർത്തെടുത്ത് കഴുകി ഉണക്കിയാൽ ക്രേപ്പ് ആയി. ഇതിന്റെ പ്രത്യേകത എന്തെന്നാൽ, ഇതിന് ഇലാസ്തികത (Elasticity)

ഉണ്ട് എന്നതാണ്. ബനിയൻ തുണി പോലെ വലിച്ചാൽ വലിയുകയും, എന്നാൽ കട്ടി കുറഞ്ഞതിനാൽ ധരിച്ചാൽ നല്ല വായു പ്രവാഹമുണ്ടാകുക വഴി കുളിർമ്മ അനുഭവപ്പെടുകയും ചെയ്യും. തികച്ചും കണ്ണൂർ ബ്രാന്റ് കൈത്തറിയായ ക്രേപ്പ് തുണിയുടെ ഇലാസ്തികതയും കുളിർമ്മയും കണ്ട് ലോകകമ്പോളം അക്ഷരാർത്ഥത്തിൽ അമ്പരന്നു. സമ്പന്നത നൽകിയ ആലസ്യത്തിന് അനുരൂപമായി അയഞ്ഞു തൂങ്ങുന്ന ഉടയാടകൾ നിർമ്മിക്കാൻ ക്രേപ്പിനോളം പോരുന്ന മറ്റൊരു തുണി അക്കാലത്ത് ലോക കമ്പോളത്തിൽ ലഭ്യമല്ലായിരുന്നു. അതേത്തുടർന്ന് ലക്ഷക്കണക്കിനു മീറ്റർ ക്രേപ്പ് തുണികൾക്കുള്ള ഓർഡർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും കണ്ണൂരിലേക്കെത്തിച്ചേർന്നു. ഇതിന്നാവശ്യമായ ഹൈടിസ്റ്റ് നൂൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ നിർമ്മിച്ചു നൽകാമെന്നേറ്റതോടെ, കണ്ണൂർ കൈത്തറിയുടെ സുവർണ്ണ നാളുകൾക്ക് തിളക്ക



ഇടംകൈ ചാലിയവിഭാഗക്കാരുടെ ഭഗവതി ക്ഷേത്രം- ചിറക്കൽ

മേറി. 1970കളിൽ ആരംഭിച്ച ഈ ക്രേപ്പ് ചാകര ഏകദേശം 25 വർഷക്കാലത്തോളം നീണ്ടുനിന്നു. കൈത്തറി മേഖലയിൽ വൻതോതിലുള്ള തൊഴിൽ ഉണർവ്വിനും അതോടൊപ്പം കൈത്തറി വ്യവ



വലംകൈ ചാലിയവിഭാഗക്കാരുടെ ഗണപതിമണ്ഡപം

സായികൾക്ക് ലാഭം കൊയ്യുന്നതിനും ക്രേപ്പ് തുണി നിർമ്മാണം ഏറെ സഹായിച്ചു.

## പിറവിയുടെ പിന്നിൽ

അണ്ണാക്കൊട്ടൻ ദാമോദരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ചിറക്കൽ പള്ളിക്കുളത്തെ ജയലക്ഷ്മി വീവിംഗ് കമ്പനിയാണ് 1968ൽ ആദ്യമായി ക്രേപ്പ് തുണി നിർമ്മിച്ചത്. ഇതിന് നേതൃത്വം നൽകിയത് ഉദയമംഗലം നാരായണൻ എന്ന വർക്സ് മാനേജരും, വെളിയമ്പ്ര കുഞ്ഞിരാമൻ മേസ്ത്രി എന്ന സൂപ്പർവൈസറുമാണ്. ക്രേപ്പിന് നാട്ടുഭാഷയിൽ കോറ എന്നാണ് പറഞ്ഞിരുന്നത്. ക്രേപ്പിന്റെ തരംഗം വിദേശ രാജ്യങ്ങളിൽ എ.ഡി 2000ത്തോടെ അവസാനിച്ചു തുടങ്ങിയത് കണ്ണൂരിന്റെ സജീവമായിരുന്ന കൈത്തറി മേഖലയെ സാരമായി തളർത്തുകയുണ്ടായി.

## കൈത്തറിയും കാറും

കാളവണ്ടിയും കുതിരവണ്ടിയും മാത്രം ഗതാഗതത്തിനുണ്ടായിരുന്ന 1930കളിൽ അന്നത്തെ ചിറക്കൽ താലൂക്കിൽ ആദ്യ

മായി മോട്ടോർകാർ വാങ്ങി ഉപയോഗിച്ച വ്യക്തി എന്ന ഖ്യാതി ചിറക്കലിലെ ടാജ്മഹാൽ വീവിംഗ് വർക്സ് ഉടമസ്ഥന്മാരായ കുഞ്ഞപ്പനായർ, അനന്തൻ നായർ, അമ്പുക്കുട്ടി നായർ, കുഞ്ഞിരാമൻ നായർ എന്നീ നാലു സഹോദരന്മാർക്കായിരുന്നു. 300ൽപരം പേർ ജോലി ചെയ്തിരുന്ന വൻകിട നെയ്ത്തു സ്ഥാപനമായിരുന്നു ടാജ്മഹൽ കമ്പനി അക്കാലത്ത്. കൂടാതെ പാപ്പിനിശ്ശേരി, മേലൂർ എന്നിവിടങ്ങളിലും ഇതിന് ബ്രാഞ്ച് കമ്പനികളുണ്ടായിരുന്നു. ചിറക്കൽ പഞ്ചായത്തിൽ കാറിൽ സഞ്ചരിച്ച ആദ്യത്തെ വ്യവസായ പ്രമുഖർ ചിറക്കലിലെ ഈ കൈത്തറി ഫാക്ടറി ഉടമകളായിരുന്നു എന്നത് അത്ഭുതാവഹമായ യാഥാർത്ഥ്യമാണ്.

കണ്ണൂർ മുനിസിപ്പാലിറ്റിക്കകത്ത് ആദ്യമായി കാറുപയോഗിച്ചവരിൽ മറ്റൊരാളും കൈത്തറി ഫാക്ടറി ഉടമയായിരുന്നു. വിഷ്ണു വീവിംഗ് കമ്പനിയുടമ ആര്യബന്ധു പി.കെ. ബാപ്പുവാണ് കണ്ണൂർ പട്ടണത്തിൽ ആദ്യമായി കാറോടിച്ച മുതലാളി. 1940ൽ അദ്ദേഹം ഇംഗ്ലീഷ് നിർമ്മിതമായ ഓസ്റ്റിൻ (Austin) കാർ സ്വന്തമാക്കുകയുണ്ടായി. വിരലിലെണ്ണാവുന്നത്രയേ അക്കാലത്ത് കണ്ണൂരിൽ കാറുകളുണ്ടായിരുന്നുള്ളൂ എന്നത് കണക്കിലെടുക്കുമ്പോൾ ഈ നേട്ടത്തിന് ചരിത്രപരമായ പ്രാധാന്യമുണ്ടെന്നു കാണാതെ വയ്യ.

## ചാലിയരുടെ പങ്ക്

കോലത്തിരി രാജാക്കന്മാരുടെ കാലഘട്ടത്തിൽ (സുമാർ 800 കൊല്ലം മുമ്പ്) ആന്ധ്ര, കർണ്ണാടക, കച്ച്(ഗുജറാത്ത്) എന്നിവിടങ്ങളിൽ നിന്നും വരുത്തി ഇവിടെ കുടിപാർപ്പിച്ച തുണിനെയ്ത്ത് കുലത്തൊഴിലാക്കിയിട്ടുള്ളവരാണ് ചാലിയർ. ഇവർ പാതയോരത്ത് തൊട്ടുതൊട്ട വീടുകളിൽ നിരനിരയായി താമസിക്കുന്നതിനാൽ അവിടം ചാലിയത്തെരുവ് എന്നറിയപ്പെട്ടു. പുഴാതിതെരു, രാമതെരു, കടലായിതെരു, പട്ടുവത്തെരു എന്നിവ ഉദാഹരണമായെടുക്കാം. ഇവർ പണ്ടുകാലത്ത് കുഴിത്തറിയിലാണ് തുണിയുണ്ടാക്കിയിരുന്നത്. കുടുംബ തൊഴിൽ എന്ന നിലയിൽ പുരുഷനോടൊപ്പം സ്ത്രീകളും കുട്ടികളും കൂട്ടായി നെയ്ത്തിൽ പ്രവർത്തിക്കുമായിരുന്നു. പാവുണ്ടാക്കുക, കഞ്ഞിപിടിപ്പിക്കുക, താരുചുറ്റുക എന്നിവയൊക്കെ കൂട്ടായ പ്രവർത്തിയാണ്. പ്രത്യേകമായ ആഴത്തിലും വീതിയിലും

കുഴിയെടുത്ത്, ഒരു കരയിൽ നെയ്ത്തുകാരന്റെ ഇരിപ്പിടം ഏർപ്പാടാക്കും. മുള ചീന്തി വാരിയാക്കി ഇതുകൊണ്ട് നിർമ്മിച്ച അച്ച് ഘടിപ്പിച്ച പടിയും റക്ക അഥവാ ബീത് ഉയരുകയും താഴുകയും ചെയ്യുന്നതിന് സഹായകമായ കമ്പക്കാല് പിള്ളക്കോൽ ചവിട്ടാൻ ഉപയോഗിക്കുന്നു. കാൽപല, പാവ് നേരെ പ്രത്യേക അകലത്തിൽ വലിച്ചുകെട്ടുന്നു. നേർകുറ്റി തുണി രൂപപ്പെട്ടു വരുന്ന മുറയ്ക്ക് ചുറ്റിക്കയറാൻ ഉപയോഗിക്കുന്നു. പടപ്പ് പാവിൻ കത്രി (പിണച്ചിൽ) വീഴുന്ന സ്ഥാനത്തെ പിണി തിരിഞ്ഞു കയറാൻ ഉപകരിക്കുന്നു. കയർ കെട്ടി നിർത്തുന്ന കടപ്പന കുറ്റി, കർണ്ണാക്ക് എന്നീ ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് കുഴിത്തറി. ഇതിൽ പാവ് വെക്കുന്ന ഉപകരണം പൂരാണി എന്നറിയപ്പെടുന്നു. മാൻകൊമ്പ് കൊണ്ട് (ഉള്ളു പൊള്ളയായത്) നിർമ്മിച്ച അറ്റം അൽപം കൂർത്ത ഓടത്തിൽ നൂൽ ചുറ്റിയ താരു ഘടിപ്പിച്ച് ഇടത്തുനിന്നും വലത്തു നിന്നും കൈകൊണ്ട് എറിഞ്ഞുപിടിച്ചാണ് തുണി ഉണ്ടാക്കുന്നത്. അക്കാലത്ത് സാമാന്യജനതയിൽ പുരുഷന്മാർ തോർത്ത് മുണ്ടും, സ്ത്രീകൾ പുടവയും ധരിക്കാറാണ് പതിവ്. ഷർട്ടും ബ്ലൗസും അന്ന് പ്രചാരത്തിലില്ലായിരുന്നു. ഈ ആഭ്യന്തര ആവശ്യത്തെ ആശ്രയിച്ചാണ് കുഴിത്തറിയിൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്നത്. കുഴിത്തറിയിലുൽപ്പാദിപ്പിച്ച ഈ തുണികൾ തലച്ചുമടായി വീടുവീടാന്തരം നടന്നു കൊണ്ടാണ് ചാലിയർ വിൽപ്പന നടത്തിയിരുന്നത്. ഇത്തരത്തിൽ കൊണ്ടു നടന്നു തുണി വിൽക്കുന്നവരെ ചെട്ടിയാർ എന്നാണ് പൊതുവെ അറിയപ്പെട്ടിരുന്നത്.

(ചാലിയരുടെ ഉത്ഭവം കോഴിക്കോട് ജില്ലയുടെ ചരിത്രത്തിൽ വായിക്കാം. പേജ് 88)

## ചാലിയത്തെരുവിൻെറ പിറവി

കേരളത്തിൽ വരുന്നതുവരെ ചാലിയർ ഉയർന്ന ജാതിക്കാരായിരുന്നുവത്രെ. സാലെ, സെനിയൻ, കൈക്കോളർ എന്നീ പേരുകളിലും ഇവർ അിറയപ്പെട്ടിരുന്നു. ഇവരിൽ പുതുതായി എത്തിച്ചേർന്നവർക്ക് വാസസ്ഥലം മുതലായ സൗകര്യം ഒരുക്കിക്കൊടുക്കുവാൻ രാജാവിന്റെ പ്രധാനമന്ത്രിയായ മാങ്ങാട്ടച്ചനെ ഏൽപ്പിച്ചു. യാതൊന്നു കൊണ്ടും തൃപ്തി വരാത്ത ഈ കൂട്ടരുടെ സ്വഭാവത്തിൽ കോപിഷ്ടനായ മങ്ങാട്ടച്ചൻ, ഇവരെ ചതിക്കണമെന്ന ഉദ്ദേശത്തോടെ ഭക്ഷ

ണത്തിന്റെ കൂടെ ഗോപ്യമായി മത്സ്യവും കൂട്ടിച്ചേർത്തു കൊടുക്കാൻ ഏർപ്പാടാക്കി. സംഭവമറിയാതെ മത്സ്യം ചേർത്ത ഭക്ഷണം കഴിച്ച തോടെ ഇവരെ ജാതിയിൽ താഴ്ന്നവരായി മുദ്രകുത്തുകയും, തെരു വോരത്തു താമസിച്ചാൽ മതിയെന്നു ഉത്തരവാകുകയും ചെയ്തതിനാലാണ് ഇവർ ഇന്നും തെരുവിന്റെ പേരിൽ അറിയപ്പെട്ടു വരുന്നത് എന്നാണ് ഐതിഹ്യം. ചാലിയരിൽ വലംകൈ എന്നും ഇടംകൈ എന്നും രണ്ടു വിഭാഗമുണ്ട്. വലംകൈക്കാർ ഗണപതിയെ ആരാധിക്കുമ്പോൾ, ഇടംകൈക്കാർ ഭഗവതിയെ പൂജിക്കുന്നു. 1881ലെ സെൻസസ് റിപ്പോർട്ട് പ്രകാരം മലബാറിൽ ഒരു ലക്ഷത്തോളം പേർ കൈത്തറി തുണി നിർമ്മാണ വ്യവസായത്തിൽ അക്കാലത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇതിൽ പകുതിയിലേറെയും ചാലിയ വിഭാഗക്കാരാണ്.

തെക്കൻ കേരളത്തിൽ ചാലിയരിൽ പിള്ളമാരും ദേവാംഗരും ഉൾപ്പെടുന്നു. പാലക്കാട് ഭാഗത്തുള്ള മുതലിയാർ വിഭാഗക്കാരും കൈത്തറി നെയ്ത്ത് കുലത്തൊഴിലായി ചെയ്യുന്നതിനാൽ അവരും ചാലിയരുടെ അവാന്തര വിഭാഗമാണെന്നു കരുതപ്പെടുന്നു.

## നൂൽ നിറം പിടിപ്പിക്കൽ

ആദ്യകാല വസ്ത്രങ്ങളായ തോർത്തുമുണ്ടും പുടവയും വെളു ത്തതായിരുന്നുവെങ്കിൽ ക്രമേണ തുണിത്തരങ്ങൾക്ക് നിറം കൊടു ക്കണമെന്ന താൽപര്യം ഉയർന്നു വന്നു. അമരിച്ചെടിയിൽ നിന്നെടു ക്കുന്ന നീലയും, മഞ്ഞളും ചുണ്ണാമ്പുമുപയോഗിച്ചുള്ള ചുകപ്പും മാത്രമേ അക്കാലത്ത് പരിമിതമായ തോതിൽ വർണ്ണക്കൂട്ടായി ലഭ്യ മായിരുന്നുള്ളൂ. അൽപസ്വൽപം നിറക്കൂട്ടുകൾ വിദേശങ്ങളിൽ നിന്ന് എത്തിയിരുന്നുവെങ്കിലും ഒന്നാംലോക മഹായുദ്ധത്തോടെ അതിന്റെ വരവും നിലച്ചു. തുടർന്ന് ജർമ്മനിയിൽ നിന്നും വന്ന നെയ്ത്തുവി ദഗ്ദൻ, ആധുനികതരം ഓടം (flying shuttle) നടപ്പാക്കിയതിനു പുറമെ, നൂലിന് ചായം കൊടുക്കുന്നതിനുള്ള പ്രാദേശിക പരിപാടി കളും ആസൂത്രണം ചെയ്തു. ഇവിടുത്തെ കശുമാവിൻ തൊലിയും, അക്കേഷ്യ പോലുള്ള ഒരുതരം മരത്തിന്റെ (കറപിടിക്കുന്ന തരം) കാതലും ചേർത്തു വാറ്റി അദ്ദേഹം ഒരു പുതിയ നിറം കണ്ടെത്തി. അതാണ് കാക്കിനിറം. ജർമ്മൻ ഭാഷയിലുള്ള വാക്കാണ് കാക്കി

എന്നത്. കാക്കിനിറം കൊടുത്ത തുണി കണ്ടപ്പോൾ അന്നത്തെ മംഗലാപുരം പോലീസ് മേധാവി അത് അവിടുത്തെ പോലീസ് യൂണിഫോറമായി തീരുമാനിച്ചു നടപ്പാക്കി.അന്ന് ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷുകാരനായ റോബർട്ട്സ് പ്രഭു  മംഗലാപുരത്തെ ബാസൽ മിഷൻ വീവിംഗ് ഫാക്ടറി സന്ദർശിക്കാനെത്തിയപ്പോൾ കാക്കിത്തുണി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രകൃതിക്കിണങ്ങുന്നതും , ശത്രുക്കളുടെ ശ്രദ്ധയാകർഷിക്കാത്തതുമായ പ്രസ്തുത നിറം ഇഷ്ടപ്പെട്ട റോബർട്ട്സ് പ്രഭു ഇന്ത്യയിലെ ബ്രിട്ടീഷ് പട്ടാളക്കാരുടെ യൂണിഫോറത്തിന്റെ നിറം കാക്കിയാക്കുവാൻ തീരുമാനമെടുത്താണ് മടങ്ങിയത്. അതുവരെ ചുവപ്പായിരുന്നു പട്ടാളക്കാരുടെ യൂണിഫോമിന്റെ നിറം. ഇതനുസരിച്ച് കൈത്തറിയിൽ ആയിരക്കണക്കിന് വാര കാക്കിത്തുണി ബ്രിട്ടീഷ് പട്ടാളത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കേണ്ടി വന്നതിനാൽ മംഗലാപുരത്തിനു പുറമെ കണ്ണൂരിലും കോഴിക്കോട്ടും പുതിയ കൈത്തറി ഫാക്ടറികൾ ആരംഭിച്ചു. കണ്ണൂർ യൂനിറ്റിന് കീഴിൽ തലശ്ശേരി നെട്ടൂരിലും, വടകര ചോമ്പാലയിലും പുതിയ യൂണിറ്റുകളും തുടങ്ങുകയുണ്ടായി. അങ്ങിനെയാണ് മംഗലാപുരത്ത് ആരംഭിച്ച കൈത്തറി നെയ്ത്ത് കണ്ണൂരിലേക്ക് വ്യാപിക്കാനിടയായതും തുടർന്ന് 1960വരെ ഇന്ത്യൻ പട്ടാളക്കാർ കാക്കി നിറത്തിലുള്ള യൂണിഫോം അണിയാനിടവന്നതും.

## ചായം തേടിയ സായിപ്പിന് പറ്റിയ അമളി

ഒന്നാം ലോക മഹായുദ്ധത്തോടു കൂടി വിദേശ ചായക്കൂട്ടുകളുടെ വരവു നിലച്ചത് നേരത്തെ പറഞ്ഞുവല്ലോ. വസ്ത്രങ്ങൾക്ക് നിറം കൊടുക്കാൻ ഇനി എന്തു ചെയ്യണമെന്നായി അന്നത്തെ ഭരണകർത്താക്കളായ ബ്രിട്ടീഷുകാരുടെ ആലോചന. തുടർന്ന് നാടൻ ചായങ്ങളെക്കുറിച്ച് പഠിക്കണമെന്ന് അവർ തീരുമാനിച്ചു. മദ്രാസ്സിലെ ഡയരക്ട്ർ ഓഫ് ഇന്റസ്ട്രീസ് ആയിരുന്ന മി. ട്രസ്സർ ഇതിലേക്കായി മലബാർ കലക്ടർക്ക് ഒരു എഴുത്തയച്ചു. മലബാറിൽ ഏതൊക്കെ ചായക്കൂട്ടുകളാണ് തുണിക്ക് നിറം കൊടുക്കുവാൻ ഉപയോഗിക്കുന്നതെന്നും, അവ ഒരൗൺസ് വീതം ശേഖരിച്ച് ബാംഗ്ലൂരിലെ സയ്ൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. ഈ കത്ത് കിട്ടിയ ഉടനെ മലബാർ കലക്ടർ കല്ലായി

യിലെ സോമസുന്ദരം ചെട്ടിയാരേയും, ബാസൽ മിഷൻ ഇന്റസ്ട്രീസ് തലവനായ എഡ്വിൻ ബെൻസിനേയും ഈ ദൗത്യം ഏൽപ്പിച്ചു. സുന്ദരം ചെട്ടിയാർ ഈ കാര്യത്തിൽ വല്ലതും ചെയ്തോ എന്നറിയില്ല. എന്നാൽ ബാസൽ മിഷൻ ഇന്റസ്ട്രീസ് തലവൻ ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തുകയും, ലഭ്യമായ വിവരങ്ങൾ കലക്ടറെ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. *മലബാറുകാർ പൊതുവെ വെള്ളയും, കറുപ്പും, നീലക്കറുപ്പും നിറങ്ങളാണ് വസ്ത്രങ്ങൾക്കു കൊടുത്തു കാണുന്നത്. പ്രത്യേകിച്ചും സാധാരണക്കാരുടെ വസ്ത്രവിതാനങ്ങൾ വളരെ ലളിതമാണ്. തുണിക്ക് നിറം കൊടുക്കുന്ന നാടൻ ചായങ്ങൾ ഇപ്പോൾ ഇല്ലെന്നു തന്നെ പറയാം. വിദേശത്തു നിന്നാണ് മുൻകാലങ്ങളിൽ ചായക്കൂട്ടുകൾ എത്തിയിരുന്നത്. പ്രത്യേകിച്ചു റങ്കൂണിൽ നിന്ന്. യുദ്ധാരംഭത്തോടെ അതിന്റെ വരവ് നിലച്ചു. ഇപ്പോൾ ഇവർ കുച്ചു എന്നൊരു ചായമാണ് വസ്ത്രങ്ങൾക്ക് കറുപ്പും തവിട്ടും നിറം കൊടുക്കുവാൻ ഉപയോഗിക്കുന്നത്. ഇത് ഔഷധക്കടുക്കയുടെ നീരിൽ നിന്നാണ് ഇവർ ഉണ്ടാക്കുന്നത്. കടുക്ക നീരും, അയേൺ സൾഫേറ്റും, മധുര പൗഡറിനോട് 1:2 എന്ന അനുപാതത്തിൽ ചേർത്താണ് ഇതുണ്ടാക്കുന്നത്. എന്നാൽ മധുര പൗഡർ എന്നത് എന്താണെന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല. മധുരയിൽ നിന്നും കൊണ്ടു വരുന്ന ഒരുതരം പൊടിയാണിതെന്നു മാത്രം ചിലർ പറഞ്ഞു തന്നു. ചിറക്കൽ താലൂക്കിലെ ഒരു കൃസ്ത്യാനിയാണ് കുച്ചു ഉണ്ടാക്കുന്നതിൽ വിദഗ്ദൻ എന്നും അറിവായിട്ടുണ്ട്.*

ഈ കത്ത് കിട്ടിയ ഉടനെ കലക്ടർ ചിറക്കൽ താലൂക്ക് തഹസിൽദാരോട് പ്രസ്തുത കൃസ്ത്യാനിയെ കുറിച്ച് തിരക്കി. പി.എ. ആമ്മു സാഹിബായിരുന്നു അന്നത്തെ ചിറയ്ക്കൽ തഹസിൽദാർ. അദ്ദേഹം 16.7.1915 ലെ ആർ.ഇ.എഫ് 1195/പി.15 നമ്പർ കത്തിലൂടെ തനിക്കു ലഭിച്ച അന്വേഷണ വിവരങ്ങൾ മലബാർ കലക്ടർക്ക് ഇങ്ങനെ റിപ്പോർട്ട് ചെയ്തു. *പരാമർശ വിഷയത്തെക്കുറിച്ച് അന്വേഷിച്ചതിൽ ഈ താലൂക്ക് അതിർത്തിയിൽ കണ്ണൂരിലെ തളാപ്പ് ദേശത്ത് പുഴാതി അംശത്തിൽ ഒരു അലക്സാണ്ടർ അറങ്ങാടൻ എന്നയാളാണ് കടുക്ക നീരിൽ നിന്നും കറുത്ത ചായം ഉണ്ടാക്കി നെയ്ത്തു ശാലകൾക്ക് കൊടുക്കുന്നതെന്നു കാണുന്നു. കറുപ്പും തവിട്ടും ചായക്കൂട്ടുണ്ടാക്കുവാൻ അയാൾ അതി വിദഗ്ദനാണ്. കടു*

*ക്കയിൽ നിന്നുമുണ്ടാക്കുന്ന ഇത്തരം ചായങ്ങൾ ഈരക്കാസ എന്നാണ് നാട്ടു ഭാഷയിൽ അറിയപ്പെടുന്നത്. അതുപോലെ കണ്ണൂരിലെത്തന്നെ പൊന്നിയത്ത് കണ്ണൻ എന്നയാൾ ധാരാളം നീലക്കറുപ്പ് നിറം ഉണ്ടാക്കുന്നുണ്ട്. പക്ഷെ അദ്ദേഹം അതിന്റെ നിർമ്മാണ രഹസ്യം പറഞ്ഞു തരുവാൻ തീരെ കൂട്ടാക്കുന്നില്ല.*

ചിറക്കൽ തഹസിൽദാരുടെ കത്തുകിട്ടിയ മലബാർ കലക്ടർ പൊന്നിയത്ത് കണ്ണനോടായി പിന്നീട് അന്വേഷണം. കണ്ണന്റെ മറുപടിയിൽ ഇങ്ങനെ പറഞ്ഞതായി കാണുന്നു. *എനിക്ക് കറുപ്പ്, നീലക്കറുപ്പ് എന്നീ ചായങ്ങൾ ഉണ്ടാക്കാനറിയാം. താങ്കളുടെ കൂട്ടർക്ക് (വെള്ളക്കാർ) ഇതുണ്ടാക്കാൻ അറിയില്ല എന്നും എനിക്കറിയാം. സർക്കാർ ചിലവിലോ, കമ്പനി ചിലവിലോ (ബാസൽ മിഷൻ ഇന്റസ്ട്രീസിനെ ഉദ്ദേശിച്ച്) നിങ്ങൾക്കറിയാവുന്ന ചായങ്ങളെക്കുറിച്ച് എന്നെ പഠിപ്പിക്കുക. എന്നാൽ ലോകോപകാരാർത്ഥം എനിക്കറിയാവുന്ന വിവരങ്ങൾ താങ്കളുടെ കൂട്ടരെ പഠിപ്പിച്ചു തരാം.*

കണ്ണൂരിലെ കൈത്തറിയിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് ബ്രിട്ടീഷ് ഭരണകൂടത്തെ 1915 കാലഘട്ടത്തിൽ പോലും ഇത്തരത്തിൽ വെല്ലുവിളിക്കാൻ സാധിച്ചിരുന്നു എന്ന് ഈ മറുപടി നമ്മെ പഠിപ്പിക്കുന്നു. അന്നത്തെ വസ്ത്ര നിർമ്മാതാക്കൾ എത്രമാത്രം സാമൂഹ്യ അംഗീകാരം നേടിയവരായിരുന്നു എന്നും ഇതിൽ നിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. കൈത്തറിയുടെ നവീകരണ പ്രക്രിയയിൽ (ചായം ഉണ്ടാക്കലും മറ്റും) അക്കാലം മുതലേ കണ്ണൂർ മികച്ചു നിന്നിരുന്നു എന്നതാണ് ഇതിലൂടെ കാണാവുന്ന മറ്റൊരു വസ്തുത.

(അവലംബം: കോഴിക്കോടിന്റെ പൈതൃകം-അഡ്വ.ടി.ബി.സെലുരാജ്)

കുറിപ്പ് : ഇതിൽ പരാമർശിച്ചിട്ടുള്ള കണ്ണൂർ തളാപ്പ് ദേശത്തെ അലക്സാണ്ടർ അറങ്ങാടൻ എന്നയാൾ തളാപ്പിലെ ജോൺമിൽ എന്ന കൈത്തറി സ്ഥാപനത്തിന്റെ ഉടമയായിരുന്നു. ആ സ്ഥാപനം നശിച്ചു പോയെങ്കിലും അതിന്റെ പേരിനെ ഓർമ്മിച്ചു കൊണ്ട് ജോൺമിൽ എന്ന പേരിൽ ഒരു ബസ്സ്റ്റോപ്പ് എ.കെ.ജി ആശുപത്രിക്കും മക്കാനിക്കുമിടയിലായി ഇന്നുമുണ്ട്. അലക്സാണ്ടറുടെ കൊച്ചു മകനാണ് കണ്ണൂരിൽ പ്രീമിയർ കോപ്പർ ഡിപ്പോ നടത്തുന്ന മിസ്റ്റർ പി.കെ. ലെസ്‌ലി.

## കൈത്തറിക്ക് ആക്കം കൂട്ടിയവർ

മലബാറിലെ വിശേഷിച്ച് കണ്ണൂരിലെ കൈത്തറി വികസനത്തിന് ഏറ്റവും സഹായകമായത് ഇവിടെ നിന്നും പരുത്തി നൂൽ ഉൽപ്പാദിപ്പിക്കാനാരംഭിച്ചതോടെയാണ്. കണ്ണൂർ-കോഴിക്കോട് ജില്ലകളിൽ കൈത്തറി ഫാക്ടറികൾ ആരംഭിച്ച ബാസൽ ഇവാഞ്ചലിക്കൽ

മിഷൻ ഭാരവാഹികൾക്ക് ഇക്കാര്യത്തിൽ തികഞ്ഞ സ്വാർത്ഥ താൽപര്യമാണുണ്ടായിരുന്നത്.തങ്ങൾ മതം മാറ്റിയെടുക്കുന്നവരുടെ തൊഴിൽ പുനരധിവാസമായിരുന്നു അവർ ഇതിലൂടെ ലക്ഷ്യം വെച്ചിരുന്നത്. എന്നാൽ ഈ ഫാക്ടറികളിൽ നെയ്ത്ത് പരിശീലിച്ചവർ അവിടെ നിന്നും പുറത്തു വന്ന് സ്വന്തമായി മഗ്ഗം അഥവാ തറി സ്ഥാപിച്ചു കൈത്തറിത്തുണിയുൽപ്പാദിപ്പിക്കുന്ന പ്രവണതയെ തടഞ്ഞു നിർത്താൻ അവർക്കാകുമായിരുന്നില്ല. അത്തരത്തിൽ കൈത്തറി ഫാക്ടറി ആരംഭിച്ച ആദ്യത്തെ പൂർവ്വ തൊഴിലാളിയായിരുന്നു മുൻപ് പരാമർശിച്ചിട്ടുള്ള ചൂരിക്കാടൻ ആറോൺ എന്നയാൾ. ആറോണിന്റെ കമ്പനിയിലെ തൊഴിലാളികളും പിന്നീട് പുറത്തു വന്ന് പുതിയ കൈത്തറി സ്ഥാപനങ്ങളുണ്ടാക്കി. ഇത്തരത്തിലുള്ള കമ്പനികൾക്കാവശ്യമായ നൂൽ ലഭിക്കാൻ വലിയ പ്രയാസം നേരിട്ടു. ആയിടയ്ക്കാണ് കണ്ണൂർ ബർണ്ണശ്ശേരിയിലെ ബാസൽമിഷൻ നെയ്ത്തു കമ്പനി കെട്ടിടം നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തുകൊണ്ട് അത് ഒരു സ്പിന്നിംഗ് മിൽ ആക്കി മാറ്റിയത്. ഇംഗ്ലണ്ടിൽ നിർമ്മിച്ച വൈദ്യുത സ്പിന്നിംഗ് യന്ത്രങ്ങൾ സ്ഥാപിക്കപ്പെട്ടതോടെ ഇത് ബാസൽ മിഷൻ സ്പിന്നിംഗ് മിൽ എന്ന പേരിലറിയപ്പെട്ടു തുടങ്ങി. അന്ന് വൈദ്യുതി ഇല്ലാത്തതിനാൽ കൂറ്റൻ ഇംഗ്ലീഷ് ജനറേറ്ററുകൾ ഉപയോഗിച്ചാണ് മിൽ പ്രവർത്തിപ്പിച്ചിരുന്നത്. ഈ മില്ലിൽ നിന്നു യഥേഷ്ടം നൂൽ ലഭിച്ചു വന്നതോടെ കണ്ണൂരിലും പരിസരത്തുമായി നിരവധി കൈത്തറി ഫാക്ടറികൾ ഉടലെടുക്കുകയുണ്ടായി. ജില്ലയിലെ കൈത്തറി വികസനത്തിൽ ഏറ്റവും വലിയ സ്വാധീനം ചെലുത്തിയിരുന്ന സ്ഥാപനമായിരുന്നു ബാസൽമിഷൻകാരുടെ ഈ സ്പിന്നിംഗ് മിൽ. കൈത്തറി രംഗത്തെ സാങ്കേതിക മികവിനൊപ്പം, അസംസ്കൃത വസ്തുവായ പരുത്തി നൂൽ യഥേഷ്ടം ലഭ്യമായതോടെ കണ്ണൂരിലും പരിസര പ്രദേശങ്ങളിലും കൈത്തറി വസ്ത്ര നിർമ്മാണം വ്യാപകമാവുകയുണ്ടായി.

## സ്പിന്നിംഗിന്റെ വരവ്

തക്ലിയിൽ കൈകൊണ്ട് നൂൽ നൂറ്റാണ് പണ്ടുകാലത്ത് നെയ്ത്തിന്നാവശ്യമായ നൂൽ ഉണ്ടാക്കിയിരുന്നത്. ഇതിന് ഒറ്റ തക്ലിയും , ഇരട്ട തക്ലിയും ഉപയോഗിച്ചിരുന്നു. വസ്ത്രത്തിന്റെ ആവശ്യകത

വർദ്ധിച്ചതോടെ തക്ലിയിലുണ്ടാക്കുന്ന നൂൽ തികച്ചും അപര്യാപ്ത മായി വന്നു. നൂൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ആലോചനകൾ ലോകമെമ്പാടും നടന്നു. ആയിടയ്ക്കാണ് എ.ഡി.1760ൽ ജർമ്മൻകാര നായ ഹർഗ്രീവ്സ് (Hargreaves) സ്പിന്നിംഗ് ജന്നി എന്ന യന്ത്രം കണ്ടു പിടിച്ചത്. ഒരു തക്ലിക്കു പകരം അനേകം തക്ലിയിൽ നിന്നും ഒരേ സമയം യാന്ത്രികമായി നൂലുണ്ടാക്കുന്ന വിദ്യയാണ് സ്പിന്നിംഗ് ജന്നി കാഴ്ച വെച്ചത്. ഈ യന്ത്രം അതിവേഗം ലോകമെമ്പാടും വ്യാപിച്ചു. അത്തരം ഒരു യന്ത്രമാണ് കണ്ണൂരിലെ ബാസൽമിഷൻ സ്പിന്നിംഗ് മില്ലിൽ സ്ഥാപിതമായത്. ഇവിടെ നൂറു കണക്കിനാളു കൾ മൂന്ന് ഷിഫ്റ്റിലായി ജോലി ചെയ്തു കൊണ്ട് മലബാറിന്റെ നൂൽ ക്ഷാമം പരിഹരിച്ചതോടൊപ്പം ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ യന്ത്രവൽകൃത ഫാക്ടറിയെന്ന ഖ്യാതിയും ഈ മിൽ നേടിയെടുത്തു.

## കോമൺവെൽത്ത് ട്രസ്റ്റ്

ഒന്നാം ലോക മഹായുദ്ധം അവസാനിച്ചതോടെ (എ.ഡി.1917) യുദ്ധത്തിന്റെ നഷ്ടപരിഹാര കരാർ അനുസരിച്ച് ജർമ്മൻകാരുടെ ഇന്ത്യയിൽ മാത്രമല്ല ലോകത്തെമ്പാടുമുള്ള സ്വത്തുക്കൾ ബ്രിട്ടീഷു കാർ ബലാൽക്കാരമായി പിടിച്ചെടുക്കാനാരംഭിച്ചു. ബാസൽ മിഷന്റെ ഇന്ത്യയിലുള്ള വ്യാപാരവ്യവസായ സ്ഥാപനങ്ങൾ മിക്കതും ജർ മ്മൻകാരുടെ അധീനതയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വിറ്റ്സ ർലാന്റുകാരുടെ അധീനതയിലുമായിരുന്നു. വ്യവസായ സ്ഥാപന ങ്ങൾ മാനേജ് ചെയ്യുന്നതിനായി ഒരു പ്രത്യേക കമ്പനി തന്നെ ബാസൽമിഷനുണ്ടായിരുന്നു. എങ്കിലും യുദ്ധക്കരാർ മാനിക്കണ മല്ലോ. അതിൻപ്രകാരം ഇന്ത്യയിലുൾപ്പെടെ ജർമ്മനിയുടെ എല്ലാ സ്വത്തുവകകളും ബ്രിട്ടൻ കൈക്കലാക്കി ജർമ്മൻകാരെ തുരത്തി യോടിച്ചു. ഇത്തരത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനായി യുദ്ധാനന്തരം ബ്രിട്ടനിൽ കോമൺവെൽത്ത് ട്രസ്റ്റ് എന്ന ഒരു സ്ഥാപനം രൂപീകരിക്കപ്പെട്ടു. അതോടുകൂടി ഇന്ത്യയിലെ എല്ലാ ബാസൽമിഷൻ വ്യവസായ സ്ഥാപനങ്ങളും കോമ ൺവെൽത്ത് ട്രസ്റ്റിന്റെ കീഴിലായി. അങ്ങിനെ കണ്ണൂർ ബർണ്ണശ്ശേരി യിലെ ബാസൽമിഷൻ സ്പിന്നിംഗ് മിൽ 1918 മുതൽ കോമൺവെൽ



സഹകരണ മേഖലയിലെ ദീപസ്തംഭങ്ങളിൽ
ഒന്ന്- ചിറക്കൽ വീവേഴ്സ് സർവ്വീസ് സഹകരണ സംഘത്തിന്റെ ഓഫീസ് കെട്ടിടം.

ത്ത് സ്പിന്നിംഗ് മിൽ എന്ന പുതിയ പേരിൽ അറിയപ്പെട്ടു തുടങ്ങി. 1947-ൽ ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ അവസാനിക്കുന്നതുവരെ പ്രസ്തുത മിൽ അതേപേരിൽ പ്രവർത്തിച്ചു. കോഴിക്കോട് മാനാഞ്ചിറയിലെ നെയ്ത്തു കമ്പനിയും കോമൺവെൽത്ത് ട്രസ്റ്റ് കമ്പനിയായി അറിയപ്പെട്ടു.

## സഹകരണ മേഖലയിലേക്ക് ചുവടുമാറ്റം

സ്വകാര്യമേഖലയിൽവൻകിട-ചെറുകിട സ്ഥാപനങ്ങളിലായി പരന്നു കിടന്നിരുന്ന കൈത്തറി വ്യവസായം ഒരു കുടിൽ വ്യവസായമായിട്ടായിരുന്നു അക്കാലത്ത് അംഗീകരിക്കപ്പെട്ടിരുന്നത്. എന്നാൽ സഹകരണ മേഖലയുടെ രൂപീകരണത്തോടെ കൈത്തറി ഒരു സംഘടിത വ്യവസായമായി മാറുകയായിരുന്നു.

വ്യവസായത്തിലുള്ള മൂലധനത്തിന്റെ അപര്യാപ്തത, വിപണി വിലയിലെ ചാഞ്ചാട്ടം, അമിതമായ നൂൽ-ചായം വിലവർദ്ധന, ഉടമകളുടെ കുടുംബസ്വത്ത് വിഭജനം, അനാകർഷകമായ ലാഭനിരക്ക്, സർവ്വോപരി മിൽ തുണിയുമായുള്ള മത്സരം എന്നിവ മൂലം, ദശാബ്ദങ്ങളായി വളരെ നല്ല നിലയിൽ നടന്നുവന്നിരുന്ന നിരവധി

കൈത്തറി ഫാക്ടറികൾ 1950-60 ഓടെ പ്രവർത്തന രഹിതമായി. അക്കാലത്ത് തൊഴിലാളികൾക്ക് ഗ്രാറ്റിവിറ്റി പ്രൊവിഡണ്ട് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും നിലവിലുണ്ടായിരുന്നില്ല. അതിനാൽ തൊഴിൽരഹിതരായവർ തികച്ചും നിരാലംബരായിത്തീർന്നു.

## സഹകരണ മേഖലയിലേക്കുള്ള നീക്കം

രണ്ടാംലോക മഹായുദ്ധത്തിന്റെ (1939-45) അന്ത്യത്തോടെ, ലോകത്ത് വ്യവസായ വിപ്ലവം അരങ്ങേറ്റം നടത്തി. തൽഫലമായി നാട്ടിലെങ്ങും യന്ത്രത്തറികൾ സ്ഥാപിക്കപ്പെട്ടു. അവയിൽ ഉൽപ്പാദിപ്പിക്കുന്ന മിൽതുണി എന്നറിയപ്പെടുന്ന തുണിത്തരങ്ങളുടെ വിലയുമായി കൈത്തറിത്തുണിക്ക് മത്സരിക്കാനാവാത്ത സ്ഥിതി സംജാതമായി. ഒറ്റത്തറിയിൽ ജോലി ചെയ്യുന്നവർക്ക് കൂലിയും മുതലും ലഭിക്കാതെ പണി ചെയ്യേണ്ടുന്ന അവസ്ഥയിലായി. അക്കാലത്ത് വ്യക്തികൾക്ക് തുണി നിർമ്മാണത്തിനായി കൺട്രോൾ വിലയ്ക്ക് നൂൽ റേഷൻ നൽകി വന്നിരുന്നു. അത്തരത്തിൽ നൂൽ ലഭിക്കുന്നവർക്കും തുണിയുൽപ്പാദിപ്പിച്ച് വിപണനം നടത്താൻ അസാധ്യമായ രീതിയിൽ വിലകുറഞ്ഞ മിൽ തുണി നാട്ടിലെങ്ങും വ്യാപിച്ചു.

ഇതിനെ തുടർന്ന് ഇത്തരത്തിലുള്ള ഒറ്റത്തറിക്കാരെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ട് തൊഴിലാളികളുടെ നേതൃത്വത്തിൽ ഉൽപ്പാദന വിതരണ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. അതിൽ അംഗങ്ങളായവരെല്ലാം താന്താങ്ങളുടെ നൂൽറേഷൻ കാർഡ് സൊസൈറ്റിക്ക് സറണ്ടർ ചെയ്യുകയും, സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തുണി ഉൽപ്പാദനവും, വിപണനവും നടത്താൻ ആരംഭിക്കുകയും ചെയ്തു. ഇത്തരത്തിൽ, കേരളത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്ത കൈത്തറി നെയ്ത്ത് സഹകരണ സംഘം തളിപ്പറമ്പ് വീവേർസ് കോ.ഓപ്പ്. സൊസൈറ്റിയാണ്. 1939-ൽ ശ്രീ. അച്ചുപ്പൊതുവാൾ പ്രസിഡണ്ടും ശ്രീ. കടിച്ചി ഗോവിന്ദൻ സെക്രട്ടറിയുമായി പ്രവർത്തനമാരംഭിച്ച ഈ നെയ്ത്തു സഹകരണ സംഘം ക്രമേണ ക്ഷയോന്മുഖമാവുകയും 1950 ഓടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. പിന്നീട് 1976ൽ ശ്രീ. വാടി രവീന്ദ്രന്റെ നേതൃത്വത്തിൽ സംഘം പുനരുജ്ജീവിപ്പിക്കുകയും ഇപ്പോഴും നല്ല നിലയിൽ നടക്കുകയും ചെയ്യുന്നുണ്ട്.

1947 ൽ റജിസ്റ്റർ ചെയ്യുകയും 1949 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത ചിറക്കൽ വീവേർസ് (P&S) സഹകരണ സംഘത്തിന് കാഞ്ഞിരോട് എന്ന സ്ഥലത്തും ഒരു ബ്രാഞ്ചുണ്ടായിരുന്നു. ക്രമേണ ചിറക്കലിനേക്കാൾ കൂടുതൽ മെമ്പർമാരും, സൗകര്യവുമുണ്ടായിരുന്ന കാഞ്ഞിരോട് ബ്രാഞ്ച്, ചിറക്കൽ സൊസൈറ്റിയിൽ നിന്നും വേർപെടുകയും, കാഞ്ഞിരോട് വീവേർസ് (P&S) സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരികയുമാണ്. 1952 ലാണ് ഈ സഹകരണ സംഘം രൂപീകരിക്കപ്പെട്ടത്.

ആഭ്യന്തര മാർക്കറ്റിൽ കൈത്തറിയുടെ വിലയിലും, ഡിമാന്റിലും ഉണ്ടായ ഇടിവിനെ തുടർന്ന് ജില്ലയിലെ പല സ്വകാര്യ കൈത്തറി ഫാക്ടറികളുടേയും ഉടമകൾ സ്വമേധയാ പ്രവർത്തനം നിർത്തി സ്ഥാപനം അടച്ചിട്ടു. ലോകനാഥ്, കൗസല്യ, കെ.കെ.എസ്, റോയൽ, കല്ല്യാശ്ശേരി, അഴീക്കോട് തുടങ്ങിയ വൻകിട സ്ഥാപനങ്ങൾ ഇത്തരത്തിൽ പൂട്ടിയിട്ടതോടെ പട്ടിണിയിലായ അവിടത്തെ തൊഴിലാളികൾ സഹകരണ സംഘം രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുത്ത് നടത്താനാരംഭിക്കുകയും ചെയ്തു. ജില്ലയിലെ മിക്ക കൈത്തറി സഹകരണ സംഘങ്ങളും ഇത്തരത്തിൽ രൂപീകരിക്കപ്പെട്ടതാണ്. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ സഹകരണ നയം ഇക്കാര്യത്തിൽ കൈത്തറി തൊഴിലാളികളുടെ സഹകരണ കൂട്ടായ്മ സംഘടിപ്പിക്കുന്നതിൽ വളരെയേറെ സഹായകമായിട്ടുള്ളതായി അനുഭവസ്ഥർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ ഏകദേശം അൻപതോളം കൈത്തറി നിർമ്മാണ വിതരണ സഹകരണ സംഘങ്ങൾ 1970–ഓടെ കണ്ണൂർ ജില്ലയിൽ രൂപീകൃതമായി. അവയുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി പൊതുവായ പാവ് നിർമ്മാണ കേന്ദ്രം ഏർപ്പെടുത്തണമെന്ന അഭിപ്രായം ഉയർന്നു വന്നു. തൽഫലമായി മലബാർ വാർപ്പിംഗ് & സൈസിംഗ് ഇന്റസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റി എന്ന പേരിൽ ഒരു സഹകരണ സ്ഥാപനം താഴെ ചൊവ്വയിൽ പ്രവർത്തനമാരംഭിച്ചു. യന്ത്രവൽകൃത പാവ് യൂണിറ്റായിരുന്നു ഇത്. അതിനാൽ ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് അതിവേഗം പാവ് തയ്യാറാക്കിക്കൊടുക്കാൻ സാധിച്ചു. പിന്നീട് ഈ സ്ഥാപനം ചിറയ്ക്കൽ ചിറയ്ക്കു സമീപത്തുള്ള സ്വന്തം കെട്ടിടത്തിലേക്കു മാറ്റി സ്ഥാപി

ക്കപ്പെട്ടുവെങ്കിലും, ക്രേപ്പിന്റെയും, മറ്റിതര ദുഷ്ക്കരമായ വസ്തു ക്കളുമുപയോഗിച്ച് വസ്ത്രം നിർമ്മിക്കുവാനാരംഭിച്ചതിന്റേയും ഫല മായി യൂണിറ്റിന് ഓർഡർ ലഭിക്കാതാവുകയും ക്രമേണ പ്രവർത്തനം അന്യം നിന്നു പോവുകയും ചെയ്തു.

തോർത്തും, പുടവയും (സിങ്കിൾ മുണ്ട്) മാത്രം നിർമ്മിച്ചു കൊണ്ടായിരുന്നു നെയ്ത്ത് സഹകരണ സംഘങ്ങൾ ആദ്യകാലത്ത് പ്രവർത്തനം നടത്തിയിരുന്നത്. തുടർന്നുള്ള കാലഘട്ടത്തിൽ പടി പടിയായി സിങ്കിൾ ദോത്തി, ഡബിൾ ദോത്തി, തടിച്ച ലുങ്കി, നേരിയ ലുങ്കി, ഷർട്ടിംഗ് എന്നീ തുണിത്തരങ്ങൾ ഉൽപ്പാദിപ്പിച്ചു തുടങ്ങി. അവ ഇന്ത്യയുടെ നാനാഭാഗത്തേക്കും എത്തിക്കുവാൻ നിരവധി കമ്മീഷൻ ഏജന്റുമാരുമുണ്ടായിരുന്നു.

1970 കാലഘട്ടത്തിൽ ക്രേപ്പ് തുണിയുടെ വരവോടെ മിക്കവാറും എല്ലാ സഹകരണ സംഘങ്ങളും ക്രേപ്പിന്റെ ഉൽപ്പാദനം ആരംഭിച്ചു. നല്ല വിലയും, എളുപ്പ ജോലിയും എന്നതിനാൽ ക്രേപ്പു നിർമ്മാണം വളരെ ലാഭകരമായിരുന്നു. അതിനാൽ അക്കാലത്ത് ആഭ്യന്തര ആവ ശ്യത്തിനുള്ള ലുങ്കി, ഷർട്ടിംഗ്, ദോത്തി എന്നിവയുടെ ഉൽപ്പാദനം മാറ്റി വെക്കപ്പെട്ടു. ഇത്തരുണത്തിലാണ് അത്തരം തുണിത്തരങ്ങ ളുടെ ഉൽപ്പാദനം തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഈറോഡ്, തിരു പ്പതി തുടങ്ങിയ സ്ഥലങ്ങളിലേക്ക് കൂടുതലായി ചേക്കേറിയത്. താര തമ്യേന കുറഞ്ഞകൂലിക്ക് അവിടെ ഇത്തരം സാധനങ്ങൾ ഉൽപ്പാ ദിപ്പിക്കാമെന്നു വന്നതോടെ, കണ്ണൂരിന്റെ കൈത്തറിയിലെ കുത്തക വെല്ലുവിളിക്കപ്പെടുകയായിരുന്നു.

1990-ഓടു കൂടി ക്രേപ്പിന്റെ കാലഘട്ടം അവസാനിച്ചു. സഹക രണ സംഘങ്ങളിൽ ക്രേപ്പിന്റെയോ, മറ്റിതര തുണിത്തരങ്ങളുടെ ഓർഡർ ലഭിക്കാതായതിനെ തുടർന്ന് അവയൊക്കെ വലിയ സാമ്പ ത്തീക പ്രതിസന്ധിയിലകപ്പെട്ടു.

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സംരംഭമായ ഹാന്റ്‌ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (HEPC)ന്റെ ഇടപെടലിനെ തുടർന്ന് ഏതാനും സഹകരണ സംഘ ങ്ങൾ കൈത്തറിത്തുണികൾ നേരിട്ട് വിദേശത്തേക്ക് കയറ്റുമതി ചെയ്യാനാരംഭിച്ചു. ഇരിണാവ് വീവേർസ് സഹകരണ സംഘമാണ് ആദ്യമായി ഇതിൽ ഏർപ്പെട്ടത്. അതിനെത്തുടർന്ന് കാഞ്ഞിരോട്

വീവേർസ് സൊസൈറ്റി, ചിറക്കൽ വീവേർസ് സൊസൈറ്റി എന്നിവയും കയറ്റുമതി രംഗത്തേക്കു വന്നെങ്കിലും വിപണിയുടെ ചാഞ്ചാട്ടവും വിദേശ വ്യാപാരികളുടെ കടുംപിടുത്തവും കാരണം കയറ്റുമതി രംഗത്ത് സ്ഥിരമായി പിടിച്ചുനിൽക്കാൻ സഹകരണ മേഖലയ്ക്ക് സാധിച്ചില്ല. അതിനാൽ പലരും പിന്മാറുകയായിരുന്നു.

കൈത്തറിയെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ രംഗത്തിറങ്ങിയതിന്റെ ഫലമായി Hantex, Hanveev എന്നീ സ്ഥാപനങ്ങൾ രൂപീകരിക്കപ്പെട്ടു. സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയാണ് ഹാൻടെക്സ്. അവയുൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ സംസ്ഥാനവ്യാപകമായി വിറ്റഴിക്കാനും നൂൽ, ചായം മുതലായവ സംഘങ്ങൾക്ക് നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കാനുമാണ് ഹാൻടെക്സ് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്താകെ പരന്നു കിടക്കുന്ന ഒറ്റത്തറിക്കാരെ സഹായിക്കാനും ഉദ്ധരിക്കാനും ഉദ്ദേശിച്ചു കൊണ്ടാണ് Hanveev രൂപം കൊണ്ടത്. ഒറ്റത്തറിക്കാർക്ക് വേണ്ടുന്ന അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുകയും അവർ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുകയുമാണ് ഹാൻവീവിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ രണ്ടു സ്ഥാപനങ്ങളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെങ്കിലും, കൈത്തറി മേഖല അനുദിനം തകർച്ചയിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം.

**രണ്ടു സവിശേഷ സമരങ്ങൾ**

കൈത്തറി തൊഴിലാളികൾക്ക് സംഘടന നിലവിൽ വരുന്നതിന് മുമ്പുതന്നെ തങ്ങളുടെ ആവശ്യങ്ങൾ തൊഴിലുടമക്കു മുന്നിൽ അവതരിപ്പിക്കുവാൻ പണിമുടക്കുപോലുള്ള സമരമുറ ഉപയോഗിക്കുവാൻ സന്നദ്ധരായിട്ടുള്ളവരാണ് കണ്ണൂരിലെ കൈത്തറി തൊഴിലാളികൾ കൂലിവർദ്ധന ആവശ്യപ്പെട്ടതിനു പുറമെ നെയ്തുകൊടുക്കുന്ന തുണിയുടെ അളവിൽ മുതലാളിമാർ മന:പൂർവ്വം കുറവ് വരുത്തുന്നതിനും, പിഴ ചുമത്തുന്നതിനും, പിരിച്ച് വിടുന്നതിനും എതിരെയും തൊഴിൽ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടും 1939 ൽ ജില്ലയിലെ കൈത്തറി തൊഴിലാളികൾ സ്വമേധയാ പണിമുടക്കി. ഈ പണിമുടക്ക് സമരം 64 ദിവസം നീണ്ടു നിന്നു. എല്ലാ പ്രമുഖ ഫാക്ടറി പടിക്കലും റിലീഫ് കേന്ദ്രങ്ങളും അവിടെ സൗജന്യ കഞ്ഞിവിതരണവും

സമര പ്രചരണ യോഗങ്ങളും നടന്നു.എ.കെ.ജി, കൃഷ്ണപിള്ള, കെ.പി.ഗോപാലൻ എന്നിവർ സമരത്തിലേർപ്പെട്ട തൊഴിലാളികൾക്ക് പ്രത്യക്ഷ പിന്തുണ നൽകി സഹായിച്ചു. മുതലാളിമാർ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് സമരം പൊളിക്കാൻ പരമാവധി ശ്രമിച്ചെങ്കിലും നടന്നില്ല. ഒടുവിൽ 64 ദിവസത്തെ സമരത്തിനൊടുവിൽ ഒന്നാമത്തെ ഡിമാന്റായ കൂലി വർദ്ധനവിനത്തിൽ വാരക്ക് ഒരു കാശ് കൂലി വർദ്ധന അനുവദിക്കാൻ മുതലാളിമാർ തയ്യാറായതോടെ സമരം അവസാനിക്കുകയാണുണ്ടായത് (ഒരു കാശ് എന്നത് ഏറ്റവും ചെറിയ നാണയമാണ്) ഈ സമരത്തിന് ശേഷമാണ് അദ്യമായി ചിറക്കൽ താലൂക്ക് നെയ്ത്ത് തൊഴിലാളി യൂനിയൻ രൂപീകൃതമാകുന്നത്. എ.ഐ.ടി.യുസിയുടെ നിയന്ത്രണത്തിലായിരുന്നു. പ്രസ്തുത യുണിയൻ പ്രവർത്തിച്ചിരുന്നത്.

**വിജയിച്ച കഞ്ഞിസമരം**

ധനാഢ്യനും, തമിഴ് നാട്ടുകാരനുമായ ശ്രീ അളകപ്പ ചെട്ടിയാർ 1940-ൽ കണ്ണൂർ പട്ടണത്തിൽ ഇന്നത്തെ ശ്രീ നാരായണ പാർക്കിനു സമീപത്തായി ഒരു വൻകിട കൈത്തറി ഫാകടറി അരംഭിച്ചു. ഉമയാൾ വീവിംഗ് എസ്റ്റാബ്ലിഷ്മെന്റ് എന്നായിരുന്നു അതിന്റെ പേര്. അക്കാലത്ത് നാട്ടിൽ ഭീകരമായ ഭക്ഷണക്ഷാമം നടമാടിയതിനാൽ തന്റെ കൈത്തറി ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അദ്ദേഹം സൗജന്യമായി ഉച്ചക്കഞ്ഞി നൽകിവന്നു. ഇതേ തുടർന്ന് മറു ഫാക്ടറികളിലെ തൊഴിലാളികളും തങ്ങൾക്ക് ഉച്ചക്കഞ്ഞി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പണിമുടക്ക് സമരം ആരംഭിച്ചു. സമരം പൊളിക്കാൻ കരിങ്കാലികളും പോലീസും രംഗത്തിറങ്ങി ചിറക്കലെ ഒരു ഫാക്ടറിയിൽ കരിങ്കാലിപ്പണി ചെയ്തവർക്ക് ശനിയാഴ്ച കൂലി നൽകാനായില്ല അവർ കൂലിക്കുവേണ്ടി ശഠിക്കുകയും, ശണ്ഠകൂടുകയും കമ്പനിയിൽ നാശനഷ്ടങ്ങളുണ്ടാക്കി കൂലി ബലമായി വാങ്ങുകയും ചെയ്തു. അതോടെ എല്ലാ കമ്പനികളും കഞ്ഞി പൈസ പ്രത്യേകമായി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തതോടെ സമരം വിജയകരമായി പര്യവസാനിച്ചു.

## പാതാളത്തിലും തുണി നെയ്ത്ത്

മഹാഭാരതത്തിൽ പാതാളത്തിൽ സ്ത്രീകൾ തുണിനെയ്യുന്നതായുള്ള പരാമർശമുണ്ട് അതിന്റെ കഥ ചുരുക്കത്തിൽ ഇപ്രകാരമാണ്. വേദൻ എന്ന മുനിയുടെ ഉത്തമ ശിഷ്യനാണ് ഉത്തങ്കൻ. ഗുരുവിൽ നിന്നുള്ള വിദ്യാഭ്യാസം അവസാനിച്ചപ്പോൾ ഉത്തങ്കന് ഗുരുദക്ഷിണയുടെ കാലമായി. എന്താണ് ഗുരുദക്ഷിണയായി നൽകേണ്ടതെന്ന് അദ്ദേഹം മുനിയോട് ചോദിച്ചപ്പോൾ ഗുരുപത്നിയുടെ നിർദ്ദേശം എന്താണോ അതു തന്നാൽ മതിയെന്നാണ് ഗുരുവിൻെറ ഉപദേശം. 'പൗഷരാജാവിന്റെ ഭാര്യയായ ക്ഷത്രിയ സ്ത്രീ ധരിക്കുന്ന കുണ്ഡലങ്ങൾ ദക്ഷിണയായി കൊണ്ടുവരണമെന്നായിരുന്നു' ഗുരുപത്നി നിർദ്ദേശിച്ചത്.

ഉത്തങ്കൻ വളരെ കഷ്ടപ്പെട്ട് പ്രസ്തുത കുണ്ഡലങ്ങൾ സംഘടിപ്പിച്ച് മടങ്ങുന്നവഴിയിൽ വെച്ച് ഈ കുണ്ഡലങ്ങളെ നേരത്തെ മോഹിച്ചിരുന്ന തക്ഷകൻ ഒരു സന്യാസിയുടെ രൂപത്തിൽ പറ്റിക്കൂടുകയും ഉത്തങ്കനിൽനിന്നും കുണ്ഡലങ്ങൾ തട്ടിയെടുത്തുകൊണ്ട് തനിരൂപത്തിൽ ഒരു മാളത്തിൽ കയറി രക്ഷപ്പെടുകയും ചെയ്തു. തളർന്ന് വീണ ഉത്തങ്കന്റെ ദയനീയ സ്ഥിതിയിൽ മനസ്സലിഞ്ഞ ഇന്ദ്രൻ പ്രത്യക്ഷപ്പെട്ട് തന്റെ വജ്രായുധം കൊണ്ട് മാളത്തിലൂടെ പാതാളത്തിലേക്ക് ഒരു ദ്വാരമുണ്ടാക്കി. ഉത്തങ്കൻ യാത്ര ചെയ്ത് പാതാളത്തിൽ ചെല്ലുകയും തക്ഷകന്റെ കൊട്ടാരം കണ്ടുപിടിക്കുകയും ചെയ്തു ഉത്തങ്കൻ തക്ഷകനെ അന്വേഷിച്ചെങ്കിലും കണ്ടെത്താൻ ആയില്ല അപ്പോൾ അവിടെ ആശ്രമത്തിൽ വസ്ത്രം നെയ്തുകൊണ്ടിരുന്ന രണ്ട് സ്ത്രീകളെ ഉത്തങ്കൻ കണ്ടു. ഒരു യന്ത്രത്തിൽ കറുത്തതും വെളുത്തതുമായ നൂലുകൾ കാണപ്പെട്ടു. ആറു കുമാരന്മാർ ചുറ്റിത്തിരിക്കുന്നതും പന്ത്രണ്ട് ആരങ്ങൾ ഉള്ളതുമായ ഒരു ചക്രം ആ യന്ത്രത്തിനുണ്ടായിരുന്നു. അതിനടുത്തായി ഒരു കുതിരയെയും കുതിരക്കാരനെയും കാണപ്പെട്ടു. ഉത്തങ്കൻ അവരെ സ്തുതിച്ചപ്പേൾ അയാൾ കുതിരയോടൊപ്പം അടുത്തുവന്നു. ഉത്തങ്കൻ താൻ വന്ന കാര്യം വിശദീകരിച്ചു. നാഗങ്ങളെ വശപ്പെടുന്നതിന് കുതിരയുടെ മലദ്വാരത്തിൽ ഊതിയാൽ മതിയെന്ന് കുതിരക്കാരൻ നിർദ്ദേശിച്ചതനുസരിച്ച് ഉത്തങ്കൻ അപ്രകാരം ചെയ്തു ഉടൻ തന്നെ കുതിരയുടെ സർവ്വ ദ്വാരങ്ങളിൽ നിന്നും ഭീമാകാരമായ അഗ്നി ജ്വാലകൾ പുറത്തേക്കു വന്നു. നാഗലോകം പുകഞ്ഞുതുടങ്ങിയപ്പോൾ തക്ഷകൻ അഗ്നി ഭയം മൂലം വിഷണ്ണനായി താൻ അപഹരിച്ച കുണ്ഡല

ങ്ങളുമെടുത്ത് വെളിയിൽ വന്നു. ഉത്തങ്കൻ കുണ്ഡലങ്ങൾ ഏറ്റുവാങ്ങി കുതിരപ്പുറത്തേറി ആശ്രമത്തിലെത്തി കുണ്ഡലങ്ങൾ ദക്ഷിണയായി ഗുരുവിന് സമർപ്പിച്ചു. ഈ കുണ്ഡലങ്ങൾ സംഘടിപ്പിക്കാനുണ്ടായ വൈതരണികളെക്കുറിച്ചു വിവരിച്ചപ്പോൾ ഗുരു ഇങ്ങിനെ ഉപദേശിച്ചു 'ഉത്തങ്കാ നീ മഹാഭാഗ്യവാനാണ്. വസ്ത്രങ്ങൾ നെയ്യുന്നതായി കാണപ്പെട്ട ആ രണ്ട് സ്ത്രീകൾ ധാതാവും വിധാതാവുമാണ്. കറുത്തതും വെളുത്തതുമായ നൂലുകൾ രാവും പകലുമാണ്. പന്ത്രണ്ട് അരമുള്ള ചക്രം തിരിച്ച ആറു കുമാരന്മാർ ആറു ഋതുക്കളാണ്. ചക്രമാകട്ടെ സംവത്സരവുമാണ് വഴിക്കു കണ്ട കാള ഐരാവതമാണ്. പാതാളത്തിൽ കണ്ട കുതിര ഇന്ദ്രനുമാണ്. ഇന്ദ്രന്റെ കൃപകൊണ്ടാണ് നിനക്ക് ഇത് നേടുവാൻ സാധിച്ചത്'. തുടർന്ന് ഗുരു ശിഷ്യനെ അനുഗ്രഹിച്ച് ആശ്രമത്തിൽ നിന്നു വിട നൽകി.

(മഹാഭാരതം- ആദി പർവ്വം- 3-ാം അധ്യായം)

മഹാഭാരതത്തിലെ ഈ കഥയിൽ നിന്നും അതെഴുതിയ കാലത്തും സ്ത്രീകൾ വസ്ത്രം നെയ്തിരുന്നുവെന്നും കുട്ടികൾ ചക്രം തിരിച്ചും മറ്റും സഹായിച്ചിരുന്നുവെന്നും രാവും പകലും ഭേദമില്ലാതെ സർവ്വ ഋതുകാലത്തും വർഷം മുഴുവൻ നിരന്തരമായി. അവർ നെയ്ത്തു ജോലി ചെയ്തിരുന്നുവെന്നും ദ്യോതിപ്പിക്കുന്നു. പുരാതന ഇന്ത്യൻ ഗ്രാമങ്ങളിലെ തുണി നെയ്ത്തിന്റെ യഥാർത്ഥ ചിത്രീകരണമാണ് ഇതിലൂടെ മഹാഭാരതം നൽകുന്നത്. ഐരാവതവും, അഗ്നി ദേവനും, ഇന്ദ്രനും ഈ പ്രവർത്തനങ്ങൾക്ക് സഹായകമായ ശക്തിയായി വർത്തിക്കുന്നുവെന്നും ഈ കഥയിലൂടെ സൂചിപ്പിക്കുന്നു. പിന്നീടുണ്ടായ അപ്പക്കാളയും, ഗണപതിയും, ഭഗവതിയുമെല്ലാം ഈ ശക്തികളുടെ പുനർമൂർത്തീകരണമാണെന്ന് കണക്കാക്കാവുന്നതാണ്.

ഇതു കൂടാതെ വേദകാലത്തെ നെയ്ത്തിനെക്കുറിച്ച് വേദങ്ങളിലും പരാമർശമുണ്ട്. അതിൽ നെയ്ത്തുകാരനെ വായ എന്നാണ് പരാമർശിച്ചിട്ടുള്ളത്. തുണി നെയ്യുന്ന തറികളെ വെമാൻ എന്നാണ് പറഞ്ഞിട്ടുള്ളത്. നെയ്ത്തു പണി ചെയ്യുന്നവരിൽ അധികവും സ്ത്രീകളായിരുന്നുവെന്നും പരാമർശമുണ്ട്. തക്ഷൻ എന്ന് ആശാരിമാരും, കർമാര എന്ന് കൊല്ലന്മാരും ഹിരണ്യകാരനെന്ന് തട്ടാന്മാരും



Government of Madras

DEPARTMENT OF INDUSTRIES & COMMERCE

I do hereby certify that

Sri Vishnu Weaving Works, Cannanore participated in the Handloom cloth competition and exhibition held on [illegible] 1954 and that his exhibits were very much appreciated.

He was also awarded a cash prize of Rs. [illegible] (First) for his exhibits of Coatings.

Madras

Chairman

കോട്ടിംഗ് ഇനത്തിൽപ്പെട്ട കൈത്തറി തുണികൾക്ക് 1954 -ൽ മദ്രാസിൽ നടന്ന കൈത്തറി പ്രദർശന മത്സരത്തിൽ കണ്ണൂർ വിഷ്ണു വിവിംഗ് കമ്പനിക്ക് ഒന്നാംസ്ഥാനവും ക്യാഷ് പ്രൈസും ലഭിച്ചതിനുള്ള സർട്ടിഫിക്കറ്റ്.

അറിയപ്പെട്ടിരുന്നുവത്രേ. നെയ്ത്തുകാരനാകട്ടെ തന്തുവായൻ എന്ന പേരിലാണറിയപ്പെട്ടിരുന്നത്.

## കാക്കിത്തുണി കണ്ണൂരിൽ നിന്നും

കാക്കിത്തുണി ആദ്യമായുണ്ടാക്കിയത് തലശ്ശേരിയിലെ ഇല്ലിക്കുന്നിലാണ്. കാക്കി എന്നത് 'മണ്ണിന്റെ നിറം' എന്നർത്ഥമുള്ള ജർമ്മൻ പദമാണ്.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നിർമ്മിക്കപ്പെട്ട കാക്കിത്തുണി മലബാറിലെ അന്നത്തെ പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം മലബാറിലെ പോലീസിന്റെ യൂണിഫോറം തുന്നാൻ ഉപയോഗിച്ചു. അക്കാലത്തൊരുനാൾ മലബാറിൽ സർക്കീട്ടു വന്നിരുന്ന ബ്രിട്ടീഷ് പട്ടാള മേധാവി ലോർഡ് റോബർട്ട് കാക്കിത്തുണി ഇന്ത്യൻ പട്ടാളക്കാരുടെ യൂണിഫോമിനു കൊള്ളാമെന്നു കാണുകയാൽ അദ്ദേഹം ഉത്തരവാക്കിയതിന്റെ അടിസ്ഥാനത്തിൽ താമസിയാതെ കാക്കിത്തുണി ഇന്ത്യൻ പട്ടാളത്തിന്റെ യൂണിഫോമായി മാറി. അതുവരെ ചുവന്ന കോട്ടായിരുന്നു ബ്രിട്ടീഷ് പട്ടാളത്തിന്റെ യൂണിഫോം. കവാത്തിനും മറ്റും മോടി നൽകുന്ന വസ്ത്രമായിരുന്നു അതെങ്കിലും യുദ്ധാവസരത്തിൽ ശത്രുക്കൾക്ക് എളുപ്പം തിരിച്ചറിയാമെന്നത് ചുകപ്പു നിറത്തിന്റെ കോട്ടമായിരുന്നു. കാക്കിയുടെ വരവോടു കൂടി അത്തരം അപകടം ഒഴിവാക്കപ്പെടുകയായിരുന്നു.

## കൈത്തറി കയറ്റുമതിക്കുള്ള ആദ്യ അവാർഡ്

കണ്ണൂരിലെ കൈത്തറി ഉൽപ്പന്നങ്ങൾ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ചിരുന്നു. ഇവിടെ നിന്നും ഏഷ്യ, യൂറോപ്പ് എന്നീ വൻകരകളിലെ നിരവധി രാജ്യങ്ങളിലേക്ക് കൈത്തറിത്തുണികൾ കയറ്റിയയച്ചിരുന്നു. 1924ൽ ഇംഗ്ലണ്ടിൽ നടന്ന ഒരു ഇന്റർനാഷണൽ വസ്ത്ര മേളയിൽ കണ്ണൂർ ചൊവ്വയിലെ വിഷ്ണു വീവിംഗ് മിൽ എന്ന കമ്പനി ഉൽപ്പാദിപ്പിച്ച കൈത്തറിത്തുണിത്തരങ്ങൾക്ക് മേന്മയ്ക്കുള്ള സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും ലഭിക്കുകയുണ്ടായി. കയറ്റുമതിക്കും ഉൽപ്പന്ന മേന്മയ്ക്കുമായി വിഷ്ണു വീവിംഗ് കമ്പനിക്ക് ലഭിച്ച സ്വർണ്ണപ്പതക്കവും, പ്രശംസാപത്രവും അതിന്റെ ഉടമയും കണ്ണൂരിലെ പൗരമുഖ്യനുമായ ആര്യ




എ.ഡി. 1924-ൽ ഇംഗ്ലണ്ടിൽ നടന്ന വസ്ത്രപ്രദർശനത്തിൽ പങ്കെടുത്ത് മെഡൽ നേടിയ കണ്ണൂരിലെ വിഷ്ണു വീവിംഗ് വർക്ക്സിന് ബ്രിട്ടീഷ് രാജകുമാരനിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.

ബന്ധു പി.കെ. ബാപ്പു ബ്രിട്ടീഷ് രാജ്ഞിയിൽ നിന്നും ഏറ്റുവാങ്ങിയത് കണ്ണൂർ കൈത്തറിക്കു ലഭിച്ച ആദ്യ അന്താരാഷ്ട്ര അംഗീകാരമായിരുന്നു.

കണ്ണൂർ കൈത്തറിയുടെ മേന്മകണ്ട് ലോകം ഞെട്ടിയ സംഭവം പിന്നീട് അരങ്ങേറിയത് 1960 ലാണ്. കണ്ണൂർ അഴീക്കോടുള്ള രാജരാജേശ്വരി വീവിംഗ് കമ്പനിയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ഒരു പ്രത്യേകയിനം തുണിയാണ് ബ്ലീഡിംഗ് മദ്രാസ് (Bleeding Madras) എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ശ്രീ. എ.കെ. നായരുടെ ഉടമസ്ഥതയിലുള്ള രാജരാജേശ്വരി വീവിംഗ് കമ്പനിയിലെ ഈ പ്രശസ്ത ബ്രാന്റ് തുണി, അദ്ദേഹത്തിന്റെ മരുമകനും പിന്നീട് വൻകിട ഹോട്ടൽ വ്യവസായത്തിലൂടെ പ്രസിദ്ധനുമായിത്തീർന്ന ക്യാപ്റ്റൻ സി.പി. കൃഷ്ണൻ നായരുടെ നേതൃമികവിൽ ലോക കമ്പോളത്തിലെത്തിച്ചേർന്നു. ലോകത്തിലെ എക്കാലത്തേയും മികച്ച നടന്മാരിൽ ഒരാളായ യൂൾ ബ്രിണ്ണർ അഭിനയിച്ച ടെൻ കമാന്റ്മെന്റ്സ് (ten commandments) എന്ന അതിപ്രശസ്തമായ ചലച്ചിത്രത്തിൽ വസ്ത്രാലങ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത് ബ്ലീഡിംഗ് മദ്രാസ് ആയിരുന്നു. അതാണ് ഏറ്റവും അനുയോജ്യമായ തുണിത്തരമെന്ന് ശുപാർശ ചെയ്തത് കാലിഫോർണിയ സർവ്വകലാശാലയിലെ നരവംശ ശാസ്ത്ര വിഭാഗവും. അതോടെ ബ്ലീഡിംഗ് മദ്രാസ് എന്ന ബ്രാന്റ് തുണിത്തരങ്ങൾ അമേരിക്കൻ മാർക്കറ്റ് കീഴടക്കുകയായിരുന്നു. അമേരിക്കൻ യുവത്വം ബ്ലീഡിംഗ് മദ്രാസിനായി കാത്തുകെട്ടി നിന്നു. ആവശ്യത്തിനു തുണി സപ്ലൈ ചെയ്യാൻ രാജരാജേശ്വരി മിൽസ് നന്നെ പാടുപെട്ടു. ബ്രൂക്ക്സ് ബ്രദേർസ് എന്ന വൻകിട അമേരിക്കൻ കമ്പനിയായിരുന്നു ഈ തുണിയുടെ പ്രധാന ഇറക്കുമതി സ്ഥാപനം.



എ.കെ. നായർ



ക്യാപ്റ്റൻ സി.പി. കൃഷ്ണൻ നായർ



പി.വി. ചാത്തു നായർ

ഇതിനെത്തുടർന്ന് വാൾമാർട്ട്, ലിസ് ക്ലെബോൺ, മാക്കീസ് തുടങ്ങിയ വാണിജ്യ ഭീമന്മാർ കണ്ണൂർ കൈത്തറിയെ ലോകമാകെ പ്രചരിപ്പിക്കുന്നതിൽ  വലിയ പങ്കു വഹിച്ചിട്ടുണ്ട്. എ.കെ. നായരുടെ മകൻ പി.വി.രവീന്ദ്രനും, മരുമകൻ ക്യാപ്റ്റൻ സി.പി.കൃഷ്ണൻ നായരും കണ്ണൂർ കൈത്തറിയുടെ മേന്മയിൽ മകുടം ചാർത്തിയ വ്യക്തികളായി  അറിയപ്പെടും.

## ചെറുശ്ശേരിയുടെ ശ്രീകൃഷ്ണനുടുത്ത ചേല കണ്ണൂരിൽ നിന്നും!

ശ്രീകൃഷ്ണൻ കണ്ണൂർ കൈത്തറിയിൽ നിർമ്മിച്ച നീലച്ചേലയണിഞ്ഞിരുന്നുവോ? അണിഞ്ഞിരുന്നു എന്നാണ് കൃഷ്ണഗാഥയിൽ ചെറുശ്ശേരി നമ്പൂതിരി പറയുന്നത്. ചെറുശ്ശേരി കൃഷ്ണഗാഥ എഴുതിയത് കണ്ണൂരിലെ ചിറക്കൽ കൊട്ടാരത്തിൽ വെച്ചാണ്. ഉദയവർമ്മ കോലത്തിരി  രാജാവിന്റെ കൽപന പ്രകാരമാണ് താൻ ഇത്തരത്തിൽ കൃഷ്ണഗാഥ രചിക്കാനിടയായതെന്ന് കാവ്യത്തിൽ ആമുഖമായി  രേഖപ്പെടുത്തിയിട്ടുണ്ട്.

കൃഷ്ണഗാഥയിൽ കംസനെ കൊന്നശേഷം ശ്രീകൃഷ്ണൻ മഥുരയിലെ  സ്ഥിതിഗതികൾ നേരെയാക്കുവാൻ  കുറച്ചുനാൾ അവിടെ തങ്ങാൻ തീരുമാനിച്ചു. മാതാപിതാക്കളായ ദേവകീവാസുദേവന്മാർ അവിടെയാണല്ലോ ഉള്ളത്. നന്ദഗോപാലരും, അനുചരന്മാരും ഗോകുലത്തിലേക്ക് തിരിച്ചു പോകുമ്പോൾ കൃഷ്ണൻ പറയുന്നു. ‘ഞാൻ വൈകാതെ അങ്ങോട്ടു വരുമെന്ന് അമ്മയോട് (യശോദ) പറയണം. പെട്ടകത്തിൽ വെച്ച ചിറ്റാടകൾ നന്നായി സൂക്ഷിക്കണം. ഒരിക്കൽ എന്റെ പരിഭ്രമം തീർക്കാൻ  നിങ്ങൾ സമ്മാനിച്ച കണ്ടിക്കൻ ചേല മറന്നു പോകരുത്’. എന്താണ് ഈ കണ്ടിക്കൻ ചേലയെന്നതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഇതിന്റെ  യാഥാർത്ഥ്യം മനസ്സിലാക്കുവാൻ അൽപം ദേശ ചരിത്രം അറിയേണ്ടതുണ്ട്. ചിറക്കൽ കിഴക്കേ കര ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ തിടപ്പള്ളിയിൽ ഇരുന്നാണ് ചെറുശ്ശേരി നമ്പൂതിരി കൃഷ്ണപ്പാട്ട് എഴുതിയത്. അവിടെ ക്ഷേത്രത്തിന്റെ കണ്ടിക്കൽ തന്നെ പട്ടുവത്തെരുവും, മണ്ഡപത്തെരുവുമുണ്ട്. കണ്ടി എന്നത് സ്വന്തം പറമ്പിൽ നിന്ന്  പൊതുവഴിയിലോ, മറ്റൊരാളുടെ പറമ്പിലോ ഇറങ്ങാ

നുള്ള നടയോ, കോണിയോ ആണ്. ആധുനിക കാലത്തെ ഗേറ്റ്. ചെറുശ്ശേരിയുടെ കാലത്ത് ക്ഷേത്രത്തിന്റെ കണ്ടിക്കൽ (പടിക്കൽ) തന്നെയുള്ള പട്ടുവത്തെരുവിലും മണ്ഡപത്തെരുവിലുമുള്ള നിർമ്മാണ കേന്ദ്രങ്ങളിൽ മേത്തരം ചേലകൾ (സാരികൾ) ഉൽപ്പാദിപ്പിച്ചിരുന്നു. ചെറുശ്ശേരി കൃഷ്ണന്റെ ഉടയാടകളിലൊന്ന് ഇപ്രകാരം കേരളീയമാക്കിയെന്നു കരുതാം. സാഹിത്യകാരന്റെ സ്വാഭാവിക വർണ്ണനാ സ്വാതന്ത്ര്യം എന്നും ഇതിനെ വ്യാഖ്യാനിക്കാം. ഇപ്രകാരം ശ്രീകൃഷ്ണൻപോലും കണ്ണൂരിലെ കൈത്തറിയിൽ നിർമ്മിച്ച ചേല അണിഞ്ഞിരുന്നു എന്നുള്ളത് അതിമഹത്തും ഉദാത്തവുമായ കാവ്യ ഭാവനയാണ് - ഒപ്പം കണ്ണൂർ കൈത്തറിയുടെ മേന്മക്കുള്ള അംഗീകാരവുമാണ്.

## കൈത്തറി രംഗത്തെ മരവിപ്പ് അഥവാ സ്തംഭനം

കൈത്തറി നിർമ്മാണത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കപ്പെട്ടത് വിദേശീയരുടെ ശ്രമഫലമാണെന്ന് നാം കണ്ടു. ഇന്നു കാണുന്ന ഫ്രെയിംലൂം നടപ്പിലാക്കിയത്, പറക്കുന്ന ഓടം കണ്ടുപിടിച്ചത്, ജക്കാർഡ് ലൂം പിറവിയെടുത്തത്, കത്രി നെയ്ത്തിൽ നിന്നും ഡ്രില്ലിലേക്കു മാറിയത്, കാക്കിനിറം കണ്ടെത്തിയത് തുടങ്ങിയവയൊക്കെ ആവിഷ്ക്കരിച്ചതും പ്രചരിപ്പിച്ചതും വിദേശികളാണ്. അവരുടെ നിയന്ത്രണത്തിലും നിഷ്കർഷയിലും മേൽനോട്ടത്തിലും ഇവിടെ കൈത്തറി വേരുറപ്പിക്കുകയായിരുന്നു. എന്നാൽ ഒന്നാം ലോക മഹായുദ്ധാനന്തരം (എ.ഡി 1917)ജർമ്മൻകാരേയും, സ്വിറ്റ്സർലണ്ടുകാരേയും ഇന്ത്യയിൽ നിന്നും തുരത്തിയോടിക്കപ്പെട്ടതിനെ തുടർന്ന് കേരളത്തിൽ കൈത്തറി വ്യവസായം തികച്ചും അനാഥമായി. അതിൽ കാലോചിതമായ മാറ്റം അഥവാ നവീകരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ എല്ലാവരും മൗനം പാലിച്ചു. തൽഫലമായി എന്നും ഒരേ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാനല്ലാതെ പുതുമയിലേക്ക് ചേക്കേറാൻ വ്യവസായത്തിനായില്ല. അതോടൊപ്പം ലോകത്തിൽ സംഭവിച്ച വ്യവസായ വിപ്ലവത്തെ തുടർന്ന് ടെറിലിൻ, നൈലോൺ തുടങ്ങിയ കൃത്രിമ തുണിത്തരങ്ങൾ കമ്പോളം കീഴടക്കി. അതിനെ തുടർന്ന് വന്ന പോളിയെസ്റ്റർ എന്ന കൃത്രിമ

തുണിയും ജനങ്ങളെ ഹഠാദാകർഷിക്കാൻ പോന്നതായിരുന്നു. ഇതിന്റെയൊക്കെ തള്ളിച്ചയിൽ അഥവാ പ്രളയത്തിൽ അന്തംവിട്ട് നിശ്ചലമായി നിൽക്കാനേ നമ്മുടെ കൈത്തറിക്കായുള്ളൂ. കാലോചിതമായ നവീകരണവും ക്രമാനുഗതമായ നിർമ്മാണ പുരോഗതിയും കൈവരിക്കാനാവാതെ ചാവാലിക്കുതിരയെപ്പോലെ ഇഴഞ്ഞു നീങ്ങുകയാണ് കൈത്തറിയുടെ ഇന്നത്തെ സ്ഥിതി. വിപണിയുടെ കുതിച്ച് ചാട്ടവും മാറിമറിയുന്ന ഉപഭോക്തൃ സംസ്കാരവും കണക്കിലെടുക്കാതെ പരമ്പരാഗത രീതിയിൽ എന്നും തുണി നെയ്ത് മുന്നോട്ട് പോകാം എന്ന് കരുതുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ മൗഢ്യമാണ്.

1917-മുതൽ യാതൊരു നവീകരണവുമുൾക്കൊള്ളാനാവാതെ കേവലം ഒരു പ്യൂപ്പാ ദശയിലാണ് കേരളത്തിലെ കൈത്തറി വ്യവസായം കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം കഴിച്ചു കൂട്ടിയത്. ഈ മേഖലയിലെ നവീകരണവും നവോത്ഥാനവും നവീന സാങ്കേതികതയും ഉൾക്കൊള്ളാനും സ്വാംശീകരിക്കാനും അതുകൊണ്ടുതന്നെ അതിനു കഴിയാതെ പോയി. സ്വന്തം വയലിൽ കൃഷി ചെയ്തുണ്ടാക്കുന്ന നെല്ല് സ്വയം കുത്തിയരിയാക്കി മാത്രമേ ഭക്ഷിക്കൂ എന്ന യജമാനന്റെ ദുശ്ശാഠ്യം കൈത്തറി മേഖലയിലെ കാരണവന്മാരും പിന്തുടർന്നിട്ടുണ്ടാകണം. ഒപ്പം പരമ്പരാഗത വ്യവസായം എന്ന ചെല്ലപ്പേര് ക്രമേണ ഓമന പേരാവുകയും അതിന് കളങ്കം വരാതെ നോക്കേണ്ടത് തങ്ങളുടെ കടമയും കർത്തവ്യവുമാണെന്നും, ജനാധിപത്യ ഭരണാധികാരികളും വ്യാഖ്യാനിച്ചു. എല്ലാവരും കൂടി ഒത്തൊരുമിച്ച് കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞിനെ ഇല്ലാതാക്കി എന്നതാണ് അവശേഷിക്കുന്ന പരമാർത്ഥം.

എല്ലാ വെല്ലുവിളികളും ഭീഷണികളും അതിജീവിച്ചുകൊണ്ട് കൈത്തറി മേഖല പുതിയൊരു കാലത്തിലേക്കും കമ്പോളത്തിലേക്കും കടന്നു വരണമെന്നാണ് കൈത്തറിയെ സ്നേഹിക്കുന്ന സുമനസ്സുകൾക്കുള്ളത്. തഞ്ചാവൂർ സാരിയും, കാഞ്ചീപുരം പട്ടും, ബനാറസ്പുടവയും, ഷോലാപ്പൂർ കാർപ്പെറ്റുമൊക്കെ ലോകപ്രസിദ്ധ ഉൽപ്പന്നങ്ങളാണല്ലോ. അവയൊക്കയും അതാതിനിടത്തെ കൈത്തറിയിൽ വിരിയുന്ന കലാ കുസുമങ്ങളാണെന്ന് അറിയുമ്പോഴാണ് കേരളത്തിലെ കൈത്തറി 'പട്ടു' പോയതിന്റെ ആഴത്തെ കുറിച്ച് നമുക്ക് പൂർണ്ണ ബോധ്യമുണ്ടാകുന്നത്. അവരുടെയൊക്കെ ഒപ്പമെത്താൻ

നവീനതയുടെ വെള്ളി വെളിച്ചം വിതറുന്ന ഒരു കൈവിളക്ക് തെളിയിക്കാനെങ്കിലും നമുക്ക് സാധിക്കേണ്ടതല്ലേ? അല്ലാത്ത പക്ഷം പത്തു പൈസ നാണയത്തുട്ടിന്റെ ഇന്നത്തെ അധോഗതി നമ്മുടെ കൈത്തറിക്കും വന്നുകൂടെന്നില്ല.

## തിറയും തറിയും

തിറയുടെയും തറിയുടെയും നാടെന്ന ഖ്യാതി കണ്ണൂരിനു നിലനിൽക്കുന്നുണ്ടെങ്കിലും വിദേശത്തേക്ക് ഇവിടെ നിന്നും ഇന്ന് കയറ്റി അയക്കുന്ന ശതകോടിക്കണക്കിന് രൂപയുടെ കണ്ണൂർ കൈത്തറിക്ക് തറിയുടെ നാടുമായി കടലും കടലാടിയും തമ്മിലുള്ള ബന്ധമേയുള്ളൂവെന്നുള്ള പരമാർത്ഥം ആരറിയാൻ! കൈത്തറി എന്ന ജനിതക നാമത്തിൽ വെള്ളം ചേർത്ത് അത് വെള്ളക്കാരന്റെ ഭാഷയിലുള്ള ടെക്സ്റ്റൽ എന്ന പേരിലേക്ക് മാറ്റപ്പെട്ട സർക്കാർ നടപടിയോടെ കൈത്തറി എങ്ങിനെയും ഉൽപ്പാദിപ്പിക്കാം എന്ന നില വന്നു. തന്മൂലം തുണിയുടെ പ്രാഥമിക സാമ്പിൾ കൈത്തറിയിലും തുടർന്ന് ഉൽപ്പാദനം യന്ത്രത്തറിയിലേക്കും ചേക്കേറി. അതോടെ സാമ്പിൾ അഥവാ മാതൃക നിർമ്മാണത്തിന് മാത്രമായി കൈത്തറി തരം താഴ്ത്തപ്പെട്ടു. തന്മൂലം ന്യായമായ കൂലിയും നിത്യമായ ജോലിയും കിട്ടാതായ തൊളിലാളിയും മതിയായ ഉൽപന്നവില ലഭിക്കാതായ മുതലാളിയും ഒരുപോലെ ഈ മേഖലയിൽ നിന്ന് ഉൾവലിഞ്ഞു. വൻകിട സ്വകാര്യകൈത്തറിക്കമ്പനികളിൽ വിരലിലെണ്ണാവുന്നവ മാത്രമേ ഇന്ന് പ്രവർത്തിക്കുന്നുള്ളൂ. അതും നാമമാത്രമായിട്ടാണ്താനും. സഹകരണ മേഖലയിലേക്ക് ചുവടുമാറ്റപ്പെട്ടവയുടെ സ്ഥിതി അൽപം മെച്ചപ്പെട്ടതാണെങ്കിലും അവയുടെയും ഭാവി തികച്ചും ആശങ്കാകുലമാണ്.

## കൈത്തറി രംഗത്ത് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉത്ഭവം

കേരളത്തിൽ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റേതായ ആദ്യ രക്ത താരകം ഉദിച്ചുയർന്നത് കൈത്തറി മേഖലയിലായിരുന്നു. കണ്ണൂരിലും പരിസരങ്ങളിലുമായി തഴച്ചുവളർന്ന കൈത്തറി വ്യവ

സായത്തിൽ ഉയർന്നുവന്ന തൊഴിൽ സംബന്ധമായ അസ്വാരസ്യ ങ്ങൾ അത്തരമൊരു സംഘടനയുടെ രൂപീകരണത്തിനും, വ്യാപന ത്തിനും വലിയ സ്വാധീനമേകി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്കാലത്തുണ്ടായ തൊഴിലാളി വർഗ്ഗ മുന്നേറ്റങ്ങളുടെ വാർത്ത കൾ ഇവിടുത്തെ തൊഴിലാളികളേയും ആവേശം കൊള്ളിച്ചു.

കണ്ണൂർ ജില്ലയിലെമ്പാടും നിരവധി കൈത്തറി നിർമ്മാണ ഫാക്ട റികൾ അല്ലെങ്കിൽ കമ്പനികൾ പ്രവർത്തിച്ചിരുന്നുവെങ്കിലും, അവ യിൽ പ്രവർത്തി ചെയ്യുന്ന തൊഴിലാളികൾക്ക് മിതമായ കൂലിയോ, മറ്റാനുകൂല്യങ്ങളോ മാത്രമല്ല, ഇടതടവില്ലാതെ ജോലി പോലുമോ ലഭിച്ചിരുന്നില്ല. അവർക്ക് ഇതൊക്കെ വേണമെന്ന് ആവശ്യപ്പെടാൻ അന്ന് അവർ ഒരു സംഘടിത ശക്തിയുമല്ലായിരുന്നു. ട്രെയ്ഡ് യൂണി യൻ എന്നോ, തൊഴിൽ സംഘടന എന്നോ അവരിൽ മിക്കവരും കേട്ടിട്ടില്ലായിരുന്നു. തൊഴിലുടമയുടെ ഔദാര്യത്തിന് വശംവദരായ ഒരു ജനസമൂഹമായിരുന്നു, മറ്റെല്ലാ മേഖലയിലെന്ന പോലെ കൈത്തറി രംഗത്തും ഉണ്ടായിരുന്നത്.

1934– ലാണ് കണ്ണൂരിൽ ആദ്യമായി കൈത്തറി രംഗത്ത് തൊഴി ലാളികളുടെ സംഘടന രൂപം കൊള്ളുന്നത്. കണ്ണൂരിലെയെന്നല്ല, കേരളത്തിലെ തന്നെ ആദ്യത്തെ ട്രേഡ് യൂണിയനാണ് ഇത്തരത്തിൽ കണ്ണൂരിൽ രൂപം കൊണ്ട അഴീക്കോട് നെയ്ത്ത് തൊഴിലാളി യൂണി യൻ. പ്രസ്തുത യൂണിയൻ രൂപീകരിക്കപ്പെട്ടതിനെ ക്കുറിച്ച് അതിന്റെ ആദ്യകാല സെക്രട്ടറിയായിരുന്ന ശ്രീ. പി.വി. ചാത്തുനായർ രേഖ പ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

*1934ൽ ശ്രീ. എ.കെ. നായരുടെ ഉടമസ്ഥതയിലുള്ള രാജരാജേ ശ്വരി കമ്പനി (അഴീക്കോട്)യിൽ, തിയോസഫിക്കൽ സൊസൈറ്റി പ്രവർത്തകനായ ശ്രീ.കെ.വി.സൂര്യനാരായണ അയ്യർ തുടങ്ങി മൂന്നു പേർ വന്നു. ഞാൻ അവിടുത്തെ ഒരു നെയ്ത്തു തൊഴിലാളി യായിരുന്നു. എ.കെ.നായരുടെ സാന്നിദ്ധ്യത്തിൽ ആ കമ്പനിയിലെ നെയ്ത്തു തൊഴിലാളികളെ എല്ലാവരേയും ബെല്ലടിച്ചു വിളിച്ചു കൂട്ടി. കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു.*

*തൊഴിലാളികളായ നിങ്ങൾക്ക് ഒരു സംഘടന വേണമെന്നും , അതിനു നിങ്ങളെ പ്രേരിപ്പിക്കാനാണ് ഞങ്ങൾ വന്നെതെന്നും സൂര്യ നാരായണ അയ്യർ പറഞ്ഞു. ഞങ്ങളെല്ലാം അതിനോട് യോജിച്ചു. അടുത്ത ദിവസം അഴീക്കോട് കൊട്ടാരത്തും പാറയ്ക്കുള്ള ആനന്ദ*

*ചന്ദ്രോദയ യോഗശാലയിൽ വെച്ച് നെയ്ത്ത് തൊഴിലാളികളുടെ ഒരു യോഗം ചേരാൻ തീരുമാനിച്ചു പിരിഞ്ഞു. യോഗാദ്ധ്യക്ഷനായി ശ്രീ. എ.കെ. നായരെയാണ് അവർ നിർദ്ദേശിച്ചത്.*

*അക്കാലത്ത് കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രവർത്തകനായിരുന്ന ശ്രീ. കെ.പി. ഗോപാലനെ ഒരു പ്രാസംഗികനായി തൊഴിലാളികളായ ഞങ്ങളും നിർദ്ദേശിച്ചത് അവർ അംഗീകരിച്ചു. അവരോടൊപ്പം കണ്ണൂരിലെ ഒരു കുടവ്യാപാരിയായ മഞ്ചുനാഥനും ഉണ്ടായിരുന്നു. യോഗം ചേരാൻ തീരുമാനിച്ച ദിവസത്തിന് തലേന്ന് എലിയുടെ യോഗത്തിൽ പൂച്ച അധ്യക്ഷം വഹിക്കുന്നത് ശരിയല്ലെന്നും ,അതിനാൽ യോഗത്തിൽ പങ്കെടുക്കുവാൻ പറ്റില്ലെന്നും ശ്രീ.കെ.പി.ഗോപാലൻ മറുപടി അയച്ചു.*

*ഈ വിവരം കണ്ണൂരിൽ ആ സമയത്ത് ഉണ്ടായിരുന്ന ശ്രീ. പി. കൃഷ്ണപിള്ളയെ അറിയിച്ചപ്പോൾ, അദ്ദേഹം പറഞ്ഞത് കെ.പി. ഗോപാലന് വരാൻ പറ്റില്ലെങ്കിൽ വേറെ ആരെയെങ്കിലും വിളിച്ച് യോഗം നടത്തണം എന്നായിരുന്നു..അതുപ്രകാരം അഴീക്കോടും പരിസര പ്രദേശത്ത് നിന്നുമുള്ള നൂറു കണക്കിന് നെയ്ത്ത് തൊഴിലാളികൾ പങ്കെടുത്ത യോഗം ശ്രീ. എ.കെ. നായരുടെ അധ്യക്ഷതയിൽ ചേർന്നു. ഈ യോഗത്തിൽ വെച്ചാണ് 'അഴീക്കോട് നെയ്ത്ത് തൊഴിലാളി യൂണിയൻ' എന്ന തൊഴിലാളി സംഘടന രൂപീകൃതമായത്. ശ്രീ. പി.വി. ചാത്തുനായരെ അതിന്റെ സിക്രട്ടറിയായി തെരെഞ്ഞെടുത്തു. തൊഴിലാളികൾക്ക് ഒരു വ്യവസായത്തിലും അക്കാലത്ത് യാതൊരു തരത്തിലുള്ള സംഘടനയും ഉണ്ടായിരുന്നില്ല. സംഘടിക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നും, നിലവിലുള്ള കൂലിയിൽ കുറവ് വരുത്തരുതെന്നും ആവശ്യപ്പെടുന്ന പ്രമേയങ്ങളും യോഗം അംഗീകരിച്ചു. (1934)*

*തുടർന്ന് സംഘടനയുടെ പ്രവർത്തനം ഊർജ്ജിതമായി നടന്നു. വിവിധ സ്ഥലങ്ങളിലുള്ള നെയ്ത്ത് തൊഴിലാളികൾ കൂട്ടത്തോടെ യൂനിയനിലേക്ക് വന്നുകൊണ്ടിരുന്നു. ക്രമേണ യൂനിയൻ ശക്തിപ്രാപിക്കുകയും പ്രമുഖ വ്യക്തികൾ അതിന്റെ വക്താക്കളാവുകയും ചെയ്തു. ശ്രീ. പി.എം. കുഞ്ഞിരാമൻ നമ്പ്യാർ, പാമ്പൻ മാധവൻ, ടി.വി.അനന്തൻ, പാറച്ചാലിൽ ഗോപാലൻ, ഒ.കുമാരൻ, താളി ഗോവിന്ദൻ, എന്നിവരെല്ലാം യൂനിയൻ പ്രവർത്തകരായി രംഗത്തു വന്നു. ശ്രീ. പാമ്പൻ മാധവൻ പ്രസിഡണ്ടും, ഞാൻ (പി.വി.ചാത്തുനായർ)*

*സിക്രട്ടറിയുമായി കുറേ കൊല്ലത്തോളം ഈ സംഘടന മുന്നോട്ടു പോയി. കേരളത്തിലെ ആദ്യ തൊഴിലാളി യൂണിയനാണിതെന്ന് ശ്രീ. പി. കൃഷ്ണപിള്ള എന്നും പറയാറുണ്ടായിരുന്നുവത്രെ.*

*ഇതേ തുടർന്ന് കക്കാട്, ചൊവ്വ എന്നിവിടങ്ങളിലും ഇതേ പോലുള്ള നെയ്ത്ത് തൊഴിലാളി സംഘടന നിലവിൽ വന്നു. ഇവയൊക്കെ യോജിപ്പിച്ചു കൊണ്ടുള്ള ഒരു ഏകീകൃത സംഘടന വേണമെന്നുള്ള ശ്രീ. പി. കൃഷ്ണപ്പിള്ളയുടെ നിർദ്ദേശത്തെത്തുടർന്ന്, ഏകീകൃത സംഘടനയായി 'ചിറക്കൽ താലൂക്ക് നെയ്ത്ത് തൊഴിലാളി യൂനിയൻ' എന്ന ബൃഹത്സംഘടന രൂപീകരിക്കുകയും ചെയ്തു. (അന്ന് മഞ്ചേശ്വരം മുതൽ കോരപ്പുഴവരെ ചിറക്കൽ താലൂക്ക് ആയിരുന്നു.) ഇതിന്റെ പ്രസിഡണ്ടായി ശ്രീ. കെ.പി. ഗോപാലനും, ജനറൽ സെക്രട്ടറിയായി ഞാനും (പി.വി. ചാത്തുനായർ) കുറെ വർഷം പ്രവർത്തിച്ചിട്ടുണ്ട്.*

*തൊഴിലില്ലായ്മയ്ക്കും, പിരിച്ചു വിടലിനും എതിരായും, കൂലി വർദ്ധനയ്ക്കും വേണ്ടിയായിരുന്നു യൂനിയന്റെ നിരന്തര പോരാട്ടം. ചൊവ്വയിലെ കെ.പി.കുമാരൻ, കക്കാട്ടെ അമ്പുനായർ എന്നു വിളിക്കുന്ന സി.കെ.അമ്പർ, കണ്ണൂരിലെ കെ.കൃഷ്ണൻ എന്നിവർ ഇതിന്റെ ഊർജ്ജസ്വലരായ പ്രവർത്തകന്മാരായിരുന്നു. കൊല്ലത്തിൽ മൂന്നോ, നാലോ മാസം മാത്രമേ നെയ്ത്തു തൊഴിലാളികൾക്ക് ജോലി ലഭിച്ചിരുന്നുള്ളൂ.കൂലിയാണെങ്കിൽ യാതൊരു തരത്തിലുള്ള പൊരുത്തവും ഇല്ലാതെ കൊടുക്കുക മാത്രമല്ല, തങ്ങളുടെ ഇഷ്ടാനുസരണം വെട്ടിക്കുറയ്ക്കുകയുമാണ് അന്നത്തെ സാധാരണ സ്ഥിതി. ഇതിനെ തൊഴിലാളികൾ ചെറുത്താൽ കൂട്ടത്തോടെ പിരിച്ചുവിടും. അക്കാലത്ത് ലേബർ നിയമങ്ങളോ, ലേബർ കോടതിയോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എങ്കിലും, ഗതിമുട്ടിയ തൊഴിലാളികൾ ഒറ്റക്കൊറ്റയ്ക്കും, കൂട്ടായും പണിമുടക്കുവാൻ തുടങ്ങി. ഏറ്റവുമധികം പണിമുടക്കു സമരം നടന്നത് ശ്രീ. എ.കെ. നായരുടെ ഉടമസ്ഥതയിലുള്ള രാജരാജേശ്വരി കമ്പനിയിലായിരുന്നു. പണിമുടക്കിയാൽ പോലീസ് വന്ന് അന്വേഷിക്കും. പണിയെടുക്കാതെ പുറത്ത് നിൽക്കുന്നത് ശരിയല്ല എന്നൊക്കെ ഉപദേശിക്കും. പണിക്കു കയറിയില്ലെങ്കിൽ അറസ്റ്റു ചെയ്യുമെന്നുള്ള ഭീഷണി മുഴക്കുവാനും അവർ മറക്കാറില്ല.*

ഈ സന്ദർഭത്തിൽ നെയ്ത്തു കമ്പനി മുതലാളിമാർ സംഘടി

ക്കുകയും, 'മലബാർ ഹാന്റ്ലൂം ഓണേഴ്സ് അസോസിയേഷൻ' എന്നപേരിൽ ഒരു സംഘടന രൂപീകരിക്കുകയും ചെയ്തു.ഇതിന്റെ പ്രസിഡണ്ട് വ്യവസായ പ്രമുഖനും പാർലിമെന്റ് അംഗവുമായിരുന്ന ശ്രീ.സാമുവൽ ആറോൺ ആയിരുന്നു. തൊഴിലാളി യൂനിയനും ഹാന്റ്ലൂം അസോസിയേഷനും തമ്മിലായി പിന്നീടുള്ള പോരാട്ടം. ശ്രീ. എ.കെ. ഗോപാലൻ, പി.കൃഷ്ണപിള്ള, മൊയാരത്ത് ശങ്കരൻ എന്നിവർ പങ്കെടുത്ത വലിയ തൊഴിലാളി യോഗങ്ങൾ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ ചേർന്നുകൊണ്ട് സംഘടനാ പ്രവർത്തനം ഊർജ്ജസ്വലമാക്കി.

ബുദ്ധി ജീവികളിലും, ഇടത്തരക്കാരിലും ഈ സംഘടനയെപ്പറ്റി വലിയ മതിപ്പുണ്ടായി. പിരിച്ചുവിടലിനേയും, കൂലി കുറയ്ക്കലിനേയും എതിർക്കാനുള്ള ശക്തി തൊഴിലാളികൾ സ്വയം കൈവരിച്ചു. ഈ കാലഘട്ടത്തിൽ തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യങ്ങളെ അനുകൂലിച്ചു കൊണ്ടും അവയ്ക്കായി സമ്മർദ്ദം ചെലുത്തിക്കൊണ്ടും പൊതുജനങ്ങൾ ശബ്ദമുയർത്തി രംഗത്തുവരുന്ന സ്ഥിതി സംജാതമായി.

1940-41 കാലത്താണ് കൈത്തറി വ്യവസായം ആകെ തകർന്ന് തരിപ്പണമായത്. ചില ഫാക്ടറികൾ പൂർണ്ണമായും മറ്റു ചിലത് ഭാഗികമായും അടച്ചു പൂട്ടി. ഈ അവസരത്തിൽ ചിറക്കൽ താലൂക്ക് നെയ്ത്തു തൊഴിലാളി ദുരിതാശ്വാസ സമിതി എന്ന പേരിൽ ഒരു പ്രസ്ഥാനം കണ്ണൂരിൽ രൂപം കൊണ്ടു. പട്ടിണിയും പരിവട്ടവുമായി വലയുന്ന നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കാനുദ്ദേശിച്ചു കൊണ്ട് രൂപീകരിക്കപ്പെട്ട ഈ സംഘടനയുടെ പ്രസിഡണ്ട് റാവു സാഹബ് ഒ.ശങ്കരൻ മുൻസീഫും, സിക്രട്ടറി അഡ്വ. ടി.വി.കുഞ്ഞിരാമൻ നായരുമായിരുന്നു. പി.വി.ചാത്തുനായർ അസി.സെക്രട്ടറിയായിരുന്നു.ഈ സംഘടനയുടെ നേതൃത്വത്തിൽപട്ടിണിക്കാരായ നെയ്തു തൊഴിലാളികളുടെ പട്ടിണിജാഥ പ്രയാണമാരംഭിച്ചു. ഇത്തരത്തിലുള്ള നാലു ജാഥകളാണുണ്ടായിരുന്നത്. കെ.എ. കേരളീയൻ, വി.എം. വിഷ്ണു ഭാരതീയൻ, കെ.പി.ആർ. ഗോപാലൻ, പി.കുഞ്ഞിരാമൻ എന്നിവരുടെ നേതൃത്വത്തിലുണ്ടായിരുന്ന സംഘടിത കൃഷിക്കാർ അരിയും, പച്ചക്കറിയും, തേങ്ങയും, പണവും സംഭാവന ചെയ്തുകൊണ്ട് പട്ടിണി കിടക്കുന്ന നെയ്ത്ത് തൊഴിലാളികളെ സഹായിക്കാൻ അഹമഹമിഹയാ മുന്നോട്ടു വന്ന കാഴ്ച അത്യന്തം

ആവേശകരമാണ്. നെയ്ത്തുകാരുടെ ജാഥയ്ക്ക് നേതൃത്വം കൊടുത്തവരിൽ പ്രമുഖൻ കക്കാട്ടെ ടി.സി.ജനാർദ്ദനൻ ആയിരുന്നു. കോഴിക്കോട്, പാലക്കാട്, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ നിന്നുപോലും ഇവിടുത്തെ തൊഴിൽരഹിതരായ നെയ്ത്തു തൊഴിലാളികളെ രക്ഷിക്കാൻ സഹായം ലഭിച്ചിരുന്നു. ഈ പ്രക്ഷോഭത്തിന്റെയൊക്കെ ഫലമായി നെയ്ത്തുകാരെ കൂട്ടത്തോടെ പിരിച്ചുവിടുക, കൂലി കുറയ്ക്കുക എന്നിവ കുറേയേറെ കുറഞ്ഞു വന്നു. മാത്രവുമല്ല , തൊഴിലില്ലായ്മയ്ക്കെതിരായ പ്രക്ഷോഭത്തിന്റെ ഫലമായി ഇന്ത്യാ ഗവൺമെന്റിന്റെ ഒരു പ്രത്യേക പ്രതിനിധി കണ്ണൂരിൽ വരികയും , ഇവിടുത്തെ സ്ഥിതി ഗതികൾ നേരിൽ കണ്ട് ബോധ്യപ്പെട്ടതോടെ കേന്ദ്ര ഗവൺമെന്റിനാവശ്യമായ 'ഹക്കാബക്ക' എന്ന ഒരു പുതിയ തരം തുണി നിർമ്മിച്ചു നൽകാൻ കൈത്തറി മുതലാളിമാരുമായി കരാറുണ്ടാക്കുകയും ചെയ്തു. തൊഴിലാളി സംഘടനയും മുതലാളി അസോസിയേഷനും യോജിച്ചു കൊണ്ട് ഈ തുണി നെയ്യുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ചുണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് അൽപം കശപിശയുണ്ടായെങ്കിലും, പിന്നീട് സംഘർഷം പരിഹരിക്കപ്പെടുകയും, തൊഴിലാളികൾക്ക് ഗുണകരമായ രീതിയിൽ ഹക്കാബക്കയുടെ ഉൽപ്പാദനം നടക്കുകയും ചെയ്തു. ഈ സംരംഭത്തോടെ കനത്ത തൊഴിലില്ലായ്മയ്ക്ക് ഏറെക്കുറെ പരിഹാരം കാണാനും സാധിച്ചു.

## നേതൃനിര രൂപപ്പെടുന്നു

കൈത്തറി തൊഴിലാളികളുടെ നേതൃനിരയിലേക്ക് ജില്ലയിൽ നിന്നും ഒരുപറ്റം നേതാക്കൾ ഉയർന്നു വരികയുണ്ടായി. നിരന്തരവും, നിർവ്യാജവും, ത്യാഗപൂർണ്ണവുമായ സംഘടനാ പ്രവർത്തനത്തിലൂടെ നേതൃനിരയിലെത്തപ്പെട്ടവരിൽ പ്രമുഖർ കെ.പി. ഗോപാലൻ, പി.വി. ചാത്തുനായർ, കെ.പി. കുമാരൻ, ചടയൻ ഗോവിന്ദൻ, കാന്തലോട്ടു കുഞ്ഞമ്പു, വില്യം സ്നെലക്സ്, പീറ്റ കുമാരൻ, കാരായി കണ്ണൻ, കെ.വി. സ്റ്റാൻലി, ജോർജ്ജ് വിക്ടർ, വി.എം. മുകുന്ദൻ, ഒളവിൽ അനന്തൻ, അമ്പൻ കുഞ്ഞമ്പു, സി.കെ. അനന്തൻ, കെ.കൃഷ്ണൻ നമ്പ്യാർ, പാറയിൽ വാസു, ആർ.വി. രാഘവൻ നായർ, സി.എച്ച്. രാമൻ, വെളിയമ്പ്ര പൈതൽ തുടങ്ങിയവരാണ്. ജനാധി

പത്യ കേരളത്തിന്റെ ആദ്യ വ്യവസായ വകുപ്പ് മന്ത്രിയായിത്തീർന്ന നെയ്ത്തു തൊഴിലാളി നേതാവായ സ: കെ.പി. ഗോപാലൻ, കണ്ണൂർ ജില്ലാ ട്രേഡ് യൂനിയന്റെ അഭിമാനകരമായ സംഭാവനയായിരുന്നു.

കൈത്തറി വ്യവസായത്തിൽ മലബാർ ജില്ലയെ ആകെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സംഘടന വേണമെന്ന അഭിപ്രായം ഉരുത്തിരിഞ്ഞു വന്നതിനെ തുടർന്ന്, കോഴിക്കോട് ടൗൺഹാളിൽ നെയ്ത്ത് തൊഴിലാളികളുടെ ഒരു സമ്മേളനം വിളിച്ചുചേർത്തു. അന്നത്തെ കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ മേഖലകളെ പ്രതിനിധീകരിച്ചു കൊണ്ട് 'മലബാർ കൈത്തറി ഫെഡറേഷൻ' എന്ന സംഘടന അവിടെവെച്ച് രൂപീകരിക്കപ്പെട്ടു. ഇതിന് നേതൃത്വം നൽകിയത് സ:പി. കൃഷ്ണപ്പിള്ളയും, കമ്മ്യൂണിസ്റ്റ് പാർട്ടിയുമായിരുന്നു.

സഖാക്കൾ: കെ. ദാമോദരൻ, എച്ച്. മഞ്ചുനാഥറാവു എന്നിവർ ഇതിനു വേണ്ടി രൂപീകരിച്ച കമ്മിറ്റിയിലുണ്ടായിരുന്നു. വളരെക്കാലം (പി.വി. ചാത്തുനായർ) അതിന്റെ ജനറൽ സെക്രട്ടറിയായും, ശ്രീ. പി. ചാത്തു (ചോമ്പാൽ), കെ.പി. ഗോപാലൻ എന്നിവർ പ്രസിഡണ്ടുമാരായും പ്രവർത്തിച്ചിട്ടുണ്ട്. ഈ സംഘടനയുടെ പ്രവർത്തകർ പിന്നീട് അഖിലേന്ത്യാ ട്രെയിഡ് യൂനിയൻ കോൺഗ്രസ്സിന്റേയും (എ.ഐ.ടി.യു.സി) തുടർന്ന് കേരളാ റീജിയണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റേയും (കെ.ആർ.ടി.യു.സി) നേതാക്കളായിത്തീരുകയുണ്ടായി.

### കെ.ആർ.ടി.യു.സി സംസ്ഥാന സമ്മേളനം

കേരളാ റീജിയണൽ ട്രെയിഡ് യൂണിയൻ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം സ: എസ്.എ. ഡാങ്കെയുടെ അധ്യക്ഷതയിൽ കണ്ണൂരിൽ വെച്ചു ചേരുകയുണ്ടായി. അതിന്റെ സ്വാഗതസംഘം ചെയർമാനായി പ്രവർത്തിച്ചത് ശ്രീ. പി.വി. ചാത്തുനായരാണ്. അന്ന് ട്രെയിഡ് യൂണിയൻ രംഗത്തെ പ്രമുഖരായിരുന്ന ശ്രീ.പനമ്പിള്ളി ഗോവിന്ദ മേനോൻ, പി.കെ. ഡീവർ, കെ.കെ. വാര്യർ, എം.എൻ. ശിവരാമൻ നായർ, ജോർജ് ചടയംമുറി, ആർ. സുഗതൻ, ടി.വി. തോമസ് എന്നിവർ പങ്കെടുത്ത ആ സമ്മേളനം കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. സ: എൻ.സി. ശേഖർ അന്ന് ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വം സമ്മേളനത്തിന്റെ

വിജയത്തിന് അത്യധികം സഹായകമായിട്ടുണ്ട്. തൊഴിലാളികൾ ഏക സ്വരത്തിൽ ശബ്ദമുയർത്തുകയാണെങ്കിൽ, അവരുടെ ന്യായ പൂർണ്ണമായ എല്ലാ അവകാശങ്ങളും നേടിയെടുക്കാൻ സാധിക്കു മെന്ന് ഈ സംഘടന അതിന്റെ പ്രവർത്തനത്തിലൂടെ തെളിയിച്ചി ട്ടുണ്ട്.

(അവലംബം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ തുടക്കം അത്യുത്തര കേരളത്തിൽ (ലേഖനം)- പി.വി.ചാത്തുനായർ)

കൈത്തറി മേഖല ഇന്നും മാടിവിളിക്കുന്നു - കാലത്തിനൊപ്പം മുന്നേറാൻ അതിനു തയ്യാറായിട്ടുള്ളവരെ കണ്ടെത്തുകയാണ് പ്രധാനം. അതോടൊപ്പം കൈത്തറിക്ക് കമനീയത പകരാൻ കഴിവും സേവന തൽപരരുമായവരെ സംസ്ഥാനത്തിനു പുറത്തു നിന്നായാൽ പോലും കൊണ്ടുവന്ന് ചുമതലപ്പെടുത്തണം. ജീവിത സാഹചര്യ ങ്ങൾക്കനുസരിച്ച വേതനം ലഭിക്കുവാനുള്ള തൊഴിലാളിയുടെ ആവശ്യം കണക്കിലെടുക്കേണ്ടതാണ് ഏറ്റവും പ്രധാനമായ മറ്റൊരു കർത്തവ്യം.

**നവീനതയിലേക്ക് നടന്നു കയറുന്നു**

കണ്ണൂരിനു പുറമെ വടകര, ചാലിയം, മാങ്ങാട്, ചേന്ദമംഗലം, അമ്പലപ്പുഴ, കായിക്കര, ബാലരാമപുരം, എന്നിവിടങ്ങളിലെ കുഴി ത്തറികൾ, നവീനമായ കൈത്തറി മഗ്ഗങ്ങൾക്കു വഴി മാറി. അതോടെ അന്നുവരെയുണ്ടായിരുന്ന പരമ്പരാഗത രീതികൾ ഉപേക്ഷിക്കപ്പെട്ടു. വെറും കൈക്കു പകരം പക്ഷിപ്പലക സഹായത്തിനെത്തി. എറിഞ്ഞു പിടിക്കുന്ന ഓടം (Flying Shuttle) നെയ്ത്തിനു പുതിയ താളം പകർന്നു. അതോടെ മാങ്ങാടൻ തോർത്തും, അമ്പലപ്പുഴ കോണ കവും തിരോഭവിച്ചു. നഗ്നതാവരണത്തിന്റെ അടിസ്ഥാന ഘടകമാ യിരുന്ന കോണകം, ഓട്ടൻതുള്ളലുകാരുടെ ഉടുത്തുകെട്ടിൽ മാത്രം ഒതുങ്ങിപ്പോയി. കോണകത്തിന് സംസ്കൃതത്തിൽ 'കക്ഷാപടം' എന്നു പറയും. ആ കക്ഷാപടമാണ് 'കച്ചട്ടം', അഥവാ 'കച്ചവടം' ആയത്. തുടർന്ന് കോണക വിൽപനക്കാരനെ കച്ചവടക്കാരൻ എന്നും അറിയപ്പെട്ടു തുടങ്ങി. അക്കാലത്ത് കോണക വിൽപ്പനക്കാ രനെ മാത്രമേ കച്ചവടക്കാരൻ എന്നു വിളിച്ചിരുന്നുള്ളൂ.

**സഹകരണ മേഖല**

കണ്ണൂർ ജില്ലയിൽ ആകെ 36 കൈത്തറി സഹകരണ സംഘ ങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ വിരലിലെണ്ണാവുന്നവയൊഴിച്ച് ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വീവേർസ് സർവീസ് സെന്റർ മുഖേന നിരവധി പേർക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി വരുന്നുവെങ്കിലും പലരും ഈ മേഖല സ്ഥിര ജോലിക്കായി തിരഞ്ഞെടുക്കുവാൻ വിമുഖത കാട്ടുന്നുവെന്ന് ബന്ധ പ്പെട്ടവർ ചൂണ്ടിക്കാട്ടുന്നു. വേതനത്തിലുള്ള പോരായ്മ, സ്ഥിരം ജോലിയില്ലാത്ത അവസ്ഥ, കൃത്യമായി വേതനം ലഭിക്കാത്ത സ്ഥിതി വിശേഷം എന്നിവയൊക്കെ, തൊഴിലാളികളെ ലഭിക്കാതിരിക്കുന്ന തിനുള്ള കാരണമായി പറയപ്പെടുന്നു.

**വിദേശത്തേക്കുള്ള എക്സ്പോർട്ട്**

കണ്ണൂർ ജില്ലയിൽ നിന്നും വിവിധ സ്ഥാപനങ്ങൾ വലിയ തോതിൽ കൈത്തറി ഉൽപന്നങ്ങൾ ലോകമെമ്പാടും കയറ്റുമതി ചെയ്തു വരു ന്നുണ്ട്. ഇതിൽ രണ്ടു സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. ഇരി ണാവ് വീവേർസ് സഹകരണ സംഘം, കാഞ്ഞിരോട് വീവേർസ് സഹകരണ സംഘം എന്നിവയാണ് സഹകരണ മേഖലയിൽ നിന്നും കൈത്തറി തുണിത്തരങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾ.

മുൻകാലങ്ങളിൽ നെതർലാന്റ്, ബൽജിയം, ഇംഗ്ലണ്ട്, അമേ രിക്ക , ഹോങ്കോങ്ങ്, ജപ്പാൻ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളി ലേക്ക് ഇവിടെ നിന്നും സഹകരണ സംഘങ്ങൾ കൈത്തറി തുണി കയറ്റുമതി ചെയ്തിരുന്നുവെങ്കിലും അത് ഇപ്പോൾ ശോഷിച്ചു ജപ്പാൻ, യു.എസ്. എന്നീ രാജ്യങ്ങളിലായി ചുരുങ്ങിയിരിക്കയാണ്.

ഇതിന്റെ മറുവശം എന്ന പോലെ, ജില്ലയിൽ 16-ഓളം സ്വകാര്യ സ്ഥാപനങ്ങൾ കൈത്തറി കയറ്റുമതിയിൽ വ്യാപൃതരായി ട്ടുണ്ട്. അവരുടെ കൂട്ടായ്മ എന്ന നിലയിൽ കേനനൂർ ഹോം ഫർണി

ജില്ലയിലെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി തുണി കയറ്റുമതി സ്ഥാപനങ്ങൾ:

**KERALA TEXTILE EXPORT ORGANISATION MEMEBERS LIST**

| | | | | |
|---|---|---|---|---|
| 1 | HINDUSTAN TEXTILES | ALAVIL | 4972741402 | BALAKRISHNAN, JAYAKUMAR |
| 2 | FASHION FABS | CHIRAKKAL | 4972775487 | DIVAKAR |
| 3 | MASCOT INDUSTRIES | AZHIKODE | 4972775157 | JAYACHANDRAN |
| 4 | VASULAL INTERNATIONAL | AZHIKODE | 4972741460 | SUDHAKARAN, JAYAN |
| 5 | KAIRALI HANDLOOMS | MELE CHOVVA | 4972727037 | K.T.RAMAKRISHNAN |
| 6 | GREAT INDIAN TEXTILES | CHIRAKKAL | 4972778298 | RAMESH |
| 7 | CANANORE HANDLOOM EXPORTS | MELE CHOVVA | 4972726430 | RANJITH KUMAR, RAMAKRISHNAN.C. |
| 8 | WESTCOAST WEAVING | CHOVVA | 9446566322 | SAJITH KUMAR |
| 9 | SHABARI COTTONS PVT.LTD. | CHALA | 4972820570 | SHABARIDAS |
| 10 | OMKAR INTERNATIONAL | CHOVVA | | SOMASHEKHAR |
| 11 | INDIAN TEXTILES | CHIRAKKAL | 4972746209 | SREE HARIDAS |
| 12 | SWADESH INTERNATIONAL | KANNUR | 4972761529 | SUNIT GUPTA |
| 13 | FIPRER | KANNUR | 4972765062 | SURYAKANTH PURUSHOTHAM |
| 14 | DHANALAKSHI WEAVING | KAKKAD | 4972701311 | VALSARAJ |
| 15 | ANAND TEXTILES | VALAPATTANAM | 4972779625 | PRADEEP KUMAR |
| 16 | CR EXPORTS | EACHUR | 9447075780 | RAJENDRAN |
| | | | | |

ഷിംഗ് പ്രൊഡക്ട്സ് കൺസോർഷ്യം (Cannanore Home Furnishing Products Consortium) എന്ന പേരിൽ രൂപീകരിക്കപ്പെട്ട കൂട്ടായ്മക്ക് 2009 ൽ അവരുടെ ഉൽപന്നമായ കേനനൂർ ഹോം ഫർണിഷിംഗ് ഉൽപന്നങ്ങൾക്ക് ഭൗമസൂചികാപദവി (Geographical Indication Tag) നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. അതിന്റെ പിൻബലത്തിൽ അവർക്ക് ലോക കമ്പോളത്തിൽ നേരിട്ട് കടന്നുചെല്ലുവാനും, വ്യാപരം ഉറപ്പിക്കുവാനും സാധിക്കുന്നു. GI Tag ന് പ്രത്യേക പരിഗണന ലഭിച്ചു വരുന്നത്, കയറ്റുമതിക്ക് ഏറെ അനുകൂലമായ പരിസ്ഥിതി സംജാതമാക്കിയിട്ടുണ്ടത്രേ.

കണ്ണൂർ ജില്ലക്ക് കേരളത്തിലെ മാഞ്ചസ്റ്റർ എന്ന ബഹുമതിക്കു പുറമെ ""Land of Looms and Lores" തറിയുടെയും തിറയുടെയും നാട് എന്ന ഖ്യാതിയുമുണ്ടായിരുന്നു. അതിന്റെയൊക്കെ ഫലമായി, കണ്ണൂരിൽ നിന്നും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കുമായി കോടിക്കണക്കിന് രൂപവിലയുള്ള കൈത്തറി ഉൽപന്നങ്ങൾ പ്രതിവർഷം കയറ്റുമതി ചെയ്യപ്പെടുന്നു. വിദേശമാർക്കറ്റുകളിൽ കണ്ണൂർ കൈത്തറിക്കുള്ള പ്രിയം എന്നും ഒരേ പോലെ നിലനിൽക്കുന്നതായി കയറ്റുമതിയുടെ ഗതിവിഗതികൾ വീക്ഷിച്ചാൽ കാണാവുന്നതാണ്.

## കേന്ദ്രസർക്കാറിന്റെ വിവിധ പദ്ധതികൾ

കൈത്തറിയിലെ നവീന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങളും, പരിശീലനവും ട്രെയിനിംഗും നൽകുക, കൈത്തറിയുടെ ഉന്നമനത്തിനും, കയറ്റുമതിയുൾപ്പെടെയുള്ള വികസന പരിപാടികളും വിജയിപ്പിക്കുന്നതിന് പ്രത്യക്ഷവും പരോക്ഷവുമായ സഹായം നൽകുക, മേഖലക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരണവും, വിതരണവും നടത്തുക തുടങ്ങിയ മഹത്തായ ലക്ഷ്യങ്ങൾ മുൻനിർത്തി ജില്ലയിൽ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ ആറ് ഏജൻസികൾ അഥവാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

**1) IIHT, Thottada. (Indian Institute of Handloom Technology, Kannur 670007 ഐ.ഐ.എച്ച്.ടി, തോട്ടട, കണ്ണൂർ.**

രാജ്യത്തെ മൊത്തം 10 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പ്രബലമായ ഒരു സംവിധാനമാണ് ഐ.ഐ.എച്ച്.ടി. ഇന്ത്യയിലെ ഏതു മേഖലയിലുള്ള ആധുനിക ടെക്നോളജിയും ഈ സ്ഥാപനത്തിൽ ലഭ്യമാണ്. അതിനനുസരിച്ചുള്ള പരിശീലനവും ഇവിടെ നിന്ന് നല്കിവരുന്നു. എങ്കിലും അതിന്റെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കൈത്തറി മേഖലക്കായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നു.

**2) വിവേർസ് സർവീസ് സെന്റർ**

രാജ്യത്താകെ 23 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഒരു വിപുലമായ ശൃംഖലയാണ് വിവേർസ് സർവീസ് സെന്റർ. സർക്കാറിന്റെ നയപരമായ തീരുമാനങ്ങൾ താഴെതട്ടിലെത്തിക്കാനും, താഴെ നിന്നും ഉരുത്തിരിയുന്ന പദ്ധതികളെ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതാണ് ഈ സംവിധാനം.

**3) NIFT (National Institute of Fashion Technology) നിഫ്റ്റ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫേഷൻ ടെക്നോളജി)**

കണ്ണൂരിൽ മാങ്ങാട്ടുപറമ്പിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം, ഫാഷൻ ടെക്നോളജിയുടെ വികസനത്തിനും, അവ പ്രാവർത്തികമാക്കുന്നതിനും വേണ്ടി ലക്ഷ്യമിട്ട് രൂപീകരിക്കപ്പെട്ടതാണ്. അത്യന്താധുനിക നിർമ്മിത വസ്തുക്കൾ (Made ups) കൈത്തറി ത്തുണിയുപയോഗിച്ച് നിർമ്മിക്കുന്ന വിദ്യ പ്രാവർത്തികവും വിപുലവുമാക്കാനായിരുന്നു ഉദ്ദേശം. അതുവഴി ജില്ലയെ "City of Export Excellence" ആക്കി മാറ്റുമെന്നും ഉദ്ദേശലക്ഷ്യത്തിൽ പറയുന്നു. എന്നാൽ, പ്രതീക്ഷക്കൊത്തുയരുവാൻ കണ്ണൂരിലെ NIFT ന് കഴിഞ്ഞില്ലെന്ന പരാതി നിലനിൽക്കുന്ന കാര്യം കാണാതിരിക്കാനാവില്ല. ഡൽഹിയിലെ ഗാസിയാബാദിൽ പ്രവർത്തിക്കുന്ന NIFT ഇന്നും രാജ്യത്തെ വലിയ കൈത്തറി വസ്ത്ര കയറ്റുമതി സ്ഥാപനമായി പ്രവർത്തിക്കുന്നുണ്ടത്രേ.

**4) ടെക്സ്റ്റൈൽ കമ്മിറ്റി (Textile Committee)**

കയറ്റുമതി ചെയ്യപ്പെടുന്ന കൈത്തറി വസ്ത്രങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നതി നുള്ള ഒരു സ്ഥാപനമാണിത്. കയറ്റുമതി സ്ഥാപനങ്ങൾ ഈ കമ്മി റ്റിയുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

**5) ഡിസൈൻ സെന്റർ (Design Centre)**

കൈത്തറിക്കാവശ്യമായ നവീനഡിസൈനുകൾ രൂപീകരി ക്കാനും, അതിന്നാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനുമായി നിശ്ച യിച്ചിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനമാണിത്.

**6) NHDC- National Handloom Development Corporation**

(നാഷണൽ ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപറേഷൻ)

കൈത്തറി മേഖലക്കാവശ്യമായ നൂൽ, ചായം തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ശേഖരണവും, വിതരണവും നട ത്താനായി രൂപംകൊണ്ടതാണ് എൻ.എച്ച്.ഡി.സി. പ്രൈമറി വീവേ ർസ് സൊസൈറ്റികൾക്കുൾപ്പെടെ അസംസ്കൃത വസ്തുക്കൾ മാർ ക്കറ്റ് വിലയിലും കുറഞ്ഞ നിരക്കിലും സബ്സിഡിയോടുകൂടി വിത രണം ചെയ്തുവന്നിരുന്നത് ഈ മേഖലക്ക് വലിയ പ്രോത്സാഹന മായിരുന്നു. എന്നാൽ അടുത്തിടെ ഈ സ്ഥാപനം കണ്ണൂരിൽ നിന്നും ബാംഗ്ലൂരിലേക്ക് മാറ്റി സ്ഥാപിച്ചത് ജില്ലയിലെ കൈത്തറി മേഖലക്ക് വമ്പിച്ച തിരിച്ചടിയായാണ് കരുതപ്പെടുന്നത്.

ഇവ കൂടാതെ നേരിട്ടുള്ള കയറ്റുമതി ലക്ഷ്യം വെച്ച് മദ്രാസ് കേന്ദ്രമാക്കി രൂപീകരിക്കപ്പെട്ട ഹാന്റ് ലൂം & ഹാന്റി ക്രാഫ്റ്റ് എക്സ് പോർട്ട് കൗൺസിൽ (Handloom & Handicraft export council) ഈ ജില്ലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും, ഇപ്പോൾ നിലവിലില്ല. ഹാന്റ് ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (HEPC) എന്ന സ്ഥാപനവും ജില്ലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

## രാഷ്ട്രീയ നേതാക്കളിലെ നെയ്ത്തുകാർ

പഴയ കാലത്തെ രാഷ്ട്രീയക്കാരിൽ മുഴുവൻ പേരും, രാഷ്ട്രീയത്തിൽ ഇറങ്ങുംമുമ്പ് എന്തെങ്കിലും തരത്തിലുള്ള ജോലിയിൽ വ്യാപരിച്ചിരുന്നു. അന്നത്തെ പരിതസ്ഥിതിയിൽ, അത്തരത്തിൽ എന്തെങ്കിലും ജോലി ചെയ്യുക എന്നത് ഒഴിച്ചുകൂടാനാവാത്ത സ്ഥിതിയായിരുന്നു.

കേരള കൗമുദി പത്രത്തിന്റെ സ്ഥാപകനും, SNDP സെക്രട്ടറിയും, നിവർത്തന പ്രസ്ഥാന നേതാവും തിരു-കൊച്ചി മുഖ്യമന്ത്രിയുമായിരുന്ന സി. കേശവൻ ഒരു നെയ്ത്തുതൊഴിലാളിയായാണ് ജീവിതം ആരംഭിച്ചത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'ജീവിത സമരം' എന്ന ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുള്ളത്, ഒരു മികച്ച നെയ്ത്തുകാരനായി പ്രസിദ്ധി നേടുകയെന്നുള്ളത് തന്റെ ഒരു ജീവിതാഭിലാഷമായിരുന്നു എന്നാണ്.

ബിരുദം നേടിയെങ്കിലും അധ്യാപകനായി ജോലി ചെയ്യുവാൻ ജാതിപരമായ വിലക്കുമൂലം സാധിക്കാതെ വന്ന നേതാവാണ് ആർ. ശങ്കർ. തുടർന്ന് നെയ്ത്തു ജോലിയിൽ പ്രവേശിച്ച അദ്ദേഹം, ആ ജോലിയിൽ തുടർന്നുകൊണ്ടുതന്നെ ബി.എ.ബി.എൽ എന്ന വക്കീൽ പരീക്ഷ പാസ്സായി. പിന്നീട് ദീർഘകാലം തിരുവിതാംകൂറിൽ എസ്.എൻ.ഡി.പി. യോഗത്തെ അടക്കിഭരിച്ചു. രാഷ്ട്രീയരംഗത്ത് നിരവധി സ്ഥാനങ്ങൾ തേടിയെത്തിയ ആർ. ശങ്കർ 1962-ൽ കേരളത്തിന്റെ മുഖ്യമന്ത്രിയുമായി. നെയ്ത്തുകാരുടെ കുടുംബത്തിൽ നിന്നും കേരള മുഖ്യമന്ത്രി പദത്തിലെത്തിയ ആദ്യത്തെ വ്യക്തിയെന്ന ഖ്യാതിക്കുടമകൂടിയാണ് ആർ. ശങ്കർ.

കൈത്തറി നെയ്ത്ത് തൊഴിലാളിയായി ജീവിതമാരംഭിക്കുകയും കൈത്തറി തൊഴിലാളി കളെ സംഘടിപ്പിച്ചുകൊണ്ട് അതിന്റെ നേതൃനിരയിലെത്തിച്ചേരുകയും ചെയ്ത നേതാവാണ് കണ്ണൂരിലെ ശ്രീ.കെ.പി.ഗോപാലൻ. 1957 ൽ നിയമസഭയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ വിജയിക്കുകയും, തുടർന്ന് ഇ.എം.എസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഒന്നാം കേരള  മന്ത്രിസഭയിൽ വ്യവസായ വകുപ്പ് മന്ത്രിയുമായിത്തീർന്ന നെയ്ത്തു തൊഴിലാളിയാണ് കണ്ണൂർ ജില്ലക്കാരനായ ശ്രീ. കെ.പി.ഗോപാലൻ.



പിണറായി വിജയൻ കെ.പി.ഗോപാലൻ ആർ. ശങ്കർ സി. കേശവൻ

സജീവ രാഷ്ട്രീയരംഗത്ത് പ്രവേശിക്കുന്നതിനു മുന്നേയുള്ള ഇടക്കാലത്ത്, കൈത്തറി നെയ്ത്ത് രംഗത്ത് പ്രവർത്തിക്കുകയും, പിന്നീട് അത് സ്വയമേവ അവസാനിപ്പിച്ച് മുഴുവൻ സമയം രാഷ്ട്രീയരംഗത്ത് പ്രവർത്തനത്തിനിറങ്ങുകയും ചെയ്ത വ്യക്തിയാണ് ഇപ്പഴത്തെ കേരള മുഖ്യമന്ത്രി പിണറായി വിജയൻ.

## മലബാറിലെ ജാതിഭ്രാന്തും ചാലിയരും

കേരളത്തിലെ ജാതി വ്യവസ്ഥയ്ക്കെതിരായ സർക്കാർ നീക്കത്തിൽ പ്രധാനപ്പെട്ടതായി കണക്കാക്കപ്പെടുന്നത് 1936-ൽ നടന്ന ക്ഷേത്രപ്രവേശന വിളംബരമാണ്. എന്നാൽ അതിനും എത്രയോ കാലംമുമ്പ് കോഴിക്കോട് കലക്ടറായിരുന്ന മിസ്റ്റർ കനോലി സായിപ്പ് 1845-47 കാലഘട്ടത്തിൽ തന്നെ ജാതിവ്യവസ്ഥയക്കെതിരായ ഉത്തരവുകൾ പുറത്തിറക്കുകയുണ്ടായി. അതിൽ ഇങ്ങനെ വ്യക്തമാക്കുന്നു. “മലബാറിലെ പുലയർക്കും ചെറുമർക്കും പൊതുനിരത്തുകളിൽ കൂടി നടക്കുവാൻ ഇന്നുമുതൽ സ്വാതന്ത്ര്യമുണ്ടായിരിക്കും. മടിച്ചു നിൽക്കുന്ന ഈ വിഭാഗത്തെ ഇതിനായി പ്രേരിപ്പിക്കേണ്ട ചുമതല താലൂക്ക് കച്ചേരിയിലെ ഉദ്യോഗസ്ഥന്മാർക്കായിരിക്കും.” ജാതിഭേദം കൊടികുത്തി വാണിരുന്ന ആ ഇരുണ്ട കാലത്തുണ്ടായ ഈ വെള്ളി വെളിച്ചം, പക്ഷെ പലർക്കും രസിച്ചില്ല. അതിനെതിരെ പലരും പരാതിയുമായി രംഗത്തു വന്നെങ്കിലും, ഈ കൽപ്പനക്കെതിരെ ചിറക്കൽ താലൂക്കിലെ നെയ്ത്തുകാർ കൊടുത്ത ഒരു ഹരജി ഉള്ളടക്കം മലബാറിലെ ജാതിഭ്രാന്തിന്റെ ഭീകരരൂപം നമുക്കു മുന്നിൽ അനാവരണം ചെയ്യുന്നു. പുരാതന കാലത്ത് എന്തുമാത്രം ജാതിക്കുശുമ്പുണ്ടായിരുന്നുവെന്നുള്ളത് തിരിഞ്ഞുനോക്കുന്നത് തികച്ചും കൗതുകകരമാണ്

“ചിറക്കൽ താലൂക്കിലെ ‘പൂതക്ക’ തെരുവിലെ നെയ്ത്തുകാരായ താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ ബോധിപ്പിക്കുന്ന സങ്കട ഹരജി: സർ, യാതൊരു നഷ്ടപരിഹാരവും വാങ്ങാതെയാണ് ഞങ്ങളുടെ സ്ഥലം ഒരു റോഡിനു വേണ്ടി ബഹുമാനപ്പെട്ട സർക്കാരിന് ഞങ്ങൾ വിട്ടു തന്നിട്ടുള്ളത്. ഞങ്ങൾക്കിതുമൂലം ഞങ്ങളുടെ തറികൾ സ്ഥാപിക്കാനുള്ള സ്ഥലമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. എന്നിട്ടുപോലും ഒരു റോഡെന്ന താങ്കളുടെ ആശയത്തെ ഞങ്ങൾ എതിർത്തിട്ടില്ല. ഈ റോഡ് ഞങ്ങളുടെ വീടുകളുടെയും, അമ്പലങ്ങളുടെയും, തറികളുടെയും മുന്നിലൂടെ കടന്നുപോകുന്നു. എന്നാൽ, ഞങ്ങൾക്ക് വിഷമം സമ്മാനിക്കുന്നത് താങ്കളുടെ അടുത്ത കാലത്തിറക്കിയ ഒരറിയിപ്പാണ്. താങ്കളുടെ സർക്കാർ, താലൂക്ക് കച്ചേരിക്കാർക്ക് ഈയിടെ ഒരു നിർദ്ദേശം കൊടുത്തിരിക്കുന്നു. അതായത് പുലയരെയും ചെറുമരേയും ഈ റോഡിൽ കൂടി നടക്കാൻ പ്രേരിപ്പിക്കണമെന്നതാണ് ആ നിർദ്ദേശം. ഇത് തീർച്ചയായും ജാതി കലഹങ്ങളിലേക്ക് നയിക്കും. കാലാകാലങ്ങളായുള്ള ഞങ്ങളുടെ ജാതിവ്യവസ്ഥകൾക്കെതിരാണ് ഈ തീരുമാനം. താങ്കൾക്ക് ഇതിനെക്കുറിച്ച് വ്യക്തമായും അറിവുള്ളതാണല്ലോ. താങ്കളുടെ സർക്കാർ എക്കാലത്തും മലബാറിലെ ജാതിവ്യവസ്ഥയെ മാനിച്ചിട്ടുണ്ട്. ഇവിടെ നിലനിൽക്കുന്ന ജാതിവ്യവസ്ഥകളെ മറികടക്കുന്ന ഒരു നിയമങ്ങളും താങ്കൾ ഇതുവരെയായും കൊണ്ടുവന്നിട്ടില്ല. പിന്നെങ്ങിനെയാണ് പുലയരെയും, ചെറുമരേയും പൊതുവഴികളിൽക്കൂടി നടക്കുവാൻ താങ്കൾ പ്രേരിപ്പിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഞങ്ങളുടെ അമ്പലങ്ങളും, വീടുകളും, തറികളും അശുദ്ധമാക്കണമെന്നാണോ താങ്കൾ കരുതുന്നത്? ടിപ്പു സുൽത്താൻ വന്നപ്പോൾ ഞങ്ങളോട് പറഞ്ഞത് ഏകദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ഇസ്ലാം മതവിശ്വാസികളാകണമെന്നാണ്. അപ്പോൾ പോലും ഞങ്ങളീ ശാസനത്തിന് വഴങ്ങാതെ, രാജ്യമുപേക്ഷിച്ച് മറ്റു സ്ഥലങ്ങളിലേക്ക് രക്ഷപ്പെടുകയാണ് ചെയ്തത്.

മേൽ ജാതിക്കാരായ ഞങ്ങളോട് പുലയരോടൊപ്പം പൊതു വഴിയിലൂടെ സഞ്ചരിക്കണമെന്നു പറയുന്നത് ശരിയല്ല. അവർ ഒരിക്കലും ഞങ്ങളുടെ വഴിയേ നടന്നിട്ടില്ല. ഓരോ മതത്തിനും ജാതിക്കും അവരവരുടേതായ ധർമ്മനീതികളുണ്ട്. ഇതുവരെയായി ബ്രിട്ടീഷ് സർക്കാർ അതൊക്കെ അനുവദിച്ചുതന്നിട്ടുമുണ്ട്. എന്നാലിപ്പോൾ താങ്കളെടുത്ത തീരുമാനം ഞങ്ങളെ വേദനിപ്പിക്കുന്നു. ജാതിനേതാ

ക്കന്മാർ പലപ്പോഴായി അവരുടെ അഭിപ്രായം ഈ വിഷയത്തിൽ പറഞ്ഞിട്ടുള്ളതാണ്. മറ്റൊരു കാര്യം കൂടി താങ്കളോർക്കുന്നത് നന്നായിരിക്കും. ഈ രാജ്യത്തെ പുലയരും ചെറുമരും തൊഴിൽ കണ്ടെത്തുന്നത് മേൽ ജാതിക്കാരുടെ കീഴിലാണ്. ഞങ്ങളുടെ റോഡിൽക്കൂടി നടന്ന് ഞങ്ങളെ അശുദ്ധമാക്കുന്നവർക്ക് ഞങ്ങൾ മേലിൽ ജോലി കൊടുക്കില്ലെന്നതുറപ്പാണ്. സത്യത്തിൽ താങ്കൾ ചെയ്യുന്നത് അവർക്ക് നന്മകൾ നേരുകയല്ല, മറിച്ച് ശാപങ്ങൾ സമ്മാനിക്കുകയാണ്. ഈ ശാപങ്ങൾ അനവധി കാലം നിലനിൽക്കുമെന്നും ഓർമ്മിപ്പിക്കട്ടെ. താങ്കളിതു ചെയ്യുന്നത് ക്രിസ്ത്യൻ മിഷണറിമാരെ സഹായിക്കാൻ വേണ്ടിയാണെന്നും ഞങ്ങൾ ന്യായമായും സംശയിക്കുന്നു. നിയമങ്ങൾമൂലം ഇവിടുത്തെ ജാതിവ്യവസ്ഥകൾ ഇല്ലാതാക്കാൻ താങ്കളുടെ സർക്കാർ ഇതിനു മുമ്പും ശ്രമിച്ചിട്ടുണ്ട്. അത് പരാജയപ്പെട്ടിട്ടുമുണ്ട്. ചെറിയൊരു ശതമാനം വരുന്ന കീഴ്ജാതിക്കാരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുമ്പോൾ, നിങ്ങൾ നേടുന്നത് വലിയൊരു ശതമാനത്തിന്റെ ശത്രുതയാണെന്നോർക്കുക. പുലയർക്ക് വേണമെങ്കിൽ വേറെ റോഡ് നിർമ്മിച്ചുകൊടുക്കുക. സ്ഥലം ഞങ്ങൾ തരാം. എന്നാൽ പൊതു നിരത്തിൽക്കൂടി ഇക്കൂട്ടർക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുന്നത് ഞങ്ങളോട് ചെയ്യുന്ന അനീതിയാണ്. മലയാളത്തിൽ ഇതിന്നു മുൻപായി ഒരു ഹരജി തന്നിരുന്നു. എന്നാൽ അതിന് മറുപടിയുണ്ടായില്ലെന്നു കൂടി അറിയിക്കട്ടെ."

1847 മാർച്ച് 3ന് എഴുതിയ ഈ കത്തിൽ നിരവധി പേർ ഒപ്പിട്ടതിൽ, നായരോ ബ്രാഹ്മണരോ ഇല്ലതന്നെ. സ്വാതന്ത്ര്യലബ്ധിക്കും ഒരു നൂറ്റാണ്ടുമുമ്പ്, ശക്തനും ശൂരനുമായ കനോലി സായിപ്പ് എന്ന മലബാർ കലക്ടർ മുമ്പാകെ, ഇത്രയും ശക്തവും വ്യക്തവുമായ ഭാഷയിൽ, അല്പം ഭീഷണിയുടെ മേമ്പൊടികൂടി ചേർത്തുകൊണ്ട് ഒരു നിവേദനം സമർപ്പിക്കാൻ, ചിറക്കലിലെ നെയ്ത്തുകാർ കാണിച്ച തന്റേടം, അഥവാ ധൈര്യം അപാരമെന്നു പറയേണ്ടിയിരിക്കുന്നു. അതിൽ ഉന്നയിച്ച ആവശ്യത്തിന് കാലിക പ്രസക്തിയേ ഉള്ളൂ എന്ന് നാം തിരിച്ചറിയുമ്പോഴാണ്, നെയ്ത്തുകാരന്റെ ആത്മാഭിമാന സംരക്ഷണ ത്വരയുടെയും, അതിനു വേണ്ടിയുള്ള പടപ്പുറപ്പാടിന്റെയും നേർത്ത ശബ്ദം, ഈ വരികൾക്കിടയിലൂടെ നമുക്ക് കേൾക്കാനാവുക.

## പരാജയപ്പെട്ട പരുത്തികൃഷി

പരുത്തികൃഷി ഇന്ത്യയുടെ മദ്ധ്യഭാഗത്താണ് സാധാരണയായി ചെയ്തുവരാറുള്ളത്. എന്നാൽ കേരളത്തിലെ ഫലഭൂയിഷ്ഠമായ മണ്ണിൽ പരുത്തി വളരുമോ എന്ന് ബ്രിട്ടീഷുകാരൻ ഒരു പരീക്ഷണ കൃഷി നടത്തിയിരുന്നു എന്നു കാണുന്നു. നമ്മുടെ നൂലും, തുണിത്തരങ്ങളുമൊക്കെ പണ്ടുകാലം മുതൽക്കേ വിദേശീയരെ ആകർഷിച്ചിരുന്നു. കോഴിക്കോട്ടും പരിസര പ്രദേശങ്ങളിലും നെയ്തെടുക്കുന്ന തുണിത്തരങ്ങൾക്ക് 'കാലിക്കോ' എന്നാണ് ഈസ്റ്റിന്ത്യാ കമ്പനിക്കാർ നൽകിയിരുന്ന ബ്രാന്റ് നെയിം അഥവാ വ്യാപാരനാമം. അവർ തന്നെയാണ് ഈ തുണിത്തരങ്ങൾ യൂറോപ്പിലെത്തിച്ചതും. ചുരുങ്ങിയ കാലംകൊണ്ട് യൂറോപ്പിലെ സാധാരണക്കാരായ ജനങ്ങളുടെ പ്രിയ തുണിത്തരമായി 'കാലിക്കോ' മാറി. എന്നാൽ യൂറോപ്പിലെ വ്യാവസായിക വിപുപ്ലവത്തെത്തുടർന്ന് ബ്രിട്ടനിലെ ലങ്കാഷെയർ, മാഞ്ചസ്റ്റർ എന്നീ നഗരങ്ങൾ യന്ത്രവൽകൃത നെയ്ത്തുശാലകളുടെ കേന്ദ്രങ്ങളായി വളർന്നു. അതോടെ യന്ത്രനിർമ്മിത തുണിത്തരങ്ങൾ ആ മാർക്കറ്റുകളെ കീഴടക്കി. തൽഫലമായി കോഴിക്കോടു നിന്നുള്ള തുണിത്തരങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ബ്രിട്ടൻ വിലക്കു കല്പിച്ചു. ഇതിന്നായി 'കാലിക്കോ ആക്ട്' (Calico Act) എന്ന പേരിൽ നിയമം തന്നെ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കി. എങ്കിലും ലങ്കാഷെയറിലും മാഞ്ചസ്റ്ററിലും അവർക്കാവശ്യമായ പരുത്തിനാരുകൾ വേണ്ടിയിരുന്നു. ഈ കേന്ദ്രങ്ങളിലേക്ക് പരുത്തി കിട്ടുവാൻ വേണ്ടി ബ്രിട്ടീഷുകാർ യഥാർത്ഥത്തിൽ നെട്ടോട്ടമോടുകയായിരുന്നു. തങ്ങളുടെ കോളനികളിലെ മണ്ണിനെയാണ് ഇക്കാര്യത്തിനായി അവർ ഒടുക്കം ആശ്രയിച്ചത്. മലബാറിലെ തരിശായി കിടക്കുന്ന മണ്ണിൽ പരുത്തി വളരുമോ എന്നൊരു പരീക്ഷണം നടത്തുവാൻ അവർ തീരുമാനിച്ചു.

മദ്രാസിലെ ബ്രിട്ടീഷ് ആസ്ഥാനത്തുനിന്നും തങ്ങളുടെ പ്രവിശ്യയിലെ കലക്ടർമാരെ വിളിച്ചുകൂട്ടുകയും, അവരവരുടെ ജില്ലകളിൽ പരുത്തികൃഷി ചെയ്യുവാൻ കല്പിക്കുകയും ചെയ്തു. എല്ലാ കലക്ടർമാരോടും, പരുത്തികൃഷിയുടെ സ്ഥിതിയെക്കുറിച്ച് വിശദമായ റിപ്പോർട്ടയക്കുവാനും ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് മലബാർ

കലക്ടർ 1864 ജനുവരി 12നു മദ്രാസ് റവന്യൂ ബോർഡിന്നയച്ച റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. "കുറച്ചു മാസങ്ങൾക്കുമുമ്പ് പരീക്ഷണാവശ്യങ്ങളിലേക്കായി താങ്കളയച്ചുതന്ന ഈജിപ്ഷ്യൻ പരുത്തി വിത്തുകൾ ഞാൻ പരീക്ഷിച്ചു നോക്കിയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നു. വിവിധ താലൂക്കുകളിലെ തത്പരരായ വ്യക്തികൾക്ക് ഇത് പരീക്ഷിച്ചു നോക്കുവാനായി വിവിധ താസിൽദാർമാർക്ക് ഞാൻ വിത്തുകൾ കൊടുക്കുകയുണ്ടായി. ചിറക്കൽ താലൂക്കിലെ താസിൽദാർ അവിടുത്തെ പ്രമാണിമാരായ ജന്മിമാർക്ക് ഇവ വിതക്കാനായി കൊടുത്തിരുന്നു. താലൂക്ക് വളപ്പിൽ കുറച്ചു വിത്തുകൾ സ്വന്തം നിലക്കും തഹസിൽദാർ വിതച്ചിരുന്നു. കുറച്ചൊക്കെ മുളച്ചുപൊന്തിയിരുന്നുവെങ്കിലും, പിന്നീട് മഴയത്ത് നശിച്ചുപോവുകയാണ് ചെയ്തത്. ശേഷിച്ചതൊക്കെ നന്നായി വളർന്നിരിക്കുന്നു. താലൂക്ക് കച്ചേരിയിലെയും, ചില പുനംകൃഷിയുടെയും സാമ്പിളുകൾ ഇതോടൊപ്പം അയക്കുന്നു. എന്റെ സബ്കലക്ടറാണ് എനിക്കിത് അയച്ചുതന്നിരിക്കുന്നത്. വലിയ ശ്രദ്ധയോടെയൊന്നുമല്ല പരുത്തിച്ചെടിയിൽനിന്നും ഇവ ശേഖരിച്ചിട്ടുള്ളത്. എന്നിട്ടുപോലും വളരെ നന്നായിത്തന്നെ ഇവയിരിക്കുന്നു.

കോട്ടയത്ത് (കൂത്തുപറമ്പ് ആണ്) ഗ്രാമത്തലവൻ മുപ്പത് ഔൺസ് വിത്തുകൾ പാകിയിരുന്നു. പതിനൊന്ന് ഏക്കറിന്റെ വിസ്തൃതിയിലാണവ പാകിയിരുന്നത്. മഴയുടെ കാഠിന്യംമൂലം വളരെ കുറച്ചുമാത്രമേ കിളുർത്തിരുന്നുള്ളൂ. അവ നന്നായി ആരോഗ്യത്തോടെ യിരിക്കുന്നു. കുറുമ്പനാട് താലൂക്കിലെ ഒമ്പത് അംശങ്ങളിൽ വിത്ത് വിതച്ചിരുന്നു. എല്ലാം മുളച്ചുപൊന്തിയിരുന്നുവെങ്കിലും മഴയുടെ ശക്തിയിൽ മൂന്നംശങ്ങളിലൊഴികെ, ബാക്കിയുള്ളവ നശിച്ചുപോയിരിക്കുന്നു. കോഴിക്കോട് താലൂക്കിൽ ഒമ്പത് അംശത്തിലാണ് തഹസിൽദാർ മുഖാന്തരം പരുത്തികൃഷി ചെയ്തത്. നിരാശയായിരുന്നു ഫലം. ഏറനാട്ടിലും ഇതുതന്നെയാണ് സ്ഥിതി. മഴതന്നെയാണ് എല്ലായിടത്തും വില്ലൻ. മുളക്കുന്നുണ്ടെങ്കിലും പിന്നീടവ മഴമൂലം ചീഞ്ഞുപോകുന്നു.

ഇതുവരെയുള്ള നിരീക്ഷണത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്, വയനാട്ടിലും, പാലക്കാട്ടുമല്ലാതെ മലബാറിലെ മറ്റുഭാഗങ്ങളിൽ ഈ കൃഷി വിജയകരമാവില്ലെന്നാണ്. അതുതന്നെ വാണിജ്യാടിസ്ഥാനത്തിൽ വിജയിക്കുമോ എന്ന് കണ്ടറിയണം. ഈ കാര്യത്തിൽ നാട്ടുകാരെ നിർബന്ധിക്കുവാൻ നമുക്കു പറ്റില്ല എന്ന കാര്യം കൂടി പറയട്ടെ."

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകണം, പരുത്തികൃഷി വിഷയത്തിൽ ബ്രിട്ടീഷുകാർ മലബാറിനെ കൈയ്യൊഴിഞ്ഞത് എന്നു കരുതാം.

## പുടമുറി

സ്ത്രീയും പുരുഷനും ഒന്നിച്ചൊന്നായ് ജീവിക്കാനാരംഭിക്കുന്ന പ്രക്രിയ ആരംഭിച്ചത് വളരെ വളരെ കാലം മുമ്പാണ്. പ്രസ്തുത ക്രിയ ഇരുവീട്ടുകാർ ചേർന്നു നടത്തുന്നതിൽനിന്നും നാട്ടുമുഖ്യന്മാരുടെ മുന്നിൽവെച്ചും, പിന്നീടത് നാട്ടുകൂട്ടത്തിന്റെ മുന്നിൽ വെച്ചും നടത്തുന്നതിലേക്ക് ചെന്നെത്തി. ഈ സ്ത്രീ–പുരുഷ സംഗമത്തിന്ന്, ഉപയാമം, പരിണയം, ഉദ്വാഹം, പാണിപീഠനം, വേളി, കല്യാണം, വിവാഹം തുടങ്ങിയ ക്രിയാനാമങ്ങൾ രൂപപ്പെട്ടുവന്നു. ഒരു കാലത്ത് കേരളത്തിൽ കീഴ്ജാതിക്കാർക്കിടയിൽ താലികെട്ടു കല്യാണമാണെങ്കിൽ, മേൽ ജാതിക്കാരുടേത് 'പുടമുറി'യാണ്. ഇണപ്പുടവ എന്ന പേരിലുള്ള രണ്ടു കസവുപുടവയെ ഒത്ത നടുവിൽ വെച്ചു കീറിമുറിച്ച് രണ്ടാക്കി, വരനും, വധുവിനും ഓരോന്നു നൽകും. കാരണവരാണ് ഈ പുടമുറി നടത്തുന്നത്. വിവാഹ പന്തലിൽ വെച്ചു നടക്കുന്ന ഈ 'പുടമുറി'യാണ് വിവാഹത്തിലെ ഏറ്റവും പ്രധാന ചടങ്ങ്. കല്യാണമെന്ന വിശുദ്ധമായ ചടങ്ങ് സാക്ഷാത്കരിക്കുന്നതിൽ, നെയ്ത്തുകാരൻ നെയ്തുണ്ടാക്കുന്ന പുടവക്ക് ഒരു സുപ്രധാന സ്ഥാനം കൊടുത്തതിൽ നിന്നും, വസ്ത്രം ജീവിതം കരുപ്പിടിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ഒരുല്പന്നമാണെന്നു കാണാം.

വിവാഹം എന്നത് സംസ്കൃത വാക്കാണ് വി+വാഹം എന്നതാണ് വിവാഹമാകുന്നത്. വിവാഹത്തിന്റെ അർത്ഥം 'ഒരിക്കലും ഉപേക്ഷിക്കാൻ പറ്റാത്ത വഹനം' എന്നാണ്!

## വസ്ത്രം

വസ്ത്രം എന്നത് സംസ്കൃത പദമാണ്. പണ്ടുകാലത്ത് ആണിനും പെണ്ണിനും ഒറ്റത്തരം വസ്ത്രമേ ഉണ്ടായിരുന്നുള്ളൂ. അത് മുണ്ടാണ്. അതിനാൽ സംസ്കൃതത്തിൽ വസ്ത്രമെന്നു പറഞ്ഞാൽ സാമാന്യമായി മുണ്ട് എന്നാണ് അർത്ഥമാക്കുന്നത്. നൂൽകൊണ്ടു നെയ്തുണ്ടാക്കുന്ന തുണി എന്ന വ്യാപകമായ അർത്ഥം വസ്ത്ര

ത്തിന് പിന്നീടുണ്ടായി. ഇത് വാല്ക്കം, ഫാലം, കൗശേയം, രാങ്കവം എന്നിങ്ങനെ നാലുതരത്തിലുണ്ടാക്കാമെന്നും പറയുന്നു. അതായത്, തോൽ, കായ്, പട്ടുനൂൽ പുഴു, രോമം ഇവയിൽ നിർമ്മിക്കപ്പെടുന്നവയെന്നു സാരം. സംസ്കൃതത്തിൽ വസ്ത്രഭേദകൻ തയ്യൽക്കാരനും, വസ്ത്രനിർണ്ണേജകൻ അലക്കുകാരനുമാണ്.

## വസ്ത്രനിർമ്മാണത്തെ സംബന്ധിക്കുന്ന ഏതാനും സംസ്കൃത വാക്കുകൾ

സൂത്രപുഷ്പഃ - പരുത്തി
സൂത്ര യന്ത്രം - നെയ്ത്തുതറി
സൂത്ര ലാ - നെയ്ത്തു തണ്ട് (കതിര്)
സൂത്ര വേഷ്ടനം - നെയ്ത്തുകോൽ (പാവു ചുറ്റാൻ)
വായഃ - നെയ്ത്തു (ജോലി)
വായകഃ - നെയ്ത്തുകാരൻ
വായദണ്ഡഃ - നെയ്ത്തുതറി

## ജവുളിക്കടയും പാണ്ടികശാലയും

ബ്രിട്ടീഷ് അധിനിവേശത്തെത്തുടർന്ന് ബ്രിട്ടനിലെ മാഞ്ചസ്റ്ററിൽ നിന്നും തുണിത്തരങ്ങൾ ഇന്ത്യയിൽ ഇറക്കുമതി ചെയ്തു തുടങ്ങിയതോടെ, ഇന്ത്യയിലെ തുണിവ്യവസായം അധോഗതിയിലേക്കു കൂപ്പുകുത്താൻ ആരംഭിച്ചു. ഈ വിപത്ത് തിരിച്ചറിഞ്ഞ മഹാത്മാ ഗാന്ധി, സ്വദേശി പ്രസ്ഥാനവും, ഖദർ പ്രചരണവും, വിദേശവസ്ത്ര ദഹനവും ഭാരതത്തിലുടനീളം പ്രചരിപ്പിച്ചു നടപ്പാക്കി. ഇതിനു പുറമെ പാണ്ടിച്ചരക്കുകളുടെ (കേരളത്തിനു വെളിയിൽ നിന്നും വരുന്ന ഗുണമേന്മ കുറഞ്ഞ തുണിത്തരം) കടന്നുവരവും ചാലിയരുടെ കുലത്തൊഴിലിനെ കാര്യമായി ബാധിച്ചു. മലയാളികളുടെ അഭിരുചിക്കും ആഗ്രഹത്തിനും ആവശ്യത്തിനുമനുസരിച്ച് ഗുണം കുറഞ്ഞ തുണിത്തരങ്ങൾ തമിഴ്നാട്ടിലും മറ്റും നിർമ്മിച്ച് ഇവിടെ കൊണ്ടുവന്നു വില്പന നടത്തിയിരുന്ന ഈ പരദേശികളെ പാണ്ടിപട്ടന്മാർ എന്നാണ് പറഞ്ഞിരുന്നത്. തിരുവിതാംകൂർ, കൊച്ചി തുട

ങ്ങിയ തെക്കൻ കേരളത്തിലാണ് ഇവർ വൻ തോതിൽ താവളമടിക്കുകയും, തുണികച്ചകടം നടത്തുകയും ചെയ്തിരുന്നത്. ഇവർ തമിഴ് നാട്ടുകാരായിരുന്നതിനാൽ, തുണിക്ക് തമിഴിൽ 'ജവുളി' എന്നാണിവർ പറഞ്ഞിരുന്നത്. അതിന്റെ ബാക്കിപത്രമെന്നോണം തെക്കൻ കേരളത്തിൽ 'ജൗളിക്കട' എന്ന പ്രയോഗം ഇപ്പോഴും നിലനിൽക്കുന്നതായി കാണാം. ഈ പാണ്ടിപട്ടന്മാരുടെ കടയാവട്ടെ, 'പാണ്ടികശാല' എന്നാണറിയപ്പെട്ടിരുന്നത്. അങ്ങിനെയാണ് ജൗളിക്കടയും പാണ്ടികശാലയും, മലയാളത്തിൽ ലബ്ധപ്രതിഷ്ഠമായിത്തീർന്നത്.

ഇങ്ങിനെ പാണ്ടിച്ചരക്കുകളുടെയും, മാഞ്ചെസ്റ്റർ തുണിത്തരങ്ങളുടെയും അനിയന്ത്രിതമായ കടന്നുകയറ്റം കാരണം, കുലത്തൊഴിലായ നെയ്ത്തുപണിയിൽ ഏർപ്പെട്ടിരുന്ന ചാലിയരുടെ തൊഴിലിൽ കാര്യമായ മാന്ദ്യം സംഭവിക്കുകയും, അവരിൽ പലരുടെയും ജീവിതം പട്ടിണിയും പരിവട്ടവുമായി മാറുകയും ചെയ്തു. പിന്നീട് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ സ്വദേശിപ്രസ്ഥാനം ശക്തമായി തിരിച്ചുവന്നതോടെയാണ് നൂൽനൂൽപ്പും കൈത്തറിനെയ്ത്തും വീണ്ടും ഉയിർത്തെഴുന്നേറ്റത്.

## മാർക്കോപോളോ കണ്ട കേരളം

ഇറ്റലിയിലെ വെനീസ് നഗരത്തിൽ ജനിച്ച മാർക്കോ പോളോ AD 1271ലാണ് തന്റെ സാഹസികമായ കപ്പൽയാത്ര ആരംഭിക്കുന്നത്. ഉദ്വേഗജനകമായ ഈ സാഹകസികയാത്രയിൽ അദ്ദേഹം ചൈനയിലാണ് ആദ്യം എത്തിപ്പെട്ടത്. അവിടെനിന്നും കപ്പൽ മാർഗ്ഗം ശ്രീലങ്കയിൽ എത്തിച്ചേർന്ന മാർക്കോപോളോ തുടർന്ന് ഇന്ത്യയിലെ ചോളമണ്ഡലത്തിലെത്തി. പിന്നീട് അദ്ദേഹം ഇന്ത്യയിലെ നിരവധി സ്ഥലങ്ങൾ സന്ദർശിച്ചു. അവിടെയൊക്കെ അദ്ദേഹം കണ്ട വിശേഷങ്ങൾ ഒക്കെത്തന്നെ ക്രമം തെറ്റാതെ എഴുതി പ്രസിദ്ധീകരിച്ചതാണ് 'മാർക്കോ പോളോവിന്റെ സഞ്ചാരകൃതികൾ' എന്ന ചരിത്ര പുസ്തകം. പതിമൂന്നാം നൂറ്റാണ്ടിനെ–അതായത് കൊളംബസ് അമേരിക്ക കണ്ടുപിടിക്കുന്നതിനും വളരെ മുമ്പ്– മറ്റൊരു ചരിത്രകാരനും സാധിക്കാത്തവിധം വ്യക്തമായും വിശദമായും അടയാളപ്പെടുത്തപ്പെട്ട ഒരു കൃതിയായിട്ടാണ് മാർക്കോപോളോവിന്റെ സഞ്ചാരസാഹിത്യത്തെ കണക്കാക്കപ്പെടുന്നത്. പ്രസ്തുത കൃതിയിൽ കേരളത്തെ അടയാളപ്പെടുത്തിയിട്ടുള്ള ചില വാചകങ്ങൾ.

## നീലം കൃഷി: (കൊല്ലം)

“കൊല്ലത്ത് ചപ്പങ്ങം സമൃദ്ധിയായി വളരുന്നു. ഇവിടെയുണ്ടാകുന്ന ഇഞ്ചിയും പേർകേട്ടതാണ്. എല്ലാസ്ഥലത്തും കുരുമുളക് സമൃദ്ധിയായി വളരുന്നുണ്ട്. കുരുമുളക് കാട്ടുചെടിയല്ല; നട്ടുവളർത്തുന്നതാണ്. ഇവിടെ മേത്തരം നീലവും ലഭിക്കുന്നു. ഒരു പ്രത്യേകതരം ചെടി(നീല അമരി)യിൽ നിന്നാണ് നീലം ഉണ്ടാക്കുന്നത്. ഈ ചെടികൾ ശേഖരിച്ച് വേരുകൾ വെട്ടിക്കളഞ്ഞ് വലിയൊരു പാത്രത്തിലിട്ട് വെള്ളമൊഴിച്ച് വെക്കുന്നു. ചെടി മുഴുവൻ ചീഞ്ഞ് അലിഞ്ഞു ചേരുന്നതുവരെ അത് ആ പാത്രത്തിൽ തന്നെ ഇടും. വേണ്ടവണ്ണം ദ്രവിച്ചു ചേർന്നാൽ തിരുമ്മിക്കഴുകി ചണ്ടിയെല്ലാം നീക്കം ചെയ്യുന്നു. ഈ ചാറ് വെയിലത്ത് വെച്ച് സൂര്യതാപംകൊണ്ട് കുറുക്കുന്നു. വെയിലേറ്റ് കുറുകി കട്ടിയാകുമ്പോൾ, നാലൗൺസ് തൂക്കമുള്ള കഷണങ്ങളായി മുറിച്ച് വിദേശങ്ങളിലേക്ക് കയറ്റി അയക്കും. ഇതാണ് നമ്മുടെ രാജ്യത്ത് (ഇറ്റലി) ലഭിക്കുന്ന നീലം. അതിശക്തിയായ ചൂടാണ് ഇവിടെയെങ്ങും. നട്ടുച്ച നേരത്ത് കോഴിമുട്ട പുഴുങ്ങിയെടുക്കാനുള്ള ചൂടുണ്ടാകും, ഇവിടുത്തെ നദികളിലെ വെള്ളത്തിന്!

## നാളികേരം (മലബാർ)

മലബാറിൽ കുരുമുളകും, ഇഞ്ചിയും, ഇന്ത്യൻ കായയും (നാളികേരം) സമൃദ്ധിയായി ഉണ്ടാകുന്നുണ്ട്. അതീവ നേർമ്മയുള്ള മനോഹര വസ്ത്രങ്ങൾ ഇവിടെ നെയ്യുന്നുണ്ട്. വിദേശ വ്യാപാരികൾ ഇവിടേക്ക് ചെമ്പ്, സ്വർണ്ണം, വെള്ളി, പട്ടുവസ്ത്രങ്ങൾ, ചില സുഗന്ധദ്രവ്യങ്ങൾ, ജടാമാഞ്ചി എന്നിവ കൊണ്ടുവരുന്നു. അവയ്ക്ക് പകരം ഇവിടുത്തെ ഉൽപന്നങ്ങൾ കയറ്റിക്കൊണ്ടു പോകുന്നു.

ലോകത്തിന്റെ നാനാഭാഗത്തുനിന്നും പ്രത്യേകിച്ച് ചൈനയിൽ നിന്നും മലബാറിലേക്ക് കച്ചവടത്തിനായി ധാരാളം കപ്പലുകൾ വരുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിലേക്കും ഇവിടെനിന്ന് കുരുമുളകും തുണിയും മറ്റും കയറ്റിക്കൊണ്ടുപോകുന്നു. ചൈനക്കാർ മാത്രം ദിനംപ്രതി 10449 പൗണ്ട് കുരുമുളക് വാങ്ങുന്നുണ്ട്.

## തയ്യൽക്കാരില്ലാത്ത നാട് (കോറമണ്ഡലം)

“ഈ സംസ്ഥാനം മുഴുവൻ തിരഞ്ഞാലും ഒരു തയ്യൽക്കാരനെ കണ്ടെത്താൻ കഴിയുകയില്ല. കാരണം തയ്യൽക്കാരന്റെ ആവശ്യമില്ല ഇവിടെ എന്നതുതന്നെ. ഇവിടത്തുകാർ കോട്ടോ ഷർട്ടോ ധരിക്കുന്നില്ല. ഒരു തുണിക്കഷണം അരയിൽ തൂക്കിയിടുക മാത്രമേ ചെയ്യാറുള്ളൂ. മറ്റു ശരീര ഭാഗങ്ങളെല്ലാം നഗ്നമായിക്കിടക്കും. ഇവിടത്തെ ശക്തിയായ ചൂടായിരിക്കാം ഇത്തരത്തിനലുള്ള വസ്ത്രധാരണ രീതി സ്വീകരിക്കാൻ കാരണം.

ഇവിടുത്തെ രാജാവിന്റെ വസ്ത്രധാരണവും ഇതിൽനിന്നു ഭിന്നമല്ല. അർദ്ധനഗ്നനാണ് രാജാവും. എന്നാൽ അദ്ദേഹത്തിന്റെ വസ്ത്രം വിലപിടിച്ചതും രത്നഖചിതവുമായിരിക്കും. ഇതിനും പുറമെ പട്ടുചരടിൽ കോർത്ത രത്നമാല കഴുത്തിലണിഞ്ഞിരിക്കും. 108 രത്നങ്ങളോ മുത്തുകളോ ആയിരിക്കും ആ മാലയിലുണ്ടായിരിക്കുക. കാലത്തും വൈകുന്നേരവും ഈ മാല കൈയിലെടുത്ത് മുത്തുകൾ ഓരോന്നായി എണ്ണി പരമശിവ, പരമശിവ എന്നു ജപിക്കുന്നു. കൈകാലുകളിൽ രത്നങ്ങൾ പതിച്ച കാപ്പുകളും കൈവിരലുകളിൽ രത്നഖചിതമായ മോതിരങ്ങളും അണിയുന്നു.

### അർദ്ധനഗ്നരായ പടയാളികൾ (കോറമണ്ഡലം)

ഇവിടുത്തെ ജനങ്ങൾ യുദ്ധതൽപ്പരരല്ല. എങ്കിലും പടയാളികളുണ്ട്. അവരെല്ലാം അർദ്ധനഗ്നരാണ്. വാളും പരിചയുമാണ് യുദ്ധോപകരണങ്ങൾ. ഇവർ മൃഗങ്ങളെ കൊല്ലാറില്ല”.

### പരുത്തിനാര്

ലോകത്തിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന പ്രകൃതിജന്യ നാരാണ് പരുത്തി. അതിനാൽ പരുത്തിനാരിനെ യൂണിവേഴ്സൽ ഫൈബർ’ അഥവാ ‘സാർവ്വത്രികനാര് എന്നാണറിയപ്പെടുന്നത്. പ്രാചീന ഇന്ത്യക്കാർ സുമാർ ഏഴായിരം വർഷങ്ങൾക്കു മുൻപാണ് ആദ്യമായി പരുത്തികൃഷി ചെയ്തിരുന്നതെന്നു കരുതപ്പെടുന്നു. എന്നാൽ ഇന്ന് ലോകത്ത് ഏറ്റവുമധികം പരുത്തി ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. ചൈനയാണ് ഒന്നാ

മത്. പരുത്തി ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്നതാകട്ടെ അമേരിക്കയും.

ഗോസ്സിപിയം ഹിർസൂറ്റം എന്നാണ് പരുത്തിയുടെ ശാസ്ത്രീയ നാമം. പരുത്തിനാരിന്റെ 90% ലേറെയും സെല്ലുലോയിഡിനാൽ നിർമ്മിതമാണ്.

### സുവർണ്ണ നാര്

ചണമാണ് 'സുവർണ്ണനാര്' എന്നറിയപ്പെടുന്നത്. ചണ നൂലുപയോഗിച്ച് സഞ്ചികൾ, ചരടുകൾ, ടാർപോളിൻ, പരവതാനികൾ, ചാക്കുകൾ എന്നിവയാണ് പ്രധാനമായും ഉണ്ടാക്കുന്നത്. ലോകത്തിൽ ഏറ്റവുമധികം ചണനാര് ഉൽപാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ഇന്ത്യയിലെ ചണം കൃഷി പ്രധാനമായും പശ്ചിമ ബംഗാളിലെ ഹൂഗ്ലി നദിയുടെ തീരപ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ലോകത്തിലെ ചണം ഉൽപാദനത്തിന്റെ ഭൂരിപക്ഷവും നടക്കുന്നത് ഗംഗ-ബ്രഹ്മപുത്ര ഡൽറ്റാ പ്രദേശത്താണ്. ചണച്ചെടിയുടെ തണ്ടിൽ നിന്നാണ് ചണനാര് ലഭിക്കുന്നത്.



Cannanore Home Furnishing Products Consortium- ന് അവരുടെ ഫർണിഷിംഗ്, നിർമിതതരങ്ങൾ എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭിച്ചതിനെതുടർന്ന്, ആത്മനിർഭർഭാരത് പദ്ധതിയനുസരിച്ച് കേരള പോസ്റ്റൽ വകുപ്പ് പുറത്തിറക്കിയ പ്രഥമദിന കവർ (2022)

## ഭൗമസൂചികാ പദവി ലഭിച്ച വസ്ത്രങ്ങൾ

ഉൽപന്നങ്ങളുടെ പ്രാദേശിക തനിമയും, ഗുണനിലവാരവും ഉറപ്പാക്കാനുള്ള സംവിധാനമാണ് ഭൗമസൂചികാ പദവി അഥവാ ജ്യോഗ്രഫിക്കൽ ഇൻഡക്സ് (ജി.ഐ.). ഉൽപ്പന്നങ്ങളുടെ പേറ്റന്റ് അവകാശത്തിന് സമാനമായ ഒരു ഏർപ്പാടാണിത്. പ്രസ്തുത ഉൽപ്പന്നങ്ങളുടെ അനധികൃത നിർമ്മാണത്തിനും, വിപണനത്തിനും തടയിടുവാൻ ജി.ഐ. പദവി സഹായിക്കും. ഇന്ത്യയിൽ ഭൗമ സൂചികാ പദവി ലഭിച്ച വസ്ത്ര ഉൽപ്പന്നങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്;

**മൈസൂർ സിൽക്ക്:** ഇന്ത്യയിൽ ഏറ്റവുമധികം ഉൽപാദിപ്പിക്കപ്പെടുന്ന സിൽക്ക് തുണിത്തരങ്ങൾ കർണാടകയിലെ മൈസൂർ സിൽക്കിൽനിന്നുമാണ്.

**സേലം സിൽക്ക്:** തമിഴ് നാട്ടിലെ സേലത്ത് നിർമിക്കുന്ന സവിശേഷമായ വെൺപട്ടിന്ന് 2008 ൽ ഭൗമസൂചികാ പദവി ലഭിച്ചു. സേലം വെൺപട്ട് സാരികൾ പ്രസിദ്ധമാണ്.

**കാഞ്ചീപുരം പട്ട്:** ഇന്ത്യയിലെ പട്ടുസാരികളിൽ ഏറ്റവും പ്രശസ്തമായ ഒരിനമാണ് തമിഴ് നാട്ടിലെ കാഞ്ചീപുരത്ത് നിർമ്മിക്കുന്ന കാഞ്ചീപുരം പട്ട്, മൾബറി പട്ടിൽനിന്നാണ് കാഞ്ചീപുരം സിൽക്ക് സാരികൾ നെയ്യുന്നത്.

**അസം മൃഗാ സിൽക്ക്:** വന്യ സിൽക്ക് ഇനത്തിൽപ്പെടുന്നതാണ് അസമിലെ മൃഗാ സിൽക്ക്. അലക്കും തോറും തിളക്കം കൂടുന്നതാണ് ഇതിന്റെ പ്രത്യേകത. അസമിലെ സുവാൽകുചി മേഖലയാണ് ഇതിന്റെ നിർമ്മാണകേന്ദ്രം.

**പൊച്ചംപള്ളി സാരി:** തെലുങ്കാനയിലെ പൊച്ചം പള്ളിയാണ് പൊച്ചംപള്ളി സിൽക്ക് സാരിയുടെ പ്രധാന കേന്ദ്രം. വ്യത്യസ്തമായ ഡയിങ്ങ് രീതിയാണ് പൊച്ചംപള്ളി സാരികളുടെ പ്രധാന സവിശേഷത.

**ചന്ദേരി സാരി:** മധ്യപ്രദേശിലെ മാൾ, ബുന്ദേൽ ഖണ്ഡ് പ്രദേശങ്ങളിലാണ് ചന്ദേരി സാരികൾ നിർമ്മിക്കുന്നത്. സിൽക്ക്, കോട്ടൺ, സിൽക്ക്-കോട്ടൺ എന്നിങ്ങനെ മൂന്നിനം സാരികളാണ് ഉൽപ്പാദിപ്പിക്കുന്നത്. സവിശേഷമായ സ്വർണ്ണ ഡിസൈനുകൾ

ചന്ദേരി സാരിയുടെ പ്രത്യേകതയാണ്.

**കോട്ട ഡോറിയ സാരി:** ഏറ്റവും ഭാരം കുറഞ്ഞ ഇനത്തിൽ പെടുന്നവയാണ് കോട്ട ഡോറിയ സാരികൾ. രാജസ്ഥാനിലെ കോട്ടാ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്ന സിൽക്ക് സാരിയാണിത്.

**കോവൈ കോറ:** സിൽക്ക്, കോട്ടൺ എന്നിവ കൂട്ടിക്കലർത്തിയുണ്ടാക്കുന്ന നൂൽകൊണ്ട് നിർമ്മിക്കുന്ന കോവൈ കോറ സാരികൾ, തമിഴ് നാട്ടിലെ കോയമ്പത്തൂർ കേന്ദ്രീകരിച്ചാണ് ഉൽപാദിപ്പിക്കപ്പെടുന്നത്.

**ബനാറസ് സാരി:** ഉത്തർ പ്രദേശിലെ വാരണാസി മേഖലയിൽ മുഗൾ ഡിസൈനുകളിൽ നിർമ്മിക്കപ്പെടുന്ന ബാനറസ് പട്ടുസാരികൾ, താരതമ്യേന കനംകൂടിയ ഇനത്തിൽ പെട്ടവയാണ്.

**ഉപ്പഡ ജംദാനി സാരി:** ബംഗ്ലാദേശിൽ ഉടലെടുത്ത ശൈലിയിൽ നിർമ്മിക്കപ്പെടുന്ന ഉപ്പഡ ജംദാനി സാരികൾ, ആന്ധ്രാപ്രദേശിലെ ഈസ്റ്റ് ഗോദാവരി ജില്ലയിലെ ഉപ്പഡ മേഖലയിലാണ് വൻതോതിൽ ഉൽപ്പാദിപ്പിക്കപ്പെട്ടുവരുന്നത്. കനം കുറഞ്ഞ ഇനത്തിൽ പെടുന്നവയാണിത്.

**കാസർഗോഡ് സാരി:** കാസർഗോഡ് വീവേർസ് സഹകരണ സംഘം ഉദ്പാദിപ്പിക്കുന്ന പ്രത്യേക ഇനം സാരിക്ക് 2010ൽ ഭൗമ സൂചികാ പദവി ലഭിക്കുകയുണ്ടായി.
60-ാം നമ്പർ നൂല്കൊണ്ട് പ്രത്യേക ഡിസൈനിലും കളറിലും നെയ്തെടുക്കുന്ന ഇതിനെ കാസർഗോഡ് സാരി എന്നാണ് പൊതുവെ അറിയപ്പെടുന്നത്.

**കോട്ട്പാട് ഹാന്റ്ലൂം തുണിത്തരങ്ങൾ:** ഒഡീഷയിലെ കോരാപ്പുത്ത് ജില്ലയിലെ ആദിവാസി മേഖലയിലുള്ള കോട്ട്പ്പാട് ഗ്രാമത്തിലാണ് ഇവ നിർമ്മിക്കുന്നത്. നോനി ചെടിയുടെ കറ ഉപയോഗിച്ച് പ്രകൃതിദത്തമായ രീതിയിലാണ് കോട്ട്പാട് വസ്ത്രങ്ങൾക്ക് നിറം നൽകുന്നത്.

**ഷോലാപ്പൂർ ബെഡ്ഷീറ്റ്:** മഹാരാഷ്ട്ര സംസ്ഥാനത്തെ ഷോലാപ്പൂരിലും പരിസര പ്രദേശങ്ങളിലുമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഷോലാപ്പൂർ ബെഡ്ഷീറ്റ്, വിദേശങ്ങളിലേക്ക് വൻതോതിൽ കയറ്റു

മതി ചെയ്യപ്പെടുന്നു. ഇവയുടെ ഡിസൈനുകൾ അത്യാകർഷണീയവും അതിമനോഹരവുമാണ്.

**കളഹസ്തി കലംകാരി:** വിജയനഗര സാമ്രാജ്യത്തിന്റെ കാലഘട്ടത്തിൽ രൂപംപൂണ്ട ശൈലിയിൽ, തുണികളിൽ കൈകൊണ്ട് ചിത്രം വരച്ചുചേർക്കുന്ന സമ്പ്രദായമാണ് കലംകാരി എന്നറിയപ്പെടുന്നത്. ആന്ധ്രപ്രദേശിലെ ചിറ്റോർ ജില്ലയിലെ കളഹസ്തിയിലാണ് സവിശേഷമായ കലംകാരി തുണിത്തരങ്ങൾ നിർമ്മിക്കപ്പെടുന്നത്.

[NB: മുകളിൽ പറഞ്ഞവ കൂടാതെ ഏതാനും ഇനം തുണിത്തരങ്ങൾക്കു കൂടി ഭൗമ സൂചികാ പദവി ലഭിച്ചിട്ടുണ്ട്. ഇവയൊക്കെയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കൈത്തറി വസ്ത്ര നിർമ്മാണ വിദ്യ, അല്ലെങ്കിൽ രീതി, നാളിതുവരെയായി കാലോചിതമായി പരിഷ്കരണത്തിന് വിധേയമാക്കപ്പെട്ടിട്ടില്ലെന്നും, ഇക്കാര്യത്തിൽ നാം ബഹുദൂരം പിന്നിലാണെന്നും കാണാൻ പ്രയാസമില്ല.]

## വടക്കൻ പാട്ടിലെ നെയ്ത്ത്

വടക്കൻ പാട്ടിൽ നെയ്ത്ത് ജോലിയെയും കൃഷിപ്പണിയെയും പരോക്ഷമായി പരാമർശിച്ചിട്ടുണ്ട്. ആരോമൽ ചേകവർ അങ്കത്തിനു പോകുന്നതിനു മുമ്പ് അച്ഛനമ്മമാരുമായി സംവാദത്തിലേർപ്പെടുന്നു. അങ്കത്തിൽ പരാജയപ്പെട്ടാലോ എന്നതായി സംസാരം. അപ്പോൾ അമ്മ പറയുന്നു:

“പഞ്ഞിപ്പരുത്തിക്ക് വിലയുണ്ടെങ്കിൽ
നൂല് നൂറ്റിട്ടു കഴിഞ്ഞുകൊള്ളാം.”
അപ്പോൾ അച്ഛൻ പറയുന്നു:
“നാഗപുരത്തുള്ളോരങ്ങാടിയിൽ
ഇരിമ്പോട് തൂമ്പായ്ക്കു വിലയുണ്ടെങ്കിൽ
കൈക്കോട്ടു കൊണ്ടു പുലർന്നുകൊള്ളാം.”

നെയ്ത്തും കൃഷിയും അക്കാലത്ത് നാദാപുരം ഭാഗങ്ങളിൽ തീയ്യരുടെ തൊഴിലുകളായിരുന്നു. അതിനാൽ ആ ജോലി ചെയ്തു ഞങ്ങൾ ജീവിച്ചോളാം എന്നാണ് ആരോമൽ ചേകവർക്ക് മാതാപിതാക്കൾ നൽകിയ സമാശ്വാസ വാക്കുകൾ.

## സഹകരണ മേഖല

കണ്ണൂർ ജില്ലയിൽ ആകെ 36 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ വിരലിലെണ്ണാവുന്നവയൊഴിച്ച് ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വീവേർസ് സർവീസ് സെന്റർ മുഖേന നിരവധി പേർക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി വരുന്നുവെങ്കിലും പലരും ഈ മേഖല സ്ഥിര ജോലിക്കായി തിരഞ്ഞെടുക്കുവാൻ വിമുഖത കാട്ടുന്നുവെന്ന് ബന്ധപ്പെട്ടവർ ചൂണ്ടിക്കാട്ടുന്നു. വേതനത്തിലുള്ള പോരായ്മ, സ്ഥിരം ജോലിയില്ലാത്ത അവസ്ഥ, കൃത്യമായി വേതനം ലഭിക്കാത്ത സ്ഥിതി വിശേഷം എന്നിവയൊക്കെ, തൊഴിലാളികളെ ലഭിക്കാതിരിക്കുന്നതിനുള്ള കാരണമായി പറയപ്പെടുന്നു.



കല്യാശ്ശേരി കൈത്തറി നെയ്ത്ത്
സഹകരണ സംഘം, കണ്ണൂർ

# വയനാട് ജില്ല

വയനാട് ജില്ലയിലെ ഏക ടെക്സ്റ്റയിൽ നിർമ്മാണകേന്ദ്രമാണ് തിരുനെല്ലി ആനപ്പാറയിൽ പ്രവർത്തിക്കുന്ന നെയ്ത്ത് ഗ്രാമം എന്ന റിയപ്പെടുന്ന വയനാട് ഹാന്റ്ലൂം, പവർലൂം & മൾട്ടി പർപ്പസ് ഇന്റ സ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

വയനാട് ജില്ലയിലെ ആദിവാസി മേഖലയിലെ പ്രത്യേക സാഹ ചര്യത്തിൽ എത്തിപ്പെട്ട, അതായത് അവിവാഹിതരായ അമ്മമാരുടെ അതിജീവനത്തെ ഉദ്ദേശിച്ചാണ് ഈ സ്ഥാപനം ആരംഭിച്ചത്. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ ഫെഡറേഷന്റെ കീഴിലുള്ള സംസ്ഥാനത്തെ 4 സംഘങ്ങളിൽ ഒന്നാണിത്. ഈ സംഘത്തിൽ പവർലൂമിൽ കോട്ടൺ തുണികൾ ഉൽപാദിപ്പിക്കുന്നു. ഒപ്പം കൈത്തറിയിലും തുണിത്തര ങ്ങൾ നിർമ്മിക്കുന്നു. നെയ്ത്തുകാർക്ക് അവരവരുടെ അഭിരുചിക്കും കഴിവിനുമൊത്ത് ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് പ്രവർത്തിക്കു വാൻ സാധ്യമാക്കുന്ന ഒരു സമ്പ്രദായമാണ് ഇവിടെ പിന്തുടരുന്നത്.

ഈ സംഘത്തിനു കീഴിൽ മാനന്തവാടി, മീനങ്ങാടി, തിരുനെല്ലി, തൃശ്ശിലേരി എന്നിവിടങ്ങളിലായി നാല് ഷോറുമുകൾ പ്രവർത്തിക്കു ന്നതിനാൽ വിറ്റുവരവിലൂടെ ദൈനംദിന പ്രവർത്തനത്തിനുള്ള ഫണ്ട് ലഭ്യമാകുന്നുവെന്നു സെക്രട്ടറി അറിയിച്ചു. ഇത് സംഘത്തി ന്റെ പ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ നിർണാ യകമായ സ്വാധീനം ചെലുത്തുന്നതായി കാണാവുന്നതാണ്. തൃശ്ശി ലേരിയിലും, 20 കിലോമീറ്റർ അകലെയുള്ള തിരുനെല്ലിയുമായി രണ്ടു യൂണിറ്റുകളായിട്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

1999 ൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഉൽഘാടനം നിർവ ഹിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ വിവിധ മേഖലകളിൽ നിന്നുള്ള 70-ലധികം പേർ ജോലി ചെയ്തുവരുന്നു. അതിൽ 62 പേർ സ്ത്രീക ളും ബാക്കി പുരുഷന്മാരുമാണ്. നേരത്തെ പരാമർശിച്ച പ്രാഥമിക ലക്ഷ്യത്തിൽ നിന്നും, വ്യതിചലച്ചിട്ടാണെങ്കിലും, ഇപ്പോഴും ആദിവാ സിമേഖലയിൽ നിന്നുള്ളവർക്ക് ഈ സ്ഥാപനം ഒരത്താണിയാ ണെന്ന കാര്യത്തിൽ സംശയമില്ല. അത് അവർ പരമാവധി ഉപയോഗ

പ്പെടുത്തിവരുന്നുണ്ട് എന്നത് ചാരിതാർത്ഥ്യജനകമാണ്.

യന്ത്രത്തറിയിലുൽപാദിപ്പിക്കുന്ന സാധനങ്ങൾ WHIPCOS എന്ന വ്യാപാര മുദ്രയിലൂടെയാണ് മാർക്കറ്റിലെത്തിക്കുന്നത്. താരതമ്യേന വിലക്കുറവുള്ളതിനാൽ ഇവക്ക് നല്ല ഡിമാന്റുണ്ടെന്നു പറയപ്പെടുന്നു.



വയനാട് കൈത്തറിഗ്രാമം

താരതമ്യേന കൈത്തറി നെയ്ത്തിനു വേരോട്ടമില്ലാത്ത ജില്ലയാണ് വയനാട്. പരമ്പരാഗതമായി നെയ്ത്ത് തൊഴിലാക്കിയിട്ടുള്ളവർ ഇവിടെ എത്തിച്ചേരാത്തതാണ് അതിന്റെ കാരണം എന്നു പറയാം. ജില്ലാ രൂപീകരണം വരെ കോഴിക്കോട് - കണ്ണൂർ ജില്ലകളിൽ പാതി പാതി പ്രദേശങ്ങൾ ഉൾച്ചേർന്നിരുന്നതിനാൽ, കൈത്തറി തുണി രണ്ടു ജില്ലകളിൽ നിന്നും ഇവിടെ എത്തിച്ചേരാൻ പ്രയാസമുണ്ടായിരുന്നില്ല. അതിനാൽ സ്വന്തമായ തുണി നിർമ്മാണത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിരുന്നില്ല എന്നു വേണം കരുതാൻ. അതിനാൽ ഇവിടെയുള്ള ഏക സഹകരണ നെയ്ത്തു പദ്ധതി ആരംഭിക്കാൻ സർക്കാർ തന്നെ മുൻകൈ എടുക്കേണ്ടിവന്നു എന്ന് കരുതേണ്ടിയിരിക്കുന്നു.

# കാസർഗോഡ് ജില്ല

കേരളത്തിലെ സ്ത്രീജനങ്ങളുടെ ഇഷ്ടവസ്ത്രമായ സാരി ഉൽ പാദത്തിലൂടെ കൈത്തറി മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പി ച്ച ഒരു ജില്ലയാണ് കാസർഗോഡ്. ഇവിടെ വിദ്യാനഗറിൽ പ്രവർത്തി ക്കുന്ന കാസർഗോഡ് വിവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാ ണ് സാരി നിർമ്മാണത്തിൽ തങ്ങളുടേതായ ഒരിടം കണ്ടെത്തി വിജയിച്ചത്. തന്മൂലം 'കാസർഗോഡ് സാരി' എന്ന ഒരു വിശേഷണം ആ ഉല്പന്നത്തിന് ലഭിച്ചു. വമ്പിച്ച സ്വീകരണമാണ് പ്രസ്തുത സാരി ക്ക് കൈവരിക്കാൻ കഴിഞ്ഞത്. അതിനെ തുടർന്ന് ഭാരത സർക്കാ റിന്റെ ടെക്സ്റ്റയിൽ മന്ത്രാലയം നൽകുന്ന 'ഭൗമസൂചികാ പദവി' (Geographical Indication Tag) നേടിയെടുക്കുവാൻ കാസർഗോഡ് സാരിക്കു സാധിച്ചിട്ടുണ്ട്. നേരത്തെ ഇത് കോട്ടണിലും, സിൽക്കിലും ഒരു പോലെ ഉൽപാദിപ്പിച്ചിരുന്നുവെങ്കിലും, ഇപ്പോൾ കോട്ടൺ സാരി മാത്രമാണ് നിർമ്മിച്ചുവരുന്നത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ കർശനമായ ഗുണനിയന്ത്രണ പരിശോധന യാണ് ഈ ഉൽപ്പന്നത്തിന്റെ മേന്മ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നത് എന്ന് സ്ഥാപനത്തിന്റെ ഭാരവാഹികൾ ചൂണ്ടിക്കാട്ടുന്നു.

ശാലിയ, എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ട 40 ഓളം പേർ ഇവിടെ ജോലിചെയ്യുന്നു. സാരിക്കു പുറമെ ചൂരിദാർ മെറ്റീരിയൽ, മുണ്ട്, ടവ്വൽ, ബെഡ് ഷീറ്റ് എന്നിവയും ഇവിടെ ഉൽപാദിക്കപ്പെടു ന്നുണ്ട്.

ഹരിജനോദ്ധാരണം ലക്ഷ്യമാക്കി അവർക്ക് തൊഴിൽ നൽകു ന്നതിനായി കാഞ്ഞങ്ങാട് ആനന്ദാശ്രമത്തിന്റെ നേതൃത്വത്തിൽ രൂപീ കരിക്കപ്പെട്ട ഒരു സ്ഥാപനമാണ് ഇന്നത്തെ രാംനഗർ വിവേർസ് ഇന്റ സ്ട്രിയൽ സഹകരണ സംഘം. നേരത്തെ ഇത് സഹകരണ സ്ഥാപ നമായിരുന്നില്ല. 1968 മുതൽ സഹകരണസംഘമായി രജിസ്റ്റർ ചെയ്ത പ്രവർത്തിച്ചുവരുന്നു. ഹരിജനോദ്ധാരണ പ്രവർത്തനം ഉദ്ദേശിച്ച് ആനന്ദാശ്രമാധിപൻ സ്വാമിരാംദാസ്, ശിഷ്യയായ കൃഷ്ണഭായ്,

സച്ചിദാനന്ദ സ്വാമി തുടങ്ങിയവരാണ് ഈ പ്രസ്ഥാനത്തിന് ബീജാപാവം നൽകിയത്. ഇപ്പോൾ ഹരിജനങ്ങളോടൊപ്പം നാനാജാതിക്കാരും ഇവിടെ ജോലി ചെയ്തുവരുന്നു. 32 സ്ത്രീകളും ഒരു പുരുഷനുമുൾപ്പെടെ 33 പേരാണിവിടെ ജോലി ചെയ്യുന്നത്. പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചിട്ടാണെങ്കിലും ഇന്നും പ്രവൃത്തിപഥത്തിൽ നിലനിൽക്കാൻ ഇതിന് സാധിക്കുന്നുണ്ട് എന്നത് വലിയ കാര്യമാണ്.

ഇവയ്ക്ക് പുറമെ നീലേശ്വരം വിവേർസ് സഹകരണ സംഘം, മാണിയാട്ട് വീവേർസ് സഹകരണ സംഘം, തൃക്കരിപ്പൂർ വീവേർസ് സഹകരണസംഘം, പെർല എസ്.എൻ.വീവേർസ് സഹകരണ സംഘം എന്നിവയും കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നു. പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തി എല്ലാ സംഘങ്ങളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായാണ് പൊതുവെയുള്ള സ്ഥിതി.




കാസർഗോഡ്
നെയ്ത്ത്
സഹകരണ സംഘം,
കാസർഗോഡ്



നീലേശ്വരം
വീവേർസ് സൊസൈറ്റി,
കാസർഗോഡ്



രാംനഗർ വിവേർസ് ഇന്റസ്ട്രിയൽ സഹകരണ സംഘം



കാസർഗോഡ് വീവേർസ് സഹകരണസംഘം നിർമിച്ച കാസർഗോഡ് സാരിക്ക് ഭൗമസൂചികാപദവി ലഭിച്ചതിനെ തുടർന്ന് കേരള പോസ്റ്റൽ സർക്കിൾ പുറത്തിറക്കിയ പ്രഥമദിനകവർ (2021)

# കോഴിക്കോട് ജില്ല

മലബാറിൽ കണ്ണൂർ ജില്ല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ നെയ്ത്ത് ഉപജീവനമാർഗമാക്കിയിട്ടുള്ള ജില്ലയാണ് കോഴിക്കോട്. മലബാറിന്റെ തുണി നിർമ്മാണമേഖലക്ക് കാര്യമായ സംഭാവന നൽകിയിട്ടുള്ള ജില്ല കൂടിയാണ് കോഴിക്കോട്.

കാസ്റ്റ് വീവേർസ് (Cast Weavers) എന്നറിയപ്പെടുന്ന ചാലിയ സമൂഹം ഇവിടെയാണ്. രൂപപ്പെട്ടത് എന്നത് കൈത്തറിയുടെ ചരിത്രത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. പഴയ കാലത്തെ വെയ്പ്പൂരെന്ന ബേപ്പൂരിൽ നിന്നും ചാലിയത്തേക്ക് അധികം ദൂരമില്ല. ഒരു പുഴ കടന്നാൽ മതി. ചാലിയാർ പുഴയുടെ അക്കരെയിക്കരെയായി ചാലിയവും ബേപ്പൂരും സ്ഥിതിചെയ്യുന്നു. തെക്ക് കടലുണ്ടി പുഴയും, വടക്ക് ചാലിയാറും പടിഞ്ഞാറ് അറബിക്കടലും അതിരിടുന്ന ചാലിയം ദേശം വെറും പതിനൊന്ന് ഏക്കറിന്റെ വിസ്തൃതിയുള്ള ഒരു ഉപദ്വീപാണ്, ഇന്നും, എന്നും. വിദേശ സഞ്ചാരികളുടെ യാത്രാവിവരണങ്ങളിൽ ഇതിനെ 'ശാലിയത്ത്' എന്നാണ് പരാമർശിച്ചിട്ടുള്ളത്.

### ചാലിയരുടെ ഉത്ഭവം

ചേരമാൻ പെരുമാൾ കാഞ്ചീപൂരത്തു നിന്നും ഏതാനും തുണിനെയ്ത്തുകാരെ കൊണ്ടുവന്ന് ഇന്നത്തെ ചാലിയം ഉപദ്വീപിൽ താമസിപ്പിച്ചുവെന്നാണ് പ്രബലമായ ഐതിഹ്യം. എന്നാൽ കോഴിക്കോടിന്റെ അധിപനായ സാമൂതിരി രാജാവ്, കൊട്ടാരത്തിലേക്കാവശ്യമായ വസ്ത്രങ്ങൾ നെയ്തുണ്ടാക്കുവാനായി ആന്ധ്രയിൽ നിന്നും കൂട്ടിക്കൊണ്ടുവന്ന തുണിനെയ്ത്തുകാരെയും ചാലിയം ഉപദ്വീപിൽ കുടിയിരുത്തിയെന്ന് പറയപ്പെടുന്നു. ഈ രണ്ടു വിഭാഗവും തുണി നെയ്യുന്നവരാണെങ്കിലും, രണ്ടു രീതികളാണ് ഇവർക്കിടയിലുണ്ടായിരുന്നത്. ഒരാൾ 'ഓടം' ഇടം കൈ ഉപയോഗിച്ച് പായിക്കുമ്പോൾ, മറ്റെ വിഭാഗക്കാർ വലം കൈ ഉപയോഗിച്ചാണ് ഇതു ചെയ്തിരുന്നത്. കേരളത്തിനു പുറത്തു നിന്നും കൂട്ടിക്കൊണ്ടുവന്ന ഇവരെ

കേരളത്തിനകത്ത് കുടിയിരുത്തി, മറ്റിതര ജാതിക്കാരുമായി കൂടിപഴകാൻ, അക്കാലത്തെ ജാതിസ്പർദ്ധ അനുവദിക്കുമായിരുന്നില്ല. അത് രാജാവായിരുന്നാൽ പോലും. അതിനാലായിരിക്കാം ഇവരെ മറ്റാരും അധികം ചെന്നെത്താത്ത ഈ ഉപദ്വീപിൽ കുടിയിരുത്തിയതെന്ന് അനുമാനിക്കാം. മാത്രമവുമല്ല ഇവരൊക്കെ ജാതിയിൽ മികച്ചവരാണെന്ന് കരുതപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അത്. അങ്ങിനെയുള്ളവർക്ക് പൊടുന്നനെ മറ്റിതര ജാതിക്കാരുമായി ഇടപഴകാനും പൊരുത്തപ്പെട്ടു പോകാനും ഉള്ള സാധ്യതയും കുറവായിരുന്നു.

ഈ രണ്ടുവിഭാഗക്കാരുടെ വരവോടെ ചാലിയത്ത് ധാരാളം കുഴിത്തറികളുണ്ടാവുകയും അവയിൽ നിന്നും യഥേഷ്ടം തുണിത്തരങ്ങൾ ഉൽപാദിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. എഡി1325 ൽ കേരളം സന്ദർശിച്ച ഇബ്നു ബത്തൂത്ത എന്ന വടക്കെ ആഫ്രിക്കയിലെ മൊറോക്കോ രാജ്യത്തെ പൗരനായ ലോകസഞ്ചാരി, തന്റെ സഞ്ചാര കൃതിയിൽ കോഴിക്കോടിനെ മാത്രമല്ല, ചാലിയത്തേയും വിശദമായി പരാമർശിച്ചിട്ടുണ്ട്. "ഏറ്റവും മനോഹരമായ പട്ടണമാണ് ചാലിയം. ജനങ്ങളുടെ പ്രധാനതൊഴിൽ നെയ്ത്താണ്. വിദഗ്ദരായ തൊഴിലാളികൾ നെയ്യുന്ന വസ്ത്രങ്ങൾ അതീവമർദ്ദവമുള്ളതും, മനോഹരവുമാണ്. ഇവിടുത്തെ സ്ഥലപ്പേരിലാണ് അവ അറിയപ്പെടുന്നത്." (ഉദാ: ചാലിയ തോർത്ത്, ചാലിയക്കര മുണ്ട് മുതലായവ).

(അവലംബം: സഞ്ചാരികൾ കണ്ട കേരളം- വേലായുധൻ പണിക്കശ്ശേരി)

ഇത്തരത്തിൽ ചാലിയത്ത് വ്യാപിച്ച ഇടംകൈ-വലംകൈ വിഭാഗത്തിൽപ്പെട്ട നെയ്ത്തുകാർ, തുടർന്നുണ്ടായ വിദേശ കോയ്മകളുടെ രാഷ്ട്രീയവടം വലിയിൽപെട്ട് നട്ടം തിരിഞ്ഞോടിയതിന്റെ കഥയാണ് തുടർന്നുള്ള ചാലിയത്തിന്റെ ചരിത്രം.

ഇസ്ലാം മത പ്രചരണത്തിനായി കേരളത്തിൽ ആദ്യമെത്തിയ മാലിക് ഇബ്നു ദീനാറും അനുചരരും താരതമ്യേന വിജനമായ ചാലിയം ഉപദ്വീപിൽ ഒരു ജുമാഅത്ത് പള്ളി സ്ഥാപിച്ചിരുന്നു. (ചാലിയത്തിനു പുറമെ ഹേലി മാറാവി (ഏഴിമല) ഫാക്കനൂർ (ബാർക്കൂർ മഞ്ചറൂർ (മംഗലാപുരം) കാഞ്ചർക്കൂത്ത് (കാസർക്കോട്) ജൂർ ഫത്താൻ (ശ്രീകണ്ഠാപുരം) ദഹ്ഫത്തൻ (ധർമ്മടം) ഫന്ദറീന (പന്തലായിനി) എന്നിവിടങ്ങളിലും അവർ സ്ഥാപിച്ച പള്ളികൾ കേരളത്തിലെ ആദ്യ മുസ്ലീം പള്ളികളെന്നറിയപ്പെടുന്നു.) ഇതോടെ, ചാലിയത്തിലേക്ക് ഏതാനും മുസ്ലീം കുടുംബങ്ങളും എത്തിത്തുടങ്ങി. മുസ്ലീങ്ങൾക്ക്

പൊതുവേ ജാതി വിവേചനം ഇല്ലാത്തതിനാൽ, അവരുമായി സഹ കരിച്ചു ജീവിക്കുവാൻ നെയ്ത്തുകാരുടെ കുടുംബങ്ങൾക്കും പ്രയാ സം  തോന്നിയിരിക്കില്ല.

വിദേശ ശക്തികളായി എത്തിച്ചേർന്ന പോർച്ചുഗീസുകാർ, നേര ത്തെ കോഴിക്കോട്  കെട്ടിയ കോട്ട, സാമൂതിരി പിടിച്ചടക്കി, അവരെ കോട്ടയിൽ നിന്നും പുറത്താക്കി. കോഴിക്കോട് താവളം നഷ്ടപ്പെട്ട പോർച്ചുഗീസുകാർ, താനൂർ രാജാവുമായി കൂടിയാലോചിക്കുകയും, അദ്ദേഹത്തിന്റെ ശുപാർശയാൽ അവർക്ക് ചാലിയത്ത് കോട്ട നിർമ്മി ക്കാനുള്ള അനുവാദം സാമൂതിരിയിൽ നിന്നും നേടിയെടുക്കുവാനും സാധിച്ചു. കോഴിക്കോടിനെക്കാൾ തന്ത്രപ്രാധാന്യം കൂടിയ ചാലി യത്ത് കോട്ട നിർമ്മിക്കാൻ ലഭിച്ച  അവസരം മുതലെടുത്തുകൊണ്ട് പറങ്കികൾ, അവിടെ നേരത്തെയുണ്ടായിരുന്ന പ്രസിദ്ധമായ മുസ്ലീം പള്ളിയും ഖബറുകളും അടക്കം പൊളിച്ചുമാറ്റിക്കൊണ്ട്, എ.ഡി1531ൽ ചാലിയത്ത് ഒരുഗ്രൻ കോട്ട നിർമ്മിച്ചു.

പോർച്ചുഗീസുകാരുടെ അക്രമണങ്ങളും, അനീതികളും, കണ്ണിൽ ചോരയില്ലാത്ത കൊലപാതകങ്ങളും അസഹനീയമായ തോതിൽ വർദ്ധിച്ചതോടെ, അവരെ നാട്ടിൽ നിന്നും ഓടിച്ചില്ലെങ്കിൽ നാട് മുടി ഞ്ഞുപോകുമെന്ന്, പുതുതായി സ്ഥാനമേറ്റ സാമൂതിരിക്കു തോന്നി ത്തുടങ്ങി. അതിനാൽ അവരോട് യുദ്ധം ചെയ്യുവാനും, ചാലിയം കോട്ട പിടിച്ചടക്കുവാനും സാമൂതിരി തീരുമാനമെടുത്തു. കോട്ടയുടെ പടിഞ്ഞാറു വശം അറബിക്കടലായതിനാൽ, കടലിൽ കൂടിയുള്ള ആക്രമണത്തിന് മുസ്ലീം നേതാക്കളെ കണ്ട് സഹായം അഭ്യർത്ഥിച്ചു. കുഞ്ഞാലിമരക്കാർ മൂന്നാമൻ അടക്കം വലിയൊരു മുസ്ലീം സൈന്യം സാമൂതിരിയെ സഹായിക്കാനെത്തി. എ.ഡി. 1569 – ൽ അവർ  എല്ലാ വരും ചാലിയത്ത് ഒത്തു കൂടി കോട്ട വളഞ്ഞു. കോട്ടയിലുള്ളവർക്ക് പുറത്തേക്കോ, പുറത്തുള്ളവർക്ക് അകത്തേക്കോ കരയിലൂടെയോ, കടലിലൂടെയോ പ്രവേശനമുണ്ടായില്ല. ഇപ്രകാരം കാവൽ ശക്തി പ്പെടുത്തിയതിനാൽ, കോട്ടക്കുള്ളിൽ ഭക്ഷണക്ഷാമം കൊടുമ്പിരി ക്കൊള്ളുകയും, പട്ടിണിമൂലം തങ്ങൾ മരിച്ചുപോകുമെന്ന ഘട്ടം എത്തിയപ്പോൾ, പറങ്കികൾ സാമൂതിരിയുമായി സന്ധി ചെയ്യുവാൻ മുന്നോട്ടു വരികയും ചെയ്തു. തൽഫലമായി ദൂതൻ മുഖേന നടന്ന സന്ധി സംഭാഷണത്തിൽ തങ്ങളുടെ കൈവശമുള്ള എല്ലാ പീരങ്കി കളും, ഈ യുദ്ധത്തിൽ ഉണ്ടായിട്ടുള്ള ചിലവും സാമൂതിരിക്കു

നൽകാമെന്ന് അറിയിച്ചുവെങ്കിലും സാമൂതിരി കൂട്ടാക്കിയില്ല. തുടർന്ന് തങ്ങളുടെ ജീവൻ ഒഴികെ മറ്റെല്ലാ വസ്തുക്കളും നിരുപാധികം വിട്ടുതരാമെന്നും, ജീവഹാനി വരുത്താതെ അഭയസ്ഥാനത്തേക്കു പോകാൻ അനുവദിച്ചാൽ മാത്രം മതിയെന്നുമുള്ള അപേക്ഷ അംഗീകരിക്കപ്പെട്ടു. അതനുസരിച്ച് നിരായുധരാക്കപ്പെട്ട പോർട്ടുഗീസുകാരെ, അവരോട് നേരത്തെ മമതയുള്ള താനൂർ രാജാവിനോടൊപ്പം വിട്ടയച്ചു.

പോർച്ചുഗീസ് കോട്ടയിലുണ്ടായിരുന്ന പീരങ്കികളും മറ്റു യുദ്ധസാമഗ്രികളും സാമൂതിരി നീക്കം ചെയ്ത ശേഷം, കോട്ട നിശ്ശേഷം പൊളിച്ചുമാറ്റി. അതിന്റെ കല്ലും മരവും കുറെയെല്ലാം കോഴിക്കോട്ടേക്ക് കടത്തി. ബാക്കിയുള്ളത് പോർച്ചുഗീസുകാർ നേരത്തെ പൊളിച്ചു കളഞ്ഞ മുസ്ലീം പള്ളിയുടെ പുനർ നിർമ്മാണത്തിനായി അനുവദിക്കപ്പെട്ടു. അങ്ങനെ എ.ഡി.1569 ൽ പോർച്ചുഗീസുകാരെ കോഴിക്കോടു നിന്നും നിശ്ശേഷം തുടച്ചു നീക്കി. ഈ കഠിനവും ദുർഘടവുമായ പരിശ്രമത്തിൽ, സാമൂതിരിയെ സഹായിച്ചത് അദ്ദേഹത്തിന്റെ സാമന്തരായ മാപ്പിളമാരുടെ സമയോചിതവും വീരോചിതവുമായ ഇടപെടലുകളിലൂടെയായിരുന്നു എന്ന് മനസ്സിലാക്കിയ സാമൂതിരി ചാലിയം മുസ്ലീം പ്രമാണിമാർക്ക് പതിച്ചു കൊടുക്കാൻ തീരുമാനിച്ചതോടെ, ചാലിയമെന്നത് മുസ്ലീം ബാഹുല്യമുള്ള പ്രദേശമായി മാറ്റപ്പെട്ടു - അതിന്നും തുടരുന്നു. (കേരളം 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ -ശൈഖ് സൈനുദ്ദീൻ)

അതിനെതുടർന്ന് എ.ഡി.1573 ൽ കുറ്റിച്ചിറ പള്ളിയിൽ സാമൂതിരിയും മുസ്ലീം നേതാക്കളും കുഞ്ഞാലിമരക്കാർ മൂന്നാമന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വെച്ച്, പോർച്ചുഗീസുകാരെ തുരത്താൻ ആത്മാർത്ഥമായി സഹായിച്ച മുസ്ലീമുകൾക്ക് ചാലിയം വിട്ടുകൊടുക്കാൻ തീരുമാനിച്ചതായാണ് ഐതിഹ്യം.

ഈ യുദ്ധവും, പ്രതിരോധവും കോട്ട നശീകരണവും മുസ്ലീം അധിനിവേശവും ഒക്കെ ചേർന്ന് പ്രദേശത്ത് സ്വസ്ഥമായി താമസിക്കുവാൻ വയ്യാത്ത സ്ഥിതി വിശേഷം ഉണ്ടായതിൽ, പൊതുവേ സമാധാന പ്രിയരായ പരദേശി തുണിനെയ്ത്തുകാർ, ആശങ്കാകുലരായി. അവർ ചാലിയം വിടുന്നതിനെക്കുറിച്ച് ആലോചിച്ച് തുടങ്ങി. കൂടാതെ മുസ്ലീംകളുടെ അനിയന്ത്രിതമായ കടന്നുവരവ് അവരുടെ മനസമാധാനം തകർത്തു. ഈ പരിതസ്ഥിതിയിൽ, തങ്ങൾക്ക് അവിടെ

നിന്നും മാറുകയല്ലാതെ മറ്റുമാർഗ്ഗമില്ലെന്ന് അവർ സാമൂതിരി രാജാവിനെ അറിയിച്ചു. തങ്ങൾക്ക് സുഗമമായി വസ്ത്രം ലഭിക്കേണമെങ്കിൽ, ഇവരെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്ന് രാജാവിന്നറിയാം. അതിനാൽ അവരെ ചാലിയത്തു നിന്നും മാറ്റി, കോഴിക്കോടിന്റെ വടക്കൻ മേഖലകളായ കൊയിലാണ്ടി, വടകര എന്നിവിടങ്ങളിലെ സുരക്ഷിതസ്ഥാനങ്ങളിൽ കുടിപാർക്കാനുള്ള അനുവാദവും, അതിനുള്ള സ്ഥലവും രാജാവ് നൽകി. ഇത്തരത്തിൽ കോഴിക്കോട് രൂപംകൊണ്ട ആദ്യത്തെ ചാലിയ സങ്കേതമാണ്, ബേപ്പൂരി നടുത്തുള്ള കണ്ണഞ്ചേരി തെരുവ്. തുടർന്ന് കോഴിക്കോട് ജില്ലയിൽ അങ്ങളോമിങ്ങോളം നിരവധി ചാലിയ സങ്കേതങ്ങൾ ഉണ്ടാവുകയും, അവയൊക്കെ ആ പ്രദേശത്തിന്റെ പേരിൽ അറിയപ്പെട്ടു തുടങ്ങുകയും ചെയ്തു.

**വംശവിഛേദം**

ഇവരിൽ നേരത്തെ നിലനിന്നിരുന്ന ഉന്നത ചിന്ത, പുതിയ സ്ഥലങ്ങളിലെ കുടിയേറ്റ ജീവിതത്തെ സാരമായി ബാധിച്ചു. അവിടങ്ങളിലുള്ള സാമാന്യജനങ്ങളുമായി ഇടപഴകാൻ ഇവർ മടിച്ചു നിന്നു. പരസ്പര സഹകരണമില്ലാത്ത ഇവർക്കു സുഗമമായി ജീവിതം നയിക്കാനും, തൊഴിൽ ചെയ്യാനും സാധിക്കുകയില്ലെന്നു രാജാവ് മനസ്സിലാക്കി. അതിനാൽ അദ്ദേഹം തന്റെ മന്ത്രിമുഖ്യനായ മാങ്ങാട്ടച്ചനെ ചട്ടം കെട്ടിയതനുസരിച്ച്, മന്ത്രിമുഖ്യൻ ഏതാനും ചാലിയ പ്രമുഖരെ ക്ഷണിച്ച് സൽക്കരിക്കാൻ വിരുന്നൊരുക്കുകയും ആ വിരുന്നിലെ ഭക്ഷണത്തിൽ മത്സ്യ – മാംസങ്ങൾ സൂത്രത്തിൽ ഉൾച്ചേർക്കുകയും ചെയ്തു. അത്തരത്തിലുള്ള മാംസ ഭക്ഷണം കഴിച്ചതോടെ, ഇവർ ജാതിയിൽ താഴ്ന്നവരായി സാമൂതിരി പ്രഖ്യാപിക്കുകയും മറ്റു ഗത്യന്തരമില്ലാതെ അത് അവർക്ക് അനുസരിക്കേണ്ടിയും വന്നുചേർന്നു. ചാലിയരുടെ ഉന്നത കുല ജാതി ചിന്തയുടെ വംശവിച്ഛേദം വരുത്തിയ ഒരു സൂത്രപ്പണിയായിട്ടാണ് ഇത് ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്.

**തെരുവുകൾ രൂപം കൊള്ളുന്നു**

നാട്ടിൻ പുറങ്ങളിലേക്ക് കുടിയിരുത്തപ്പെട്ട നെയ്ത്തുകാർ, തദ്ദേ



ചാലിയം ഉപദ്വീപിലേക്ക് ഇന്നും നടന്നുവരുന്ന ജംഗാർ സർവ്വീസ്




ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഭൗമസൂചികാപദവി ലഭിച്ച
കൈത്തറി തുണിത്തരങ്ങൾ ഉൾക്കൊള്ളിച്ച്
തപാൽ വകുപ്പ് പുറത്തിറക്കിയ തപാൽ സ്റ്റാമ്പ് സെറ്റ് (2018).

ശീയരുമായി പരമാവധി അകലം പാലിക്കുവാനാവണം, ഇടവഴി യുടെയോ പാതയോരത്തോ നിരനിരയായി തൊട്ടുതൊട്ട് താമസി ക്കാനാരംഭിച്ചു. അവരുടെ അക്കാലത്തെ തുണിനെയ്ത്തിന് പരമാ വധി സഹകരണം ലഭിക്കാൻ ഇത്തരം ഒരു ജീവിതശൈലി സഹാ യിച്ചിരിക്കണം. ചാലിയത്തു നിന്നും വന്നു ചേർന്നവരായതിനാൽ നാട്ടുകാർ ഇവരെ ചാലിയർ എന്നു വിളിച്ചുവരികയും അത് ക്രമേണ അവരുടെ ജാതിപ്പേരായി തീരുകയുമാണുണ്ടായത്. ഇത്തരത്തിലുള്ള ഇവരുടെ സങ്കേതങ്ങളെ ചാലിയതെരുവ് എന്നാണ് പറഞ്ഞുവരു ന്നത്. ഇടം കൈയ്യൻമാരും വലങ്കയ്യന്മാരും ഇടകലർന്നാണ് ജീവി ക്കുന്നതെങ്കിലും അവരുടെ പരമ്പരഗാതമായ വ്യത്യസ്ത കുലദൈ വത്തെ അവർ എല്ലാ സങ്കേതങ്ങളിലും സ്ഥാപിച്ചു. ഇടംകൈകാ രുടെ കുലദൈവം ഭഗവതിയും വലങ്കൈകാരുടെ കുലദൈവം ഗണ പതിയുമാണ്. മിക്കവാറും തെരുവുകളിൽ വലങ്കൈകാർക്ക് മുൻതൂ ക്കമുള്ളതിനാൽ തെരുവുകളിൽ ഗണപതി മണ്ഡപത്തിനാണ് ഏറെ പ്രാധാന്യമുള്ളത്. ഇടം കൈ, വലം കൈ എന്നത് പഴയകാല തൊഴി ലുമായി ബന്ധപ്പെട്ട വേർതിരിവായതിനാൽ, ഇപ്പോൾ അവരുടെ യിടയിൽ അത്തരം വ്യത്യാസങ്ങളില്ല.

ഓരോ തെരുവിലും ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് അവ രിൽ ചിലർ അടുത്ത സ്ഥലത്തേത്ത് മാറി താമസിക്കുകയും അവിടെ പുതുതായി തെരുവുകൾ-സങ്കേതങ്ങൾ - ഉണ്ടായിത്തീരുകയും ചെയ്യുന്നത് പതിവായി. അങ്ങനെ ഉണ്ടായവയിൽ പലയിടത്തും 'പുതിയ തെരു' എന്ന പേരിൽ ഇപ്പോഴും ശാലിയ തെരുവുകൾ അറി യപ്പെട്ടു വരുന്നുണ്ട്. ഓരോ തെരുവിനോട് ചേർന്നും സ്ഥാപിച്ചിട്ടുള്ള ഗണപതി മണ്ഡലത്തിലെയും ഭഗവതി കാവിലെയും വാർഷിക ഉത്സ വം തെരുവുനിവാസികൾ വലിയ ആർഭാടത്തോടെയാണ് കൊണ്ടാടി വരുന്നത്.

ചാലിയരിൽ ഏതാണ്ട് 50 ശതമാനവും കുടുംബങ്ങൾ ഇപ്പോഴും ബി.പി.ൽ വിഭാഗക്കാരായി തുടരുകയാണ്. അപൂർവ്വം ചിലർ വിദേശ സഹവാസം കൊണ്ടും മറ്റും സമ്പരായിട്ടുണ്ടെങ്കിലും ബഹുഭൂരിപ ക്ഷത്തിന്റെ ജീവിതവും പരിതാപകരമായ സ്ഥിതിയിലാണ്.

**കൈത്തറിയിലെ കുതിപ്പ്**

എ.ഡി.1851 ൽ ഇന്ത്യയിൽ എത്തിച്ചേർന്ന മിസ്റ്റർ ഹെല്ലർ എന്ന നെയ്ത്തു വിദഗ്ദനാണ് നാമിന്നു കാണുന്ന തരത്തിലുള്ള മഗ്ഗവും (തറിയും) അതോടൊപ്പം ചക്രമുള്ള ഓടവും മലബാറിൽ പ്രചരിപ്പിച്ചത്. ഇവയുടെ പ്രചാരത്തോടെ കൈത്തറിയിലെ ഉൽപാദനം വർദ്ധിച്ചു. കുഴിത്തറി ഉപേക്ഷിച്ച് മുഴുവൻ പേരും 'മേശ മഗ്ഗം' എന്ന് അക്കാലത്ത് അറിയപ്പെട്ടിരുന്ന തറിയിലേക്ക് ചുവടുമാറി. അപ്പോഴും അവർ വീടുകളിലെ പരിമിതമായ സ്ഥലത്ത് സ്ഥാപിച്ച തറിയിൽ നിന്നും തുണി ഉല്പാദിച്ചു കൊണ്ട്, ഒറ്റത്തറിക്കാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

**സഹകരണ പ്രസ്ഥാനത്തിലേക്കുള്ള ചുവടുമാറ്റം**

സ്വന്തം വീടുകളിൽ നിന്നും സ്വയം നെയ്ത്തു ജോലി ചെയ്യുന്ന അസംഘടിതരായ ഒറ്റത്തറിക്കാരെ, ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, അവർക്ക് കേന്ദ്രീകൃത ഉൽപാദനം, വിപണനം, മെച്ചപ്പെട്ട വേതനം, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കാനായി സഹകരണ പ്രസ്ഥാനം മുന്നോട്ടു വന്നു. അതനുസരിച്ച് തെരുവുകൾ കേന്ദ്രീകരിച്ചും, അല്ലാതെയും നിരവധി നെയ്ത്ത് സഹകരണ സംഘങ്ങൾ രൂപീകൃതമായി. അത്തരത്തിൽ രൂപീകരിക്കപ്പെട്ട സഹകരണ സൊസൈറ്റികൾക്ക്, ഭൂമി, കെട്ടിടം, അനുബന്ധ സാധനങ്ങൾ എന്നിവ ലഭ്യമാക്കാൻ കേരള സർക്കാർ സാമ്പത്തിക സഹായം നൽകി. തൽഫലമായി നിരവധി നെയ്ത്ത് സഹകരണ സംഘങ്ങൾ ജില്ലയിലെമ്പാടും റജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു.

കോഴിക്കോടിനു പുറമെ കൊയിലാണ്ടി, വടകര എന്നീ താലൂക്കുകളിലായി 29 കൈത്തറി സഹകരണ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. അവയിൽ മിക്കതും നഷ്ടത്തിലാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്നവ വിരലിലെണ്ണാവുന്നവ മാത്രം. എല്ലാ സൊസൈറ്റികളും പിടിച്ചു നിൽക്കുന്നത് സർക്കാർ നൽകുന്ന സ്കൂൾ യൂണിഫോം തുണിയുടെ ഓർഡറും അതിന്റെ വരുമാനവും കൊണ്ടാണ്. അവയ്ക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമല്ലെന്നും, അവ ലഭിക്കുന്നതിന് ഏറെ കാലതാമസം നേരിടുന്നുവെന്നുമുള്ള പരാതി നിലനിൽക്കുന്നു.

ഈ കൈത്തറി സംഘങ്ങളിൽ നേരിട്ടുചെന്ന് സർവ്വെ നടത്തിയ

പ്പോൾ ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. അതിനനുസരിച്ച് ജില്ലയിലെ സംഘങ്ങളിൽ നിലവിലുള്ള തറികളിൽ ഏതാണ്ട് പകുതിയോളം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. നെയ്ത്തുകാരായ പുരുഷന്മാർ മറ്റിതരമേഖലകളിലേക്ക് ചേക്കേറുന്നതുമൂലം, നെയ്ത്തുകാരിൽ സ്ത്രീ –പുരുഷ അനുപാതം 2:1 ആണ്. കേന്ദ്രീകൃത വിപണന സൗകര്യമില്ലാത്തതിനാൽ, ഓണം, വിഷു തുടങ്ങിയ സീസണിൽ മാത്രം നടക്കുന്ന റിബേറ്റ് വില്പനയാണ് മിക്കസംഘങ്ങളുടെ വരുമാനത്തിലുള്ള ഏക പ്രതീക്ഷ. ഏതാനും സംഘങ്ങൾക്ക് സ്വന്തമായി ഷോറുമുകളുണ്ടെങ്കിലും, അവ ആധുനികരീതിയിൽ സജ്ജീകരിച്ച് ജനങ്ങളെ ആകർഷിക്കുവാൻ തക്കവണ്ണമുള്ള സംവിധാനത്തിൽ എത്തിച്ചേർന്നിട്ടില്ല. കൈത്തറി വ്യവസായത്തിന് അനുപേക്ഷണീയമായ അടിസ്ഥാനസൗകര്യങ്ങളായ ഡയിംഗ് (നിറംപിടിപ്പിക്കൽ) ഫിനിഷിംഗ് (കലണ്ടറിംഗ്) എന്നിവക്കുള്ള സൗകര്യം വളരെ വളരെ പരിമിതമാണ്. എല്ലാറ്റിനുമുപരി കേന്ദ്രഗവൺമെന്റ് കൈത്തറി വില്പനയ്ക്ക് 5 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത്, അതിന്റെ വിലയെ ബാധിച്ചെന്നതിനാൽ, അത് വില്പനയിലും പ്രതികൂല പ്രതിഫലനങ്ങളുണ്ടാക്കിയതായി ബന്ധപ്പെട്ടവർ പറയുന്നു.

**നവീനതയ്ക്ക് തടയിട്ടപ്പോൾ**

നെയ്ത്തുമേഖലയിൽ ലോകത്തിലെ ഒന്നാമത്തെ വൈവിദ്ധ്യവൽക്കരണത്തിന് തുടക്കം കുറിച്ചത് ഫ്രഞ്ച് പൗരനായ ജോസഫ് മേരി ജക്കാർഡ് എന്ന നെയ്ത്തുവിദഗ്ദനാണ്. 1804ൽ അദ്ദേഹം കണ്ടുപിടിച്ച് പാറ്റന്റ് നേടിയ നിർമ്മാണരീതിയാണ് ജക്കാർഡ് വീവിംഗ് എന്നറിയപ്പെട്ടിരുന്നത്. ഈ പുതിയ സംവിധാനത്തിന്റെ മാസ്മരികതകൊണ്ട് ഈ സമ്പ്രദായം ക്ഷണംപ്രതി ലോകത്താകമാനം പ്രചരിക്കുകയുണ്ടായി. കേരളത്തിലും സ്വകാര്യമേഖലയിലും പിന്നീട് സഹകരണമേഖലയിലും ജക്കാർഡ് തറികൾ സ്ഥാപിക്കുകയും, ഉൽപാദനം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രത്യേക ഡിസൈനിൽ തയ്യാറാക്കിയ രീതിയിലാണ് ജക്കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത്. ആദ്യം ഡിസൈൻ വരച്ചുണ്ടാക്കി, അതിന് അനുരൂപമായി പഞ്ചുചെയ്ത് പ്രത്യേകതരം കാർഡുപയോ

ഗിച്ചാണ് ജക്കാർഡിൽ തുണിനെയ്യുന്നത്. ഇതിൽ ചവിട്ടുന്നതിന് ഒരുകാൽ മാത്രമേ ആവശ്യമുള്ളൂ. കട്ടികൂടിയ വിരികൾ, ഷീറ്റുകൾ, ഫർണിഷിംഗ് തുണിത്തരങ്ങൾ, ഷാളുകൾ തുടങ്ങിയ അലങ്കാര വസ്ത്രങ്ങൾ, എന്നിവയിൽ അത്ഭുതകരമായ രൂപത്തിൽ നെയ്തെടുക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. പ്രവർത്തനത്തിന് അല്പം കായിക അധ്വാനം കൂടുമെന്നുള്ളതാണ് ഒരു പ്രധാന കടമ്പ.

**ലോകകമ്പോളം കീഴടക്കിയ കോഴിക്കോടൻ 'കാലിക്കോ'**

കോഴിക്കോട്ടെ ചാലിയ സമൂഹം നെയ്തുണ്ടാക്കിയ ഒരിനം തുണി 11ാം നൂറ്റാണ്ടു മുതൽക്കേ ലോക കമ്പോളത്തിൽ സ്വാധീനം ചെലുത്തിയ ഒരു ചരിത്രം കൂടിയുണ്ട്, കോഴിക്കോടിന്. പരുക്കനായതും, ഒറ്റയിഴനൂല് ഊടയും പാവും ആയി അല്പം അകലം വിട്ടു നെയ്തുണ്ടാക്കുന്നതുമായ ഒരിനം 'തരംതാണ' തുണിയാണ്, ബ്രിട്ടീഷുകാർ ഇവിടെ നിന്നും കയറ്റി കൊണ്ടുപോയി, ലോക കമ്പോളത്തിൽ പ്രചരിപ്പിച്ചത്. അക്കാലത്ത് Trade Name എന്നത് നിലവിലില്ലെങ്കിലും, അവർ ആ തുണിക്ക് 'കാലിക്കോ' എന്ന പേരു നൽകി. കാലിക്കറ്റിൽ (കോഴിക്കോടിന്റെ പഴയ പേര്) ഉൽപ്പാദിക്കപ്പെടുന്നതിനാലാവണം, അവർ ഇത്തരം ഒരു പേര് ആ തുണിക്ക് നൽകിയത്. ബ്രിട്ടനിൽ സ്വന്തമായി തുണി നിർമ്മാണ വ്യവസായം ആരംഭിക്കുന്നതുവരെ, അവർ ഇവിടെ നിന്നും ഈ കാലിക്കോ തുണി കയറ്റി അയക്കാറുണ്ടായിരുന്നു. മറ്റിതര ഉപയോഗങ്ങൾക്കു പുറമെ, വായു സഞ്ചാരം ലഭിക്കുമെന്നതിനാൽ ഇത്തരം തുണി മുറിവു കെട്ടുന്നതിനും മറ്റും വ്യാപകമായി ഉപയോഗിച്ചുവന്നു. എന്നാൽ, കേരളത്തിൽ ഈ തുണിക്ക് ഒരു പ്രത്യേക ഉപയോഗം കൂടി കണ്ടെത്തുകയുണ്ടായി. വലിയ പുസ്തകങ്ങളുടെ പുറംചട്ടയിൽ കാർബോർഡ് വെച്ചു പശ ചേർത്ത് ഒട്ടിച്ചുകൊണ്ടുള്ള ബയന്റിംഗ് ഇവിടെ വ്യാപകമായി. അതിനനുസരിച്ച് പുസ്തകത്തിന്റെ പരസ്യത്തിൽ 'കാലിക്കോ ബയന്റിംഗ്' എന്ന് അടുത്തകാലം വരെ ചേർക്കാറുണ്ടായിരുന്നു. കൈത്തറി രംഗത്ത് സഹകരണ സംഘങ്ങൾ കടന്നുവരുന്നതിനും നൂറ്റാണ്ടുകൾ മുമ്പേ കോഴിക്കോടിന്റെ നെയ്ത്ത് പാരമ്പര്യം 'കാലിക്കോ' എന്ന പേരിൽ ലോകകമ്പോളത്തിൽ അറിയപ്പെട്ടിരുന്നു എന്നുള്ളത് ചെറിയ കാര്യമല്ല. ലോക കമ്പോളത്തിലെ ഏറ്റവും പഴക്കമേറിയ കോട്ടൺ തുണിയായി കാലിക്കോ ഇന്നും ചരിത്ര



ത്തിൽ അറിയപ്പെടുന്നു.

**'ഡോബി' (DOBBY) ഉപേക്ഷിക്കപ്പെട്ട ഉപാധി**

ലോക വസ്ത്രനിർമ്മാണ രംഗത്ത് വൻകുതിച്ചു ചാട്ടമുണ്ടാക്കിയ ഒന്നാണ് AD1840 മുതൽ പ്രചാരത്തിൽ വന്ന ഡോബി നെയ്ത്ത്. പ്രത്യേക തരത്തിൽ ക്രമീകരിച്ച തറിയിൽ തയ്യാറാക്കിയ പാവിനെ, ഡോബി എന്ന ഉപകരണത്തിലൂടെ കടത്തിവിട്ട്, നമുക്കിഷ്ടമുള്ള തരത്തിൽ, ക്ഷേത്രഗണിതാകൃതിയിലുള്ള (Geometrical designs) നിരവധി ഡിസൈനുകളിൽ നെയ്തെടുക്കുവാൻ സാധിക്കുന്ന ഒരു നൂതന സാങ്കേതിക വിദ്യയാണ് ഡോബി. കേരളത്തിൽ പലയിടത്തും അവിടവിടെ ഒറ്റപ്പെട്ട നിലയിൽ ഈ രീതി പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. പക്ഷെ, അത് വ്യാപകമാവുകയോ, തുടരുകയോ ചെയ്തിരുന്നില്ല എന്നത് പരിതാപകരമാണ്.

നമ്മുടെ സാധാരണ തറികളിൽ ഡോബി ഘടിപ്പിക്കാനും, അവ കമ്പ്യൂട്ടർ മുഖേന പ്രവർത്തിപ്പിക്കാനുമുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ടെങ്കിലും, ആയത് ഇവിടെ പ്രാവർത്തികമാക്കാൻ, കൈത്തറിയിലെ സഹകരണമേഖലക്കോ, പൊതുമേഖലക്കോ സാധിച്ചിട്ടില്ല,

എന്നത് ഒരു പോരായ്മയായി കാണേണ്ടിയിരിക്കുന്നു.

# തൃശ്ശൂർ ജില്ല

പണ്ടുകാലത്ത് ഒരു നമ്പൂതിരി ഗ്രാമമായിരുന്നുവത്രെ തൃശ്ശിവപേരൂർ. ശിവൻ, വിഷ്ണു, ശങ്കരനാരായണൻ എന്നീ ത്രിമൂർത്തികളെ ആരാധിച്ചിരുന്നതിനാലാണ് ഈ സ്ഥലപ്പേര് ഉണ്ടായത് എന്നു കരുതുന്നു. എങ്കിലും, പ്രധാന ആരാധന മൂർത്തി ശിവനാണ്. ഏറെക്കാലം തൃശ്ശൂർ പട്ടണത്തിലെ തൃശ്ശൂർ സഭാമഠം നമ്പൂതിരിമാരുടെ വേദ ഉപരിപഠനകേന്ദ്രമായി പ്രവർത്തിച്ചിരുന്നു. തൽഫലമായി സംസ്കൃതം, മലയാളം, തുടങ്ങിയ ഭാഷകൾക്ക് ഈ പ്രദേശത്ത് നല്ല വേരോട്ടമുണ്ടാകുവാൻ സാധിച്ചിട്ടുണ്ട്. അതിനാൽ തന്നെ ഒരു സാംസ്കാരിക കേന്ദ്രം എന്ന നിലയിൽ ഉയർന്നു വന്ന തൃശ്ശൂർ, അടുത്ത കാലത്ത് സംസ്ഥാനത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്നാണ് അറിയപ്പെടുന്നത്.

തൃശ്ശൂർ ജില്ലയിലെ നെയ്ത്ത് വ്യവസായം, ഓരോ പ്രദേശത്തും ഓരോ പ്രത്യേക വിഭാഗക്കാരാണ് ഏറ്റെടുത്ത് നടത്തുന്നത്. ഈ വിഭാഗത്തെ Cast Weavers അതായത് നെയ്ത്ത് ഉപജീവനമാക്കിയ വർഗ്ഗം എന്നാണ് പറഞ്ഞുവരുന്നത്. ദേവാംഗന്മാർ, മുതലിയാർമാർ, വെള്ളാളപിള്ളമാർ, ചാലിയർ എന്നീ വിഭാഗക്കാരാണ് ഓരോയിടത്തും അവരുടെതായ ഗ്രാമം ഉണ്ടാക്കി തറികൾ സ്ഥാപിച്ച് തുണി നെയ്ത്ത് നടത്തി വരുന്നത്. ഇവരൊക്കെത്തന്നെയും കേരളത്തിനു പുറത്ത് കർണാടക, ആന്ധ്ര, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നൂറ്റാണ്ടുകൾക്കു മുമ്പെ കുടിയേറി വരികയും ക്രമേണ മലയാളികളായി മാറുകയും ചെയ്തിട്ടുള്ള ജനവിഭാഗങ്ങളാണ്. ഇവരുടെ ജോലിയിലുള്ള മിടുക്കും, കരവിരുതിലുള്ള സാമർത്ഥ്യവും ആത്മസമർപ്പണവും ജില്ലയിലെ കൈത്തറി മേഖലക്ക് പേരും പ്രശസ്തിയും നേടിക്കൊടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

**കുത്താമ്പുള്ളി**

ജില്ലാ കേന്ദ്രത്തിലും നഗരങ്ങളിലും കൈത്തറി നെയ്ത്തിന് വേരോട്ടമില്ലെങ്കിലും, ചില പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കയാണ്

തൃശ്ശൂരിലെ കൈത്തറി വ്യവസായം. അതിൽ പ്രധാനപ്പെട്ട ഒരു പ്രദേശമാണ് കുത്താമ്പുള്ളി. ഇപ്പോഴത്തെ തലപ്പിള്ളി താലൂക്കിൽ, കണിയാർകോട് വില്ലേജിൽ തിരുവില്ലാമല പഞ്ചായത്തിലെ ഒന്നും, രണ്ടും വാർഡുകളിൽ പെടുന്ന സുമാർ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ് കുത്താമ്പുള്ളി ഗ്രാമം. ഇവിടെ താമസിച്ചുവരുന്ന ദേവാംഗ വിഭാഗക്കാരാണ് കുത്താമ്പുള്ളിയിലെ നെയ്ത്തു തൊഴിലാളികൾ. കർണ്ണാടകയിലെ മൈസൂരിൽ നിന്നും സുമാർ 400 വർഷം മുൻപ് ഇവിടെ എത്തി കുടിപാർപ്പു തുടങ്ങിയ ദേവാംഗ വിഭാഗക്കാരാണ് ഇവിടുത്തെ തുണി നെയ്ത്തിനെ നിയന്ത്രിക്കുന്നത്. ചടുലമായ കരവിരുതും, അത്യധികമായ ആത്മാർപ്പണ ബോധവും ഇവരെ ഉയർന്ന തരം തുണിത്തരങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്നു. തുണിയിൽ ആന, മയിൽ, ഒട്ടകം തുടങ്ങി ഏതു ഡിസൈനും നിഷ്പ്രയാസം നെയ്തുണ്ടാക്കുവാൻ കഴിയുന്നതരം മിനി ജക്കാഡ് തറികൾ സ്ഥാപിക്കുകയും, അതിൽ സ്ത്രീതൊഴിലാളികൾ പോലും അനായാസം തുണിനെയ്യുകയും ചെയ്യുന്നത് കൗതുകകരമായ കാഴ്ചയാണ്. വീടുകളിൽ തറി സ്ഥാപിച്ച് സകുടുംബം തുണി നെയ്തുണ്ടാക്കുന്ന Cottage Industry (ഭവന വ്യവസായം)യാണ് ഇവരെ സംബന്ധിച്ചിടത്തോളം കൈത്തറി തൊഴിൽ. ഇവർക്കു വേണ്ടുന്ന നൂലും മറ്റുപകരണങ്ങളും, ഇവർ മെമ്പറായിട്ടുള്ള കുത്താമ്പുള്ളി നെയ്ത്ത് സഹകരണ സംഘം നൽകും. ഇവർ ഉൽപാദിപ്പിച്ച വസ്ത്രം സംഘത്തിലേൽപ്പിച്ചാൽ, അതിനുള്ള കൂലി സംഘം നൽകും. അതാണ് ഇവിടുത്തെ ഉൽപ്പാദന രീതി. 1500 കുടുംബക്കാർ താമസിക്കുന്ന കുത്താമ്പുള്ളി ഗ്രാമത്തിൽ സമ്പൂർണ്ണമായും



ദേവാംഗ വിഭാഗക്കാർ മാത്രമാണുള്ളത്. ഇതിൽ 704 പേർ ഇപ്പോൾ സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിൽ സജീവമായി സഹ കരിക്കുന്നു.

നെയ്ത്ത് ജോലി മറ്റേതൊരു തൊഴിലിനേക്കാളും വരുമാനം കുറഞ്ഞതാണെങ്കിലും തങ്ങളുടെ കുലത്തൊഴിൽ ചെയ്തു കുടും ബം പോറ്റുന്നതിൽ അഭിമാനിക്കുന്നവരാണ് കുത്താമ്പുള്ളിയിലെ ദേവാംഗ തൊഴിലാളികൾ. കന്നഡയും തമിഴും മലയാളവും കൂടി കലർന്ന മിശ്ര ഭാഷയാണ് ഇവർ സംസാരിക്കുന്നതെങ്കിലും വീടുക ളിൽ അവരവരുടെ പൂർവ്വിക മാതൃഭാഷതന്നെയാണ് സംസാരിക്കു ന്നതെന്ന് സംഘത്തിലെ സിക്രട്ടറി ശരവണൻ സാക്ഷ്യപ്പെടുത്തുന്നു.

രണ്ടുവശത്ത് ഭാരതപ്പുഴയും ഒരു വശത്ത് ഗായത്രിപ്പുഴയും ഒഴുകുന്ന കുത്താമ്പുള്ളി ഒരു സുന്ദരമായ ഉപദ്വീപാണ്. അത്തരം ഒറ്റപ്പെട്ട സ്ഥലത്ത് നൂറ്റാണ്ടുകൾക്കു മുമ്പേ കുടിയേറി, മലയാളിക ളായി മാറിയ ദേവാംഗ വിഭാഗത്തിലെ പുതുതലമുറക്കാർ, പക്ഷെ, നെയ്ത്ത് തൊഴിലിനോട് ആഭിമുഖ്യം കാണിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. അതിന് അവരെ കുറ്റപ്പെടുത്താൻ ആർക്കാണവ കാശം?

**തിരുവില്ല്വാമല**

തിരുവില്ല്വാമല പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ എര വത്തൊടി എന്ന സ്ഥലത്താണ് നെയ്ത്തുകാരായ മുതലിയാർമാരുടെ ഒരു പ്രധാന കേന്ദ്രം സ്ഥിതിചെയ്യുന്നത്. തമിഴ്നാട്ടിൽ നിന്നും കുടി യേറി പാർത്ത നെയ്ത്തുകുടുംബങ്ങളാണ് മുതലിയാർമാരുടെത്. ഏകദേശം 200–250 കൊല്ലങ്ങൾക്കു മുമ്പാണ് ഇവരുടെ കുടിയേറ്റം നടന്നിട്ടുണ്ടാവുക എന്നാണ് ഊഹിക്കുന്നത്. തിരുവില്ല്വാമല കൈത്ത റി സഹകരണ സംഘത്തിലെ അംഗങ്ങളായ 800 ഓളം പേരിൽ, 70 പേരാണ് ഇപ്പോൾ സജീവ നെയ്ത്ത് രംഗത്തുള്ളത്. തമിഴ് നാട്ടു കാരായ ഇവരെല്ലാം ഇപ്പോഴും അവിടുത്തെ കുടുംബബന്ധം സൂക്ഷി ക്കുന്നവരാണ്. വീടുകളിൽ ഇപ്പോഴും തമിഴ് തന്നെയാണ് സംസാര ഭാഷ.

മുതലിയാർമാർക്ക് മാത്രമായി മെമ്പർഷിപ്പുള്ള മറ്റൊരു സംഘവും ഇവിടെയുണ്ട്. എരവത്തൊടി കൈത്തറി നെയ്ത്ത് സഹ കരണ സംഘത്തിൽ 430 മുതലിയാർമാർ അംഗങ്ങളാണ്. 60 ഓളം പേർ സജീവ കൈത്തറി നെയ്ത്തുകാരാണ്. ഇവിടെ ഫാക്ടറി ഇന




കുത്താമ്പുള്ളി കൈത്തറി സഹകരണ സംഘം ഉത്പ്പാദിപ്പിക്കുന്ന കസവു സാരിക്ക് ഭൗമസൂചികാ പദവി ലഭിച്ചതിനെ തുടർന്ന്, തപാൽ വകുപ്പ് പുറത്തിറക്കിയ പ്രഥമദിന കവർ

ത്തിലും, കോട്ടേജ് ഇനത്തിലും പ്രവർത്തി നടത്തിവരുന്നു. സർക്കാറിന്റെ സ്കൂൾ യൂണിഫോം നെയ്ത്തും ഇവിടെ നടക്കുന്നുണ്ട്. സിൽക്ക് തുണി ഉൽപാദിപ്പിക്കാനുള്ള സംവിധാനം നിലവിലുണ്ടെങ്കിലും, പട്ടുനൂലിന്റെ അപര്യാപ്തത മൂലം പ്രസ്തുത പ്രവവർത്തി നിർത്തിവെച്ചിരിക്കയാണ്.

**കൊടുങ്ങല്ലൂരും മറ്റും**

കൊടുങ്ങല്ലൂർ ശ്രീ കൂർമ്പ ഭഗവതി ക്ഷേത്ര പരിസരത്തുള്ള കൊടുങ്ങല്ലൂർ കൊട്ടാരം, ചിറക്കൽ കോവിലകമെന്നും, പുത്തൻ കോവിലകമെന്നും രണ്ടായി അറിയപ്പെട്ടിരുന്നു. എ.ഡി. 1707 ൽ ഡച്ചുകാരാണ് പഴയ കൊട്ടാരം മാറ്റി പുതിയത് പണി കഴിപ്പിക്കാൻ വേണ്ട സഹായം രാജാവിന് ചെയ്തു കൊടുത്തത്. ഈ കൊട്ടാരത്തിലെ അന്തേവാസികൾക്കു വേണ്ടുന്ന വസ്ത്രം നെയ്തുണ്ടാക്കുന്നതിന്നായി കൊടുങ്ങല്ലൂർ തമ്പുരാൻ കൂട്ടിക്കൊണ്ടു വന്ന് ഏതാനും ചാലിയ കുടുംബങ്ങളെ കൊട്ടാരത്തിനടുത്തു തന്നെ കുടിപാർപ്പിച്ചു. പ്രസ്തുത സ്ഥലം ഇന്നും ചാലിയ തെരുവായി അറിയപ്പെടുന്നു. അവിടെ വെച്ച് നൂറ്റാണ്ടുകളോളം തറിയിൽ തുണി നെയ്തിരുന്നുവെങ്കിലും ഇപ്പോൾ ആരും നെയ്ത്ത്ജോലി ചെയ്യുന്നില്ല. ചാലിയ തെരുവ് എന്ന പേരു മാത്രം ചരിത്രത്തിന്റെ താളുകളിൽ പൊടിപി



ശ്രീ കുറുമ്പ ഭഗവതീ ക്ഷേത്രം - കൊടുങ്ങല്ലൂർ

ടിച്ചു കിടക്കുന്നു.

കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ മറ്റിതര ജാതിക്കാരെപ്പോലെ നെയ്ത്തു കാരായ ചാലിയർക്കും ചില പ്രത്യേക അധികാര അവകാശങ്ങൾ ഉണ്ടായിരുന്നതായി ചരിത്രത്തിൽ കാണുന്നു. കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി ഇവിടെയാണ് സ്ഥാപിച്ചത്. ഇന്ത്യ യിലെ ആദ്യ മുസ്ലീം പള്ളിയും ഇവിടെത്തന്നെ. ജൂതന്മാരുടെ പഴ യകാല സങ്കേതവും കൊടുങ്ങല്ലൂരായിരുന്നു. മുസിരിസ് എന്ന പേരിൽ ഇന്ത്യാ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട പ്രധാന തുറ മുഖ നഗരങ്ങളിലൊന്നാണ് പഴയ കൊടുങ്ങല്ലൂർ. ഇത്രയും ജനനി ബിഡമായ പ്രദേശത്ത് തുണി നിർമ്മിച്ചു നൽകാൻ രാജാവ് പ്രത്യേകം ഏർപ്പെടുത്തിയവരാണ് കൊടുങ്ങല്ലൂർ തെരുവിന്റെ അവ കാശികളായ ചാലിയർ. കൊടുങ്ങല്ലൂർ രാജാവിന്റെ ശവസംസ്കാ രത്തിന് ചാലിയനാണ് വസ്ത്രം കൊടുക്കാനുള്ള അവകാശി. ഇന്നും ആണ്ടിലൊരിക്കൽ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന കാവുതീണ്ടലിൽ പങ്കെടുക്കുവാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗ ങ്ങളിൽ നിന്നും ചാലിയർ സംഘങ്ങളായി എത്തിച്ചേരാറുണ്ട്.

ഇവ കൂടാതെ മറ്റു ഏതാനും കൈത്തറി സഹകരണ സംഘ ങ്ങളുടെ കീഴിൽ ജില്ലയിൽ നെയ്ത്തു വ്യവസായം നടന്നുവരുന്നു. അവയിൽ മിക്കതിന്റെയും ഭാവി ആശാവഹമല്ലെന്നാണ് ബന്ധപ്പെ ട്ടവർ ചൂണ്ടിക്കാട്ടുന്നത്.

സഹകരണ സംഘവുമായി ബന്ധമില്ലാതെ, ഒറ്റത്തറിയിലും, ഒന്നിലധികം തറിയിലുമായി വസ്ത്രം ഉൽപാദിപ്പിച്ചു സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന ധാരാളം കൈത്തറി നെയ്ത്തു



എരവത്തൊടി കൈത്തറി നെയ്ത്ത് സഹകരണ സംഘം

കാരും ഈ ജില്ലയിലുണ്ട്. അത്തരക്കാർക്കാവശ്യമായ റെഡിമെയ്ഡ് പാവ് സേലത്തു നിന്നും, നൂൽ കോയമ്പത്തൂർ നിന്നും, കസവ് സൂറത്തിൽ നിന്നും വരുത്തിയിട്ടാണ് ഇവിടെ നെയ്ത് തുണിയാക്കി മാറ്റി മാർക്കറ്റിൽ ഇറക്കുന്നത്. ഇവിടുത്തെ തനതായ തുണിത്തര ങ്ങൾക്ക് ഇത് കനത്ത വെല്ലുവിളിയാണെന്നും പറയപ്പെടുന്നു.

ജില്ലയിൽ നിലവിൽ 13 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അതിൽ കുത്താമ്പുള്ളി വീവേർസ് സഹകരണ സംഘം ഉൽപാദിപ്പിക്കുന്ന കസവുസാരിക്ക് ഭൗമസൂ ചികാപദവി (Geopraphical Indication Tag) ലഭിച്ചിട്ടുണ്ട്. കൂടാതെ, കുത്താമ്പുള്ളി സഹകരണ സംഘം, കൊണ്ടഴി കൈത്തറി നെയ്ത്ത സഹകരണ സംഘം, തിരുവല്ലാമല കൈത്തറി നെയ്ത്ത് സഹക രണ സംഘം, എരവത്തൊടി കൈത്തറി നെയ്ത്ത് സഹകരണ സംഘം എന്നീ നാലു സഹകരണ സംഘങ്ങൾ ചേർന്ന് രൂപീക രിച്ച കുത്താമ്പുള്ളി ഹാന്റ്ലൂം ക്ലസ്റ്റർ ചാരിറ്റബിൾ സൊസൈറ്റി കൺസോർഷ്യം എന്ന കൂട്ടായ്മ ഉൽപാദിപ്പിക്കുന്ന കുത്താമ്പുള്ളി ഡബിൾ മുണ്ട്, സെറ്റ് മുണ്ട് എന്നിവക്കും ഭൗമസൂചികാ പദവി (Geopraphical Indication Tag) 2010 ൽ ലഭിച്ചിട്ടുണ്ട്. ഇവ ഉൽപാദിപ്പി ക്കുന്ന കൈത്തറി ഉൽപന്നങ്ങളുടെ മേന്മക്കുള്ള സാക്ഷ്യപത്രങ്ങ ളാണ് ഈ GI അംഗീകാരം.

# പാലക്കാട് ജില്ല

ആലത്തൂർ, ചിറ്റൂർ, പാലക്കാട്, ഒറ്റപ്പാലം, മണ്ണാർക്കാട്, പട്ടാമ്പി എന്നീ താലൂക്കുകൾ ഉൾപ്പെടുന്ന പാലക്കാട് ജില്ല, പഴയ കാലത്തെ ഓർമ്മിപ്പിക്കുന്ന തമിഴ് ശൈലികൾ ഇപ്പോഴും നിലനിർത്തുന്ന ഒരു പ്രദേശമാണ്. എങ്ങും കൂറ്റൻ പാറ നിറഞ്ഞ പ്രദേശമായതിനാൽ, പാറക്കാട് എന്നത് പിന്നീട് പാലക്കാട് ആയതാണെന്നാണ് ഐതീഹ്യം. തമിഴ് സാഹിത്യത്തിൽ പരാമർശിക്കുന്ന പൊറൈനാട് പാലക്കാടാണ്. ആദ്യതലസ്ഥാനം തേനാരിക്കടുത്തായിരുന്നു. പിന്നീട് ചേരസാമ്രാജ്യത്തിന്റെ ഭാഗമായതോടെ പൊന്നാനിയിലേക്ക് തലസ്ഥാനം മാറുകയുണ്ടായി.

പാലക്കാട് പ്രദേശം മുൻകാലത്ത് തമിഴ് നാടിന്റെ ഭാഗമായിരുന്നതിനാൽ വസ്ത്ര നിർമ്മാണം ഈ ജില്ലയിൽ പരമ്പരാഗതമായി പുരാതനകാലം മുതൽ നിലനിന്നിരുന്നുവെന്നുവേണം കരുതാൻ. അതുകൊണ്ടു തന്നെ ഇവിടേക്ക് കടന്നുവന്ന നെയ്ത്തുകാരെയും മറ്റും അന്യ സംസ്ഥാനക്കാർ എന്നു പറയാവുന്നതല്ല.

**സഹകരണ മേഖല**

പാലക്കാട് ജില്ലയിൽ സഹകരണ മേഖലയിൽ 13 സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. കൂടാതെ വ്യവസായ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 27 സംഘങ്ങൾ അടഞ്ഞു കിടക്കുന്നവയുമുണ്ട്. ഇവയിൽ ചില സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നവയും ലാഭമുണ്ടാക്കുകയും ചെയ്യുന്നവയാണ്. എന്നാൽ ചിലതാകട്ടെ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുവാൻ ബുദ്ധിമുട്ടുന്നവയുമാണ്. ചിറ്റൂർ, കൊല്ലങ്കോട്, എലപ്പുള്ളി, കരുമനം കുറിശ്ശി, പുതുക്കോട് തുടങ്ങിയ സ്ഥലങ്ങളിലാണ് കൈത്തറി നെയ്ത്തുകാരുടെ കേന്ദ്രീകരണം ഉള്ളത്. ആയതിനാൽ തന്നെ, അവിടങ്ങളിലൊക്കെ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ രൂപീകൃതമാവുകയുണ്ടായി. അത്തരത്തിൽ രൂപീകരിച്ച എലപ്പുള്ളി വീവേർസ് സഹകരണ സംഘമാണ് ജില്ലയിൽ ഒന്നാമതായി രൂപീകൃതമായത്. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ കാലത്ത് 1938 ൽ അന്നത്തെ മദ്രാസ്



എലപ്പുള്ളി നെയ്ത്ത്
സഹകരണ സംഘത്തിന്റെ
ബൈലോയുടെ കവർ

സ്റ്റേറ്റ് റജിസ്ട്രേഷൻ വകുപ്പാണ് ഈ സംഘത്തിന് അംഗീകാരം നൽകിയിരിക്കുന്നത്.

**നെയ്ത്തുകാരിലെ വർഗ്ഗീകരണം**

പാലക്കാട് ജില്ലയിൽ നെയ്ത്തു മേഖലയിൽ പ്രവർത്തിക്കുന്നത് പ്രധാനമായും രണ്ടു വിഭാഗക്കാരാണ്. പണ്ടു കാലത്ത് ചേടന്മാർ എന്നറിയപ്പെട്ടിരുന്ന ദേവാംഗ ചെട്ടിയാർമാരാണ് അതിലൊരു പ്രബല വിഭാഗം. ചിറ്റൂർ, നെന്മാറ, വല്ലങ്ങി, കൊല്ലങ്കോട് എന്നീ പ്രദേശങ്ങളിലാണ് ഇവരുടെ പ്രധാന ആവാസ കേന്ദ്രങ്ങൾ. കർണാടകയിൽ നിന്നും കേരളത്തിൽ കുടിയേറി പാർത്തവരാണിവർ. തങ്ങൾ ബ്രാഹ്മരാണെന്നഭിമാനിക്കുന്ന ഇവരിൽ പല പുരുഷന്മാരും ഇന്നും പൂണൂൽ ധരിക്കാറുണ്ട്.

ആവണി അവിട്ടം തിരുവോണ ദിവസം പൂണൂൽ ധരിക്കുന്ന ചടങ്ങ് നടക്കും. ചാമുണ്ഡേശ്വരി ദേവിയാണ് ഇവരുടെ കുലദേവത. അവരെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങൾ മേൽ പറഞ്ഞ കേന്ദ്രങ്ങളിലെല്ലാമുണ്ട്. ആ ക്ഷേത്രങ്ങളിലെ പൂജാരിമാരും, കൈകാര്യക്കാരും എല്ലാം ദേവാംഗ ചെട്ടിയാർമാർ തന്നെയാണ്. നവരാത്രി,

പൊങ്കൽ എന്നീ ദിവസങ്ങളിൽ ക്ഷേത്രത്തിൽ വലിയ ആഘോഷം നടത്താറുണ്ട്.

കേരള മുതലി എന്നറിയപ്പെടുന്ന മുതലിയാർ അല്ലെങ്കിൽ കൈക്കോളർ വിഭാഗക്കാരാണ് രണ്ടാമത്തെ പ്രബല നെയ്ത്തു ജോലിക്കാർ. ഏകദേശം 600 വർഷം മുമ്പ് കൊച്ചി രാജാവ് കോയമ്പത്തൂർ, പൊള്ളാച്ചി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിളിച്ചു വരുത്തിയവരാണ് ഇവരെന്ന് പറയപ്പെടുന്നു. പണ്ടുകാലത്ത് കൈക്കോളർ വിഭാഗത്തിന് രണ്ടു ചേരി തിരിവുകളുണ്ടായിരുന്നുവെന്ന് ചരിത്രരേഖകളിലുണ്ട്. അത് മുൻകുടുമക്കാരും, പിൻകുടുമക്കാരും എന്നുള്ളതാണ്. ഇതിൽ ഒന്നാമത്തെ വിഭാഗക്കാർ മലയാളം സംസാരിക്കുമ്പോൾ, രണ്ടാമത്തെ വിഭാഗക്കാർ തമിഴ് മാത്രമേ സംസാരിക്കൂ. ഇതൊക്കെ പണ്ടുള്ള കാര്യങ്ങളാണ്. ഇന്ന് സ്ഥിതി മാറി. പുതിയ തലമുറ മലയാളം പഠിച്ചു തുടങ്ങിയതോടെ, ഈ ഭാഷാവ്യതിയാനും അവസാനിച്ചുവെന്നു വേണം കരുതാൻ.

പാലക്കാട് ജില്ലയിലെ കൊടുമ്പ്, ചിറ്റൂർ, തേനാരി, തത്തമംഗലം തുടങ്ങിയ സ്ഥലങ്ങളിലാണ് കൈക്കൊളർ വംശക്കാർ കേന്ദ്രീകരിച്ചിരിക്കുന്നത്. ആ പ്രദേശങ്ങളിൽ രൂപീകൃതമായ കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ ഇവരുടെ സജീവ സാന്നിദ്ധ്യമുണ്ട്, ഇന്നും എന്നും. ചില സംഘങ്ങളിൽ മുഴുവൻ മെമ്പർമാരും കൈക്കോളർ വിഭാഗക്കാർ മാത്രമാണ്. അതായത് സംഘം അവർ നേരിട്ടു നടത്തുന്നു.

മറ്റിതര ജില്ലകളിൽ നിന്നും വ്യത്യസ്ഥമായി പട്ടിക ജാതിക്കാർക്കു മാത്രമായി, അവർ തന്നെ നടത്തുന്ന ഒരു സഹകരണ



പൂണൂൽധാരികളായ ദേവാംഗ നെയ്ത്തുകാർ

സംഘം പാലക്കാട് ജില്ലയിലുണ്ട്. 1989 ൽ രൂപീകരിച്ച കൊല്ലങ്കോട് ഷെഡ്യൂൾഡ് കാസ്റ്റ് ഹാന്റ്‌ലൂം വർക്കേർസ് സഹകരണ സംഘത്തിൽ നിലവിൽ 130 മെമ്പർമാരുണ്ട്. ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ ഇപ്പോൾ 20 ൽ താഴെ പേരാണ് പ്രവർത്തി ചെയ്യുന്നത്. സർക്കാറിന്റെ പ്രത്യേക പദ്ധതിപ്രകാരം തുണി നെയ്ത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിയാണ് ഇവിടെയുള്ള ജോലിക്കാരെ നിശ്ചയിക്കുന്നത്. കൊല്ലങ്കോട്, മുതലമട, വടവന്നൂർ, എലവഞ്ചേരി, പല്ലശ്ശന എന്നീ അഞ്ചു പഞ്ചായത്ത് പ്രദേശങ്ങളാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി.

ഉൽപന്നത്തിൽ ഒരു പ്രത്യേകത നിലനിർത്തുന്ന ഒരു സംഘമാണ് കൊടമ്പ് വീവേർസ് സഹകരണ സംഘം. അവിടെ തോർത്ത് മാത്രമേ ഉൽപാദിപ്പിക്കുന്നുള്ളൂ എന്നു മാത്രമല്ല, ഒരിക്കലും സ്റ്റോക്ക് കെട്ടിക്കിടക്കാറില്ല എന്ന പ്രത്യേകതയും ഉണ്ടത്രേ.



പാലക്കാട് ഏരിയയിലെ മാറലാട് വീവേഴ്സ് സഹകരണ സംഘം
വനിതാ തൊഴിലാളികൾ



കൈക്കോളർ വിഭാഗത്തിൽ പെടുന്ന 25 പേർ പ്രവർത്തിക്കുന്ന ഈ സംഘം കൈത്തറിയിൽ മറ്റുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ തികച്ചും വിമുഖരാണ് എന്നതാണ് പ്രത്യേകത.

സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്നും ഒരു പരിധി വരെ കൈത്തറി നെയ്ത്തുകാർക്ക് രക്ഷ നൽകാൻ ജില്ലയിലെ നെയ്ത്തു സഹകരണ സംഘങ്ങളുടെ രൂപീകരണം സഹായിച്ചിട്ടു ണ്ട്. വീടുകളിൽ സ്ഥാപിച്ചിട്ടുള്ള ഒറ്റത്തറിയിൽ നെയ്ത് സ്വകാര്യ മുതലാളിമാർക്ക് വസ്ത്രം നൽകുന്ന ഏർപ്പാട് പൂർണ്ണമായും അവ സാനിച്ചിട്ടില്ല. അതിന് അനുസൃതമായ വ്യവസായ കാലാവസ്ഥ യാണ് പാലക്കാട് നിലവിലുള്ളത്. പാവും നൂലും, കസവും അന്യ സംസ്ഥാനത്തു നിന്നും എളുപ്പത്തിൽ യഥേഷ്ടം ലഭിക്കുന്ന സാഹ ചര്യത്തിൽ സ്വകാര്യ മേഖലക്കുവേണ്ടി ഉൽപാദനം നടത്തുക വളരെ സുഗമമായ കാര്യമാണ്.

**മുസ്ലീം നെയ്ത്തുകാർ**

കണ്ണൂർ കഴിഞ്ഞാൽ കേരളത്തിൽ മുസ്ലീം മത വിഭാഗക്കാർ മാത്രം നെയ്ത്തു ജോലി ചെയ്യുന്ന സഹകരണ സംഘം പാലക്കാട് ജില്ലയിലാണുള്ളത്. പുതുക്കോട് പഞ്ചായത്തിലെ മാറലാഡ് വീവേ ർസ് സഹകരണ സംഘത്തിനാണ് ഇത്തരത്തിലൊരു പ്രത്യേകത യുള്ളത്. 1956 ൽ സഹകരണ സംഘം രജിസ്റ്റർ ചെയ്യുമ്പോൾ മുഴു വൻ മെമ്പർമാരും പ്രദേശവാസികളായ റാവുത്തർ വിഭാഗത്തിൽ പ്പെടുന്ന മുസ്ലീംകളായിരുന്നു.

മുൻപുകാലത്ത് ബ്രാഹ്മണഗ്രാമം, നായർഗ്രാമം, റാവുത്തർ മുസ്ലീം ഗ്രാമം തുടങ്ങിയ ഗ്രാമങ്ങളിൽ അതത് പ്രത്യേക വിഭാഗം മാത്രം താമസിക്കുന്ന ഒരേർപ്പാടാണ് പുതുക്കോട് പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. ഇവിടെയുള്ള 17 തെരുവുകൾ കേന്ദ്രീക രിച്ച് 3000ത്തോളം പേർ അക്കാലത്ത് നെയ്ത്തു ജോലി ചെയ്തിരു ന്നുവത്രെ. പഞ്ചായത്തിലെ 4,5,6,7,8 വാർഡുകളിലെ താമസക്കാ രായ റാവുത്തർ വിഭാഗക്കാരാണ് മറലാഡ് വീവേർസ് സഹകരണ സംഘംത്തിൽ പ്രധാനമായും മെമ്പർമാരായിട്ടുള്ളത്. ഇതിന്റെ പ്രവർത്തന പരിധി പുതുക്കോടിനു പുറമെ കണ്ണമ്പ്ര പഞ്ചായത്തി ലേക്കു കൂടി വ്യാപിപ്പിച്ചതിനുശേഷം, മറ്റു ജാതിയിൽ പെട്ടവരും ഇവിടെ നെയ്ത്തുജോലി ചെയ്യുന്നു. ഇപ്പോൾ ആകെയുള്ള 128 നെയ്ത്തുകാരിൽ 85 പേരും മുസ്ലീം വിഭാഗക്കാരാണ്. സർക്കാറിന്റെ

കൈത്തറി ട്രെയിനിംഗ് പാക്കേജിന്റെ ഭാഗമായി പുതുതായി നെയ്ത്ത് പഠിച്ചവരാണ് ഇവിടെ ജോലി ചെയ്യുന്ന മറ്റു സമുദായക്കാർ. ഈ 128 തൊഴിലാളികളിൽ 10 പേർ മാത്രമാണ് പുരുഷന്മാർ. ബാക്കിയെല്ലാവരും മുസ്ലീം സ്ത്രീകളാണ് എന്ന പ്രത്യേകതയും നിലനിൽക്കുന്നു. ഫാക്ടറി അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ സംഘത്തിൽ ഇപ്പോൾ സർക്കാറിന്റെ സ്കൂൾ യൂണിഫോം മാത്രമാണ് നിർമ്മിക്കുന്നത്. എന്നിരുന്നാലും സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

നേരത്തെ ഇവിടെയും കോട്ടേജ് ടൈപ്പ് ഒറ്റത്തറി നെയ്ത്താണ് ഉണ്ടായിരുന്നത്. ക്രമേണ തെരുവുകളിലെ സൗകര്യം ചുരുങ്ങി വന്നതോടെ, Street Warp അഥവാ 'പാവോടിതെരു' ഇല്ലാതാവുകയും, നെയ്ത്തുകാർക്ക് സ്വന്തമായി പാവ് നിർമ്മിക്കാനുള്ള സൗകര്യം നഷ്ടപ്പെടുകയും ചെയ്തു. അതിനുശേഷമാണ് തൊഴിലാളികളെ കൂട്ടമായി ഒരിടത്ത് കേന്ദ്രീകരിക്കുന്ന ഫാക്ടറി ടൈപ്പ് രീതിയിലേക്ക് കൈത്തറി നിർമ്മാണം ചുവടു മാറ്റിയത്. ഇപ്പോൾ ഈ സംഘത്തിൽ 560 മെമ്പർമാരാണുള്ളത്.

# കൊല്ലം ജില്ല

കേരളത്തിലെ വിവിധങ്ങളായ പരമ്പരാഗത വ്യവസായങ്ങളുടെ ഈറ്റില്ലം എന്നാണ് കൊല്ലം ജില്ല അറിയപ്പെടുന്നത്. കയർ, കശുവണ്ടി, തുണിനെയ്ത്ത്, മൺപാത്രനിർമ്മാണം, ഈറ്റ - മുള കൊണ്ടുള്ള കരകൗശലം തുടങ്ങിയ മേഖലകളിൽ കേരളത്തിലെ ഏതൊരു പ്രദേശത്തോടും കിടപിടിക്കത്തക്ക വൈദഗ്ദ്യം ഈ ജില്ലയിലെ കരകൗശല തൊഴിലാളികൾക്ക് ഉണ്ടായിരുന്നു. പ്രാചീന കേരളത്തിലെ അതായത് അന്നത്തെ മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖ പട്ടണങ്ങളിലൊന്നായിരുന്നു കൊല്ലം.

പഴയ ദേശിങ്ങനാടിന്റെ തലസ്ഥാനമായ കൊല്ലത്തിന് കരക്കേണി കൊല്ലം എന്നും പേരുണ്ടായിരുന്നു. കോയിൽ + ഇല്ലം എന്നാവാം പദനിഷ് പത്തിയെന്ന് ചരിത്രകാരന്മാർ അനുമാനിക്കുന്നു. കൊല്ല വർഷം എന്ന കാലഗണന എഡി 825 മുതൽ ആരംഭിച്ചതാണ്. കൊല്ലം നഗരം സ്ഥാപിച്ചതിന്റെയോ, പണിതതിന്റെയോ സൂചനയായി ഈ പുതിയ വർഷം ആരംഭിച്ചുവെന്നാണ് കരുതപ്പെടുന്നത്. കൊല്ലം നഗരത്തെ കുറിച്ചുള്ള നിരവധി സൂചനകളും, വിവരണങ്ങളും തരിസാപള്ളി പട്ടയം എന്ന ചെമ്പു ലിഖിതത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്.



തരിസാപള്ളി പട്ടയത്തിന്റെ ഒരേട്

പരമ്പരാഗത വ്യവസായങ്ങളുടെ കൂട്ടത്തിൽ കൊല്ലത്ത് ഏറ്റവും ഒടുവിലായി ആരംഭിച്ച വ്യവസായമാണ് കൈത്തറി നെയ്ത്ത്. ഈ വ്യവസായം ഇവിടെ സംഘടിതമായി ആരംഭിച്ചിട്ട് 200 ൽ പരം വർഷമേ ആയിട്ടുള്ളൂ എന്നാണ് പറയപ്പെടുന്നത്. അതിനു മുമ്പു കാലത്ത് തിരുവനന്തപുരം ഭാഗത്തു നിന്നും കുഴിത്തറിയിൽ ഉൽപാദിപ്പിക്കപ്പെട്ട തുണിത്തരങ്ങളായിരുന്നു ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത്. എന്നാൽ പുരാതന കാലം മുതൽ കൊല്ലത്ത് മേത്തരം തുണിത്തരങ്ങൾ ഉൽപാദിപ്പിച്ചിരുന്നുവെന്ന് ചില വിദേശ സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

കൊല്ലത്തെ പുരാതനകാലത്തെ നെയ്ത്ത് വിദേശസഞ്ചാരികളുടെ പരാമർശങ്ങളിൽ

എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ ഇന്ത്യയിലെത്തിച്ചേരുകയും 40 വർഷങ്ങളോളം ഇവിടെ താമസിച്ചു നാടിനെയും നാട്ടുകാരേയും പറ്റി പഠിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുള്ള അൽബറൂനി എന്ന റഷ്യൻ സഞ്ചാരി കൊല്ലത്തെ വസ്ത്രനിർമ്മാണത്തെ പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ. “ധർമ്മ പട്ടണത്തും കൊല്ലത്തും മിനുസമേറിയ വിശേഷപ്പെട്ട വസ്ത്രങ്ങൾ നെയ്യുന്ന ഒട്ടേറെ നെയ്ത്തു ശാലകളുണ്ട്.”

പതിനാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കേരളത്തിലെത്തിയ കത്തോലിക്കാ മിഷനറിയായ ഫ്രയർ ജോർഡാനുസ് കൊല്ലത്തെ വിവരിച്ചത് ഇങ്ങിനെയാണ്.

“കൊല്ലത്തെ ജനങ്ങളുടെ നിറം കറുപ്പാണ്. കാലിൽ ചെരിപ്പ് ഉപയോഗിക്കാറില്ല. അരയ്ക്ക് മീതെ വസ്ത്രം ധരിക്കുന്ന ഏർപ്പാടില്ല. അരയിൽ ഒരു പരുത്തി വസ്ത്രം ചുറ്റി ഉടുത്തിരിക്കും. രാജാവിന്റെ വസ്ത്രധാരണരീതി ഇതിൽ നിന്ന് ഭിന്നമല്ലെങ്കിലും, ഉടുക്കുന്നത് വിശേഷപ്പെട്ട പട്ടായിരിക്കും.”

ഇത്തരത്തിൽ പരിശോധിക്കുമ്പോൾ കൊല്ലത്ത് പുരാതന കാലം മുതൽ മേത്തരം തുണി നിർമ്മിച്ചിരുന്നുവെന്നും തുടർന്ന് അതിന്റെ നിർമ്മാണം വിവിധ സാമൂഹ്യ സാംസ്കാരിക കാരണങ്ങളാലായിരിക്കണം, നിലച്ചു പോയെന്നുംവേണം അനുമാനിക്കാൻ.

പിന്നീട് കൊല്ലത്തെ വസ്ത്ര നിർമ്മാണം ആരംഭിക്കുന്നത് സുമാർ എഡി. 1800 കാലഘട്ടത്തിലാണെന്ന് കരുതാം. അക്കാലത്ത് ഇവിടുത്തെ പ്രബല വിഭാഗക്കാരായ ഈഴവരാണ് ആയിടെ പ്രചാരത്തിൽ വന്ന പുതിയതരം തറിയിൽ വസ്ത്രനിർമ്മാണം പുനരാരം



ഭിക്കുന്നത്. അവരവരുടെ വീടുകളിൽ സ്ഥാപിച്ച ഒറ്റത്തറിയിൽ വിവിധതരം തുണികൾ അവർ നെയ്തുണ്ടാക്കിയിരുന്നു. തുടർന്ന് ഭൂരിഭാഗം ജനങ്ങളും നെയ്ത്തും അനുബന്ധ ജോലികളും പഠിച്ചു. അതോടെ വെളിയം, തട്ടാമല തുടങ്ങിയ പ്രദേശങ്ങൾ സമ്പൂർണ്ണ നെയ്ത്തുഗ്രാമങ്ങളായി. പടിഞ്ഞാറ്റിൽ കര, കട്ടയിൽ ഭാഗങ്ങളിലും നെയ്ത്തു ജോലി വ്യാപകമായി. കളിമുണ്ട്, വേലമുണ്ട്, ഒറ്റമുണ്ട്, ചുട്ടിതോർത്ത് എന്നിവയായിരുന്നു അക്കാലത്തെ പ്രധാന കൈത്തറി ഉല്പന്നങ്ങൾ. കൊല്ലം ജില്ലയിൽ നിന്നും പിൽക്കാലത്ത് രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞു നിന്ന ഏതാണ്ട് എല്ലാ നേതാക്കളുടെയും വീടുകളിൽ കൈത്തറി നെയ്ത്ത് ഉണ്ടായിരുന്നു. എന്നു മാത്രമല്ല അവരൊക്കെത്തന്നെ ആദ്യകാലത്ത് കൈത്തറിയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട തൊഴിൽ ചെയ്തിട്ടുള്ളവരുമായിരുന്നു.

## സഹകരണ മേഖലയിലേക്ക്

രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞതോടെ (1939–1945) ഇന്ത്യയിൽ പട്ടിണിയും പരിവട്ടവുമായി. അതിന്റെ ഭാഗമായി സർവ്വസാധനങ്ങൾക്കും കഠിനമായ ക്ഷാമം അനുഭവപ്പെട്ടു, അക്കൂട്ടത്തിൽ വസ്ത്രം ഉൽപ്പാദിപ്പിക്കാനാവശ്യമായ നൂലും മറ്റു പകരണങ്ങളും ഉൾപ്പെട്ടതോടെ നൂലിന്റെ ലഭ്യത ഇല്ലാതാവുകയും തുണിനെയ്ത്ത് വ്യവസായം പ്രതിസന്ധിയിലാവുകയും ചെയ്തു. ഇതിനൊരു പരിഹാരമെന്ന നിലയിൽ, യഥാർത്ഥ നെയ്ത്തുകാർക്ക്, തറിയൊന്നിന്

ഇത്ര എന്ന കണക്കിൽ നൂലിനു സർക്കാർ റേഷൻ ഏർപ്പെടുത്തുക യുണ്ടായി. നൂൽ ഡിപ്പോയിൽ നിന്നും റേഷൻ കാർഡുമായി പോയി പരിമിതമായ നൂൽ വാങ്ങി തുണി നിർമ്മിക്കുക എന്നത് വളരെ വിഷമമേറിയ കാര്യമായിരുന്നു. ചിലപ്പോൾ നൂൽ ലഭിക്കാതിരിക്കു ന്നതും ലഭിക്കുന്ന നൂലിന് ഗുണനിലവാരം ഇല്ലെന്നുള്ളതും അതു വാങ്ങുവാൻ അകലെ പട്ടണപ്രാന്തത്തിലുള്ള കേന്ദ്രത്തിലേക്ക് യാത്ര ചെയ്യുക എന്നുള്ളതും അത്യന്തം ക്ലേശകരമായ അവസ്ഥയി ലേക്കു നയിച്ചു.

ഇത്തരത്തിൽ തൊഴിൽ രംഗത്ത് വീർപ്പുമുട്ടിക്കഴിയുന്ന തൊഴിലാളികൾക്ക് ആശ്വാസകിരണമായി ഉയർന്നു വന്നതാണ്, സഹകരണ സംഘം എന്നുള്ള ആശയം. 1955 ഓടെ ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ നെയ്ത്തുകാർ ഒത്തുചേരുകയും നെയ്ത്ത് സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ ആരംഭിക്കുകയും ചെയ്തു. ഒട്ടുമിക്ക നെയ്ത്തുകാരും അനുബന്ധ തൊഴിൽ ചെയ്യു ന്നവരും അഹമഹമികയാ ഈ സംഘങ്ങളിൽ മെമ്പർമാരായി ചേർന്നു. അവരുടെ മെമ്പർഷിപ്പ് വിഹിതത്തിനു പുറമെ സർക്കാ റിന്റെ വിവിധ ഇനങ്ങളിലുള്ള സാമ്പത്തിക സഹായം കൂടി ലഭിച്ച തോടെ, സഹകരണ സംഘങ്ങൾ കൈത്തറി ഉൽപാദന രംഗത്ത് സജീവമായി. കൈത്തറിയുമായി ബന്ധപ്പെട്ട സ്ഥലപ്പേര് ഉൾക്കൊ ള്ളുന്ന പരുത്തിയറ എന്ന സ്ഥലത്താണ് ജില്ലയിലെ ആദ്യത്തെ കൈത്തറി സഹകരണ സംഘം രൂപീകൃതമായത്. ഇത്തരത്തിൽ ഏതാണ്ട് അമ്പതോളം സഹകരണ സംഘങ്ങൾ ജില്ലയിൽ പ്രവർത്ത നരംഗത്തുണ്ടായിരുന്നു.അവയിൽ പ്രത്യേക വിഭാഗങ്ങൾക്ക്, അതാ യത് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ട ഏതാനും സഹകരണ സംഘങ്ങളിലൊഴികെ, മറ്റെല്ലാ സംഘങ്ങളിലെയും നെയ്ത്തു തൊഴിലാളികളിൽ ബഹുഭൂരിപ ക്ഷവും ഈഴവരായിരുന്നു എന്നത് കൊല്ലം ജില്ലയുടെ പ്രത്യേക തയാണ്. തങ്ങളുടെ കുലത്തൊഴിലായി ചാലിയർ തുടങ്ങിയ വിഭാ ഗക്കാർ കൈയ്യടക്കിയ കൈത്തറി നെയ്ത്ത് കൊല്ലം ജില്ലയിൽ പക്ഷെ, ഈഴവരുടെ കുത്തുകയായി മാറുന്നതായാണ് കാണപ്പെടു ന്നത്.

ജില്ലയിൽ നിലവിൽ 25 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു താൽക്കാലികമായി അടച്ചിട്ടതും സ്ഥിരമായി പൂട്ടി

യിട്ടിരിക്കുന്നതുമായ 24 സംഘങ്ങൾ കൂടി ജില്ലയിലുണ്ട്. കേരള സർക്കാറിന്റെ സ്കൂൾ യൂണിഫോം പദ്ധതിയനുസരിച്ചുള്ള തുണി നിർമ്മാണമാണ് ഈ മേഖലയിൽ ഇപ്പോൾ പ്രധാനമായും നടക്കുന്നത്. അവരവരുടെ തനതായ ഉല്പന്നങ്ങൾ നിർമ്മിച്ചു മാർക്കറ്റിലിറക്കാൻ സാമ്പത്തിക അപര്യാപ്തത തടസ്സമാകുന്നുവെന്നാണ് പൊതുപരാതി. അടുത്തിടെ ജില്ലാ പഞ്ചായത്ത് ഈ മേഖലയിൽ ചില പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളായ സാരി, ഡബിൾ മുണ്ട്, ഷർട്ടിംഗ്, ടവൽ എന്നിവ നിർമ്മിച്ചു നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നത് തൊഴിലാളികൾക്ക് ആശ്വാസകരമാണ്. അതു കൂടാതെ ഏതാനും സഹകരണ സംഘങ്ങൾ ചേർന്ന് ക്ലസ്റ്റർ (Cluster) രൂപീകരിച്ച് ഉൽപാദനവും വിപണനവും ഏകീകൃതവും വ്യാപകവുമാക്കാനുള്ള ശ്രമവും നടന്നുവരുന്നു.

കൊല്ലം ജില്ലയിൽ നിലവിൽ കൈത്തറി രംഗത്ത് സ്വകാര്യ മേഖലയിൽ ഇപ്പോൾ നിർമ്മാണപ്രവർത്തനം നടക്കുന്നില്ല.



Warp

# ആലപ്പുഴ ജില്ല

കൈത്തറി വസ്ത്രനിർമ്മാണ രംഗത്ത് ഏതാനും സഹകരണ സംഘങ്ങൾ മാത്രം പ്രവർത്തിച്ചു വരുന്ന ജില്ലയാണ് ആലപ്പുഴ. രണ്ടു ഹരിജൻ സംഘങ്ങളും , രണ്ട് ജനറൽ സംഘങ്ങളുമാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. താൽക്കാലികമായി അടച്ചിട്ടതും അടച്ചുപൂട്ടപ്പെട്ടതുമായ 21 സഹകരണ സംഘങ്ങൾ കൈത്തറിയുടെ നിലനിൽപ്പിന്റെ നേരെയുള്ള ചോദ്യചിഹ്നങ്ങളായി നിലകൊള്ളുന്നു.

പട്ടിക ജാതിക്കാർ കഴിഞ്ഞാൽ, ഈഴവർ, വീരശൈവർ, മുസ്ലീംകൾ തുടങ്ങിയ വിഭാഗങ്ങൾ വ്യാപകമായി കൈത്തറി നെയ്ത്ത് രംഗത്തുണ്ടായിരുന്നു. അവരിൽ പലരും പെൻഷൻ പറ്റിയിട്ടും മറ്റും ഈ രംഗത്തു നിന്ന് പോയതോടെ അവർക്കു പകരം ജോലിക്കാരായി ആരും വരുന്നില്ലെന്നുള്ളത്. ഈ രംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

സർക്കാറിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന 'യുവവീവ്' തുടങ്ങിയ പദ്ധതി പ്രകാരം നിരവധി യുവതീ യുവാക്കൾക്ക് നെയ്ത്തിൽ പരിശീലനം നൽകുന്നുണ്ടെങ്കിലും പരിശീലനം പൂർത്തിയാക്കിയവർ പിന്നീട് തൊഴിലിന്നായി കൈത്തറി നെയ്ത്ത് രംഗത്തേക്ക് കടന്നു വരുന്നില്ലെന്നതാണ് ഇത്തരം സ്കീമുകളുടെ പരിമിതിയും, പരാജയവും.



# കോട്ടയം ജില്ല

തോട്ടവിള കൃഷിക്ക് പേരുകേട്ട ജില്ലയാണ് കോട്ടയം. റബ്ബർ, ഏലം, ഇഞ്ചി, കുരുമുളക്, കപ്പ തുടങ്ങിയ തോട്ടവിളകൾ വിളയുന്ന പ്രധാന ജില്ലകളിലൊന്നാണ് കോട്ടയം. എന്നാൽ ഈ ജില്ലയിൽ കൃഷികഴിഞ്ഞാൽ, മിക്കവരും ഉപയോഗപ്പെടുത്തിയിരുന്ന കൈത്തറി നെയ്ത്ത് എന്ന തൊഴിൽ മേഖല അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിലാണുള്ളത്. നിലവിൽ 4 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും ഒന്നിലും കാര്യമായ ഉത്പ്പാദനം നടക്കുന്നില്ല. സ്ക്കൂൾ യൂനിഫോം നിർമ്മാണത്തെ ആശ്രയിച്ചാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലനിൽക്കുന്നത്. നേരത്തെ നിലവിലുണ്ടായിരുന്ന 12 സഹകരണ കൈത്തറി സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമായിരിക്കുകയാണ്. തൊഴിലാളികളുടെ ലഭ്യതക്കുറവും, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് ഇവ നേരിടുന്ന പ്രധാന വെല്ലുവിളി.



# ഇടുക്കി ജില്ല

നാണ്യവിളകളുടെ പ്രധാന വിളഭൂമിയായിട്ടാണ് ഇടുക്കി ജില്ല അറിയപ്പെടുന്നത്. നേരത്തെ ഈ ജില്ലയിൽ എട്ടു കൈത്തറി സഹ കരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവ യുടെ എണ്ണം 3 ആയി ചുരുങ്ങിയിരിക്കയാണ്. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ക്രിസ്ത്യാനികളും മുസ്ലീംങ്ങളും ഹിന്ദുക്കളും ഒക്കെ ചേർന്നാണ് ഇവിടുത്തെ കൈത്തറി മേഖലയിൽ പ്രവർത്തി ച്ചിരുന്നത്. അവരെല്ലാം മറ്റു മേഖലയിൽ ജോലി തേടി പോയ തോടെ കൈത്തറിയിൽ പ്രവർത്തിക്കാൻ തൊഴിലാളികളില്ലാത്ത അവസ്ഥയിലായി. അതോടെയാണ് മിക്ക സംഘങ്ങളും പ്രവർത്ത നരഹിതമായത്.



# മലപ്പുറം ജില്ല

കൈത്തറി നെയ്ത്തിന് വേരോട്ടം കുറഞ്ഞ ജില്ലയാണ് മലപ്പുറം, മുൻകാലങ്ങളിൽ ഇവിടുത്തെ നെയ്ത്തുതൊഴിലാളികൾ 11 കൈത്തറി സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ നിലവിൽ ഒരു സംഘം മാത്രം പ്രവർത്തിക്കുന്നുള്ളൂ. 10 എണ്ണം പ്രവർത്തനരഹിതമായി നിലകൊള്ളുന്നു.

മുസ്ലീം ഭൂരിപക്ഷ ജില്ലയായിട്ടും, ഈ സംഘങ്ങളിലെ നെയ്ത്തു തൊഴിലാളികൾ മിക്കവരും ചാലിയ സമുദായത്തിൽ പെട്ടവരും മറ്റിതര ഹിന്ദുക്കളുമായിരുന്നു. ഇവിടുത്തെ മുസ്ലീംകൾ നെയ്ത്ത് തൊഴിലിനോട് ആഭിമുഖ്യം പുലർത്തിയിരുന്നില്ല എന്നാണ് കാണുവാൻ സാധിക്കുന്നത്.



# പത്തനംതിട്ട ജില്ല

ജില്ലാടിസ്ഥാനത്തിൽ നോക്കിയാൽ പത്തനംതിട്ട ജില്ലയിൽ കൈത്തറി നെയ്ത്ത് വ്യാപകമായി ഉണ്ടായിരുന്നില്ല എന്നു വേണം പറയാൻ. നാലു സഹകരണ നെയ്ത്ത് സംഘങ്ങൾ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും രണ്ടെണ്ണം ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം തുടങ്ങിയ രണ്ടെണ്ണവും തൊഴിലാളികളുടെ അപര്യാപ്തത മൂലം പ്രവർത്തനം നിലച്ചിരിക്കയാണ്. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട തൊഴിലാളികളാണ് എല്ലാ സംഘങ്ങളിലെയും മെമ്പർമാരിൽ ഭൂരിപക്ഷം പേരും.

അനാകർഷകമായ വേതന നിരക്കും, ജോലിയിലുണ്ടാകുന്ന അസ്ഥിരതയും, ആനുകൂല്യങ്ങൾ ലഭിക്കാനുള്ള കാലതാമസവും മറ്റും മൂലം കൈത്തറി നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ കൂട്ടത്തോടെയുള്ള കൊഴിഞ്ഞുപോക്ക് പല സംഘങ്ങളുടെയും തകർച്ചക്ക് കാരണമായിട്ടുണ്ട്.



# തിരുവനന്തപുരം ജില്ല

അനന്തപുരം, ആനന്ദപുരം, തൃപ്പാദപുരം എന്നീ പേരുകളിൽ ചരിത്രത്തിൽ അറിയപ്പെടുന്ന സ്ഥലം അല്ലെങ്കിൽ ജില്ലയാണ് തിരുവനന്തപുരം. മുൻപുകാലത്ത് ഇത് തിരുവിതാംകൂർ സ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്ന സ്ഥലമാണ്. AD 1795 മുതൽ തിരുവിതാംകൂറിന്റെ തലസ്ഥാനമായതോടെ, കൊട്ടാരങ്ങളും, കോട്ട-കൊത്തളങ്ങളും കമാനങ്ങളും, രാജവീഥികളും ഈ പട്ടണത്തെ പ്രൗഢവും മനോഹരവും ഗംഭീരവുമാക്കി.

എ.ഡി.1799 മുതൽ 1810 വരെ തിരുവനന്തപുരം ഭരിച്ച ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്താണ് തിരുവനന്തപുരം ജില്ലയിൽ കൈത്തറിതുണി നെയ്ത്ത് സ്വതന്ത്രമായി ആരംഭിക്കുന്നത്. ഇന്ത്യയിൽ സിന്ധുനദീതട സംസ്കാരത്തിന്റെ കാലഘട്ടത്തിൽ തന്നെ തുണി നെയ്ത്ത് ആരംഭിച്ചിരുന്നുവെങ്കിലും ഇങ്ങു തെക്ക് കേരളത്തിൽ അതിന്റെ പ്രാകൃത ശൈലി മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. എന്നാൽ ഉത്തരേന്ത്യയിൽ പലയിടത്തും വിപുലവും വൈവിദ്ധ്യപൂർണവുമായ തുണിത്തരങ്ങൾ നെയ്തുണ്ടാക്കുന്നുണ്ടെന്ന വിവരം അറിഞ്ഞ ബാലരാമവർമ്മ മഹാരാജാവ്, ദിവാനായ ഉമ്മിണിത്തമ്പിയെ ശട്ടം കെട്ടിയതനുസരിച്ച്, ദിവാൻ തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ നിന്നും 5 നെയ്ത്തുകാരുടെ കുടുംബങ്ങളെ കൂട്ടി ക്കൊണ്ടുവന്ന്, കുടിപാർപ്പിച്ച ഇടമാണ് പിന്നീട് ബാലരാമപുരമായി അറിയപ്പെടുന്നത്.









ബാലരാമപുരം
തെരുവ്

അക്കാലത്ത് തീർത്തും ഒരു വനപ്രദേശമായിരുന്ന ബാലരാമപുരത്തെ കാടുകൾ വെട്ടിത്തെളിച്ച് വീതിയും വിസ്താരവും വെടിപ്പുമുള്ള നല്ല ഒന്നാന്തരം തെരുവീഥി ഉമ്മിണിത്തമ്പി ദിവാന്റെ മേൽ നോട്ടത്തിൽ നിർമ്മിക്കപ്പെടുകയും, നെയ്ത്തുകുടുംബങ്ങളെ അവിടെ കുടിയിരുത്തുകയും ചെയ്തു. തുടർന്ന് തമിഴ്നാടിന്റെ പല ഭാഗത്തുനിന്നും, ആന്ധ്രയിൽ നിന്നും ഏതാനും കുടുംബങ്ങൾ കുടി എത്തിച്ചേരുകയും, കൈത്തറി വ്യവസായത്തിൽ പങ്കാളികളാവുകയും ചെയ്തു. കേരളത്തിൽ മറ്റിതര സ്ഥലങ്ങളിൽ കാണപ്പെടുന്ന ഇടുങ്ങിയ രീതിയിലുള്ള നെയ്ത്ത് തെരുവിനു പകരം, വിശാലമായതും ഇരുവശത്തും മനോഹരമായ കെട്ടിടങ്ങളോടു കൂട്ടിയതുമായ ബാലരാമപുരം തെരുവുകൾ യാതൊരു പോറലും കൂടാതെ ഇന്നും നിലനിൽക്കുന്നു. ഇപ്പോൾ 750 ലധികം നെയ്ത്തു കുടുംബങ്ങൾ ഇവിടെയുണ്ട്. അതിൽ മിക്കവരും കൈത്തറി വസ്ത്ര നിർമാണ



ത്തിലോ, വിപണനത്തിലോ സജീവമാണ്

ഒട്ടേറെ സങ്കീർണതകളു ണ്ടെങ്കിലും, കൈത്തറിക്ക് സമ്പുഷ്ടമായ ഒരു ചരിത്രമുള്ള ജില്ലയാണ് തിരുവനന്തപുരം. ജില്ലയിലെ കൈത്തറി നെയ് ത്തിന്റെ ഉത്ഭവത്തെയും വ്യാപ നത്തെയും കുറിച്ച് പ്രത്യേക മായി യാതൊരു പ്രതിപാദ്യവും ലഭ്യമല്ല. എങ്കിലും ആവേദകരിൽ നിന്ന് വാമൊഴിയായും, പറഞ്ഞുകേട്ട ഐതിഹ്യങ്ങളെ അടിസ്ഥാ നമാക്കിയും, തദ്ദേശീയരുടെ ജീവിതശൈലി പരിശോധിച്ചും മറ്റു മാണ് കൈത്തറിനെയ്ത്തിന്റെ ചരിത്രത്തിന് ഉപോൽബലകമായ വസ്തുതകൾ ശേഖരിക്കാൻ സാധിച്ചിട്ടുള്ളത്.

മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിപാർത്തവരിൽ ആദ്യകാലത്ത് രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. വളഞ്ചിയരും, കൊളഞ്ചിയരും. ഇതിൽ വളഞ്ചിയർ ഗണപതിയെ ആരാധിക്കുന്ന വരും, കൊളഞ്ചിയർ ഭഗവതിയെ പൂജിക്കുന്നവരുമാണ്. എന്നാൽ ഈ രണ്ടു വിഭാഗക്കാരുടെയും കുലദൈവം അല്ലെങ്കിൽ പര ദേവത അഗസ്ത്യരാണ്. ഈ മുന്നു ദൈവ സങ്കല്പങ്ങളു ടെയും പ്രതിഷ്ഠകളുള്ള മൂന്ന് ഗംഭീര ശില്പകലാചാതുരി തു ളുമ്പിനിൽക്കുന്ന ക്ഷേത്രങ്ങൾ ഈ തെരുവിലുണ്ട്. ഇപ്പോഴും തെരുവോരത്തു മിക്കവാറും എല്ലാ വീടിന്റെ മുൻവശത്തും അരിമാവുകൊണ്ട് കോലം വരക്കുന്ന പതിവ് കാണപ്പെടുന്നു. ഇത് തങ്ങളുടെ തമിഴ്നാട് ശൈലിയാണെ ന്നും അത് തുടർന്നുവരികയാണെന്നും അവർ പറയുന്നു. ഇപ്പോഴും വീടുകളിൽ തമിഴിലാണ് എല്ലാവരും സംസാരിക്കാറുള്ളത്. ബ്രാഹ്മണ അഗ്രഹാരങ്ങളിൽ മാത്രം കോലമിടുന്നത് കണ്ടിട്ടുള്ള മലയാളിക്ക് ഇവിടുത്തെ രീതി അതിശയകരമാണ്.



## സഹകരണമേഖല

നിലവിലുള്ള സർക്കാർ കണക്കനുസരിച്ച് ഈ ജില്ലയിൽ 332 സഹകരണ കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ജില്ലകളിൽ ഏറ്റവും കൂടുതൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന ജില്ലയാണിത്. ഈ സംഘങ്ങളിൽ മിക്കതിലും ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്നത് കുഴിത്തറിയിലാണ്. അതിനുള്ള കാരണമായി പറയുന്നത് കസവു തുണിത്തരങ്ങൾ നെയ്യുവാൻ ഏറ്റവും അനുയോജ്യമായത് കുഴിത്തറിയാണ് എന്നുള്ളതാണ്. കുഴിത്തറി, അടിച്ചുതറി, എറിഞ്ഞു തറി എന്നീ മൂന്നു തരം തറികൾ ജില്ലയിലെ സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത വേഷഭൂഷാദികളിലടക്കം, ആധുനിക വൽക്കരണം ഇവിടുത്തെ ഉൽപന്നങ്ങളിൽ കഴിയാവുന്നത്ര ചെലുത്തിയിട്ടുണ്ട്. ഉദാഹരണമായി കസവുസാരി, കസവുസെറ്റുസാരി, കല്ല്യാണ ദോത്തി, വേഷ്ടി തുടങ്ങിയ ഉൽപ്പന്നങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയതായി കാണാവുന്നതാണ്. തൽഫലമായി വിറ്റുവരവിന് അത് സാരമായി സഹായമായിത്തീർന്നിട്ടുണ്ടെന്ന് സംഘം ഭാരവാഹികൾ സാക്ഷ്യപ്പെടുത്തുന്നു. പക്ഷെ ഈ ആധുനിക വൽക്കരണം കൈത്തറിയുടെ നിർമ്മാണ പ്രക്രിയയിൽ ഒട്ടും തന്നെ കടന്നുവന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ തന്നെ നിർമ്മാണം അതിസാവധാനത്തിലാണ് നടക്കുന്നത് എന്നത് സംഘ



കുറിയോടം

ങ്ങൾക്കെന്നപോലെ തൊഴിലാളികൾക്കും ദോഷകരമാണ്. സംഘത്തിന്റെ ആദായവും തൊഴിലാളിയുടെ വേതനവും വർദ്ധിപ്പിക്കണമെങ്കിൽ, നിർമാണ മേഖലയിൽ അനാദികാലം മുതലുള്ള ഉൽപാദന രീതിക്കു പകരം, അധുനികരീതിയിലുള്ള സമ്പ്രദായങ്ങൾ സ്വീകരിക്കാൻ ഇരു കൂട്ടരും തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുക

യാണ്. എന്നിരുന്നാലും, കല്ല്യാണപുടവ മുതൽ, മറ്റനേകം കസവു തുണിത്തരങ്ങൾ ഉൽപാദിപ്പിച്ചു തുടങ്ങിയതോടെ, അത്തരം സംഘങ്ങൾ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതായി സാമ്പിൾ സർവ്വെ ഫലം ചൂണ്ടിക്കാണിക്കുന്നു.

ചെക്ക് തുണിത്തരങ്ങൾ പ്രായേണ ഉൽപാദനം കുറവാണ്. അതിനുള്ള 'കുറിയോടം' ഉപയോഗിക്കുവാൻ തൊഴിലാളികൾ വിമുഖത കാട്ടുന്നതായി ബന്ധപ്പെട്ടവർ പറയുന്നു. അതുപോലെത്തന്നെ ബെഡ് ഷീറ്റ്, കൈലി, വേഷ്ടി എന്നിവയുടെ നിർമ്മാണവും കുറവാണ്. നൂൽ, ചായം, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ സംഘങ്ങൾക്ക് നേഷനൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ (NHDC) എന്ന കേന്ദ്രസർക്കാർ സ്ഥാപനം വഴിയാണ് ലഭിച്ചുവരുന്നത്. എന്നാൽ അടുത്ത കാലത്തായി ഇവയ്ക്ക് ക്ഷാമം നേരിടുന്നതും കൈത്തറി സഹകരണ മേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കാറിന്റെ പ്രോത്സാഹന അനുകൂല്യമായി റിബേറ്റ്, വില്പനയിൽ നിന്നും അടുത്ത കാലത്തായി ഏതാനും സംഘങ്ങൾ വിട്ടുനിൽക്കുന്നതായി പറയപ്പെടുന്നു. പകരം അല്പം വിലകുറച്ച് നേരിട്ടു വില്ക്കുമ്പോൾ, അവർക്ക് റൊക്കം വില ലഭിക്കുകയും, സർക്കാറിന് റിബേറ്റ് ബാധ്യത ഒഴിവാകുകയും ചെയ്യുമെന്നാണ് അത്തരം സംഘങ്ങളുടെ വിശദീകരണം.

**അർഹതക്കുള്ള അംഗീകാരം**



ബാലരാമപുരം കൈത്തറി ഉൽപ്പന്നങ്ങൾക്ക് (Geological Index Tag) ഭൗമ സൂചികാ പദവി ലഭിച്ചതിനെ തുടർന്ന്, തപാൽ വകുപ്പ് പുറത്തിറക്കിയ പ്രഥമദിന കവർ

ബാലരാമപുരം കല്ലിയൂരിൽ സ്ഥിതിചെയ്യുന്ന ശ്രീഭഗവതി ഹാന്റ്‌ലൂം വർക്കേർസ് സഹകരണ സംഘത്തിലെ മെമ്പറും തൊഴിലാളിയുമായ എസ്. ശശിധരന്, ഏറ്റവും നല്ല നിലയിലുള്ള സാരി നെയ്തതിന് ബെസ്റ്റ് വീവർ നാഷണൽ അവാർഡ് (BEST WEAVER NATIONAL AWARD) 2010-11 വർഷത്തിൽ ലഭിക്കുകയുണ്ടായി. രാഷ്ട്രപ്രതി എ.പി.ജെ അബ്ദുൾ കലാമാണ് പ്രസ്തുത അവാർഡ് സമ്മാനിച്ചത്.

അതിപുരാതന വസ്ത്രനിർമ്മാണ ചാതുരിയുടെ പാരമ്പര്യം കൊണ്ട് പ്രശസ്ഥമായ ബാലരാമപുരം, സാംസ്കാരിക മികവിന്റെയും മതസൗഹാർദ്ദത്തിന്റെയും പര്യായമാണ്. തിരുവിതാംകൂർ മഹാരാജാവിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന ബാലരാമപുരം പ്രദേശത്തിന്റെ വിസ്തൃതി ഏകദേശം 10 കി.മീ. ചുറ്റളവാണ്. ഊടും പാവും ഇഴപിരിച്ച് ഉടയാടകൾ നെയ്തെടുക്കുന്ന നെയ്ത്തുകാരും കൂടാതെ മണ്ണിൽ ജീവിതം തളിർപ്പിക്കാൻ പാടുപെടുന്ന കർഷകരും, കടലിനെ ആശ്രയിച്ച് ജീവിതം കരുപ്പിടപ്പിക്കുന്നു മത്സ്യതൊഴിലാളികളും മാത്രമല്ല, പടർന്നുപന്തലിച്ച വൻകിടവ്യാപാര സമുച്ചയങ്ങളും ഒക്കെ ചേർന്നാണ് ഈ നെയ്ത്തുനാടിന്റെ സാമ്പത്തിക ഘടനയെ നിയന്ത്രിക്കുന്നത്.

ബാലരാമപുരം സാരിക്കും, മറ്റിതര കോട്ടൺ ഉൽപ്പന്നങ്ങൾക്കും ഭൗമസൂചികാപദവി (Geological Index Tag) 2021 ൽ ലഭിച്ചു എന്നുള്ളത്, ആ ഉല്പന്നങ്ങളുടെ മേന്മക്കും മഹിമക്കും ലഭിച്ച ദേശീയ അംഗീകാരമാണ്.

### സ്വകാര്യമേഖല

സന്തുഷ്ടവും, സജീവവുമായ ഒരു സ്വകാര്യമേഖല കൈത്തറിരംഗത്ത് ഇപ്പോഴും ക്രിയാത്മകമായി നിലനിൽക്കുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം. കേരളത്തിലെ മറ്റു ജില്ലകൾക്ക് അവകാശപ്പെടാനില്ലാത്ത ഒരു ഖ്യാതിയാണ് ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലക്കുള്ളത്. മാത്രവുമല്ല, സ്വകാര്യമേഖലയുടെ സജീവമായ ഇടപെടലും സക്രിയമായ ഇടപാടുകളും ജില്ലയിലെ കൈത്തറി സഹകരണ മേഖലയെ പരോക്ഷമായും പ്രത്യക്ഷമായും സഹായിക്കുന്നു എന്ന പ്രത്യേ



പത്മശ്രീ.
പി. ഗോപിനാഥൻ

കതയുമുണ്ട്. സ്വകാര്യമേഖലയിലെ ഒരു പ്രധാന അതികായനെക്കുറിച്ച് പരാമർശിക്കാതെ ജില്ലയിലെ കൈത്തറിയുടെ ചരിത്രം പൂർണതയിലെത്തുകയില്ല.

**പത്മശ്രീ. പി. ഗോപിനാഥൻ:**

തിരുവനന്തപുരം ജില്ലയിലെ കൈത്തറിമേഖലയിൽ അർപ്പിത സേവനം നടത്തിയതിനൊപ്പം. തൊഴിൽ സംരക്ഷണത്തിനായി ഒരു നൂതന സരണിവെട്ടിത്തുറന്ന്, അതിലൂടെ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച ഒരു ത്യാഗധനനായ വ്യക്തിയാണ് പൂവത്തൂരിൽ പ്രവർത്തിക്കുന്ന എക്കോടെക്സ് ഹാന്റ്‌ലൂം കൺസോർഷ്യത്തിന്റെ പ്രസിഡണ്ട് പത്മശ്രീ.പി.ഗോപിനാഥൻ എന്ന മാസ്റ്റർ വീവർ.



തൊഴിൽരഹിതരായ അധഃസ്ഥിതരും, അധഃകൃതരുമായ പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതികളെ 25 പേരുകൾക്കൊള്ളുന്ന മഹിളാ സമാജമാക്കി സംഘടിപ്പിച്ച്, അത്തരം 26 മഹിളാസമാജങ്ങളുടെ ഏകോപന സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന. എക്കോടെക്സ് ഹാന്റ്‌ലൂം കൺസോർഷ്യം Reg No. 3347/04 (ECOTEX Handloom Consortium) എന്ന സംഘടന, നിലവിൽ ആറ് ഏക്കർ സ്ഥലത്ത് വിവിധ ഷെഡുകളിലായി ആയിരത്തോളം പേർക്ക് നെയ്ത്തും മറ്റനുബന്ധ ജോലിയും നൽകിവരുന്നു. കൂടാതെ ഇതിനകത്ത് നെയ്ത്ത് പഠിപ്പിക്കുന്ന രണ്ട് കൈത്തറി നെയ്ത് സ്കൂളുകൾ പ്രവർത്തിക്കുന്നു. അതിൽ ഒരെണ്ണം പട്ടികജാതിക്കാർക്കു മാത്രമുള്ളതും, മറ്റൊന്ന് പൊതുവെ എല്ലാവർക്കും പ്രവേശനമുള്ളതുമാണ്. ഇവിടെ വെച്ച് ഇതുവരെ യായി 15,000 ത്തോളം പേരെ ശാസ്ത്രീയമായി കൈത്തറി നെയ്ത്ത് പഠിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകി, തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട്. അതിൽ മിക്കവരും

പിന്നോക്ക വിഭാഗക്കാരും, ആദിവാസികളുമായ സ്ത്രീകളാണ്. ഈ പ്രവർത്തനം തികച്ചും സൗജന്യമായാണ് നടത്തിയിട്ടുള്ളത്. പഠിതാക്കൾക്കുള്ള സ്റ്റൈപ്പന്റ് സർക്കാറിന്റെ ബന്ധപ്പെട്ട വകുപ്പുകളാണ് നൽകിവരുന്നത്. ഇത്തരം സ്തുത്യർഹവും മഹത്തരവുമായ സാമൂഹ്യസേവനം കാഴ്ചവെച്ച **എക്കോടെക്സിന്റെ പ്രസിഡന്റ് ശ്രീ.ഗോപിനാഥൻ എന്ന മാസ്റ്റർ വീവറെ ഭാരതസർക്കാർ 'പത്മശ്രീ' നൽകി ആദരിക്കുകയുണ്ടായി. 2007 ൽ രാഷ്ട്രപ്രതി എ.പി.ജെ അബ്ദുൾ കലാമാണ് പത്മശ്രീ പുരസ്കാരം സമ്മാനിച്ചത്.**

1966 മുതൽ കൈത്തറി മേഖലയിൽ ഉൽപാദനം, പുനരുൽപ്പാദനം, വ്യാപകസൗജന്യതൊഴിൽദാനം, നെയ്ത്ത് വിദ്യാപഠനം, അധ:കൃതരെ ഉദ്ധരിക്കൽ, സ്ത്രീ ശാക്തീകരണ പ്രവർത്തനം എന്നീ വ്യത്യസ്ഥ പരിപാടി സംഘടിപ്പിച്ച് വിജയം വരിച്ചതിനുള്ള ദേശീയ അംഗീകാരമാണ് അദ്ദേഹത്തിന് കേന്ദ്രസർക്കാർ സമ്മാനിച്ച പത്മശ്രീ പുരസ്കാരം. ഇന്ത്യയിൽ കൈത്തറി മേഖലയിൽ പ്രവർത്തനം നടത്തിയ മറ്റൊരാൾക്കും നാളിതുവരെ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഇത്തരമൊരു അംഗീകാരം കേരളത്തിലെ ഒരു മാസ്റ്റർ വീവർക്കു ലഭിച്ചു എന്നത് കേരളത്തിനു ലഭിച്ച അംഗീകാരം തന്നെയാണ, കേരളീയർക്ക് അഭിമാനകരവുമാണ്.

ഇതേതുടർന്ന് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ, നടൻ പത്മഭൂഷൺ മോഹൻലാൽ തുടങ്ങിയ മഹാരഥന്മാർ അദ്ദേഹത്തെ നേരിട്ട് അഭിനന്ദിച്ചിട്ടുണ്ട്. ലണ്ടനിൽ നടന്ന കേരളം 2007 എന്ന അന്തർദേശീയ പരിപാടിയിൽ വെച്ചു നൽകപ്പെട്ട 'കേരളരത്ന' അവാർഡിനു പുറമെ 180 ലധികം ആശംസാ സർട്ടിഫിക്കറ്റുകളും അദ്ദേഹത്തെ തേടിയെത്തുകയുണ്ടായി. കൂടാതെ പത്മശ്രീ ഗോപിനാഥന്റെ പ്രസ്ഥാനമായ എക്കോടെക്സിനുള്ള അംഗീകാരമെന്ന നിലയിൽ കേരളസർക്കാർ മഞ്ചവിളാകം എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഹാന്റ്ലൂം വില്ലേജിനോടനുബന്ധിച്ച് എക്കോടെക്സ് ഹാന്റ്ലൂം കൺസോർഷ്യവുമായി സഹകരിച്ച് വൈവിദ്ധ്യമാർന്ന കൈത്തറി വസ്ത്രപ്രദർശനത്തോടൊപ്പം, കൈത്തറി നെയ്ത്തിന്റെ എല്ലാ വശങ്ങളും നേരിൽ കാണുവാനും മനസ്സിലാക്കുവാനുമുള്ള സംവിധാനവും എക്കോടെക്സ് ഒരുക്കിയിട്ടുള്ളത്, വിദേശികൾക്കെന്നപോലെ സ്വദേശികൾക്കും ഏറെ ആസ്വാദ്യകരമാണ്.

**കൈത്തറി രംഗത്തെ വൻകിടക്കാർ:**

മറ്റേതൊരു വാണിജ്യമേഖലയെയുംപോലെ, കൈത്തറിരംഗത്തും തിരുവനന്തപുരം കേന്ദ്രമായി ഏതാനും സ്വകാര്യ വാണിജ്യസ്ഥാപനങ്ങൾ ഉയർന്നുവരികയുണ്ടായി. കൈത്തറി തുണി ഉൽപാദനരംഗത്തും വിപണന രംഗത്തും കാര്യമായ സംഭാവന നൽകുന്നതിൽ അവർ വഹിക്കുന്ന പങ്ക് ചെറുതല്ല. തിരുവനന്തപുരം ജില്ലയിലെ 300 ൽ അധികം സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കൂടിയതും, മേത്തരവുമായ ഇനങ്ങൾ തിരഞ്ഞെടുത്ത് വിപണിയിലെത്തിക്കുന്ന വൻ വ്യവസായവ്യാപാര സംരംഭങ്ങളാണ് കസവുകട, കാറൽകട എന്നീ പേരുകളിലറിയപ്പെടുന്ന വസ്ത്ര വിപണന കേന്ദ്രങ്ങൾ. വിവിധയിനം കസവുതുണിത്തരങ്ങളും, കല്ല്യാണമുണ്ട്, കൈത്തറി ഷർട്ട്, കസവുചൂരിദാർ, കല്ല്യാണ പുടവ തുടങ്ങിയവയും സഹകരണസംഘങ്ങളിൽ നിന്നും, സ്വകാര്യനിർമാതാക്കളിൽ നിന്നും സംഭരിക്കുന്നതിനു പുറമെ, ഇവ നിർമ്മിക്കുന്നതിന് ഇവർക്കു സ്വന്തമായി ഫാക്ടറി സംവിധാനവുമുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും മറ്റും ന്യായമായ വിലക്ക് ഉൽപ്പന്നങ്ങൾ വാങ്ങുകയും കേരളത്തിലെമ്പാടുമുള്ള അവരുടെ റീട്ടെയിൽ വിതരണ ശൃംഖല വഴി പരസ്യങ്ങളുടെ പിൻബലത്തിൽ, വില്പന നടത്തുകയും ചെയ്യുന്നതാണ് ഇവരുടെ ബിസിനസ് ശൈലി. സഹകരണസംഘങ്ങളിൽ പലതിന്റെയും നിലനിൽപ്പ് ഈ സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത് എന്നതാണ് പരമാർത്ഥം. എന്തുതന്നെയായാലും, തിരുവനന്തപുരം ജില്ലയിലെ കൈത്തറിതുണി വിപണനത്തെയും, തദ്വാരാ അതിന്റെ പുനർനിർമ്മിതിയേയും, പ്രത്യക്ഷമായി പരിപോഷിപ്പിക്കുന്നതിൽ ഈ തരം സ്വകാര്യ സംരംഭകർ വലിയ പങ്കാണ് വഹിക്കുന്നത്. കസവുമാൾ, കസവുമാളിക, കേരള സാരീ സെന്റർ, സൗത്ത് ലൂം. കോം, എന്നീ സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ സംരംഭങ്ങളാണ്.

**ജില്ലയിലെ വസ്ത്ര നിർമ്മാണത്തെക്കുറിച്ച് കൃസ്ത്യൻ പാതിരിയായ സാമുവൽ മെറ്റീറിന്റെ പതിനെട്ടാം നൂറ്റാണ്ടിലെഴുതിയ കുറിപ്പുകളിൽ നിന്നും അല്പഭാഗം :**

## വസ്ത്രനിർമ്മാണം (തിരുവിതാംകൂറിൽ)

" തിരുവിതാംകൂറിൽ പരുത്തികൃഷി ചെയ്യുന്നില്ല. പൊതുവിൽ ജനങ്ങൾ അടുത്ത കാലം വരെ ശീലിച്ചുപോന്നിട്ടുള്ളതും നിയമപരമായി അനുസരിക്കേണ്ടിയിരുന്നതും അർദ്ധനഗ്നതയാണ്. ധരിക്കുന്ന വസ്ത്രങ്ങളാവട്ടെ, പരുക്കനുമാണ്. ഇക്കാരണങ്ങളാലെല്ലാം തന്നെ വസ്ത്രനിർമ്മാണം വളരെ പരിമിതമായ തോതിലേ ഇവിടെ നടക്കുന്നുമുള്ളൂ. വസ്ത്രധാരണത്തിനായി ഉപയോഗിക്കുന്ന പരുത്തി മുഴുവനുമായും ഇറക്കുമതി ചെയ്യുന്നു. അതുകൊണ്ടുതന്നെ, തൊട്ടടുത്ത് കിടക്കുന്ന തിരുനെൽവേലിയിൽ നിന്നുമുള്ള ഒരാളെ അയാളുടെ വസ്ത്രധാരണം കൊണ്ട് വളരെയെളുപ്പം തിരിച്ചറിയാനാവും. ഇരുപത് വർഷങ്ങൾക്ക് മുമ്പ് പെറുവിയൻ, പേർഷ്യൻ, ബോർബോൺ തുടങ്ങിയ മെച്ചപ്പെട്ടയിനം വിത്തുകൾ വിതരണം ചെയ്ത് പരുത്തിക്കൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമം നടത്തിനോക്കി. എന്നാൽ പരുത്തിച്ചെടിയുടെ വളർച്ചയ്ക്കനുയോജ്യമായ കാലാവസ്ഥയല്ല ഇവിടെയുള്ളത്. കൈകൊണ്ട് നെയ്യുന്നതിനും മറ്റും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. 3020 രൂപ ചുങ്കം ചുമത്തി 305 കണ്ടി അഥവാ 2,00,000 പൗണ്ട് അസംസ്കൃത പരുത്തി ഇറക്കുമതി ചെയ്തതായി 40 കൊല്ലം മുമ്പുള്ള ഔദ്യോഗിക കണക്കുകളിൽ കാണുന്നു. കഴിഞ്ഞ കൊല്ലം 26,675 രൂപ തീരുവ ചുമത്താവുന്ന (താരിഫ് മൂല്യമുള്ള) പരുത്തി ചുങ്കം ചുമത്താതെയാണ് ഇറക്കുമതി ചെയ്തത്.

### കൈകൊണ്ടുള്ള തുണിനെയ്ത്ത്

മുൻകാലങ്ങളിൽ ചെട്ടി, ഈഴവർ, ചാന്നാർ, ചാലിയർ തുടങ്ങിയ നിരവധി ജാതിക്കാർ കൈകൊണ്ട് തുണി നെയ്തിരുന്നു. അതാകട്ടെ, ഇക്കാലത്തെ അപേക്ഷിച്ച് ആദായകരവുമായിരുന്നില്ല. ചില മിഷൻ ബോർഡിംഗ് സ്കൂളുകളിൽ ഇത് പരീക്ഷിച്ച് നോക്കിയെങ്കിലും, കൂടുതൽ മെച്ചപ്പെട്ട സംരംഭങ്ങൾക്ക് വേണ്ടി പിന്നീടത് ഉപേക്ഷിക്കേണ്ടിവന്നു. ഈ രീതിയിലുള്ള നെയ്ത്ത് കൊല്ലത്തും മറ്റ് ചിലയിടങ്ങളിലും കുറച്ചൊക്കെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. തിരുവനന്തപുരത്തെ പാണർ കസവ് ചരടുകൾ ഉണ്ടാക്കുന്നതിന് പുറമെ കൈകൊണ്ട് നെയ്യാറുമുണ്ട്. എന്നാൽ, ഇവിടത്തെ തറികളിൽ ഉപ

യോഗിക്കുന്നത് അധികവും പരുക്കനായ ഇംഗ്ലീഷ് പാവ് നൂലാണ്. ഇവിടത്തെ വ്യാപാരികൾക്ക് ഇപ്പോൾ സുഗമമായി ഇത് വാങ്ങാൻ കിട്ടുന്നു. വില കുറവായത്കൊണ്ടും ആളുകളിത് ഇഷ്ടപ്പെടുന്നു. 20-ാം നമ്പറാണ് ഏറ്റവുമധികം ഉപയോഗിക്കുന്നത്. എന്നാൽ 30,40 എന്നീ നമ്പരുകളിലുള്ള നൂലും അസാധാരണമല്ല. ചില ആവശ്യങ്ങൾക്ക് അവയെക്കാൾ മികച്ച ഇനങ്ങളും ഉപയോഗിക്കുന്നു. സാധാരണ യായി ഒരേ തരത്തിലുള്ളവയാണ് നെയ്ത്തുപാവും ഊടുനൂലും.

### ഇറക്കുമതി

കൊല്ലവർഷം 1018 - ൽ ഇവിടേക്ക് ഇറക്കുമതി ചെയ്ത വെളുത്ത പരുത്തിയുടെ പാവ് നൂൽ 30 കണ്ടി അഥവാ 20,000 പൗണ്ടായിരുന്നു. ഇതിന് 713 രൂപ ചുങ്കമായി ചുമത്തി. ഇപ്പോഴതിന് ചുങ്കം ചുമത്തു ന്നില്ല. ജലമാർഗ്ഗമോ കരമാർഗ്ഗമോ ആണ്ടുതോറും ഇവിടെയെത്തി ച്ചേരുന്ന പരുത്തി രണ്ടുലക്ഷത്തോളം രൂപ വിലയ്ക്കുള്ളതാണ്. കഴിഞ്ഞ വർഷം ഇറക്കുമതി ചെയ്ത പരുത്തിയുൽപ്പന്നങ്ങളുടെ താരിഫ് വില 1,52,270 രൂപയായിരുന്നു.

### തറികൾ

സ്വകാര്യ ഉടമസ്ഥതയിലുള്ളതും ആളുകളുടെ പാർപ്പിടങ്ങളിൽ തന്നെ സ്ഥാപിച്ചിട്ടുള്ളവയുമായ തറികളിൽ മാത്രമാണ് തുണി നെയ്യു ന്നത്. നിരവധി കർഷകർ കാർഷികവൃത്തിയുടെ ഇടവേളകളിൽ ചെറിയ തോതിൽ ഈ ജോലിയിലേർപ്പെടാറുണ്ട്. ഏറ്റവും കൂടു തൽ തറികളുള്ളത് തെക്കൻ പ്രദേശങ്ങളിലും ചെങ്കോട്ടയിലുമാ ണ്. അവിടത്തെ ആളുകൾ തമിഴ് സംസാരിക്കുന്നവരുമാണ്. വരണ്ട കാലാവസ്ഥയാണ് ഇവിടെയുള്ളത്. കൂടാതെ, കൊല്ലം, ചേർത്തല, പന്തളം എന്നിവിടങ്ങളിലും തറികളുണ്ട്. ഉൾനാടൻ-മലയോര പ്രദേ ശങ്ങളിൽ അവ അപൂർവ്വമായിട്ടേയുള്ളൂ.

പഴയ സ്ഥിതിവിവരക്കണക്കുകളനുസരിച്ച്, അറുപത് കൊല്ല ങ്ങൾക്ക് മുമ്പ് രാജ്യത്ത് ആകെ 4170 തറികളുണ്ടായിരുന്നു. ഇപ്പോൾ തറികൾക്ക് പ്രത്യേക നികുതികളൊന്നും ഇല്ലാത്തതിനാൽ സെൻസസ് അതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. എന്നാൽ, വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം 8,687 ആണ്. അവരിൽ ഭൂരിപക്ഷവും ഹിന്ദുക്കളുമാണ്.

തുന്നൽ ജോലിയിലേർപ്പെട്ടിട്ടുള്ളവർ ഇതിൽപ്പെടുന്നില്ല.

പൊതുവിൽ തുണി നെയ്ത്തിലേർപ്പെട്ടിട്ടുള്ള വിഭാഗത്തെ 'ചാലിയർ' എന്ന് വിളിക്കുന്നു. ചെട്ടി, ഈഴവർ, ചാന്നാർ, ചില ക്ഷുരകജാതിക്കാർ തുടങ്ങിയവരും ഈ ജോലി ചെയ്യുന്നവരായുണ്ട്. കോട്ടാറിൽ നല്ല കള്ളിവസ്ത്രമുണ്ടാക്കുന്ന മുഹമ്മദീയരായ നെയ്ത്തുകാരുമുണ്ട്.

ഇവരെക്കൂടാതെ, കോട്ടാറിൽ 'പട്ടുനൂൽക്കാർ' എന്ന് വിളിക്കുന്ന, പട്ടുവസ്ത്രമുണ്ടാക്കുന്നവരുടെ ഒരു കോളനിയുണ്ട്. ബോംബെയിൽ നിന്നും ഇവിടേയ്ക്ക് കുടിയേറിയവരാണവർ. പ്രാദേശിക ഭാഷയായ തമിഴിനെ കൂടാതെ, സെൻസസിൽ 'നഗരം' എന്ന് പറഞ്ഞിട്ടുള്ള മറ്റൊരു ഭാഷയും അവർ സംസാരിക്കുന്നു. സമ്പന്ന വിഭാഗക്കാർക്ക് വേണ്ടിയാണ് അവർ പട്ടുവസ്ത്രങ്ങളുണ്ടാക്കുന്നത്.

1,300 ലധികം അംഗസംഖ്യ വരുന്ന, 'ചലിപ്പർ' എന്ന് വിളിക്കുന്ന മറ്റൊരു വിഭാഗം തിരുവനന്തപുരത്തുണ്ട്. തെലുങ്ക് രാജ്യത്ത് നിന്നും വന്ന അവർ തെലുങ്ക് ഭാഷ സംസാരിക്കുന്നവരാണ്. ചണനാര് കൊണ്ട് ഒരുതരം ചാക്കുസഞ്ചികൾ അവരുണ്ടാക്കുന്നു.

ഇവിടെ നിർമ്മിക്കുന്ന വസ്ത്രത്തിന്റെ അധിക പങ്കും വളരെ പരുക്കനാണ്. അരയിലും തലയിലും ധരിക്കുന്നതിനായി നിർമ്മിക്കുന്ന അവ പട്ടണങ്ങളുടെ പ്രാന്തങ്ങളിൽത്തന്നെ ഉപഭോഗം ചെയ്യപ്പെടുന്നു. തറികൾ വളരെ പ്രാകൃതവും അവയുടെ ഘടന വളരെ ലളിതവുമാണ്. ആൺകുട്ടികളാണ് സാധാരണയായി വസ്ത്രങ്ങൾ നെയ്തുണ്ടാക്കുന്നത്. ഇത്തരം തറികളിലൊന്നിൽ 20-ാം നമ്പർ നൂലുപയോഗിച്ച് നാലടി നീളവും രണ്ടേകാൽ അടി വീതിയുമുള്ള തോർത്തുകൾ നെയ്തുണ്ടാക്കുന്നത് ഞങ്ങൾ കണ്ടു. അഞ്ച് ചക്രത്തിനാണത് വിൽക്കുന്നത്. ഈ ഓരോ തോർത്തിന്റേയും നൂലിന് നാലര ചക്രത്തോളം വിലയുണ്ട്. നെയ്ത്തുകാരന്റെ ആദായം വെറും അരച്ചക്രവും. ഇത്തരത്തിലുള്ള മൂന്ന് തോർത്തുകളാണ് ഒരു ദിവസം ഒരു തറിയിൽ നെയ്തുണ്ടാക്കുന്നത്.

### ബാലരാമപുരത്തിന്റെ ആവിർഭാവം

ബാലരാമപുരത്ത് ചാലിയർ ജാതിക്കാരുടേതായ ഒരു ഗ്രാമമുണ്ട്. ഒരു പ്രധാന വാണിജ്യപട്ടണമാക്കി ഉയർത്തുക എന്ന ഉദ്ദേശ



പത്മശ്രീ. പി. ഗോപിനാഥനോടൊപ്പം ചരിത്രകാരനായ ഗ്രന്ഥകർത്താവ്

ത്തോടെ 1808-ൽ ഈ പട്ടണം സ്ഥാപിച്ചതും അകലെ നിന്നും കൊണ്ടുവന്ന് ചാലിയരെ അവിടെ കൂടിപാർപ്പിച്ചതും ദിവാനായിരുന്ന ഉമ്മിണിത്തമ്പിയായിരുന്നു. ചാലിയാർ ഗ്രാമത്തിൽ രണ്ട് തെരുവുകളിലായി ഇരുപുറവും ഓലമേഞ്ഞ മേൽക്കൂരകളും ചെറിയ വരാന്തകളും ഉള്ള ഒറ്റ നിലയായി നിർമ്മിച്ച വെടിപ്പുള്ള ചെറിയ കെട്ടിടങ്ങളുടെ നിരകളാണുള്ളത്. ഈ കെട്ടിടങ്ങൾക്കുള്ളിൽ സ്ത്രീകളും പെൺകുട്ടികളും തിരക്കിട്ട് നൂൽനൂൽക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്നു. തെരുവുകളുടെ മധ്യത്തിലായി ചിട്ടയായി നട്ടുപിടിപ്പിച്ചിട്ടുള്ള കേരവൃക്ഷങ്ങളുടെ ഒരു നിരയുണ്ട്. അതുപോലെ, ഈ തെരുവുകളുടെ രണ്ട് പ്രധാന ഇടങ്ങളിൽ അമ്മന്റേയും അഗസ്ത്യരുടേതുമായ ഭൂതക്ഷേത്രങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. സന്തുഷ്ടരായി കാണപ്പെടുന്ന അവിടത്തെ ആളുകൾ പൊതുവിൽ സുഖസൗകര്യങ്ങളുള്ളവരാണ്. എന്നാൽ, കുട്ടികളായാലും മുതിർന്നവരായാലും, അവരിൽ വളരെ കുറച്ച് പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയൂ. മാത്രമല്ല, തിരുവിതാംകൂറിൽ ഈ ജാതിക്കാർക്കിടയിൽ, അക്ഷരാഭ്യാസമുള്ള ഒരു സ്ത്രീ മാത്രമേ ഇപ്പോഴുള്ളൂ. അവരുടെ ഓരോ വീടുകളിലും അധികവും പരുക്കനായ തോർത്തുണ്ടാക്കുന്ന രണ്ടോ നാലോ തറികളുണ്ട്.

നൂൽനൂൽക്കുന്ന നിരവധി ചക്രങ്ങൾ ബാലരാമപുരം ഗ്രാമത്തിൽ ഉപയോഗത്തിലുണ്ട്. തൊഴിൽപരമായി വളരെ ലാഭവും മഴക്കാലങ്ങളിൽ സൗകര്യവും ഇതുണ്ടാക്കിത്തരുന്നു. പശയായി കഞ്ഞിവെള്ളം ഉപയോഗിക്കുന്നു. അവിടെ സ്ഥിരതാമസമാക്കിയ ഒരു പാവ് കച്ചവടക്കാരൻ ഇരുനിലകളുള്ള നല്ലൊരു സ്റ്റോർ കെട്ടിടമുണ്ടാക്കിയിട്ടുണ്ട്. 30-ാം നമ്പറിന്റെയും 40-ാം നമ്പറിന്റെയും നല്ല പാവുക



കുഴിത്തറിയിലെ നെയ്ത്ത്

ളാണ് അയാൾ വിതരണം നടത്തുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് തുണിനെയ്ത്തിൽ നിന്നുമുള്ള വരുമാനം ഇപ്പോൾ കുറവാണ്. ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനായി പ്രായഭേദമന്യേ എല്ലാവരും കഠിനപ്രയത്നം നടത്തിയേ മതിയാവൂ. അഞ്ചുതെങ്ങിനടുത്തുള്ള ഒരിടത്ത് സ്ത്രീകൾക്ക് വേണ്ടിയുള്ള മനോഹരമായ ശിരോവസ്ത്രവും നിർമ്മിക്കുന്നുണ്ട്.

തിരുവിതാംകൂറിൽനിന്നും വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്നില്ലെങ്കിലും, കൈകൊണ്ടുള്ള പരുത്തിനെയ്ത്തിന്റെ തോത് മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട് എന്ന് ആർക്കും പറയാനാവില്ല. ഒരുപക്ഷേ, ജനസംഖ്യയിലുണ്ടായിട്ടുള്ള വർദ്ധനവും ആളുകൾക്ക് കൂടുതൽ സുഖസൗകര്യങ്ങളുണ്ടായിട്ടുള്ളതുമാകാം അതിന് കാരണം.

ഇതൊക്കെയാണെങ്കിലും, തിരുവിതാംകൂറിലെ ഒരു ചില്ലറ വിൽപ്പനശാലയിൽ നിന്നും വാങ്ങുന്ന പരുത്തിത്തുണിയ്ക്ക് ഇംഗ്ലണ്ടിലെ ചില്ലറ വില്പന വിലയെക്കാൾ നാലിലൊന്ന് കൂടുതൽ വില നൽകേണ്ടിവരുന്നു.”

**– സാമുവൽ മെറ്റീർ (1859–91)**

**ഞാൻ കണ്ട കേരളം എന്ന പുസ്തകത്തിൽനിന്ന്**

# എറണാകുളം ജില്ല

പുരാതന രേഖകളിൽ പരാമർശിച്ചിട്ടുള്ള ഋഷിനാഗകളമാണ് എറണാകുളമായതെന്ന് ചരിത്രകാരന്മാർ പറയുന്നു. കൂടാതെ പാല യൂർ ശിലാരേഖയിൽ പറയുന്ന ഇർണ്ണപുരമാണ് എറണാകുളമായ തെന്നും അഭിപ്രായമുണ്ട്. പണ്ടുകാലത്ത് അഞ്ചിക്കൈമൾ എന്നാണ് ഈ പ്രദേശത്തിന്റെ പേരെന്നും പറയപ്പെടുന്നു. കൊച്ചി തുറമുഖം ഉൾപ്പെട്ട പ്രദേശമായതിനാൽ ചരിത്രത്തിൽ അതിപ്രാധാന്യമുള്ള ഒരു ജില്ലയായിട്ടാണ് എറണാകുളം അറിയപ്പെടുന്നത്.

കേരളത്തിലെ കൈത്തറി മേഖലയിലെ ഉൽപാദന രംഗത്ത് തനതായ സംഭാവന നൽകിയ ജില്ലയാണ് എറണാകുളം. ജില്ലയിലെ കൈത്തറി വസ്ത്രനിർമ്മാണം പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത് പറവൂർ താലൂക്കിലാണ്. ഇത്തരം ഒരു കേന്ദ്രീകരണത്തിന് എന്താണ് അടിസ്ഥാനം എന്ന് പരിശോധിക്കാം.

**പാലിയത്തച്ഛന്മാർ**

എറണാകുളം ജില്ലയിലെ കൈത്തറി മേഖലയെകുറിച്ചു പറ യുമ്പോൾ ആദ്യം ഉയർന്നു വരുന്ന പേരാണ് പാലിയത്തച്ഛൻ എന്നു ള്ളത്. ഒന്നര നൂറ്റാണ്ട് അതായത് 150 വർഷത്തോളം കാലം കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിമാരായി പരിലസിച്ച നായർ പ്രമാണി മാരാണ് പാലിയത്തച്ഛൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. നേരത്തെ കൊച്ചി രാജാവിന്റെ പട്ടോല മേനോന്മാരായി (രാജഗുമ സ്തൻ) പ്രവർത്തിച്ചതു വഴി പാലിയം തറവാട്ടുകാർ കണക്കറ്റ ഭൂസ്വത്ത് കരസ്ഥമാക്കിയിരുന്നു. തുടർന്നാണ് അവർ കൊച്ചിരാജാ വിന്റെ പ്രധാനമന്ത്രി സ്ഥാനത്ത് എത്തുന്നത്.

അതുവരെ തുടർന്നു വന്ന പരമ്പരാഗത രീതിയിൽ കുഴി ത്തറിയിൽ പരിമിതമായ തോതിലുള്ള വസ്ത്രനിർമ്മാണ രീതി, അപര്യാപ്തവും, കാലോചിതവുമല്ലാതായി തോന്നിയ അന്നത്തെ പാലിയത്ത് അച്ഛനാണ് 16 ാം നൂറ്റാണ്ടിൽ ആന്ധ്ര, തമിഴ്നാട്, കർണ്ണാ ടക ദേശങ്ങളിലുള്ള നെയ്ത്ത് വിദഗ്ദ്ധരായ ദേവാംഗ ചെട്ടിയാർ കുടുംബങ്ങളെ വിളിച്ചുവരുത്തി കുടിയിരുത്തുകയും കൊട്ടാരത്തി ലേക്കാവശ്യമായ മേത്തരം തുണിത്തരങ്ങൾ നിർമ്മിച്ചു കൊടുക്കു വാൻ ഏല്പിക്കുകയും ചെയ്തത്. അവർ സകുടുംബം വീട് വെച്ചു

താമസിച്ചുകൊണ്ട്, പാലിയത്തച്ഛന്റെ കല്പന പ്രകാരം തുണി നെയ്തു കൊടുക്കാനാരംഭിച്ചു. പാലിയം കൊട്ടാരത്തിലെ 400 ലധികം വരുന്ന അന്തേവാസികൾക്ക് വേണ്ടുന്ന വസ്ത്രം നെയ്തുണ്ടാക്കുന്ന ശ്രമകരമായ ജോലിയിൽ, ഏതാനും തദ്ദേശീയരും സഹകരിച്ചു. അതോടെ തുണി നെയ്തുവിദ്യ വ്യാപിക്കുകയും ചെയ്തു. ചേന്ദമംഗലത്തെ പാലിയം കൊട്ടാരത്തിനു ചുറ്റുമായുള്ള പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഈ തുണിത്തരങ്ങൾ ചേന്ദമംഗലം കൈത്തറിയെന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി.

**ചേന്ദമംഗലം ദേശ ചരിത്രം**

കണയന്നൂർ, കൊച്ചി താലൂക്കുകളിലായി പരന്നു കിടക്കുന്ന കായലുകളിൽ ഇടയ്ക്ക് അനേകം തുരുത്തുകളുണ്ടായിരുന്നു. മുളവുകാട്, കടമക്കുടി, ചേരാനല്ലൂർ, കുമ്പളങ്ങി, ഇടക്കൊച്ചി, കുമ്പളം, ചെല്ലാനം, വെണ്ടുരുത്തി, ചേന്ദമംഗലം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ട തുരുത്തുകൾ. ആലുവ പുഴയുടെ സംസ്കൃത നാമമായ ചൂർണ്ണ എന്ന വാക്കിൽ നിന്നുണ്ടായ ചൂർണ്ണ മംഗലം ആണ് കാലാന്തരത്തിൽ ചേന്ദമംഗലം ആയി പരിണമിച്ചത് എന്നാണ് ചരിത്രകാരന്മാർ വിശ്വസിക്കുന്നത്.

ചേന്ദമംഗലം സുന്ദരമായ ഒരു ഗ്രാമമാണ്. പറവൂർ താലൂക്കിലെ ചേന്ദമംഗലം പഞ്ചായത്തിൽ ഉൾപ്പെടുന്ന ഈ കൈത്തറി ഗ്രാമം എറണാകുളം ടൗണിൽ നിന്നും 30 കിലോ മീറ്റർ അകലെയാണ്. പാരമ്പര്യ കരകൗശലക്കാരായ നെയ്ത്തുകാരാൽ സമ്പന്നമായ ഈ ഗ്രാമത്തിൽ കേരളത്തിലെ ഏറ്റവും മികച്ചയിനം കൈത്തറി വസ്ത്രങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നു.

നെയ്ത്തിന്റെ കുത്തുക കയ്യടക്കി വെച്ചിരുന്ന പരമ്പരാഗത നെയ്ത്തുകാർ അവരവരുടെ വീടുകളിൽ സ്ഥാപിച്ച തറിയിൽ നെയ്തുണ്ടാക്കുന്ന തുണികൾ വളരെ പരിമിതമായിരുന്നു. നെയ്ത്ത് വ്യാപകമായ ഒരു സംരംഭം അഥവാ തൊഴിലായി വികസിക്കുവാൻ, അക്കാലത്തെ സാമൂഹ്യ നിയമങ്ങളും നിയന്ത്രണങ്ങളും വിഘാതമായി നിലകൊണ്ടു. ഇതിനൊരു പരിഹാരമുണ്ടായത് 1930 കളിൽ ചേന്ദമംഗലം പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും നടന്ന ജനകീയ സംരംഭമാണ്. അക്കാലത്തെ ചേന്ദമംഗലത്തെ ഒരു പുരോഗമന വാദിയും സാമൂഹ്യ പരിഷ്കർത്താവുമായ പാലിയത്ത് കൃഷ്ണൻ കുട്ടി മേനോന്റെ ധീരമായ നേതൃത്വത്തിൽ നടത്തിയ

ജനകീയ മുന്നേറ്റം സാധാരണക്കാരായ തൊഴിലാളികളെ ഹഠാദാ കർഷിച്ചു. സമാധാനപരമായി നടന്ന പ്രസ്തുത മുന്നേറ്റത്തെ തുടർന്ന് നാട്ടിൽ നിലനിന്നിരുന്ന അയിത്തം നിർമ്മാർജ്ജനം ചെയ്യു വാൻ സാധിച്ചു. അയിത്തം അവസാനിച്ചതോടെ ജനങ്ങൾ വ്യക്തി സ്വാതന്ത്ര്യം നേടി. തുടർന്ന് എല്ലാ വിഭാഗത്തിൽ പെട്ടവരെയും പാലിയത്ത് കൃഷ്ണൻ കുട്ടി മേനോന്റെ നേതൃത്വത്തിൽ നെയ്ത്ത് തൊഴിൽ പഠിപ്പിക്കുകയും അവർക്ക് സ്വന്തമായി തൊഴിൽ ചെയ്യാ നുള്ള അവസരമുണ്ടാക്കി കൊടുക്കുകയും ചെയ്തു. ഇവരെ ഒറ്റ ത്തറി നെയ്ത്തുകാർ എന്നാണ് പറഞ്ഞു വരുന്നത്.

ഇതോടുകൂടി ചേന്ദമംഗലത്തും പരിസര പ്രദേശങ്ങളിലും കൈത്തറി നെയ്ത്ത് വ്യാപകമായി. ജാതി – മത ഭേദമില്ലാതെ എല്ലാ വരും ഈ മേഖലയിലേക്ക് തിരിഞ്ഞതോടെ, ചേന്ദമംഗലം ഗ്രാമം യഥാർത്ഥ കൈത്തറി ഗ്രാമമായി മാറി.

**സ്വകാര്യമുതലാളിമാരുടെ കടന്നുകയറ്റം**

വീടുകളിൽ നിന്നും ഒറ്റത്തറിയിൽ ഉൽപാദിപ്പിക്കുന്ന തുണി ത്തരങ്ങൾ വിറ്റഴിക്കുന്നത് നെയ്തുകാരെ സംബന്ധിച്ചിടത്തോളം വലിയ ചോദ്യചിഹ്നമായി മാറി. അത്തരമൊരു സാഹചര്യത്തിൽ ഏതാനും സ്വകാര്യ മുതലാളിമാർ രംഗത്തു വരികയും ഇവരുൽപ്പാ ദിപ്പിക്കുന്ന തുണിത്തരങ്ങൾ അവർ വിലകൊടുത്ത് വാങ്ങിക്കൊണ്ടു പോവുകയുമായിരുന്നു ആദ്യമാദ്യം നടന്നത്. പിന്നീട് നെയ്ത്തി ന്നാവശ്യമായ നൂൽ അവർ കൊണ്ടുവന്നു. കൊടുത്തു തുടങ്ങിയ തോടെ, അതിനുള്ള കൂലി കൊടുത്താൽ തുണി അവർക്കു തിരിച്ചു ലഭിക്കുന്ന ഏർപ്പാടുണ്ടായി. ഇത് വളരെക്കാലം തുടർന്നുവന്നു. ഏതാനും നാട്ടുകാരും, തങ്ങളുടെ പറമ്പിൽ ഷെഡ് കെട്ടി നാലോ അഞ്ചോ തറിയിട്ട് തൊഴിലാളികളെ വെച്ച് തുണി നെയ്ത്ത് ആരം ഭിച്ചതോടെ, ചേന്ദമംഗലത്ത് കൈത്തറി നെയ്ത്ത് വ്യാപകമായി.

പാലക്കാട്ട് സ്വദേശിയായ വീരമണി സ്വാമി, കൃഷ്ണൻ ചെട്ടി യാർ തുടങ്ങിയ നിരവധി പേരായിരുന്നു ഇത്തരത്തിൽ കൈത്തറി രംഗത്തുണ്ടായിരുന്ന പ്രധാന മുതലാളിമാർ. സഹകരണ പ്രസ്ഥാനം രംഗത്തു വരുന്നതു വരെ ചേന്ദമംഗലത്തെ കൈത്തറിയുടെ നിർമ്മാ ണം, വിപണനം എന്നിവ ഈ ഇടനിലക്കാരുടെ നിയന്ത്രണത്തി ലായിരുന്നു.

## പാലിയം സത്യാഗ്രഹവും നെയ്ത്തു തൊഴിലാളികളും

പാലിയം കൊട്ടാരം, പാലിയത്തച്ഛന്റെ കുടുംബക്ഷേത്രം എന്നിവക്കു സമീപത്തുള്ള റോഡിലൂടെ അവർണർക്കു വഴി നടക്കാൻ അനുവാദമുണ്ടായിരുന്നില്ല. 1947 ഡിസംബറിൽ കൊച്ചി സർക്കാർ ക്ഷേത്ര പ്രവേശന വിളംബരം നടത്തിയെങ്കിലും, പാലിയത്തച്ഛനും കുടുംബവും അതംഗീകരിക്കാൻ കൂട്ടാക്കിയില്ല. അതിന്നെതിരെ തങ്ങൾക്കു ലഭിച്ച സഞ്ചാരസ്വാതന്ത്ര്യം നേടിയെടുക്കാൻ ജനം സ്വീകരിച്ച സമര മുറയാണ് പാലിയം സത്യാഗ്രഹം എന്നറിയപ്പെടുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി,. എസ്.എൻ.ഡി.പി, പുലയർ മഹാസഭ എന്നിവയുടെ നേതൃത്വത്തിലുള്ള ജാഥ നിരോധനം ലംഘിച്ച് പാലിയം റോഡിൽ കയറിയെങ്കിലും, ജാഥക്കു നേരെ ആനയെ ഓടിച്ച് ജനങ്ങളെ ഭയപ്പെടുത്തി. കൊടുങ്ങല്ലൂരെ ചില തമ്പുരാട്ടിമാരും, ആര്യാ പള്ളം തുടങ്ങിയ അന്തർജ്ജനങ്ങളും സത്യാഗ്രഹത്തിൽ പങ്കെടുത്തതോടെ, സമരം ശക്തമായി. പോലീസ് ഇടപെട്ട് മർദ്ദനമുറ തുടങ്ങി. മർദ്ദനമേറ്റ് സമരനായകനായ ഐ.ജി വേലായുധൻ മരണമടഞ്ഞു. സ്റ്റേറ്റ് കോൺഗ്രസ്സ് നേതാവായിരുന്ന സി.കേശവനാണ് സത്യാഗ്രഹ സമരം ഉൽഘാടനം ചെയ്തത്. ഐ.ജി. വേലായുധന്റെ മരണത്തെ തുടർന്ന് സമര നേതൃത്വം ഏറ്റെടുക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് എ.കെ.ഗോപാലൻ വന്നപ്പോൾ, എ.കെജി. ചേന്ദമംഗലത്തു കടക്കാൻ പാടില്ല എന്ന് കൊച്ചി സർക്കാർ നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. അതിനെ തുടർന്ന് ചേന്ദമംഗലത്തിന് സമീപത്തുള്ള തിരുവിതാംകൂർ വക അണ്ടിപ്പിള്ളി കടവ് എന്ന സ്ഥലത്തിരുന്നാണ് എ.കെ.ജി. സമരം നയിച്ചത്. പിന്നീട് സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചതോടെയാണ് സമരം അവസാനിച്ചത്.

ഈ സമരത്തിൽ അടിയുറച്ച് നിന്ന്, ഇതിന്റെ ചാലക ശക്തിയായി പ്രവർത്തിച്ചത്. ചേന്ദമംഗലത്തെ കൈത്തറി തൊഴിലാളികളാണ്. പശുവിനും, പട്ടിക്കും, പൂച്ചക്കും നിർബാധം നടക്കാവുന്ന റോഡിൽ, തങ്ങൾക്കു നടക്കാൻ പാടില്ലെന്ന മാടമ്പിയുടെ ഔദ്ധത്യത്തിനെതിരെ പ്രതികരിക്കുവാൻ തങ്ങൾക്കു കിട്ടിയ അവസരം അവർ ശരിക്കും പ്രയോജനപ്പെടുത്തുകയും, അതുവഴി അവരുടെ ജന്മാവകാശം നേടിയെടുക്കാനും സാധിച്ചു എന്നത് നിസ്സാരകാര്യമല്ല. കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ ഇടം പിടിച്ച പാലിയം



പാലിയം കൊട്ടാരത്തിന്റെ ഗേറ്റ്

സത്യാഗ്രഹത്തിൽ പങ്കുകൊണ്ട ഓരോ തൊഴിലാളിയും അതുകൊണ്ടുതന്നെ, ഒരു തികഞ്ഞ സ്വാതന്ത്ര്യസമര ഭടനാണ്.

### സഹകരണ മേഖലയിലേക്ക് ചുവടുമാറ്റം

ഇന്ത്യയിൽ 1940 മുതലാണ് സഹകരണ പ്രസ്ഥാനം ഉടലെടുക്കുന്നത്. കേരളത്തിൽ 1957 മുതൽക്കാണ് സഹകരണ മേഖലക്ക് വേരോട്ടമുണ്ടായത്. അത് കൈത്തറി മേഖലയിലേക്കും ക്രമേണ സംക്രമിച്ചു. ചേന്ദമംഗലത്തുള്ള അസംഖ്യം ഒറ്റത്തറിക്കാർ ഒത്തു ചേർന്ന് സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അന്നത്തെ സർക്കാറിൽ നിന്നും, ഇക്കാര്യത്തിൽ വേണ്ടുന്ന ഉപദേശ നിർദ്ദേശങ്ങൾ മാത്രമല്ല, സാമ്പത്തിക സഹായവും ലഭിക്കുകയുണ്ടായി. അതനുസരിച്ച് ചേന്ദമംഗലത്ത് ആദ്യമായി രൂപീകരിച്ച 7 സഹകരണ സംഘങ്ങൾ ഇവയാണ്.

1. പറവൂർ കൈത്തറി നെയ്ത്ത് സഹകരണ സംഘം ലി., നോർത്ത് പറവൂർ.
2. ചിറായ് കൈത്തറി നെയ്ത്ത് സഹകരണ സംഘം ലി., പള്ളിപ്പുറം
3. പറവൂർ ടൗൺ കൈത്തറി നെയ്ത്ത് സഹകരണ സംഘം ലി, ചേന്ദമംഗലം ജംഗ്ഷൻ.

4. ചേന്ദമംഗലം കൈത്തറി നെയ്ത്ത് സഹകരണ സംഘം ലി., ചേന്ദമംഗലം
5. ചേന്ദമംഗലം കരിമ്പാടം നെയ്ത്ത് സഹകരണ സംഘം ലി, ചേന്ദ മംഗലം
6. പള്ളിപ്പുറം കുഴിപ്പള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം ലി, പള്ളിപ്പുറം
7. കുരിയപ്പിള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം. ലി, മൂത്തകുന്നം.

ഈ സഹകരണ സംഘങ്ങൾ എല്ലാം തന്നെ മികച്ച പ്രവർത്തനം കാഴ്ച വെച്ചു കൊണ്ട് അതിലെ അംഗങ്ങളായ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലും വേതനവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നു. ഇവർ ഉൽപാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങൾ മേന്മയേറിയവയാണെന്നും ആരോഗ്യത്തിന് ഹാനികരമല്ലെന്നും സർക്കാർ സാക്ഷ്യപ്പെടുത്തുന്ന സംവിധാനമായ "ഭൗമസൂചികാ പദവവി (geographical Indication Tag) ഈ 7 സ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇണ്ടസ്ട്രി പ്രൊമോഷൻ & ഇന്റേണൽ ട്രെയിഡ് എന്ന വകുപ്പാണ് പരീക്ഷണ നിരീക്ഷണങ്ങൾക്കും, കർശന



ചേന്ദമംഗലം കൈത്തറി നെയ്ത്ത് സഹകരണസംഘം ഉൽപാദിപ്പിക്കുന്ന ദോത്തിക്കും, സെറ്റ്മുണ്ടിനും ഭൗമസൂചികാപദവി ലഭിച്ചതിനെ തുടർന്ന് ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം തപാൽവകുപ്പ് പുറത്തിറക്കിയ സ്പെഷൽ പ്രഥമദിന കവർ (2021).


നെയ്ത്ത് ശാല



പരിശോധനകൾക്കും ശേഷം ഈ പദവി അംഗീകരിച്ചു നൽകി വരുന്നത്.

**കൈത്തറി ഗ്രാമം പദ്ധതി**

കൈത്തറി വസ്ത്രനിർമ്മാണത്തിലെ സാങ്കേതിക രീതികളും പരമ്പരാഗത കസവു നെയ്ത്ത് സമ്പ്രദായവും, വിവിധയിനം കട്ടിയിലുള്ള  നൂലുപയോഗിച്ച് നെയ്യുന്ന സമ്പ്രദായവും തുടങ്ങി കൈത്തറിയെക്കുറിച്ച് ഉള്ള എല്ലാവിവരങ്ങളും വിനോദസഞ്ചാരികൾക്കും, മറ്റിതര തല്പരർക്കും നേരിൽ അറിയുവാനായി കേരള സർക്കാർ ചേന്ദമംഗലം ഗ്രാമത്തിൽ നടപ്പാക്കുന്ന പരിപാടിയാണ് കൈത്തറി ഗ്രാമം പദ്ധതി.

കൈത്തറി ഉന്നമനം, നവീകരണം, വിപണനം, വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ, തൊഴിൽ നൈപുണ്യം നൽകൽ, കയറ്റുമതി സാധ്യത വർദ്ധിപ്പിക്കൽ, സ്വദേശ കമ്പോളങ്ങൾ സ്വായത്തമാക്കൽ തുടങ്ങി ഒട്ടേറെ കർമ്മ പദ്ധതികൾ ഈ പുതിയ പരിപാടി നടപ്പാക്കുന്നതിലൂടെ കൈത്തറി മേഖലക്ക് സ്വായത്തമാക്കാൻ സാധിക്കും. ഇതിന്റെ പ്രവർത്തനത്തിനായി 2022 –23 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ പത്ത്കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുള്ളത് നെയ്ത്തു തൊഴിലാളികൾക്ക് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

എറണാകുളം  ജില്ലയിൽ ആകെ പതിനാല് കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.  നേരത്തെ ഉണ്ടായിരുന്നവയിൽ ഏതാനും സംഘങ്ങൾ പലകാരണങ്ങളാൽ പ്രവർത്തന രഹിതമായി കിടക്കുന്നു. എന്നാൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ഒട്ടുമിക്കതും ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശുഭോദർക്കമായ കാര്യമാണ്. നല്ല ഉല്പന്നം - നല്ല വില - നല്ല വില്പന എന്നതാണ് അവരുടെ ഇന്നത്തെ കാഴ്ചപ്പാട്. അതിനനുസരിച്ചുള്ള വൈവിദ്ധ്യപൂർണ്ണമായ ഉൽപന്നങ്ങൾ നിർമ്മിച്ചു വിപണിയിലെത്തിക്കാൻ അവർ പരസ്പരം സൗഹൃദ മത്സരം നടത്തുന്നു. ഏതായാലും കൈത്തറിയുടെ ഭാവി ഇരുളടഞ്ഞതല്ലെന്ന് ഇവരെല്ലാവരും ഏകസ്വരത്തിൽ സമ്മതിക്കുന്നതു തന്നെ, ആശ്വാസത്തിന് വക നൽകുന്ന കാര്യമാണ്.

# ആത്മീയ ആചാര്യന്മാരും കൈത്തറിയും

കേരളത്തിന്റെ ആത്മീയ മേഖലയിൽ ഉയർന്നുവന്ന നിരവധി ആചാര്യന്മാർ രാജ്യത്തെ നവോത്ഥാനത്തിനും, സാംസ്കാരിക ഉന്നമനത്തിനും വലിയ സംഭാവന നൽകിയവരാണ്. എന്നാൽ ആത്മീയ നവോത്ഥാനത്തിനുപുറമെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടിയും ഇവരിൽ പലരും ചിന്തിക്കുക മാത്രമല്ല, പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവരുടെ ജീവചരിത്രത്തിലൂടെ കണ്ണോടിക്കുന്ന ആർക്കും കാണാവുന്നതാണ്. അവരുടെ ചിന്തയും കർമ്മവും അക്കാലത്തെ കൈത്തറി നെയ്ത്ത് മേഖലക്കു കൂടി ഉണർവ്വും ഉത്തേജനവും നൽകിയിട്ടുണ്ടെന്ന വസ്തുത അത്ഭുതാവഹമാണ്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഇവരുടെ സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളുടെ ഒളിമങ്ങാത്ത ചിത്രം ഇന്നും കാണാവുന്നതാണ്.

### 1) അയ്യാവൈകുണ്ഠസ്വാമികൾ (1809 – 1851)

ഗംഗൈ കൊണ്ട ചോളപുരം എന്ന് ചരിത്രത്തിൽ അറിയപ്പെട്ടിരുന്ന കന്യാകുമാരിയിലെ തിരുച്ചെന്തൂരിലാണ് അയ്യാ വൈകുണ്ഠസ്വാമികൾ ജനിച്ചത്. അക്കാലത്ത് തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു കന്യാകുമാരി. അടിമത്വത്തിന്റെ നുകത്തിൻ കീഴിൽ ഞെരിഞ്ഞമർന്നിരുന്ന ഭൂരിപക്ഷം വരുന്ന ജനതയെ, അതിൽ നിന്ന് മോചിപ്പിക്കുവാനും കുളിച്ച് വസ്ത്രം ധരിച്ച് മാന്യമായി നടക്കാനും പൊതുകിണറിൽ നിന്നു വെള്ളമെടുക്കാനും പ്രേരിപ്പിച്ച കേരള നവോത്ഥാനത്തിന്റെ ആദ്യ നായകനായിട്ടാണ് വൈകുണ്ഠസ്വാമികൾ അറിയപ്പെടുന്നത്. മാറു മറക്കാത്ത സ്ത്രീകളെയും, നഗ്നത മറക്കാത്ത പുരുഷന്മാരെയും അതിന് പ്രേരിപ്പിക്കുകയും, ഭരണാധികാരികളുടെയും മേൽ ജാതിക്കാരുടെയും തിട്ടൂരങ്ങളെ അതിജീവിച്ച് സ്വതന്ത്രരായി ജീവിക്കാനും അദ്ദേഹം ചെയ്ത ആഹ്വാനം സമൂഹത്തിൽ വലിയ കോളിളക്കമുണ്ടാക്കി. അധഃസ്ഥിതരും, അധഃകൃതരുമായവർക്ക് വസ്ത്രത്തെക്കുറിച്ചും വസ്ത്രധാരണത്തെക്കുറിച്ചും അവബോധമുണ്ടാക്കുവാൻ അന്നത്തെ കേരളത്തിൽ ആദ്യമായി വിരൽ ചൂണ്ടി സംസാരിച്ചത് വൈകുണ്ഠ സ്വാമിയാണ്.



ഭക്ഷണം പോലെ തന്നെയുള്ള ഒരവശ്യ വസ്തുവാണ് വസ്ത്രമെന്ന പൊതുതത്വം ജനങ്ങളിൽ പ്രചരിപ്പിക്കാൻ സ്വാമികളുടെ പ്രവർത്തനം ഏറെ സഹായകമായി. വസ്ത്രനിർമ്മാണത്തിന് അദ്ദേഹം നേരിട്ട് ആഹ്വാനം ചെയ്തില്ലെങ്കിലും വസ്ത്രധാരണം അവകാശമാണെന്ന പൊതുധാരണ ജനങ്ങളിലെത്തിക്കാൻ അദ്ദേഹത്തിന്റെ പ്രവർത്തനം പ്രചോദനമായി. അതേ തുടർന്ന് സമൂഹത്തിൽ വസ്ത്രത്തിനുള്ള ആവശ്യകത ഏറി വരികയും പലരും വസ്ത്ര നിർമ്മാണ പ്രവർത്തനത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു എന്നുള്ളതാണ് വൈകുണ്ഠ സ്വാമികളുടെ പ്രവർത്തനങ്ങളുടെ ബാക്കി പത്രം. വിവിധ തലങ്ങളിലുള്ള സാമൂഹ്യപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമായി അദ്ദേഹം 1836 ൽ രൂപീകരിച്ച പൊതുവേദിയാണ് സമത്വസമാജം. നാടാർ സമുദായത്തിലുള്ളവരുൾപ്പെടെ സകലരെയും കൈത്തറി നെയ്ത്തിലേക്ക് കടന്നുവരാൻ സമത്വ സമാജത്തിലൂടെ വൈകുണ്ഠ സ്വാമി നടത്തിയ പ്രവർത്തനങ്ങളും പ്രഘോഷണങ്ങളും ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

### 2) ശ്രീ നാരായണ ഗുരു (1856 – 1928)

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ ജനിച്ച ശ്രീനാരായണഗുരു സാമൂഹ്യ പരിഷ്കർത്താവെന്ന നിലയിൽ കേരള ചരിത്രത്തിൽ പ്രഥമസ്ഥാനം വഹിക്കുന്ന ആത്മീയാചാര്യനാണ്. അയിത്തം, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ സധൈര്യം പടപൊരുതുകയും പിന്നോക്ക ജാതിയിൽ പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രചരണ പ്രഘോഷണം നടത്തുകയും ചെയ്തുകൊണ്ട്, കേരളീയ സമൂഹത്തെയാകെ ഇളക്കി മറിച്ചുകൊണ്ടുള്ള ഒരു പുത്തൻ നവോത്ഥാന സരണി രൂപപ്പെടുത്തിയ ഋഷിതുല്യനായ കർമ്മയോഗിയായിരുന്നു അദ്ദേഹം.

പാലപ്പെട്ടവരും അശരണരുമായ ജനതക്ക് തൊഴിൽ രംഗം സ്വമേധയാ അദ്ദേഹം കണ്ടെത്തുകയുണ്ടായി. 1904 ൽ അദ്ദേഹം ശിവഗിരിയിൽ സ്ഥാപിച്ച ശാരദാമഠത്തോടനുബന്ധിച്ച് ഒരു വലിയ കൈത്തറി നെയ്ത്തുശാല സ്ഥാപിക്കുകയുണ്ടായി. തൽഫലമായി നിരവധി പേർക്കു സ്വന്തമായി തൊഴിൽ ചെയ്യാനുള്ള മാർഗ്ഗം തുറന്നു



കിട്ടി. 1925 ലെ ഗാന്ധിജിയുമായുള്ള കൂട്ടിക്കാഴ്ചയെ തുടർന്ന്, ഗുരുദേവൻ സ്ഥാപിച്ച ആലുവാ അദ്വൈതാശ്രമത്തിൽ ഒരു നൂൽനൂൽപ്പു കേന്ദ്രം ആരംഭിക്കുകയും ധാരാളം പേർക്ക് തൊഴിൽ ചെയ്യാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഗുരുവിന്റെ ഉപദേശത്തെത്തുടർന്ന് പ്രഥമ ശിഷ്യനായ മഹാകവി കുമാരനാശാൻ സ്വന്തമായി ഒരു കൈത്തറി നെയ്തുശാല സ്ഥാപിച്ചു നിരവധി പേർക്കു തൊഴിൽ നൽകിയിരുന്നു. ശ്രീനാരായണഗുരുവിന്റെ പ്രഭാഷണങ്ങളിലും സംഭാഷണങ്ങളിലും സംപ്രീതരായിത്തീർന്ന നിരവധി പേർ തിരുവനന്തപുരം ജില്ലയിലെമ്പാടും കൈത്തറി നെയ്ത്ത് തൊഴിലായി സ്വീകരിച്ചു വന്നിട്ടുണ്ട്. ഗുരുവിന്റെ ഉൽബോധനത്തിന്റെ ഫലമായിട്ടാണ് ജാതി മത വ്യത്യാസമില്ലാതെ എല്ലാവരും തുണിനെയ്ത്ത് എന്ന പരമ്പരാഗത ജോലിയിലേക്കു കടന്നു വന്നിട്ടുള്ളത്.

അതുപോലെ തന്നെ ഗുരുവിന്റെ ആഹ്വാനമനുസരിച്ചാണ് കണ്ണൂർ ജില്ലയിലും അക്കാലത്ത് ചാലിയർ വിഭാഗത്തിന്റെ കുലത്തൊഴിലായ കൈത്തറി നെയ്ത്ത രംഗത്തേക്ക് തീയ്യരും, മറ്റു പിന്നോക്ക ജാതിക്കാരും കടന്നു വരാനിടയായിട്ടുള്ളത്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള സാമാന്യജനതയെ തുണിനെയ്ത്തു ജോലിയുമായി അടുപ്പിക്കുന്നതിലും അതിൽ വ്യാപരിക്കുന്നതിലും ശ്രീ നാരായണ ഗുരുവിന്റെ ഉദ്ബോധനങ്ങൾ വലിയ സ്വാധീനം ചെലുത്തിയതായി കാണാവുന്നതാണ്.

### 3) ബ്രഹ്മാനന്ദ സ്വാമി ശിവയോഗി (1852 – 1929)

ആനന്ദാദർശനത്തിന്റെ ഉപജ്ഞാതാവായ ബ്രഹ്മാനന്ദ ശിവയോഗി പാലക്കാട് ആലത്തൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആനന്ദാശ്രമം സ്ഥാപിച്ച്, ആനന്ദസമാജം എന്ന സംഘടനക്ക് രൂപം നൽകുകയും, ആനന്ദമാണ് മനുഷ്യന്റെ പരമമായ മോക്ഷ മാർഗ്ഗം എന്നും പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സാമൂഹ്യസേവന പ്രവർത്തനത്തോടനുബന്ധിച്ച് ആലത്തൂരിൽ ഒരു വലിയ കൈത്തറി നെയ്ത്തു ശാല



സ്ഥാപിക്കുകയുണ്ടായി. തൽഫലമായി നിസ്സഹായരും, നിരാലംബരുമായ നിരവധി പേർക്ക് തൊഴിൽ സാധ്യത ലഭ്യമാവുകയും ചെയ്തു. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം പ്രസ്തുത കൈത്തറി നെയ്ത്തുശാല സഹകരണ സംഘമായി മാറ്റപ്പെടുകയും ആയത് ..................................................... എന്ന പേരിൽ ഇന്നും പ്രവർത്തിച്ചുവരികയുമാണ്.

**4) വാഗ്ഭടാനന്ദൻ : (1885 - 1939)**

'മലബാറിലെ നാരായണ ഗുരു' എന്ന് വിശേഷിപ്പിക്കപ്പെടുന്ന വടക്കെ മലബാറിലെ സാമൂഹ്യപരിഷ്കർത്താവാണ് വാഗ്ഭടാനന്ദൻ. 1910 ൽ ബ്രഹ്മാനന്ദ ശിവയോഗിയെ പരിചയപ്പെട്ടതു മുതൽ അദ്ദേഹത്തിന്റെ ശിഷ്യത്വം വരിച്ചു. സംവാദങ്ങളിൽ അസാമാന്യമായ ഭാഷാവൈഭവം പ്രകടിപ്പിച്ചതിനാൽ, വാഗ്ഭടാനന്ദൻ എന്ന വിശേഷണം നൽകിയത് ബ്രഹ്മാനന്ദ ശിവയോഗിയാണ്. വിഗ്രഹാരാധനക്ക് എതിരായിരുന്ന വാഗ്ഭടാനന്ദൻ, നിരവധി പ്രസിദ്ധീകരണങ്ങൾ തുടങ്ങുകയുണ്ടായി. കൂടാതെ തത്വപ്രകാശിക ആശ്രമം എന്ന പേരിൽ വിവിധ സ്ഥലങ്ങളിൽ ജനങ്ങൾക്ക് ഒത്തുചേരാനുള്ള സംഗമ കേന്ദ്രങ്ങൾ നിർമ്മിച്ചു. സാമാന്യ ജനങ്ങളുടെ സാമ്പത്തിക കഷ്ടപ്പാട് കണ്ട് മനംനൊന്ത അദ്ദേഹം, 'ഐക്യനാണയ സംഘം' എന്ന പേരിൽ ഊരാളുങ്കൽ (വടകര) എന്ന ഗ്രാമത്തിൽ കേന്ദ്രീകരിച്ച്. ഒരു പരസ്പര സഹായ സംഘം രൂപീകരിക്കുകയും, അതിന്റെ നേതൃത്വത്തിൽ പലവിധ തൊഴിൽ പരിശീലനങ്ങളും ഏർപ്പെടുത്തുകയും ചെയ്തു. അക്കൂട്ടത്തിൽ കൈത്തറി നെയ്ത്തും പെട്ടിരുന്നു. എന്നാൽ ക്രമേണ സംഘം അതിൽ നിന്നും പിന്നോക്കം പോവുകയും, മറ്റിതരമേഖലയിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്തു. ആ സംഘമാണ് ഇപ്പോൾ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി എന്നറിയപ്പെടുന്ന വൻകിട ലേബർ കോൺട്രാക്ട് സ്ഥാപനം. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന തൊഴിലാളികളുടെ സഹകരണ സ്ഥാപനമാണിത്.



**5) സ്വാമി ആനന്ദ തീർത്ഥൻ: (1905–1987)**

മലബാറിലെ സവിശേഷമായ ജാതി വിവേചനത്തിനെതിരെ മരണംവരെ പോരാടിയ ആത്മീയാചാര്യനായ മനീഷിയാണ് പയ്യന്നൂരിലെ സ്വാമി ആനന്ദതീർത്ഥൻ. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായ ഇദ്ദേഹം സാമഹ്യപരിഷ്കരണത്തിന് ഊന്നൽ നൽകി പ്രവർത്തിച്ച വ്യക്തിയാണ്. ഉത്തരകേരളത്തിലെ പൊതുസമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട ദളിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം അവർക്ക് വിദ്യാഭ്യാസം നൽകുകയാണെന്ന് അദ്ദേഹം കണ്ടെത്തി. അതിനായി പയ്യന്നൂർ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിനടുത്ത് അന്നൂരിൽ 'ആനന്ദാശ്രമം' എന്ന പേരിൽ ഒരു പൊതുജനസേവനകേന്ദ്രവും, അതോടനുബന്ധിച്ച് ശ്രീനാരായണവിദ്യാലയവും സ്ഥാപിക്കുകയുണ്ടായി. ഉന്നത ജാതിക്കാരുടെ കഠിനമായ എതിർപ്പിനെ മറികടന്നുകൊണ്ടാണ് ഇദ്ദേഹം ഇവ നടത്തിക്കൊണ്ടുപോയത്.

ഗാന്ധിജി, ശ്രീനാരായണഗുരു എന്നിവരുടെ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട ബിരുദധാരിയായ ആനന്ദതീർത്ഥൻ, സ്വദേശി പ്രസ്ഥാന പ്രചരണം കൂടി ഏറ്റെടുത്തു. തൽഫലമായി അക്കാലത്തെ നൂതന സംരംഭമായ 'കിസാൻ ചർക്ക' പയ്യന്നൂരും പരിസരത്തുമുള്ള വീടുകളിൽ വ്യാപകമായി പ്രചരിപ്പിച്ചു. അവയുടെ പ്രവർത്തനത്തോടെ, തങ്ങളുൽപാദിപ്പിക്കുന്ന നൂൽ കൊടുത്താൽ വസ്ത്രത്തിനുള്ള തുണി ലഭിക്കുമെന്നു വന്നതോടെ, പലരും ഈ രംഗത്തേക്കു കടന്നുവന്നു. ചാലിയ തെരുവുകളും മറ്റും ചർക്കാ നൂൽ നൂൽപ്പ് കേന്ദ്രങ്ങളായി, അതോടെ, നൂൽനൂൽപ്പും തുണി നെയ്ത്തുമുൾപ്പെടെയുള്ള കാര്യങ്ങൾ പഠിപ്പിക്കാനായി പയ്യന്നൂരിൽ ഒരു ഖാദി വിദ്യാലയം സ്ഥാപിക്കപ്പെട്ടു. അതോടൊപ്പം, ഗാന്ധിജി അഖിലേന്ത്യാ പ്രസിഡണ്ടായിട്ടുള്ള അഖില ഭാരത ചർക്കാ സംഘം കേരള ശാഖ പയ്യന്നൂരിൽ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. ഹരിജനങ്ങൾക്കു മാത്രമായി ആനന്ദ തീർത്ഥൻ ആരംഭിച്ച 'ലേബർ സ്കൂളിലും' നൂൽനൂൽപ്പു പഠനം ഏർപ്പെടുത്തി. ഇത്തരം മാതൃകാപരമായ പ്രവർത്തനം നടത്തി വരുന്ന സ്ഥലമായതിനാൽ 1934 ൽ ഗാന്ധിജി നേരിട്ട് പയ്യന്നൂർ സന്ദർശിച്ചത്, ഈദൃശ



പ്രവർത്തനത്തിന് ആക്കം കൂട്ടി. ഖാദി വിദ്യാലയത്തെ തുടർന്ന് ചർക്കാ നിർമ്മാണ കേന്ദ്രവും പയ്യന്നൂരിൽ സ്ഥാപിതമായി. കിസാൻ ചർക്ക സാർവ്വത്രികമായി വിതരണം ചെയ്യപ്പെട്ടു. തുടർന്ന് ഊർജ്ജിത ഖാദി കേന്ദ്ര പരിപാടിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ ഖാദി കേന്ദ്രം സർക്കാർ ഏറ്റെടുത്തു. ഈ കേന്ദ്രത്തിനു കീഴിൽ ധാരാളം പേർക്ക് നൂൽ നൂൽപ്പ്, നെയ്ത്ത്, മറ്റനുബന്ധ ജോലികൾ എന്നിവയിൽ സ്ഥിര ജോലി ലഭിച്ചു. ചർക്കാ വിതരണം പ്രചരിപ്പിച്ച് നടപ്പാക്കിയതും, അതിൽ ഗാന്ധിജിയെ ആകർഷിക്കത്തക്ക പ്രവർത്തനം നടത്തിയതും, പയ്യന്നൂരിൽ ഒരു വലിയ ഖാദി നെയ്ത്തുകേന്ദ്രം സ്ഥാപിക്കുന്നതിന് കാരണഭൂതനായതും സ്വാമി ആനന്ദ തീർത്ഥനല്ലാതെ മറ്റാരുമല്ല. അന്ന് സ്ഥാപിക്കപ്പെട്ട പയ്യന്നൂർ ഖാദി കേന്ദ്രം ഇപ്പോഴും പ്രവർത്തന നിരതമാണ്. നിരവധി നൂൽനൂൽപ്പു കേന്ദ്രങ്ങളും, നെയ്ത്ത് കമ്പനികളും, വില്പന ഡിപ്പോകളുമായി വളർന്ന ഈ സംരംഭത്തിന്റെ പ്രാരംഭ പ്രേരകശക്തി സ്വാമി ആനന്ദ തീർത്ഥനാണ്- അദ്ദേഹത്തിന്റെ ധീരോദാത്തമായ സ്വാതന്ത്ര്യസമര പ്രക്ഷോഭ പ്രവർത്തനമാണ്.

കൈത്തറി രംഗത്തല്ലെങ്കിലും, തുണി നെയ്ത്തിന്റെ മറ്റൊരു പേരായ ഖാദിയുടെ വ്യാപനത്തിൽ സ്വാമി ആനന്ദ തീർത്ഥൻ ചെലുത്തിയ സ്വാധീനം അളവറ്റതാണ്.

1947 ൽ സ്വാതന്ത്ര്യം ലഭിച്ചതോടെ ഖാദിയുടെ പ്രാധാന്യം ക്രമേണ കുറയുകയും തൽഫലമായി പ്രസ്തുത മേഖലയിൽ നിന്നും നെയ്ത്തും മറ്റനുബന്ധ ജോലികളും പഠിച്ചവർ ചേർന്ന് പയ്യന്നൂരും പരിസര പ്രദേശങ്ങളിലുമായി ഏതാനും കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങൾ രൂപീകരിച്ചു. പയ്യന്നൂർ പ്രദേശത്ത് കൈത്തറിയുടെ വ്യാപനത്തിന് പ്രത്യക്ഷവും പരോക്ഷവുമായ പിൻബലം ലഭിച്ചത്, നേരത്തെ ഇവിടെ പ്രചരിച്ച ഖാദി പ്രവർത്തനങ്ങളിലൂടെയാണ്. ഈ കൈത്തറി സഹകരണ സംഘങ്ങൾ ഇപ്പോഴും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയാണ്.

6) **സ്വാമി രാംദാസ്: (1884-1963)**

കാഞ്ഞങ്ങാട് സ്വദേശികളായ ബാലകൃഷ്ണറാവുവിന്റെയും ലളിതഭായിയുടെ മകനായി 1884 ൽ ജനിച്ച വിട്ടൽ റാവു, തനിക്ക് ദിവ്യജ്ഞാനം ലഭിച്ചതോടെ 1820 ൽ സ്വാമി രാംദാസ് എന്ന പേരു സ്വീകരിച്ചു. അചഞ്ചലമായ ശ്രീരാമഭക്തിയിൽ ഉയിർകൊണ്ടതാണ്

അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും. "ഓം ശ്രീരാം, ജയ്റാം, ജയ ജയ റാം" എന്ന വചനപ്രഘോഷണം നിരന്തരം മുഴങ്ങുന്ന ഒരാശ്രമമാണ്, അദ്ദേഹം കാഞ്ഞങ്ങാട് സമാപിച്ച ആനന്ദാശ്രമം. ഇന്ത്യക്കകത്തും, പുറത്തും നിന്ന് നിരവധിപേരെ ആകർഷിച്ചു കൊണ്ട് ആനന്ദാശ്രമം ഇന്നും നിലനിൽക്കുന്നു.

